# എന്റെ കൃപ നിനക്കു മതി

ഗുലാം മസിഹ് നയ്മാൻ

*Published by:*

P.O. BOX. 45, KAYAMKULAM - 690 502

**ENTE KRIPA NINAKU MATHI**
(Malayalam)

by
**GULAM MASIH NAIMAN**

Edition 2007

***Published in Malayalam by:***

**P.B. No. 45,**
**Kayamkulam - 690 502**
**Kerala, S. India**

All rights are strictly reserved. No part of this Publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

No. of Copies: 5000

Price Rs. 12.00

Printed at:
P.P. George & Sons,
Angamaly - 683 572
Ph: 0484 - 2456719

# ഉള്ളടക്കം

1. എന്റെ മുസ്ലീം ഭവനം 5
2. ആരാണ് ഈ യേശു 20
3. ആഭ്യന്തരവും ബാഹ്യവുമായ പോരാട്ടങ്ങൾ 33
4. സ്വാതന്ത്ര്യ സമര സേനാനി 45
5. അപ്രതീക്ഷിതമായ ശത്രു 62
6. ആപത്ക്കരത്തിലായെങ്കിലും ജയശാലി 79
7. തീർത്ഥയാത്ര 96
8. അത്ഭുതകരമായ മോചനം 108
9. സുവിശേഷീകരണം 122
10. എല്ലാം യേശുവിന് 135
11. ക്രിസ്സ് 141

# I. എൻെറ മുസ്ലീം ഭവനം

എട്ടു അംഗങ്ങളുള്ള ഒരു മുസ്ലീം കുടുംബമായിരുന്നു ഞങ്ങളുടേത്. എനിക്ക് നാലു ജ്യേഷ്ഠന്മാരും ഒരു അനിയനും ഉണ്ടായിരുന്നു. എൻെറ മാതാവ് വിനോദത്തിനായി പോയ ജമ്മു കാശ്മീരിലാണ് ഞാൻ ജനിച്ചതെങ്കിലും എൻെറ പൗരാണിക ദേശം സിയാൽക്കോട്ടുള്ള സഫർവൽ ആയിരുന്നു. ആദിയിൽ മംഗോളിയയിൽ നിന്ന് കുടിയേറിപ്പാർത്ത ധനികരായ ജന്മിമാരായിരുന്നു എൻെറ പിതാമഹന്മാർ. സമ്പന്നമായ കൃഷിഭൂമിയുടെ ഉടമയായിരുന്നു എൻെറ പിതാവും. വർഷക്കാലത്ത് കരകവിഞ്ഞൊഴുകുകയും, സമീപപ്രദേശങ്ങളെല്ലാം നനയ്ക്കുകയും ചെയ്തുവരുന്ന നലദേഖ് നദിയുടെ തീരത്താണ് അദ്ദേഹം ഗോതമ്പു കൃഷി നടത്തിപ്പോന്നത്. ഞങ്ങൾക്ക് ആവശ്യമുള്ള ഗോതമ്പ് അവിടെ വിളയിച്ചിരുന്നതിനാൽ വെളിയിൽ നിന്ന് കൂടുതലായി വാങ്ങി ഉപയോഗിക്കേണ്ട സന്ദർഭം ഒരിക്കലും നേരിട്ടിരുന്നില്ല. ദാരിദ്ര്യം എന്തെന്നു ഒരിക്കൽ പോലും അനുഭവിക്കാത്ത വിധം ഭാഗ്യമുള്ള ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. കാർഷിക ജോലികൾ ചെയ്യാനുള്ള വേലക്കാർ എപ്പോഴും ഞങ്ങൾക്ക് ഉണ്ടായിരുന്നു, അതിനാൽ എൻെറ പിതാവ് എപ്പോഴെങ്കിലും ജോലി ചെയ്യുന്നതു പോലും ഞാൻ കണ്ടിട്ടുള്ളതായി ഓർക്കുന്നില്ല. എൻെറ സഹോദരന്മാർക്കു പ്രായപൂർത്തിയായപ്പോൾ അവർ കൃഷിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു.

എൻെറ മൂത്ത സഹോദരന്മാർക്ക് ശേഷം മറ്റു കുഞ്ഞുങ്ങളേയും എൻെറ മാതാവ് പ്രസവിച്ചു എങ്കിലും അവർ ചെറുപ്പത്തിലേ മരിച്ചുപോയി. എൻെറ ജനനവും നിലനിൽപും ഒരു അത്ഭുതകരമാണെന്നു സാക്ഷീകരിക്കുന്ന ഒരു അടയാളം

എൻെറ ശരീരത്തിൽ കാണാവുന്നതാണ് -തുളയ്ക്കപ്പെട്ട കാത്-. മറ്റൊരു പൈതലിനുവേണ്ടി അമ്മ കാംക്ഷിച്ചു. അവർ ഭക്തയായൊരു മുസ്ലീം ആയിരുന്നെങ്കിലും ദേവിമാരിലുള്ള വിശ്വാസം-ഞങ്ങളുടെ പൂർവ്വികന്മാരിൽ നിന്ന് സ്വായത്തമാക്കിയ ഒന്ന്- അവർ നിലനിർത്തിയിരുന്നു. ഏതോ ഒരു ദേവിയുടെ ക്ഷേത്രം സ്ഥിതിചെയ്യുന്ന കാശ്മീർ മലമടക്കുകളുടെ നിറുകയിലേക്ക് അവർ കയറിപ്പോയി. തനിക്കൊരു ശിശു ജനിക്കുകയാണെങ്കിൽ അവനെ ദേവിക്കായി സമർപ്പിക്കുമെന്നും, അതിൻെറ നന്ദിയായി എല്ലാ വർഷവും അവനെ സമാധിസ്ഥലത്തേക്കു കൊണ്ടുവരുമെന്നും അവർ ദേവിക്ക് വാക്ക് കൊടുത്തു. അപ്രകാരം ഞാൻ ആ ദേവിയുടെ സ്വന്തമാണെന്ന് സൂചിപ്പിക്കാൻ എൻെറ കാതുതുളച്ച് അവർ സ്വർണ്ണ വളയം ഇടുകയും ചെയ്തു.

ഈ അടയാളം എൻെറ സ്ക്കൂൾ ജീവിതത്തിൽ ഉളവാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളു. ഇത് കൂട്ടുകാരുടെ പരിഹാസത്തിന് എന്നെ വിധേയനാക്കിയതു കൂടാതെ, ഞാൻ മറ്റു കുട്ടികളുമായി വഴക്കു കൂടുമ്പോൾ അതിനുള്ളിൽ കൈയ്യിട്ട് അവർ വലിക്കുകയും ചെയ്യുക പതിവായിരുന്നു. എൻെറ അത്ഭുത ജനനത്തിനും മരണത്തിൽ നിന്നുള്ള സംരക്ഷണക്കും നിദാനമായി നിലകൊണ്ട ആ അടയാളം എനിക്ക് മനഃക്ലേശവും വേദനയുമാണ് ഉളവാക്കിയത്. എന്നാൽ യഥാർത്ഥത്തിൽ എന്നെ സ്പർശിച്ച കരം ദേവിയുടേതല്ല. പ്രത്യുത ജീവനുള്ള ദൈവത്തിൻേറതാണെന്ന് ഞാൻ മനസ്സിലാക്കിയത് പിന്നീടാണ്.

എന്നോട് ദയതോന്നിയ പിതൃവ്യൻ ആ കമ്മല് നീക്കിക്കളഞ്ഞു. എനിക്കതൊരു ആശ്വാസമായിരുന്നെങ്കിലും എൻെറ അമ്മയ്ക്ക് അഗാധമായ ദുഃഖമാണ് അത് ഉളവാക്കിയത്. അതു നീക്കിക്കളഞ്ഞതിനാൽ ഞാൻ മരിച്ചുപോകും എന്ന ഭയാശങ്കയാണ് അവരെ നിരാശപ്പെടുത്തിയത്. എന്നെ ദേവി അപകടങ്ങളിൽ നിന്നും രക്ഷിക്കുന്ന ഒരുതരം മാന്ത്രിക തകി



ടാണതെന്നായിരുന്നു അവരുടെ നിഗമനം. ആകയാൽ ആ തകിടിൻെറ അഭാവത്തിൽ എനിക്കു അപകടം സംഭവിച്ചേക്കാമെന്നും, ചിലപ്പോൾ മരണപ്പെടാൻ വരെ സാധ്യതയുണ്ടെന്നുമാണ് അവർ വിശ്വസിച്ചിരുന്നത്. "നീ മരിക്കുകയില്ലെന്നു" അസന്ദിഗ്ദ്ധമാക്കിക്കൊണ്ട് എൻെറ മാതുലൻ വീണ്ടും രംഗത്തുവന്നു. എൻെറ മാതാവ് സദാ സംശയാലു ആയിരുന്നു. ക്ഷേത്രത്തിൽ പോകണമെന്നു അവർ എന്നെ നിർബന്ധിക്കുമ്പോൾ ഞാൻ ആദരപൂർവ്വം അതു നിഷേധിക്കുമായിരുന്നു. അന്ന് എനിക്ക് ഉദ്ദേശം ഒൻപതു വയസ്സുണ്ടായിരുന്നു. നാളുകൾ നീണ്ടുപോയെങ്കിലും ഞാൻ മരിച്ചു വീണില്ലാ, എൻെറ മനസ്സിൻെറ അടിത്തട്ടിൽ അപ്പോഴും മറഞ്ഞുകിടന്ന ഭീതികളിൽ നിന്ന് എനിക്ക് മോചനവും ലഭിച്ചു. ആ സമയത്തിനു ശേഷം, അപകടകരമായ സാഹചര്യങ്ങളിൽ പോലും, പിന്നീടൊരിക്കലും ഞാൻ ഭയചകിതനായിട്ടില്ല. എങ്കിലും പെട്ടെന്ന് എൻെറ അനിയൻ രമസാൻ ന്യൂമോണിയ ബാധിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ മരണപ്പെട്ടപ്പോൾ ഞാൻ ദുഃഖം അനുഭവിക്കുക തന്നെ ചെയ്തു.

എൻെറ ജ്യേഷ്ഠന്മാർ നാലുപേരും വിവാഹം കഴിക്കുമ്പോഴും ഞാൻ ചെറുപ്പമായിരുന്നു. എട്ടു കിടപ്പറകളും വിശാലമായ ഒരു സ്വീകരണമുറിയുമടങ്ങിയ ഒരു വലിയ വീട്ടിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. എൻെറ സഹോദരന്മാർക്കും തങ്ങളുടെ ഭാര്യമാർക്കും മക്കൾക്കും താമസിക്കാൻ പ്രത്യേകം പ്രത്യേകം മുറികൾ ഉണ്ടായിരുന്നു. അക്കാലത്ത് ഇന്ത്യയിൽ നിലവിലിരുന്ന സാമൂഹിക ക്രമത്തിനനുസ്രുതമായി ഞങ്ങളെല്ലാവരും അന്യോന്യം കൂടിയനുഭവിച്ചു പോന്നു. നഗരത്തിലായാലും ഗ്രാമത്തിലായിരുന്നാലും ശരി, കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും സുരക്ഷിതത്തിന് ഇതൊരു അവശ്യമായ ഘടകമായിരുന്നു. ആരോഗ്യമുള്ളവനും ആരോഗ്യമില്ലാത്തവനും, തൊഴിൽ രഹിതനും തൊഴിൽ സഹിതനും - ഇങ്ങനെ എല്ലാ കുടുംബാഗങ്ങളും പൊതു സ്വത്തിൽ നിന്നും അവകാശത്തിൽ നിന്നും അനുഭവിച്ചു പോന്നു.

ഹൃദയാലുവായ മാതാവും വാത്സല്യനിധിയായ പിതാവും സ്നേഹമസൃണരായ സഹോദര ഭാര്യമാരും അടങ്ങിയ ഞങ്ങളുടെ കുടുംബം ആഹ്ലാദപൂർണ്ണമായിരുന്നു. എൻെറ സഹോദര ഭാര്യമാരെ സഹോദരികളെന്നാണ് ഞാൻ അഭിസംബോധ ചെയ്തു പോന്നത്. അവരെ അങ്ങനെ വിളിക്കണമെന്നാണ് എൻെറ പിതാവ് എന്നെ ബുദ്ധിയുപദേശിച്ചിരുന്നത്, കാരണം എനിക്കു സഹോദരിമാർ ഇല്ലായിരുന്നു. ഞങ്ങൾ അന്യോന്യം ഉറ്റു സ്നേഹിച്ചു.

നാലു മരുമക്കളുള്ള ഒരു കുടുംബത്തിൽ വഴക്കുണ്ടാകയെന്നത് സാധാരണ നടക്കുന്ന ഒരു സംഗതിയാണ്. എന്നാൽ ഞങ്ങളുടെ കുടുംബത്തിൻെറ സ്ഥിതി അതായിരുന്നില്ല. മാതാവൊരു മാന്യയായ മഹിളയായിരുന്നതിനു പുറമേ, ഞങ്ങൾ അനുഭവിച്ച അന്തരീക്ഷം സ്നേഹത്തിൻെറയും പരസ്പര ധാരണയുടെയും ഒരു സമജ്ഞസമായ സമ്മേളനത്തിൻെറ വിളനിലമായിരുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിൻെറ സാരസത്ത ഞാൻ അമ്മയിൽ നിന്നാണ് അഭ്യസിച്ചത്. "എനിക്കു വേണ്ടി മാത്രം ജീവിക്കുകയാണെങ്കിൽ ഞാൻ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനല്ല. മറ്റുള്ളവർക്കു വേണ്ടി ജീവിക്കുമ്പോൾ മാത്രമേ നാം യഥാർത്ഥ മനുഷ്യരെന്നു നമുക്കു തെളിയിക്കാൻ സാധിക്കൂ"- അവർ പറഞ്ഞു. ഭീഷണമായ ചുറ്റുപാടുകളിൽ പോലും അവർ ഈ പ്രമാണം അന്വർത്ഥമാക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവരുടെ സമീപനവും മാതൃകയും എനിക്കൊരു ഉറപ്പേറിയ ശൈലമായിരുന്നു. എന്നെ ഗ്രസിച്ചുകളയുമെന്നു പിന്നീടൊരിക്കൽ ഞാൻ ഭയപ്പെട്ട അന്ധകാരം നിറഞ്ഞ സാഹചര്യങ്ങളിൽ പോലും ഞാൻ ഈ അടിസ്ഥാനത്തിൽ നിന്നും പൂർണ്ണമായി വ്യതിചലിച്ചിട്ടില്ല.

ഒന്നാം ലോക മഹായുദ്ധകാലത്ത് വൈസ്രോയിയുടെ കമ്മീഷൻ പദവിവരെ അലങ്കരിച്ചിരുന്ന ഒരു പട്ടാള ഉദ്യോഗസ്ഥനായിരുന്നു എൻെറ പിതാവ്. ബ്രിട്ടീഷ്കാരുടെ നിയന്ത്രണത്തിലായിരുന്ന സൈന്യത്തിൽ ചേരുന്നതിന് അക്കാലത്ത് ഇന്ത്യൻ ദേശീയത വിമുഖത പ്രകടിപ്പിച്ചിരുന്ന അവസ്ഥയിൽ രാഷ്ട്രം എത്തിച്ചേർന്നിരുന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ഭാഗമായിരുന്ന ഇന്ത്യ അന്യരാജ്യങ്ങളുമായി യുദ്ധത്തിൽ ഏർപ്പെടുന്നത് മഹനീയമായൊരു പദവിയായും കണക്കാക്കി പോന്നു. തൻെറ പൂർവ്വകാല യുദ്ധാനുഭവങ്ങളെ എൻെറ പിതാവ് ആദരിച്ചിരുന്നു. ഞങ്ങളുടെ ഭാവനകളെ പൂവണിയിക്കത്തക്ക വിപുലമായ കഥാശേഖരം തന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നു. ആഫ്രിക്കൻ വൻകരയിൽ സൈന്യം നടത്തിയ സാഹസികങ്ങളായ പരാക്രമങ്ങളെപ്പറ്റിയുള്ള കഥകൾ കേൾക്കാൻ ഞങ്ങൾക്ക് വളരെ ഉത്സാഹം ആയിരുന്നു. സാഹസികമായ കഥകളോടുള്ള ഒരു അഭിനിവേശം അന്നു മുതൽ എൻെറ പിതാവ് എന്നിൽ ഉൾപ്രവേശിപ്പിച്ചിരുന്നു. അസാധാരണമായ വല്ലതും കാണിച്ച് ഒരുവൻ ഈ ലോകത്തിൽ അനന്യത കാത്തു സൂക്ഷിക്കണമെന്ന് അദ്ദേഹം ഞങ്ങളെ പരോക്ഷമായി പഠിപ്പിച്ചു. നമ്മുടെ കഴിവുകൾ മറ്റുള്ളവർ വേർതിരിച്ചു മനസ്സിലാക്കണം; അവയെപ്പറ്റി നാം തന്നെ കൊട്ടിഘോഷിക്കാതെ അവ വിശ്വസനീയമാണെന്നു അവർ തന്നെ വിലയിരുത്തി വിശ്വസിക്കുന്ന വിധത്തിലാണ് നാം പ്രവർത്തിക്കേണ്ടത്. ഈ സമീപനങ്ങൾ എൻെറ ജീവിതത്തിൽ അനന്തരഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. ഭയലേശം കൂടാതെ ഞാൻ ഏർപ്പെട്ട പ്രവൃത്തിയും, ജീവിതത്തിൽ ശ്രേഷ്ഠനാകണമെന്ന അഭിനിവേശവും ചില ആപത്ക്കരമായ സാഹസികതയിലേക്ക് എന്നെ നയിച്ചു.

എൻെറ പിതാവ് അന്യരുടെ ഉൽക്കർഷയിൽ ശ്രദ്ധാലുവായിരുന്നു. ആരെങ്കിലും പീഡിപ്പിക്കപ്പെടുകയോ, നീതി നേടിയെടുക്കാൻ സാധിക്കാതവണ്ണം അത്രക്കു ദരിദ്രനോ ആണെങ്കിൽ, എൻെറ പിതാവ് ആ വ്യക്തിക്ക് കോടതിയിൽ നിന്ന് പരിഹാരം സാധിപ്പിച്ചു കൊടുക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. എന്നാൽ സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി അദ്ദേഹം

ഒരിക്കലും കോടതിയെ സമീപിച്ചിരുന്നില്ല, പട്ടാളക്കാർപോലും തങ്ങളുടെ പെൻഷൻ കൈപ്പറ്റുന്നതിന്, അവരുടെ 'അഫിഡവിറ്റ്സ്' -സത്യവാങ്മൂലം- കൈകാര്യം ചെയ്യാൻ അദ്ദേഹത്തെ സമീപിക്കുമായിരുന്നു. എൻെറ പിതാവ് ദയാലു ആയിരുന്നതിനാൽ അയൽക്കാരുടെ ഇടയിൽ അദ്ദേഹം ആദരിക്കപ്പെടുകയും സമൂഹത്തിൽ മാന്യമായൊരു സ്ഥാനം നിലനിർത്തുകയും ചെയ്തിരുന്നു.

എൻെറ പിതാവ് ഉദാരമനസ്കനായിരുന്നതിനാൽ അനവധി അതിഥികൾ ഞങ്ങളുടെ വീട്ടിൽ വരുക പതിവായിരുന്നു. സ്വന്തം സഹോദരൻെറ ഘാതകരെ പോലും അദ്ദേഹം ഒരവസരത്തിൽ സ്വീകരിക്കുകയുണ്ടായി. ഈ സഹോദരൻ വസ്തു തർക്കത്തിൽ പെട്ട് ഒരു സംഘം ആളുകൾ അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. പിന്നീട് ഏതെങ്കിലും മറയത്തു ഒളിച്ചിരിക്കാൻ ഓടിപ്പോയ അവർ അറിയാതെ എൻെറ പിതാവ് വയലിൽ പണിത ഒരു ചെറിയ കൂരയിലാണ് മറഞ്ഞിരുന്നത്. അവരുടെ ഈ ഘോരമായ പ്രവർത്തിയെപ്പറ്റി അറിയാതെ അവരെ അദ്ദേഹം വീട്ടിൽ ക്ഷണിച്ചുവരുത്തി ഭക്ഷണം കൊടുത്തു. പിന്നീട് തൻെറ സഹോദരൻെറ സ്നേഹിതന്മാർ ഈ കൊലപാതക സംഘത്തെ പിന്തുടർന്നു വന്നു കണ്ടെത്തി പരസ്യമായി അവരെ ഭീഷണിപ്പെടുത്തി. തൻെറ സഹോദരൻെറ മരണത്തെപ്പറ്റി അറിഞ്ഞപ്പോൾ എൻെറ പിതാവ് വളരെയധികം ദുഃഖിച്ചു. എന്നാൽ അവരോട് ആരോടും അദ്ദേഹം കോപിക്കാതിരുന്നതിൽ അവർ എല്ലാവരും അത്ഭുതപ്പെട്ടു. അദ്ദേഹം കരുതലുള്ള ഒരു വ്യക്തിയായിരുന്നു; ആരോടും വിദ്വേഷം പുലർത്തിയിരുന്നതുമില്ല.

അദ്ദേഹം ഈ സ്വഭാവം തൻെറ മതത്തിൽ നിന്നാണ് സ്വായത്തമാക്കിയത്. മതത്തിൻെറ ബാഹ്യാനുഷ്ഠാനങ്ങളിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നില്ല, മാത്രമല്ല മൗലവികളെയും (ഇസ്ലാമിക പ്രബോധകർ) അദ്ദേഹം വിശ്വസിച്ചിരു



ന്നില്ല. പരസ്യാരാധന അദ്ദേഹത്തിനു അനിഷ്ഠമായിരുന്നതിനാൽ സ്വകാര്യമായി പ്രാർത്ഥിച്ചു പോന്നു. അദ്ദേഹം ഒരു 'മിസ്റ്റിക്ക്' -ജ്ഞാനാർത്ഥവാദി- ആയിരുന്നു.

ഈജിപ്റ്റ്, അറേബ്യാ എന്നീ മരുഭൂമികളുടെ പ്രാന്തപ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവന്ന ക്രിസ്തീയ സന്യാസിമാരെ മിക്കവാറും മാതൃകയാക്കിക്കൊണ്ടാണ് ഇസ്ലാമിക സൂഫിസം അഥവാ മിസ്റ്റിസിസം (ദൈവത്തോട് ആത്മാവിലൂടെയുള്ള നേരിട്ടു സംസർഗ്ഗം) ഉടലെടുത്തത്. ഇസ്ലാമിൽ ഈ സമ്പ്രദായം ഉറപ്പിച്ചത് എ.ഡി. 1111 -ൽ അന്തരിച്ച അൽ ഗസ്സാലി ആണ്. ആത്മശിക്ഷണത്തിൻെറയും ആത്മപരിത്യാഗത്തിൻെറയും അടിസ്ഥാനത്തിൽ, മഹനീയമായ ഭക്തി, താഴ്മ, സന്യാസം എന്നീ സ്വഭാവ സവിശേഷതയോടു കൂടിയ ഒന്നായിരുന്നു സൂഫിസം. ഹൃദയത്തിൽ നിന്ന് ഉത്ഭവിക്കുന്ന അനുസരണം ദൈവത്തോട് പ്രദർശിപ്പിച്ചിരുന്നു. കേവലം കല്പനകളുടെ അനുഷ്ഠാനങ്ങളല്ല, പിന്നെയോ ദൈവത്തെയാണ് യഥാർത്ഥമായി സ്നേഹിച്ചു പോന്നത്. വിശുദ്ധിയുടേയും ദൈവത്തോടുള്ള വ്യക്തിപരമായ സംസർഗ്ഗത്തിൻെറയും അന്വേഷണപന്ഥാവിൽ ആദ്യകാല മിസ്റ്റിക്കുകൾ പ്രാർത്ഥനക്കും ധ്യാനത്തിനും പ്രാധാന്യം കൊടുക്കുകയും ദൈവസ്നേഹത്തിൻെറ മാധുര്യം നുകർന്നുകൊണ്ട് ആത്മവിവശതയിൽ ലയിച്ചും പോന്നിരുന്നു. ഈ സ്നേഹം നിമിത്തം, പ്രത്യുപകാരമായി ദൈവത്തെ സ്നേഹിക്കാനും അനുസരിക്കാനും അവർക്കു കഴിഞ്ഞിരുന്നു. അചിരേണ ആത്മവിവശതയിൽ എത്തിച്ചേരാൻ അവർ മദ്യവും വാദ്യമേളങ്ങളും ഉപയോഗിക്കാൻ തുടങ്ങി. ദൈവത്തോട് വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ ബോധപൂർവ്വം നടത്തിയ ഒരു പരിശ്രമമായിരുന്നു എൻെറ പിതാവിൻെറ മിസ്റ്റിസിസം. എന്നാൽ ദൈവത്തോട് ഒരു മിസ്റ്റിക്കൽ സംസർഗ്ഗം പ്രാപിക്കാനുള്ള അഭികാമ്യതയായി അത് ഒരിക്കലും വികാസം പ്രാപിച്ചില്ല. അത്തരം ആത്മീയ വിവശതയിൽ എത്തിച്ചേരുന്നതിന് ഉത്തേജകമായ മദ്യവും,

മ്യൂസിക്കും, നൃത്തവും മന്ത്രോച്ചാരണവും ഉപയോഗിക്കാൻ അദ്ദേഹം തയ്യാറായില്ല. അദ്ദേഹം ധാർമ്മികമായൊരു സമാനത്വം പുലർത്തിയിരുന്നു, അതാണ് അദ്ദേഹത്തിൻെറ മുഴു ജീവിതത്തെയും നിയന്ത്രിച്ചിരുന്നത്.

ഭവനത്തിൽ, ഞങ്ങളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി ബദ്ധശ്രദ്ധനായിരുന്നു ഒരു നയശീലനായിരുന്നു അദ്ദേഹം. ഞങ്ങളുടെ വീട്ടിൽ നിന്ന് രണ്ടു മൈൽ അകലെ സ്ഥിതി ചെയ്തിരുന്ന ഒരു സ്ക്കൂളിലാണ് ഞാനും സഹോദരന്മാരും പഠിച്ചു പോന്നത്. ഞങ്ങളുടെ യാത്ര സുഖകരമാക്കിത്തീർക്കാൻ, സമയത്തിന് ഞങ്ങൾ സ്ക്കൂളിൽ എത്തിച്ചേരേണ്ടതിന്, സ്ക്കൂളിൻെറ സമീപസ്ഥലമായ സഫരവാലിൽ അദ്ദേഹം ഒരു വീടു പണിതു.

ഞാൻ പൈമ്രറി സ്ക്കൂളിൽ ചേർന്നപ്പോൾ എൻെറ വയസ്സ് അഞ്ചായിരുന്നു. ഈ കാലഘട്ടത്തിൽ ഞങ്ങളുടെ വീടിൻെറ സമീപത്തുള്ള പള്ളിയിൽ ഞാൻ പോകാൻ തുടങ്ങി. എല്ലാ മുസ്ലീം ബാലന്മാരും അഞ്ചു വയസ്സു മുതൽ ഖുർ-ആൻ പഠിക്കാനും ഓതാനും ആഴ്ചയിൽ ഒരിക്കൽ പള്ളിയിൽ പോകണം. സമൂഹാരാധനയുടെയും-ജൂമാ നമസ്ക്കാരം- പ്രബോധനത്തിൻെറയും കേന്ദ്രമാണ് മോസ്ക്ക് (പള്ളി); മുസ്ലീംങ്ങളുടെ നമസ്ക്കാര ദിനമായ എല്ലാ വെള്ളിയാഴ്ചയും എൻെറ സ്നേഹിതന്മാരോടൊത്ത് ഞാൻ പള്ളിയിൽ പോകുക പതിവായിരുന്നു. ഇമാം (പ്രാർത്ഥനാ നേതാവ്) പ്രാർത്ഥന ഉരുവിടുമ്പോൾ ഞങ്ങൾ എല്ലാവരും അദ്ദേഹം ചെയ്യുന്ന രീതിയിൽ സ്വയം പ്രണമിക്കുന്നു. സാധാരണ ഹ്രസ്വമായൊരു പ്രഭാഷണം അദ്ദേഹം ചെയ്യും, അതിൽ മുഹമ്മദ് നബിയുടെ ഉപദേശത്തിൻെറ ഏതാനും ഉപദേശങ്ങൾ അദ്ദേഹം വിശദീകരിക്കും. അദ്ദേഹത്തിൻെറ പ്രസംഗം ഗ്രഹിക്കുക അത്ര എളുപ്പമായിരുന്നില്ല, എങ്കിലും ഞങ്ങൾ വിശ്വാസപ്രമാണങ്ങൾ പഠിച്ച വരാണെന്ന ഉറപ്പ് ഞങ്ങളുടെ മതനേതാക്കന്മാർക്ക് ഉണ്ടായി



രുന്നു. പ്രാരംഭ വർഷങ്ങളിൽ തന്നെ ഇസ്ലാമിൻെറ അടിസ്ഥാന സാക്ഷ്യം:

സാക്ഷ്യം:- ലാഇലാഹ ഇല്ലള്ള മുഹമ്മദ് റസൂലുള്ള (അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല, മുഹമ്മദ് അവൻെറ പ്രവാചകനാകുന്നു)- എന്നിൽ സന്നിവേശിപ്പിച്ചിരുന്നു.

എൻെറ പ്രൈമറി സ്ക്കൂൾ ഹെഡ്മാസ്റ്റർ എന്നിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. അദ്ദേഹം ഒരു കവിയും, വാഗ്മിയും, എഴുത്തുകാരനും, സംഗീതജ്ഞനുമായിരുന്നു. അദ്ദേഹത്തിൻെറ പ്രോത്സാഹനം കൊണ്ട് ഞാൻ സ്വയം കവിത എഴുതാൻ ആരംഭിച്ചു. എൻെറ മുഴുജീവിതത്തിലും ഇത് ആനന്ദത്തിൻെറ സ്രോതസ്സായിരുന്നു. എൻെറ നോട്ടു പുസ്തകവും എൻെറ അടുത്ത് എപ്പോഴും ഉണ്ടായിരുന്നു. ഞാൻ ഹാർമോണിയം വായിക്കാനും അഭ്യസിച്ചു. എന്നാൽ വീട്ടിൽ വെച്ച് അത് വായിക്കാൻ എന്നെ അനുവദിച്ചിരുന്നില്ല. അതുകൊണ്ട്, തൻെറ വീട്ടിൽ വെച്ച് അതു പരിശീലിക്കാൻ ഹെഡ്മാസ്റ്റർ എനിക്കു അനുവാദം തന്നു. ആരംഭകാലത്ത് തന്നെ ദൈവീക കരം എന്നിൽ ഉണ്ടായിരുന്നു. സേവനപരമായ ഒരു ജീവിതത്തിനു വേണ്ടി അവൻ എന്നെ സജ്ജമാക്കിക്കൊണ്ടിരുന്നു. എന്നിലും എൻെറ ജീവിതത്തിലുമുള്ള നിസ്സാര സംഗതികളിലും അവൻെറ കരുതൽ കാണാമായിരുന്നു. വാസ്തവത്തിൽ അവൻ വലിയവനായ ദൈവം തന്നെയാണ്.

പ്രൈമറി സ്ക്കൂളിൽ ഞാൻ നാലു വർഷം ചെലവഴിച്ചു. എനിക്ക് ഒൻപതു വയസ്സുള്ളപ്പോൾ എൻെറ സഹോദരന്മാർ വീട്ടിൽ നിന്നും താമസം മാറ്റി; രണ്ടുപേർ ജമ്മുവിലേക്കും രണ്ടുപേർ ലാഹോറിലേക്കും പോയി. അപ്പോൾ ഞാൻ ഹൈസ്ക്കൂളിൽ പോകേണ്ട കാലമായിരുന്നു. എനിക്കു അധ്യയനകാര്യത്തിൽ അധികം താല്പര്യം ഉണ്ടായിരുന്നില്ല, എങ്കിലും ഞാൻ ഹൈസ്ക്കൂളിൽ ചേരാൻ അപേക്ഷിക്കണമെന്നു എൻെറ കുടുംബക്കാർ നിർബന്ധിച്ചു. എൻെറ പഠന

ത്തിനായി അവർ തിരഞ്ഞെടുത്ത സ്ക്കൂൾ ജമ്മൂകാശ്മീരിൽ ആയിരുന്നു: മഹാരാജാ റാൻബീർ സിംഗ് ഹൈസ്ക്കൂൾ. എനിക്ക് ആ സ്ക്കൂളിൽ പഠിക്കാൻ സാധിച്ചത് ഒരു അനുഗ്രഹമായിരുന്നു, കാരണം രാജകുടുംബത്തിൽപെട്ടവരുടെ മക്കൾക്കു വേണ്ടി പണി കഴിപ്പിച്ചതായിരുന്നു അത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആക്രമണങ്ങൾ നടത്തി രാജ്യങ്ങൾ പിടിച്ചടക്കി സ്വയം അധികാരികളായി അവരോധിച്ചവരായിരുന്നു ഈ രാജാക്കന്മാർ. ഈ കാലഘട്ടത്തിൽ കാശ്മീരിൽ ഇരുപത്തിരണ്ടു രാജാക്കന്മാർ ഉണ്ടായിരുന്നു. ആ സ്ക്കൂളിലെ ഏക മുസ്ലീം വിദ്യാർത്ഥി ഞാനായിരുന്നു. മുസ്ലീങ്ങൾക്ക് അവടെ പ്രവേശനം നിഷേധിച്ചിരുന്നു. ഹിന്ദുക്കൾക്കു മാത്രമേ അനുവാദം നല്കിയിരുന്നുള്ളു. എൻെറ പിതാവ് ആർമിയിൽ ജോലി നോക്കുകയും സാമൂഹികമായി സ്വാധീനവും ഉണ്ടായിരുന്ന വ്യക്തിയും ആയിരുന്നതിനാൽ എനിക്കു പ്രവേശനം കിട്ടാൻ അദ്ദേഹം ഹെഡ്മാസ്റ്ററെ പ്രേരിപ്പിച്ചു. എൻെറ പിതാവിൻെറ ശുപാർശകൾ നിരാകരിക്കുക ആളുകൾക്ക് അത്ര എളുപ്പമായിരുന്നില്ല.

രാജപുത്രന്മാരായ യോദ്ധാക്കൾക്ക് അനുയോജ്യമായ ഒരുതരം പ്രാഥമിക പട്ടാള പരിശീലനമായിരുന്നു ആ സ്ക്കൂളിൽ കൊടുത്തിരുന്നത്. അതിൽ ഏറ്റവും പ്രാമുഖ്യമായ ഇനം കുതിരസവാരിയായിരുന്നു, ഞാൻ അത് ഇഷ്ടപ്പെട്ടു. വെടിവെപ്പിലും എനിക്ക് താല്പര്യമായിരുന്നു. എൻെറ പിതാവിൻെറ പച്ചനിറമുള്ള തോക്കു ഭാരം കുറഞ്ഞതായതിനാൽ അതിൻെറ പിന്നോട്ടുള്ള തള്ളൽ എനിക്കു പൊരുത്തപ്പെടാൻ കഴിഞ്ഞു. എനിക്കു അവസരം കിട്ടിയപ്പോഴൊക്കെ അതുമായി ധാരാളം സമയം ചെലവഴിച്ചിരുന്നതായി ഞാനോർക്കുന്നു. എല്ലാ ദിവസവും രാവിലെ പാലുകൊണ്ടു വരുന്നതിനേക്കാൾ വളരെയധികം സന്തോഷകരമായിരുന്നു ഇത്- ഞങ്ങളുടെ വേലക്കാർ ചെയ്തിരുന്ന നിസ്സാരമായൊരു വേല - കാരണം അതു ചെയ്യാൻ ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല.



പഠനത്തേക്കാൾ കൂടുതൽ താല്പര്യം എനിക്ക് നായാട്ടിനോടായിരുന്നു. എന്തെന്നാൽ ഉത്സാഹവും കഠിനാദ്ധ്വാനവും അതുവരെ എൻെറ സ്വഭാവത്തിൻെറ ഭാഗമായി തീർന്നിരുന്നില്ല. അതുകൂടാതെ, സ്ക്കൂളിലെ അഭ്യസനോദ്ദേശ്യം അതുവരെ എനിക്കു വ്യക്തമായിരുന്നില്ല. ഭാവി ജോലിക്കു വേണ്ടിയായിരുന്നു രാജകുടുംബത്തിൽ പെട്ടവരുടെ പുത്രന്മാർ അഭ്യസനം നടത്തിക്കൊണ്ടിരുന്നത്; ചിലർ ആർമിയിൽ ജൂനിയർ കമ്മീഷൻറ് ഓഫീസർമാരായി നിയമിതരായപ്പോൾ മറ്റു ചിലർ പബ്ലിക്ക് സർവ്വീസിൽ ചേർന്നു. എന്നാൽ എൻെറ വിദ്യാഭ്യാസം എവിടേക്കാണ് എന്നെ നയിക്കുന്നത് അപ്പോഴും എനിക്ക് ഉറപ്പില്ലായിരുന്നു.

ഈ സ്ക്കൂൾ ഹിന്ദുക്കൾക്കു വേണ്ടിയുള്ള ഒന്നായിരുന്നതിനാൽ ഹിന്ദുമതത്തിൻെറ ആചാരങ്ങൾ ഞങ്ങൾ അനുഷ്ഠിച്ചു. അതികാലത്ത് പ്രാർത്ഥനക്കു വേണ്ടി എഴുന്നേല്ക്കുന്ന ശീലം ഞാൻ അഭ്യസിച്ചു. ഹിന്ദുമതത്തിൻെറ അടിസ്ഥാന പ്രമാണങ്ങളും ചട്ടങ്ങളും ഉള്ളടക്കം ചെയ്ത വേദങ്ങൾ അഥവാ മന്ത്രങ്ങൾ പദാനുപദമായി ഞങ്ങൾ ഹൃദിസ്ഥമാക്കണമായിരുന്നു. ഹിന്ദുമതം എന്നെ ആകർഷിച്ചില്ലെങ്കിലും എൻെറ ആ പഠനം ഈ മതത്തെപ്പറ്റി അമൂല്യമായ അറിവ് പ്രദാനം ചെയ്യുകയുണ്ടായി. ഹിന്ദിയും എനിക്കു പഠിക്കണമായിരുന്നു. അതു ഇന്നും ഞാൻ ഒഴുക്കോടെ ഉപയോഗിക്കുന്നുണ്ട്.

ഹൈസ്ക്കൂളിലെ എൻെറ വിദ്യാഭ്യാസത്തിന് വലിയൊരു വിടവുണ്ടായിരുന്നു. ഇസ്ലാമിനെപ്പറ്റി ഞാൻ ഒന്നും തന്നെ പഠിച്ചില്ല. ഞാൻ അതിൽ സന്തുഷ്ഠനായിരുന്നെങ്കിലും എൻെറ സഹോദരൻ ഖുദാ ബക്ക്ഷ അങ്ങനെയല്ലായിരുന്നു. എൻെറ പിതാവിൻെറ മരണാനന്തരം അദ്ദേഹമായിരുന്നു എൻെറ വിദ്യാഭ്യാസത്തിൻെറ ഉത്തരവാദിത്വം വഹിച്ചിരുന്നത്. ആ സ്ക്കൂളിൽ നിന്ന് അദ്ദേഹം എന്നെ മാറ്റി ജമ്മുവിലുള്ള ഇസ്ലാമിയ ഹൈസ്ക്കൂളിൽ പ്രവേശിപ്പിച്ചു. ഇത് ഒരു ബോർഡിംഗ് സ്ക്കൂളിനേക്കാൾ ഒരു അനാഥശാലാ സ്ക്കൂളായി

രൂപാന്തരപ്പെടുകയാണുണ്ടായത്, എന്നാൽ അത് എൻെറ സഹോദരനെ സംബന്ധിച്ചിടത്തോളം പ്രശ്നമായിരുന്നില്ല. എനിക്ക് ഇസ്ലാമിനെപ്പറ്റി കൂടുതൽ അറിവ് ഉണ്ടാകേണ്ടതിന് അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നതിനാൽ അത് നേടിയെടുക്കുന്ന രീതിയിൽ അദ്ദേഹം പ്രസക്തി കല്പിച്ചിരുന്നില്ല.

ഞാൻ ഉത്സാഹഭരിതനായൊരു വിദ്യാർത്ഥി ആയിരുന്നില്ല. എനിക്ക് തോന്നുമ്പോഴൊക്കെ പകൽ ഏതു സമയത്തും ക്ലാസ്സ് ബഹിഷ്ക്കരിച്ച് ജ്യേഷ്ഠൻ ഇല്ലാത്ത തക്കം നോക്കി ഭക്ഷണം കഴിക്കാൻ ഞാൻ വീട്ടിൽ പോകുക പതിവായിരുന്നു. എൻെറ "സഹോദരിമാർ" ഈ നടപടി വെളിപ്പെടുത്തിയിരുന്നില്ല. നിവൃത്തിയില്ലാതെ, സ്ക്കൂൾ അധികൃതർ ഔപചാരികമായി പരാതിപ്പെടുക നിമിത്തം ഇത് ഞാനും സഹോദരനും തമ്മിലുള്ള ബന്ധത്തെ വ്യണപ്പെടുത്തി. എൻെറ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ചെലവുകൾ വഹിച്ചിരുന്നത് അദ്ദേഹമായിരുന്നു. പക്ഷേ എനിക്കു വേണ്ടി വളരെ പാടുപെട്ട് ഒരുക്കിത്തന്ന അവസരത്തെ ഞാൻ ദുർവിനിയോഗം ചെയ്തു.

ഒരു പെൺകുട്ടിയുമായി എനിക്കുണ്ടായിരുന്ന ബന്ധം ഈ സ്ഥിതിവിശേഷത്തെ കൂടുതൽ വഷളാക്കി. ശ്രീനഗറിൽ ഞങ്ങൾക്ക് ഉണ്ടായിരുന്ന ഒരു വസ്തുവിൽ അവധി ദിവസങ്ങളിൽ ഒരിക്കൽ ഞാൻ പോയി. അവിടെ ഞാൻ സലിമാ എന്നൊരു പെൺകുട്ടിയെ കണ്ടു മുട്ടുകയും അവളിൽ അനുരക്തനാവുകയും ചെയ്തു. എൻെറ ദൃഷ്ടി അവളിൽ പതിഞ്ഞ നിമിഷം മുതൽ ഞാൻ അനുരാഗത്തിന് വശംവദനായിത്തീർന്നു. ഞങ്ങളുടെ വസ്തു പാട്ടത്തിനെടുത്ത ഒരു കുടുംബനാഥൻെറ പുത്രിയായിരുന്നു അവർ; അവരോട് ഞങ്ങൾക്ക് അകന്ന ബന്ധവും ഉണ്ടായിരുന്നു. ഞങ്ങൾ ഉറ്റ സൗഹൃദത്തിലായിത്തീർന്നു; ഞങ്ങൾ പതിവായി കണ്ടുമുട്ടാറുണ്ടായിരുന്നു. ഞങ്ങൾക്കു പരസ്പരം ഉണ്ടായിരുന്ന ആകർഷണം അത്രക്ക് ഹൃദയസ്പൃക്കാണെന്ന് പിരിഞ്ഞുപോകുന്ന സന്ദർ



ഭം വരെ ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഞങ്ങൾ ഒരുമിച്ചിരിക്കവെ പെട്ടെന്ന് അവൾ കരയാൻ തുടങ്ങി. എൻെറ വിടവാങ്ങൽ അവൾ ഇഷ്ടപ്പെട്ടില്ല. ആ അനുഭവം എന്നെ ആഴത്തിൽ സ്പർശിച്ചു. ഞങ്ങളുടെ സ്നേഹം നിമിഷം തോറും പൂർവ്വാധികം ശക്തിയോടെ വളർന്നുവന്നു. പിറ്റെ വർഷം ഞാൻ മടങ്ങിവന്നപ്പോൾ അവൾ കൂടുതൽ സുന്ദരിയായി കാണപ്പെട്ടു. എന്നിരുന്നാലും അവളിൽ ഒരു മാറ്റം വന്നതായി എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. ഇതിനുമുമ്പ് ഞങ്ങൾ പ്രദർശിപ്പിച്ച ഗാഢസൗഹൃദം ഒഴിവാക്കി അവൾ അകന്നു നിലകൊണ്ടു. അവൾക്കു എന്നോടുള്ള സ്നേഹം മുമ്പത്തേക്കാൾ ഗാഢമാണെന്നും എൻെറ അസാന്നിധ്യം അവളെ ദാരുണമായി ബാധിച്ചെന്നും അവൾ വീണ്ടും തറപ്പിച്ചു പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടുപോയി.

ഇതിൽ എന്താണ് തെറ്റെന്നു ഞാൻ ചിന്തിച്ചു. ഞങ്ങളുടെ ബന്ധം പാവനമായിരുന്നു. അന്യോന്യം കണ്ടുമുട്ടുന്നതിൽ മാത്രം ഞങ്ങൾ ആനന്ദം ആസ്വദിച്ചു. ലൈംഗികമായ ആനന്ദാനുഭൂതി കൂടാതെ തന്നെ സാക്ഷാൽ സ്നേഹം അനുഭവിക്കാൻ സാധിക്കുന്നതാണ്. ലൈംഗികമായ അത്യാസംഗം കമനീയമായൊരു ബന്ധത്തെ തകർക്കാൻ പര്യാപ്തമാണെന്നു ജീവിതത്തിൻെറ പ്രാരംഭത്തിൽ തന്നെ ഞാൻ പഠിച്ചു. വിവാഹാനന്തരം ഒരുവൻ ഒരുവൻെറ ജീവിത പങ്കാളിക്കുവേണ്ടി അത് കരുതിവെക്കണം. എങ്കിലും, ഞങ്ങൾ തമ്മിലുള്ള വിവാഹത്തിനു സാധ്യത കുറവാണെന്നു എനിക്കു വ്യക്തമായിരുന്നു. എൻെറ കുടുംബക്കാർ അത്തരത്തിലൊരു വിവാഹത്തിന് ഒരിക്കലും അംഗീകാരം നല്കുകയില്ലെന്നു അവളുടെ കുടുംബക്കാർ മനസ്സിലാക്കിയിരുന്നു. സലിമയുടെ കുടുംബക്കാർ സാമ്പത്തികശേഷി കുറഞ്ഞവരായിരുന്നതിനാൽ എൻെറ കുടുംബക്കാർ അത്തരത്തിലൊരു വിവാഹത്തിന് ഒരിക്കലും അനുവദിക്കുമായിരുന്നില്ല. എൻെറ ഹൃദയം തകർന്നുപോയി, എങ്കിലും എനിക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല.

ഞാനും എൻെറ കുടുംബക്കാരുമായുള്ള ബന്ധം കൂടുതൽ വഷളായിത്തീർന്നു.

വേദന നിറഞ്ഞ ഹൃദയത്തോടെ ഞാൻ സ്ക്കൂളിലേക്കു മടങ്ങിവന്നു. യാതൊരു പ്രവൃത്തിയും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ഞാൻ എത്തിച്ചേർന്നു. യഥാർത്ഥത്തിൽ ഞാൻ ഇതിനുമുമ്പ് ഒരിക്കലും ജോലിയെപ്പറ്റി ഇത്രക്ക് പരവശനായിട്ടില്ല, എന്നാൽ ഇപ്പോൾ ഇതെല്ലാം നിരർത്ഥകമാണെന്നു എനിക്കു തോന്നി. ഞാൻ അവിടെയും ഭവനത്തിലും സന്തോഷരഹിതനായിരുന്നു. യഥാർത്ഥ ആനന്ദത്തിനുള്ള അവസരം എൻെറ കുടുംബക്കാർ ബോധപൂർവ്വം ഇല്ലാതാക്കി എന്ന് എനിക്ക് തോന്നി. ഞാനും എൻെറ കുടുംബക്കാരും തമ്മിലുള്ള ഗാഢബന്ധം അതിൻെറ പരിസമാപ്തിയിൽ എത്തിച്ചേർന്നത് അതിന് വളരെ നാളുകൾക്കു മുമ്പായിരുന്നില്ല.

പീരിയഡുകളിൽ ഒന്നിൽ ഞാൻ അധ്യയനം ബഹിഷ്ക്കരിച്ചപ്പോൾ എൻെറ സഹോദരൻ അവിചാരിതമായി വീട്ടിൽ വരികയും അടുത്തുള്ള ചായക്കടയിൽ എന്നെ കാണുകയും ചെയ്തു. പരദൂഷണത്തിനും നേരംപോക്കിനുമുള്ള പൊതുവേദിയായിരുന്നു ഈ കടകൾ, എന്നാൽ അവിടെ ഇരുന്നു ജനങ്ങളെ നിരീക്ഷിക്കാൻ എനിക്കു സന്തോഷമായിരുന്നു. പെട്ടെന്നു ഞാൻ ആശ്ചര്യഭരിതനായിപ്പോയി. എൻെറ സഹോദരൻ എൻെറ അരികിൽ നിന്നിരുന്നു. സ്ക്കൂളിലായിരിക്കേണ്ട സമയത്ത് ഞാൻ ചായക്കടയിൽ വരാനുണ്ടായ സാഹചര്യം എന്താണെന്ന് അദ്ദേഹത്തിന് അറിയണമായിരുന്നു. വാസ്തവത്തിൽ, തൃപ്തികരമായൊരു മറുപടി കൊടുക്കാൻ എനിക്ക് കഴിയാഞ്ഞതിനാൽ അദ്ദേഹം കുപിതനായി. ആ കടയിൽ ജോലിചെയ്യുന്ന ഏഴോ എട്ടോ വയസ്സ് ഉണ്ടായിരുന്ന ഒരു പയ്യനെ അദ്ദേഹം കണ്ടു, ആ അവസരം എന്നെ പരസ്യമായി ആക്ഷേപിക്കാൻ അദ്ദേഹം വിനിയോഗിച്ചു. എൻെറ സഹോദരൻ ആ ബാലനെ വിളിച്ചു. അവനെ



ചോദ്യം ചെയ്യാൻ തുടങ്ങി. പ്രായപൂർത്തികായാത്തവരുടെ തൊഴിൽ നിരോധിക്കുകയോ, വിദ്യാഭ്യാസം നിർബ്ബന്ധമോ അല്ലാതിരുന്ന, അക്കാലത്ത് കുട്ടികളെകൊണ്ട് പണിയെടുപ്പിക്കുന്നത് അസാധരാണമായൊരു കാഴ്ചയായിരുന്നില്ല. അവൻെറ അവസ്ഥ എനിക്കുണ്ടായിരുന്ന വളരെ മഹനീയമായ പദവിക്ക് നേരേ വിപരീതമായിരുന്നു. "സോണീ, പണിയെടുക്കാൻ രാവിലെ എത്ര മണിക്കാണ് നീ ഉണരുന്നത്" എൻെറ സഹോദരൻ ചോദിച്ചു?

സർ, ഞാൻ ഏകദേശം രാവിലെ മൂന്നു മണിക്കു എഴുന്നേല്ക്കുന്നു, തലേദിവസത്തെ പാത്രങ്ങളിലെ അഴുക്കെല്ലാം ഞാൻ കഴുകും, പ്രഭാത പൂരിക്കും ഹൽവക്കും വേണ്ടിയുള്ള കലങ്ങളും താലങ്ങളും കഴികിയശേഷം പകൽ മുഴുവൻ ഞാൻ കടക്കാരനോട് ഒത്ത് കഴിച്ചു കൂട്ടുന്നു."

"എത്ര മണിക്കാണ് നീ രാത്രിയിൽ ഉറങ്ങാൻ പോകുക."

"പതിനൊന്ന് മണിക്ക് മുമ്പ് ഒരിക്കലും പോകാറില്ല, സർ."

കോപംകൊണ്ട് ജ്വലിച്ചു നിന്ന കണ്ണുകളോടെ എൻെറ സഹോദരൻ എന്നെ നോക്കി പറഞ്ഞു: "ഈ കുട്ടിയെ നോക്കൂ, അമ്മയുടെ ചാരത്തു നിന്നു വിട്ടുനിൽക്കാൻ കഷ്ടിച്ചുള്ള പ്രായം; അവന് ഒരു ദിവസം നാലുമണിക്കൂർ ഉറക്കം മാത്രമാണ് കിട്ടുക. അവൻ നിനക്ക് ഒരു മാതൃകയും പാഠവുമായിരിക്കട്ടെ. നീ പഠിക്കുകയോ ജോലിനോക്കുകയോ ഇല്ല. പൗരുഷം കാണിക്കൂ! ജീവിതത്തിൽ ലഭിക്കുന്ന അവസരങ്ങൾ പാഴാക്കിക്കളയുന്നവരുടെ ജീവിതം അത്യന്തം ദുസ്സഹമായിരിക്കും." ഇങ്ങനെ പറഞ്ഞിട്ട് അദ്ദേഹം അതിവേഗം തിരിഞ്ഞു സ്ഥലം വിട്ടു.

ഞാൻ വിരണ്ടു അന്ധാളിച്ചു നിന്നുപോയി. ആലസ്യ

ത്തോട് ഞാൻ ഏറ്റുമുട്ടി. ഒപ്പം ലജ്ജയും തോന്നി. എൻെറ കുടുംബം സമ്പന്നമായിരുന്നു. നല്ല പ്രശസ്തിയും ഉണ്ടായിരുന്നു, എന്നാൽ ഞാൻ അവരുടെ ശരീരത്തിലെ അസഹനീയമായൊരു മുള്ളായി പരിണമിച്ചുകൊണ്ടിരുന്നു. എൻെറ പരാശ്രയബോധം എന്നിൽ പ്രകാശിതമായി, അതുകൊണ്ടു എൻെറ സഹോദരൻെറ വാക്കുകൾ വ്യക്തിപരമായൊരു വെല്ലുവിളിയായി കണക്കാക്കി, അന്നു മുതൽ പൂർണ്ണമായും എന്നിൽ തന്നെ ആശ്രയിക്കുമെന്നു ഞാൻ നിശ്ചയിച്ചു. മറ്റുള്ളവരുടെ ഔദാര്യത്തിലുള്ള ജീവിതം തുടർന്നുകൊണ്ടു പോകാൻ എന്നെക്കൊണ്ടാവില്ല. എങ്കിലും ഈ തീരുമാനം എൻെറ സ്ക്കൂൾ പഠനത്തിന് കൂടുതൽ തീക്ഷ്ണമായൊരു ഉത്തേജകമായി പരിണമിച്ചില്ല, മറിച്ച് എല്ലാറ്റിനോടും ഉള്ള എൻെറ വിദ്വേഷം വർദ്ധിച്ചു. പത്താം തരത്തിലെ പരീക്ഷ മാർച്ചിലായിരുന്നു നടക്കേണ്ടിയിരുന്നത്. അതിനു തൊട്ടുമുമ്പ് ഞാൻ ഒളിച്ചോടി.

# II. ആരാണ് ഈ യേശു?

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചുകഴിഞ്ഞു; എനിക്ക് അന്ന് പതിനാറ് വയസ്സായിരുന്നു. ഇന്ത്യൻ ഒരു ദുർഘടാവസ്ഥയിൽ കുടുങ്ങി. ഇന്ത്യ ഉപഭൂഖണ്ഡത്തെ അധീനതയിൽ വെച്ചുകൊണ്ടിരുന്ന സാമ്രാജ്യത്വ ശക്തിയോട് എങ്ങനെയാണ് അവർക്കു പങ്കാളിയാകുവാൻ സാധിക്കുക? നാസിസം ആപത്ക്കരമാണ്; അതിനെ ശിക്ഷിക്കേണ്ടതും ആവശ്യമാണ്, എന്നാൽ ഭൂരിപക്ഷം ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം ഇന്ത്യയെ ദാസ്യത്വത്തിൽ നിലനിർത്തിക്കൊണ്ടിരുന്ന അതേ സാമ്രാജ്യത്വത്തിൻെറയും വംശീയതയുടെയും അങ്ങേ അറ്റത്തെ മൂർത്തീഭാവത്തെയാണ് അത് പ്രതിനിധാനം ചെയ്തത്. സ്വതന്ത്രമായൊരു ഇന്ത്യക്കുമാത്രമേ ജർമ്മനിക്കെതിരെ യുദ്ധം



ചെയ്യാൻ സാധിക്കൂ എന്ന് ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് ഉച്ചൈസ്തരം പ്രഖ്യാപിക്കുകയുണ്ടായി. "ജനങ്ങളോട് നിശ്ചയമായും ആലോചിക്കണം" അതായിരുന്നു അവളുടെ മുറവിളി. എന്നിരുന്നാലും രാഷ്ട്രീയ നേതാക്കന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടായി. അവർ ഹിറ്റ്ലറുടെ ആക്രമണത്തെ ദ്വേഷിച്ചു, അതേസമയം ബ്രിട്ടനെ സഹായിക്കുന്ന ആശയത്തോടു ശത്രുതയും പുലർത്തി. അധീനതയിൽ ഇരിക്കുന്ന ഒരു രാജ്യത്തിന് സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ സാധിക്കയില്ലല്ലോ, എന്നാലും യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ബ്രിട്ടൻെറ ഭാഗത്ത് ചേർന്നു യുദ്ധം ചെയ്യുന്നതായിട്ടാണ് അവളെ പിന്നെ കണ്ടത്.

ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വതന്ത്രമാകണമെന്ന ഉത്ക്കടമായ അഭിലാഷം, ഭൂരിപക്ഷം ഇന്ത്യാക്കാരെപ്പോലെ തന്നെ, എനിക്കും ഉണ്ടായിരുന്നു, എന്നാൽ രാഷ്ട്രീയത്തിലും പ്രത്യയശാസ്ത്രത്തിലും ഉണ്ടായിരുന്ന സംഭവവികാസങ്ങളൊന്നും ഗ്രഹിക്കത്തക്ക പ്രായം എനിക്കു അന്നില്ലായിരുന്നു. എന്തെങ്കിലും തൊഴിൽ ചെയ്യണമെന്നതായിരുന്നു എൻെറ അപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട താല്പര്യം. ഞാൻ ഏകനായിരുന്നു; എൻെറ കുടുംബത്തിൽ നിന്ന് സഹായവും എനിക്ക് പ്രതീക്ഷിക്കാൻ കഴിയുമായിരുന്നില്ല - ആ വിഷയത്തിൽ എനിക്കു ഒരു സഹായവും ആവശ്യമായിരുന്നില്ല! തനിയെ നിലകൊള്ളണമെന്ന എൻെറ തീരുമാനത്തിൽ ഞാൻ ഉറച്ചു നിന്നു, അതുകൊണ്ട് ഞാൻ സായുധ സേനയിൽ ചേർന്നു. റോയൽ എയർഫോഴ്സിൽ ചേരാൻ ഞാൻ അപേക്ഷിച്ചപ്പോൾ എനിക്കു യാതൊരു ബുദ്ധിമുട്ടും നേരിട്ടില്ല. ഏതാനും ചോദ്യങ്ങളുടെ മറുപടി ഞാൻ കൊടുത്തു കഴിഞ്ഞപ്പോൾ വിമാനങ്ങളുടെ കേടുപാടുകളോടും സംരക്ഷണയോടും ബന്ധപ്പെട്ട ഫ്ളൈറ്റ് മെക്കാനിക്കായി എൻെറ പേരും ഉൾപ്പെടുത്തി.

എൻെറ പ്രാരംഭ വിമാനയാനപരിശീലനം (aviation training) നടന്നത് ലാഹോറിലായിരുന്നു. അമേരിക്കൻ

സാങ്കേതിക വിദഗ്ദ്ധരുടെ കീഴിലാണ് എനിക്ക് അഭ്യസനം കിട്ടിയത്. കൽക്കട്ടയിലെ ഒരു എയർപോർട്ടിലായിരുന്നു എന്റെ ആദ്യ നിയമനം. അല്പകാലത്തെ അഭ്യസനത്തിനു ശേഷം എന്നെ ബർമ്മയിലേക്കും പിന്നീട് റങ്കൂണിലേക്കും അയച്ചു. ക്രമമായി ഞാൻ സൈനിക ചുമതലകൾ നിർവ്വഹിച്ചു പോന്നു. ഇരുപത്തിനാലു മണിക്കൂറും ഞാൻ ജോലി നോക്കി.

പിന്നീട് കൽക്കട്ടയിലുള്ള എയർഫോഴ്സ് അക്കാദമയിലേക്ക് എന്നെ അയച്ചു. അവിടെ നിന്ന് മിലിട്ടറി ഇൻറലിജൻസിൽ മാസ്റ്റർ ബിരുദ്ധം ഞാൻ കരസ്ഥമാക്കി. ഞങ്ങളുടെ ഒരു സാങ്കേതിക പരിശീലനാധികാരി പറഞ്ഞത് ഞാൻ ഒരിക്കലും മറക്കുകയില്ല. "കീഴുദ്യോഗസ്ഥന്മാരുടെ വിശ്വാസം എപ്പോഴും നിങ്ങൾ നേടിയിരിക്കണം." എന്റെ കീഴുദ്യോഗസ്ഥന്മാരോട് ഞാൻ സദാ പുലർത്തിയിരുന്ന സംസർഗ്ഗത്തിന്റെ മാനദണ്ഡം ഇതായിരുന്നു. അവരോട് വ്യക്തിപരമായ ബന്ധം പടുത്തുയർത്താൻ ഞാൻ പരിശ്രമിച്ചു. അവരിൽ ആർക്കെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുമ്പോഴെല്ലാം എന്നാൽ കഴിയുന്ന മേഖലകളിലൊക്കെ ഞാൻ അവരെ സഹായിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഒരു മനുഷ്യന്റെ മാഹാത്മ്യം അവന്റെ നിറം, ജാതി, മതം എന്നിവയിൽ അധിഷ്ഠിതമല്ല. എല്ലാവരുടേയും ജീവിതം വിലയേറിയതായിരുന്നു, നിർഭാഗ്യവശാൽ, എല്ലാവരും ഈ കാഴ്ചപ്പാടുള്ളവരായിരുന്നില്ല.

എന്റെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ഉത്തരവുകളെ ഞാൻ ഒരിക്കലും നിരാകരിച്ചിരുന്നില്ല എന്നു മാത്രമല്ല, എന്റെ ഉത്തരവുകളെ ലംഘിക്കാൻ കീഴുദ്യോഗസ്ഥന്മാരെയും ഞാൻ അനുവദിച്ചിരുന്നില്ല. യുദ്ധകാലത്ത് ഉത്തരവുകളെ ലംഘിക്കുന്നവരുടെ ശിക്ഷ മരണമായിരുന്നു, എന്നാൽ ഈ ശിക്ഷ ഞാൻ ഒരിക്കലും പ്രയോജനപ്പെടുത്തിയിട്ടില്ല. ഒരു യുവ ഓഫീസർ എന്റെ ഉത്തരവിനെ നിഷേധിച്ചെങ്കിൽ അതു



മാന്യമായി റദ്ദാക്കാനുള്ള പഴുതു കണ്ടുപിടിക്കാൻ ഞാൻ ഉദ്യമിച്ചിരുന്നു.

എന്റെ ജോലിയിലുള്ള പൂർണ്ണ സമർപ്പണം, സത്യസന്ധത, വിശ്വസ്തത - ഇവയായിരുന്നു ഓരോ പദവിയിലും വിജയിക്കാൻ എന്നെ പ്രാപ്തനാക്കിയ ഗുണവിശേഷങ്ങൾ. അവിശ്വസ്തത- അത് എന്നിലോ മറ്റുള്ളവരിലോ ആയിരുന്നാലും- എനിക്കു പൊറുക്കാൻ കഴിഞ്ഞിരുന്നില്ല. തക്ക കാരണങ്ങൾ കൂടാതെ ഞാൻ എന്റെ കീഴുദ്യോഗസ്ഥന്മാരുടെ മേൽ ഒരിക്കലും സമ്മർദ്ദം ചെലുത്തിയിട്ടില്ല. അവരുടെ ന്യായമായ നിർദ്ദേശങ്ങൾ ഞാൻ സസൂക്ഷ്മം ശ്രദ്ധിക്കുമായിരുന്നു. അവരുടെ ക്ഷേമത്തെപ്പറ്റി മാത്രം ഞാൻ ചിന്തിച്ചിരുന്നതിനാൽ, ജോലി വേളയിൽ അവർക്ക് അല്പം ഇടവേള കൊടുക്കാൻ പോലും ഞാൻ സന്നദ്ധനായിരുന്നു. അതുകൊണ്ടു തന്നെയാണ് അവരുടെ അവസാന തുള്ളി രക്തം വരെയും എനിക്കു വേണ്ടി ചൊരിയാൻ അവർ തയ്യാറായത്.

എന്റെ ഉയർന്ന ഇന്ത്യൻ ഉദ്യോഗസ്ഥന്മാരുടെ ഉപദേശവും ശുപാർശയും നിമിത്തം ഞാൻ സംയുക്ത ഇൻറലിജൻറ് കോർപ്സിന്റെ ഭാഗമായിത്തീർന്നു. ഞാനൊരു ബ്രിട്ടീഷ് വിരുദ്ധനല്ലെങ്കിലും എയർഫോഴ്സുമായുള്ള ബന്ധം അത്രയ്ക്കു സന്തോഷപ്രദമല്ലായിരുന്നു എന്ന് എനിക്കു ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ചില ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ഞങ്ങളോടുള്ള സമീപനം തരംതാണരീതിയിലായിരുന്നു. അവർ ഞങ്ങളെ അധമരായി കാണുകയും, "ബ്ലഡി ഇന്ത്യൻസ്" എന്ന് സംബോധന ചെയ്യുകയും ചെയ്തിരുന്നു; പൊതുവെ ഞങ്ങളോടുള്ള അവരുടെ ഭാഷയും സഭ്യം ആയിരുന്നതുമില്ല. വാസ്തവത്തിൽ അവരുടെ സംഭാഷണങ്ങളിലെ നല്ലതും തീയതും തമ്മിലുള്ള അവസ്ഥാന്തരങ്ങൾ തിരിച്ചറിയാൻ എല്ലായ്പ്പോഴും ഞങ്ങൾക്കും കഴിഞ്ഞിരുന്നില്ല. എന്നെ ഒരിക്കൽ കമാൻറിംഗ് ഓഫീസറുടെ അടുക്കൽ വിളിപ്പിച്ചു. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് ഞാൻ സാധാരണ കേൾ

ക്കാറുണ്ടായിരുന്ന പദപ്രയോഗങ്ങൾ ഉപയോഗിച്ചു മറുപടി കൊടുത്തു. ഒരു ക്രിസ്ത്യാനിയായിരുന്ന ആ കമാൻറിംഗ് ഓഫീസർ വളരെ ക്ഷമയോടെ ഞാൻ പറഞ്ഞത് കേട്ടുകൊണ്ടിരുന്നു. അനന്തരം അദ്ദേഹം എന്നോട് ആരാഞ്ഞു. “പ്രിയപ്പെട്ട കുട്ടി, എവിടെനിന്നാണ് നീ ഇത്തരം മനോഹരമായ ഇംഗ്ലീഷ് അഭ്യസിച്ചതെന്നു എന്നോട് പറയണം.” “എൻെറ സഹ ഓഫീസറന്മാരിൽ നിന്ന്”, ഞാൻ പ്രതിവചിച്ചു. “അടുത്ത പ്രാവശ്യം അത്തരം നിന്ദ്യമായ ഭാഷ ഉപയോഗിച്ചു പോകരുത്.” അദ്ദേഹം പ്രഖ്യാപിച്ചു. ഞാൻ ലജ്ജിച്ചുപോയി.

ഇതിനേക്കാൾ അധികമായി എന്നെ അലട്ടിക്കൊണ്ടിരുന്ന വേറെ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, ബ്രിട്ടീഷുകാർക്ക് കൊടുത്തുകൊണ്ടിരുന്ന മുൻഗണന എന്നെ അസ്വസ്ഥനാക്കി. അവരുടെ ജീവിതം മഹത്തരവും അതേസമയം ഇന്ത്യാക്കാരുടേത് വിലകുറഞ്ഞതും നിസ്സാരമായി വേണ്ടെന്നു വെക്കാവുന്നതും ആയിട്ടെനിക്കു തോന്നി. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെയും ഇന്ത്യൻ ഉദ്യോഗസ്ഥന്മാരുടെയും ഇടയിൽ ഇത് വലിയൊരു അന്തരം ഉളവാക്കി, ഒരേ പദവിയിൽ കഴിയുന്നവരുടെ ഇടയിൽപോലും വംശീയ വിവേചനം വ്യാപകമായിരുന്നു. ഇന്ത്യാക്കാരുമായി സമഭാവനയോടെ കഴിയാൻ ബ്രിട്ടീഷുകാർ യാതൊരു ശ്രമവും നടത്തിയിരുന്നില്ല. ഹിമാലയൻ സാനുക്കളിലെ പ്രശസ്ത സുഖവാസ കേന്ദ്രമായ സിംലായിൽ വിനോദത്തിനായി പോകുന്നതിൻെറ ഒരു പ്രധാന ഉദ്ദേശ്യം ചൂടിൽ നിന്ന് മോചനം കിട്ടാൻ മാത്രം അല്ലായിരുന്നു, പിന്നെയോ ദേശവാസികളിൽ നിന്ന് അകന്നു കഴിയാനും വേണ്ടിയായിരുന്നു എന്നും അനേകർ വിശ്വസിച്ചു.

ഒരിക്കൽ ഈ സമീപനം എൻെറ ആത്മമിത്രമായ പടവ്യൂഹ തലവൻ സുരിന്ദർ സിംഗിനോടുള്ള ബന്ധത്തിൽ അത്യധികം ദാരുണമായ അനുപാതത്തിൽ വെളിപ്പെടുകയുണ്ടായി. ഏതോ ഒരു ബോംബറിൽ -ബോംബെറിയുന്ന വി



മാനം- പല ആവർത്തി കേടുകൾ സംഭവിച്ച വിവരം ഞങ്ങളുടെ ഏരിയാ കമാൻററുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൻെറ വെളിച്ചത്തിൽ, സുരീന്ദർ സിംഗ് തന്നെ പരിശോധനക്കായി, ആ വിമാനം പറപ്പിക്കണമെന്ന ഉത്തരവ് അദ്ദേഹം ഞങ്ങളുടെ വർക്ക്സ്ഷോപ്പിലേക്കയച്ചു. ഭയാശങ്കയോടെയാണെങ്കിലും സുരീന്ദർ പോകാൻ സന്നദ്ധനായി. അദ്ദേഹം വിമാനം നിർദ്ദിഷ്ഠ കേന്ദ്രത്തിനു അഭിമുഖമായി പറപ്പിച്ചു. ഏതാണ്ടു പതിനഞ്ചു നിമിഷത്തിനുശേഷം ഞങ്ങളും അദ്ദേഹവും തമ്മിലുള്ള റേഡിയോ ബന്ധം നിശ്ചലമായി. മറ്റൊരു പതിനഞ്ചു നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ബംഗാൾ ഉൾക്കടലിൻെറ മുകളിലൂടെ ഒരു വിമാനം വരുന്നതായി ഞങ്ങൾ കണ്ടു. അതു സുരീന്ദർ സിംഗ് ആയിരുന്നു. അദ്ദേഹത്തെ സൂക്ഷ്മതയോടെ നിരീക്ഷിക്കണമെന്ന സന്ദേശം കരസേനക്ക് കൊടുത്തിരുന്നില്ല; ജപ്പാൻകാർ അദ്ദേഹത്തിൻെറ പകുതി മുഖവും ഒരു കണ്ണും വെടിവെച്ചു തെറിപ്പിച്ചുകളഞ്ഞു.

ബംഗാളിൽ ഉണ്ടായ ക്ഷാമകാലത്താണ് മറ്റൊരു വേദനാനിർഭരമായ സംഭവം ഉണ്ടായത്. മനുഷ്യനിൽ കുടികൊള്ളുന്ന ദുഷ്ടതയുടെ പാരമ്യത്തെയാണ് അതു തുറന്നു കാട്ടിയത്. 1943-44 കാലഘട്ടത്തിൽ ബംഗാളും, കിഴക്കും, തെന്നിന്ത്യയിലുമെല്ലാം ക്ഷാമം നാശം വിതക്കുകയുണ്ടായി. ഈ ക്ഷാമത്തിനെ തുടർന്നു മലേറിയ, കോളറ തുടങ്ങിയ പകർച്ചവ്യാധികളും പടർന്നു പിടിച്ചു. മറ്റു പ്രദേശങ്ങളിലേക്കും അതു വേഗത്തിൽ വ്യാപിച്ചു. അനൗദ്യോഗിക കണക്കനുസരിച്ച് മരണസംഖ്യ 34,00,000 വരെ ഉയർന്നു. എന്നാൽ, ക്ഷാമവും പകർച്ചവ്യാധികളും പ്രത്യക്ഷമായി വരുത്തിയ മരണം ബംഗാളിൽ മാത്രം 15,00,000 -ൽ പരമാണെന്നാണ് ദുർഭിക്ഷത്തെപ്പറ്റി അന്വേഷിക്കാൻ നിയുക്തമായ ഔദ്യോഗിക കമ്മീഷൻെറ ഭാഷ്യം. മരണപ്പെട്ടവരുടെ സംഖ്യ എത്രതന്നെയാണെങ്കിലും, ദിനേന ആയിരക്കണക്കിനു മനുഷ്യരെ മരണത്തിൻെറ കരാ

ളഹസ്തങ്ങൾ ആക്രമണം നടത്തികൊണ്ടിരുന്നു എന്നതിന് ആർക്കും സംശയമില്ലായിരുന്നു. ക്ഷാമം വരുത്തിയ ഭയാനകമായ അനന്തരഫലങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു, എന്നാൽ അധികാരത്തിലിരുന്നവർ ഒരുതരം നിസ്സംഗതയും അലംഭാവവുമാണ് കാട്ടിയത്. വിനാശകകരമായ വിപത്തുകൾ നടന്ന പ്രദേശങ്ങളിൽ നിന്ന് ഒരുവനു വിശ്വസിക്കാൻ പോലും ഭീതികരങ്ങളായ വിവരങ്ങളാണ് കിട്ടിക്കൊണ്ടിരുന്നത്. പ്രസ്തുത സംഭവങ്ങളെ നാടകീയമായ രീതിയിൽ അവതരിപ്പിക്കുകയാണെന്ന് ചില മേലധികാരികൾ ആരോപണം ഉന്നയിക്കുകയുണ്ടായി. എന്നാൽ ആ റിപ്പോർട്ടുകൾ ആർക്കും നിഷേധിക്കാനാവാത്ത ഒരു അവസരം തന്നെ വന്നുപെട്ടു; ആരെ കുറ്റപ്പെടുത്തണമെന്ന വിവാദം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിന്ന് സ്വയം ന്യായീകരണത്തിലേക്കു ശ്രദ്ധതിരിക്കാൻ മാത്രമാണ് ഉപകരിച്ചത്. അനുദിനം ആയിരങ്ങൾ പിടഞ്ഞു മരിച്ചുവീണുകൊണ്ടിരുന്നപ്പോൾ ഗവ: വിതരണ കേന്ദ്രങ്ങളിൽ റേഷൻ ഭക്ഷണ സാധനങ്ങൾ പൂത്ത് അഴുകിക്കൊണ്ടിരുന്നു. മലേറിയ അക്കാലത്തെ മാരകമായൊരു രോഗമായിരുന്നു, അതേസമയം മലേറിയക്കുള്ള ആൻറിമലേറിയൻ മരുന്നുകൾ മെഡിക്കൽ സ്റ്റോറുകളിൽ ഉപയോഗിക്കപ്പെടാതെ കുമിഞ്ഞുകൂടിക്കിടന്നു. ഇങ്ങനെ എനിക്കു ചുറ്റിലും നടന്നുകൊണ്ടിരുന്ന നിർവ്വികാര മനോഭാവത്തിൽ മനംമടുത്ത ഞാൻ, ചായ, പഞ്ചസാര, അരി, പയറുവർഗ്ഗങ്ങൾ എന്നിവ റേഷൻ ഡിപ്പോകളിൽ നിന്നു ശേഖരിച്ചു ആവശ്യക്കാർക്കു ദാനമായി വിതരണം ചെയ്തുപോന്നു. മലേറിയക്കുള്ള ഏതാനും മരുന്നുകളും ഞാൻ വിതരണം ചെയ്തു.

ധാരാളം സമ്പത്തുകൾ സമാഹരിച്ച ധനികർക്കുപോലും തങ്ങൾക്കാവശ്യമായ ഭക്ഷണം വാങ്ങാൻ കഴിയാത്ത ദാരുണമായൊരു അവസ്ഥയാണ് അന്നു ഉണ്ടായിരുന്നത്. മാതാപിതാക്കൾ തങ്ങളുടെ പുത്രിമാരുടെ കന്യകാത്വത്തെ ഭക്ഷണത്തിനു വേണ്ടി പകരം കൊടുക്കാൻപോലും മടിക്കാത്ത നി



സ്സഹായാവസ്ഥയിലേക്കു അതു നിപതിച്ചു. മലേറിയക്കുള്ള പ്രതിരോധ മരുന്നുകൾ ഓരോ രൂപക്ക് വിറ്റ് പ്രസ്തുത സന്ദർഭം തങ്ങളുടെ സഹജീവികളെ ചൂഷണം ചെയ്യാനും, യഥാർത്ഥത്തിൽ ഈ അവസരം ഉപയോഗിച്ചു എന്നു പറയേണ്ടിയിരിക്കുന്നു! ക്ഷാമവും ദാരുണമായ പകരച്ചവ്യാധികളും ആയിരക്കണക്കിനം ജീവിതങ്ങളെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന വേളയിൽ പണക്കാരായ ഇന്ത്യക്കാരും ബ്രിട്ടീഷ്കാരും ദിനംപ്രതി അന്യോന്യം ഏറ്റുമുട്ടൽ നടന്നുകൊണ്ടിരുന്നു. യാതൊന്നും സംഭവിക്കാത്ത മട്ടിൽ അവർ നിസ്സാരകാര്യങ്ങളിൽ കലഹിച്ചും ലൗകീക മോഹങ്ങളിൽ മുഴുകിയും ജീവിതം ആസ്വദിച്ചു പോന്നു.

ഈ സംഭവവികാസങ്ങളെല്ലാം കണ്ട് എൻെറ മനസ്സിനെ ദുഃഖം മഥിച്ചുകൊണ്ടിരുന്നു; എനിക്കു ചുറ്റും അരങ്ങേറിക്കൊണ്ടിരിക്കുന്ന സംഭവങ്ങളിൽ വൈകാരികമായി മാത്രം പ്രതികരിക്കാനേ എനിക്കു സാധിച്ചുള്ളൂ. എൻെറ യൗവ്വനം അതിശീഘ്രം പാഞ്ഞുകൊണ്ടിരുന്നതായി എനിക്കു തോന്നി; ആ സാഹചര്യങ്ങളിൽ അതിവേഗം പക്വത ആർജ്ജിക്കാൻ എനിക്കു സാധിച്ചു. ഒരിക്കൽ ഞാനും, പുരൺ എന്നപേരോടുകൂടിയ എൻെറ സഹ ഇന്ത്യൻ ഓഫീസറും ചേർന്ന്, വഴിയിൽ ഉപേക്ഷിച്ചിട്ടുപോയ രണ്ടു ബാലന്മാരെ എടുത്തു ക്യാമ്പിൽ കൊണ്ടുവന്നു. ആറുമാസത്തിൽ കൂടുതൽ ഞങ്ങൾ അവരെ ഒളിപ്പിച്ചുവച്ചു. പ്രസ്തുത വിവരം ഞങ്ങളുടെ കമാൻറിംഗ് ഓഫീസറുടെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചപ്പോൾ ഞങ്ങളെ അദ്ദേഹം കഠിനമായി ശാസിച്ചു. എന്തു വിലകൊടുത്തും ഈ കുട്ടികളുടെ ജീവൻ രക്ഷിക്കാൻ ഞങ്ങൾ ഒരുക്കമായിരുന്നു. എന്നാൽ പശ്ചിമബംഗാളിലുള്ള ഒരു ഉൾനാടൻ അഭയാർത്ഥി കേന്ദ്രത്തിലേക്കു പിന്നീട് മാറ്റി പാർപ്പിക്കാനുള്ള ഒരു തീരുമാനത്തിൽ സംഗതി അവസാനിപ്പിക്കുകയാണുണ്ടായത്. അവരെ സഹായിക്കാൻ ആർദ്രതയുള്ള ഏതാനും അയൽവാസികൾ ഉണ്ടാകട്ടെ എന്നു ഞങ്ങൾ പ്രത്യാശിച്ചു.

എന്തെന്നാൽ അതിനേക്കാൾ കൂടുതലൊന്നും സഹായിക്കാൻ ഞങ്ങൾക്കു കഴിയുമായിരുന്നില്ല.

എൻെറ വികാരങ്ങളെ കടിച്ചമർത്തുക അത്രക്കു കഷ്ട തരമായിരുന്നു. ജീവിതം എന്തുകൊണ്ടാണ് ഇവിടെ ഇത്രയധികം നിസ്സാരമായി കാണുന്നത്? എങ്ങനെയാണ് മനുഷ്യജീവിതത്തെ വിലയിരുത്തേണ്ടത്? യഥാർത്ഥത്തിൽ ഒരു ദൈവമുണ്ടെങ്കിൽ ഈ പ്രശ്നങ്ങളിൽ അവനെവിടെ? ഇതൊക്കെയാണ് ഞാൻ എന്നോടു തന്നെ ചോദിച്ച ചോദ്യങ്ങൾ. എന്നാൽ പെട്ടെന്ന് ഇരുട്ടിൽ ഞാനൊരു വെളിച്ചം കണ്ടു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ ഇന്ത്യാക്കാരോട് കാട്ടിയ സമീപനം ധിക്കാരപരമായ ഉന്നതഭാവത്തോടുകൂടിയ ഒന്നായിരുന്നു എന്നതു ശരിയാണ്; ചിലപ്പോൾ അത് മൃഗീയതയിലും എത്തിച്ചേർന്നിട്ടുണ്ട്. എന്നിരുന്നാലും നന്മയുടെയും സ്നേഹത്തിൻെറയും ഉജ്വല മാതൃകകൾ കാട്ടിയിരുന്നവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. തങ്ങളുടെ നാഥനായ ക്രിസ്തു യേശുവിനെ അനുകരിക്കാൻ വ്യഗ്രത കാണിച്ചവരായിരുന്നു ഇക്കൂട്ടർ; അവർ ദൈവീക സ്നേഹവും പ്രകാശവും പ്രദർശിപ്പിച്ചു. എൻെറ ഉള്ളിൻെറ ഉള്ളിൽ ഉറഞ്ഞുകൂടിയ ഈ മാതൃകകൾ പിന്നീട് വളർന്നു പുഷ്പിച്ച് വീണ്ടുംജനനത്തിലേക്ക് എന്നെ എത്തിച്ചു.

ഈ ശ്രേഷ്ഠ വ്യക്തിത്വങ്ങളിൽ ഒന്ന് ക്യാപ്റ്റൻ ബാക്സ്റ്റർ ആയിരുന്നു. ഞങ്ങളുടെ വിംഗിലേക്ക് -പാർശ്വസേന-സ്ഥലം മാറ്റം കിട്ടിവന്ന ഒരു യുവ ഓഫീസറായിരുന്നു അദ്ദേഹം. ഭൂരിപക്ഷം ബ്രിട്ടീഷ്കാരേയും പോലെ അദ്ദേഹവും ഒരു മിതഭാഷിയായിരുന്നു. എന്നാൽ അദ്ദേഹം ഒരു മഹാമനസ്കനായിരുന്നു. കീഴുദ്യോഗസ്ഥന്മാരോടുള്ള പെരുമാറ്റത്തിൽ നിന്ന് അദ്ദേഹം എങ്ങിനെയുള്ള വ്യക്തിയായിരുന്നുവെന്ന് വ്യക്തമായി കാണാൻ ഞങ്ങൾക്കു കഴിഞ്ഞു. അദ്ദേഹം ഇന്ത്യൻ ഓഫീസർമാരോട് ഉന്നതഭാവം കാണിക്കുകയോ താഴ്ന്ന നിലവാരത്തിൽ ഇടപെടുകയോ ചെയ്തി



രുന്നില്ല. ഞങ്ങളുടെ ക്ഷേമത്തിൽ സദാ ജാഗരൂകനായിരുന്നു അദ്ദേഹം. ഇന്ത്യക്കാരുടെ ഇടയിൽ തന്നെ പ്രത്യേകം പ്രത്യേകം പാചക ക്രമങ്ങൾ വേണമെന്നോരാവശ്യം ഞങ്ങളുടെ ഇടയിൽ നിന്ന് ഉയർന്നുവന്നു. മുസ്ലീംങ്ങളുടെ ആവശ്യത്തിലേക്കായി പ്രത്യേക പാചക സംവിധാനങ്ങൾ ആവശ്യമാണെന്നും, തങ്ങൾ ഭക്ഷിക്കുന്ന ആഹാരപദാർത്ഥങ്ങൾക്ക് വേവ് കൂടുതൽ ആവശ്യമായിരുന്നതിനാൽ പ്രത്യേകം അടുപ്പുകൾ അവരെ ഉദ്ദേശിച്ച് ക്രമീകരിക്കണമെന്നൊരു സന്ദർഭം ഉരുത്തിരിഞ്ഞു. ഞങ്ങളുടെ പുതിയ ഭക്ഷണശാലയിൽ സ്ഥാപിക്കാൻ മണ്ണുകൊണ്ടുള്ള ഒരു അടുപ്പു ഉണ്ടാക്കുക എന്നതായിരുന്നു ഞങ്ങളുടെ അപ്പോഴത്തെ അടിയന്തിരമായ ആവശ്യം. ഞങ്ങൾ താമസിച്ചിരുന്ന അവസ്ഥയെപ്പറ്റി ആലോചിക്കുമ്പോൾ അത്തരത്തിലൊരു ആവശ്യം നിറവേറ്റുക എന്നത് അത്യന്തം ദുഷ്ക്കരമായിരുന്നു. ഒരു ദിവസം ഞാൻ വർക്ക് ഷോപ്പിലേക്ക് മടങ്ങിവരുമ്പോൾ പരിശീലനങ്ങൾ സംബന്ധിച്ച ഒരു ഗ്രന്ഥം ബാക്സ്റ്റർ കൈക്കലാക്കി സ്വയം ഒരു അടുപ്പുണ്ടാക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ എനിക്കുണ്ടായ ആശ്ചര്യവും ആനന്ദവും നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ. എനിക്ക് അദ്ദേഹത്തോട് ഉണ്ടായിരുന്ന ആദരവ് വളർന്നു വന്നു. തൻെറ ഹൃദയത്തിൽ മറ്റുള്ളവരോട് ഉണ്ടായിരുന്ന മഹനീയമായ സ്നേഹത്തെപ്പറ്റി ഞാൻ അദ്ദേഹത്തെ നിരീക്ഷിച്ചപ്പോൾ എനിക്കു ബോധ്യമായി. സ്വന്തം കൈകൾ കൊണ്ട് അദ്ദേഹം ഞങ്ങൾക്ക് അടുപ്പ് ഉണ്ടാക്കാൻ ശ്രമിക്കുന്നു. ഞങ്ങളുടെ അഭ്യർത്ഥനയുടെ സ്വഭാവം ആദരിക്കയും അത് സഫലമായിത്തീരാൻ അദ്ദേഹം ദൃഢചിത്തനായിരിക്കയും ചെയ്യുന്നു. ഇതൊരു നിസ്സാര സംഗതിയായിരുന്നെങ്കിലും അത് എന്നെ ആഴത്തിൽ സ്പർശിച്ചു.

ആളുകൾ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന സന്ദർഭത്തെ സംബന്ധിച്ചിടത്തോളം ഇത് സ്വീകാര്യതയുടെയും സൗ

ഹൃദത്തിൻെറയും പ്രതീകമായിരുന്നു. ആതിഥേയൻ അപരിചിതരെ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ ക്ഷണിക്കുകയാണെങ്കിൽ അവർക്ക് സ്വീകരണം ലഭിച്ചുകഴിഞ്ഞതായി മനസ്സിലാക്കാവുന്നതാണ്. എല്ലാ ദിവസവും രാവിലെ ബാക്സ്റ്റർ ഞങ്ങളോടൊത്ത് പ്രഭാത ഭക്ഷണം കഴിച്ചുപോന്നു-മറ്റുള്ള ബ്രിട്ടീഷ് ഓഫീസർമാർ ഒരിക്കലും ചെയ്യാത്ത ഒരു സംഗതി. ഇതും ഒരു ലഘുവായ സംഗതിയാണെന്നു തോന്നാവുന്നതാണെങ്കിൽ ഞങ്ങൾ കടന്നുപോയ വൈദേശിക ആധിപത്യത്തിൻെറ അവസ്ഥയെപ്പറ്റി ആലോചിക്കുമ്പോൾ ഹൃദയഹാരിയായ ഒന്നായിരുന്നു ഇതെന്നു കാണാൻ കഴിയും. പരമാർത്ഥമായൊരു സ്നേഹപ്രകടനമായിരുന്നു അത് ; ഞങ്ങളെല്ലാം അതിനോട് ഊഷ്മളമായി പ്രതികരിക്കുകയും ചെയ്തു.

നിസ്സാര ക്രമക്കേടുകൾക്ക് തൻെറ കീഴുദ്യോഗസ്ഥന്മാരെ ശാസിക്കുന്ന ഒരു വ്യക്തിയല്ലായിരുന്നു ബാക്സ്റ്റർ, ശാസന അനുപേക്ഷണീയമായ സമയത്തു പോലും. ഉദാഹരണത്തിന്, ഒരിക്കൽ ഒരുകൂട്ടം യുവാക്കന്മാർ താടിവടിക്കാതെ പ്രഭാത ഭക്ഷണത്തിനു വന്നു. ശാസിക്കുന്നതിനു പകരം ബാക്സ്റ്റർ സ്വന്തം പോക്കറ്റിൽ നിന്ന് ബ്ലയിഡ് എടുത്തു കൊടുത്തുകൊണ്ട് ഷെയ്‌വ് ചെയ്യാൻ ആവശ്യപ്പെടുകയാണ് ചെയ്തത്.

എങ്കിലും എന്നെ ഏറ്റവും അധികം ആകർഷിച്ചത് ബാക്സ്റ്റർ ആക്രമണ വേളയിൽ പ്രദർശിപ്പിച്ച പെരുമാറ്റമാണ്. അദ്ദേഹം ഞങ്ങളോടുകൂടെ ഉള്ളപ്പോൾ ജപ്പാൻകാരുടെ ബോംബാക്രമണം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ, കിടങ്ങുകളിൽ പോയി അഭയം പ്രാപിക്കുന്നതിനു പകരം അദ്ദേഹം എല്ലാവരെയും വിളിച്ചു പറയും: 'വരൂ കുട്ടികളെ, നമുക്കു ചാപ്പലിൽ പോകാം' - ആരാധനക്ക് ഉപയോഗിച്ചിരുന്ന കൂടാരമായിരുന്നു ചാപ്പൽ, നിയമപ്രകാരം ഞങ്ങൾ അദ്ദേഹത്തെ അനുസരിച്ചിരുന്നു. ചാപ്പലിൽ ചെലവഴിച്ചിരുന്ന സമയം മുഴുവൻ പ്രാർത്ഥന അദ്ദേഹം തന്നെയായിരുന്നു നിർവ്വഹിച്ചിരുന്നത്. അദ്ദേഹം പ്രാർത്ഥി



ച്ചുകഴിയുമ്പോൾ "ആമേൻ" പറയുകമാത്രമായിരുന്നു ഞങ്ങളുടെ ദൗത്യം. ഇങ്ങനെ രണ്ടോ മൂന്നോ പ്രാവശ്യം നടന്നു. ഒരു ദിവസം ഭീകരമായൊരു ആക്രമണം ഉണ്ടായി. വിമാനങ്ങളെക്കൊണ്ട് ആകാശം നിറഞ്ഞിരുന്നു; ഞങ്ങൾ എല്ലാവരും കിടങ്ങുകളിലേക്കു ഓടാൻ തുടങ്ങി. മരണം ആസന്നമാണെന്നു ഞങ്ങൾക്കു തോന്നി. "കുട്ടികളേ, കിടങ്ങുകളിലേക്ക് ഓടിപ്പോകുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. നമുക്ക് യൂണിറ്റ് ചാപ്പലിലേക്ക് പോകാം," അദ്ദേഹം ഉറക്കെപ്പറഞ്ഞു. ബാലിശമായൊരു ഉത്തരവാണിതെന്നു തോന്നുകയാൽ ഞങ്ങൾ ഉള്ളംകൊണ്ടു ചിരിച്ചുപോയി. ചെറിയൊരു ആക്രമണം ഉണ്ടാകുമ്പോൾ ചാപ്പലിൽ അഭയംപ്രാപിക്കുക എന്നത് അനുയോജ്യമായിരിക്കാം. എന്നാൽ ഇപ്പോൾ ഇതൊരു വിഡ്ഢിത്തമായിട്ടാണ് തോന്നിയത്. പക്ഷെ, ബക്സറിൻെറ ശബ്ദത്തിൽ അധികാരത്തിൻെറ ധ്വനിയും ഉറപ്പും ഉണ്ടായിരുന്നു. "ഞാൻ കർത്താവായ യേശുവിനോട് പ്രാർത്ഥിക്കാൻ പോകയാണ്. നിങ്ങൾ അവനിൽ വിശ്വസിക്കുകയോ, എന്തെങ്കിലും ചെയ്യണമെന്നോ, നിർബ്ബന്ധമൊന്നുമില്ല. എൻെറ പ്രാർത്ഥന കഴിയുമ്പോൾ "ആമേൻ" എന്നു പറഞ്ഞാൽ മാത്രം മതി, അദ്ദേഹം പറഞ്ഞു. സന്ദേഹത്തോടെയാണെങ്കിലും അദ്ദേഹത്തെ അനുസരിച്ച് അദ്ദേഹത്തോടൊപ്പം ഞങ്ങൾ കൂടാരത്തിൽ കടന്നു. ഞങ്ങൾ ഇരുന്നു, ഇത്തരം സന്ദിഗ്ധഘട്ടത്തിലുള്ള ഈ പരിപാടിയിൽ ഞങ്ങൾ ആശ്ചര്യഭരിതരായിപ്പോയി. അദ്ദേഹം കരഞ്ഞു പ്രാർത്ഥിക്കാൻ തുടങ്ങി. അദ്ദേഹത്തിൻെറ വാക്കുകൾ ഇപ്പോഴും എൻെറ കാതുകളിൽ മുഴങ്ങിക്കേൾക്കുന്നു:

"യേശു കർത്താവേ, നിൻെറ ശക്തിയും അധികാരവും ഇന്നു വെളിപ്പെടുത്തേണമേ. നീ സത്യവാനാണെന്നു ഈ കുട്ടികൾക്ക് തെളിയിച്ചു കൊടുക്കണമേ. അവരുടെ പ്രിയപ്പെട്ടവർക്കു മാതാപിതാക്കന്മാർക്കും വേണ്ടി അവരെ ഈ ആക്രമണത്തിൽ നിന്ന് വിടുവിക്കേണമേ. നീ ജീവനുള്ളവനാ

ണെന്നും, മനുഷ്യൻെറ ശരീരങ്ങൾ മാത്രമല്ല നാശത്തിൽ നിന്ന് അവൻെറ ആത്മാവിനെയും രക്ഷിക്കുന്നവനാണെന്നും ഈ പുരുഷന്മാർ അറിയുമാറാകേണമേ. ആമേൻ.”

ബാക്സ്റ്റർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വിശേഷ വിധിയായൊരു രൂപാന്തരം ചാപ്പലിൽ സംഭവിച്ചു. എല്ലാവരും പരിപൂർണ്ണ നിശ്ശബ്ദരായി. അതിനേക്കാൾ വിചിത്രം പുറത്തു നടന്നുകൊണ്ടിരുന്നതൊന്നും ഞങ്ങൾക്കു കേൾക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ്. ഞങ്ങൾ കേവലം ഒരു കൂടാരത്തിനുള്ളിലായിരുന്നു എങ്കിലും അതിനു മുകളിൽ നിശ്ശബ്ദതയുടെ മൂടുപടം ആവരണം ചെയ്തിരുന്നതായി ഞങ്ങൾക്കു തോന്നി. ഞങ്ങൾ കൂടാരത്തിൽ നിന്നു പുറത്തു വന്നപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. മനുഷ്യശരീരത്തിൻെറ അവയവങ്ങൾ ചിതറിക്കിടക്കുന്നു. കനാലിൻെറ മറുഭാഗത്തുണ്ടായിരുന്ന യൂണിറ്റ് ദാരുണമായ ബോംബാക്രമണത്തിനു ഇരയായി. യുവാക്കന്മാരുടെ ഹൃദയഭേദകമായ നിലവിളികൾ ഞങ്ങളുടെ കാതുകളിൽ മുഴങ്ങി. പ്രധാന ഭക്ഷണശാലയുടെ പിന്നിലുള്ള കനാലിലും ബോംബ് വർഷിക്കപ്പെട്ടു. അതിലെ വെള്ളവും തിളച്ചുകൊണ്ടിരുന്നു; തീരങ്ങളിലൂടെ ചെളി കരകവിഞ്ഞൊഴുകിക്കൊണ്ടിരുന്നു; എല്ലായിടത്തും മഞ്ഞു മൂടിക്കിടന്നിരുന്നു. ഈ നാശത്തിൻെറ മധ്യത്തിൽ ഞങ്ങൾ സുരക്ഷിതർ ആയിരുന്നു. ബാക്സ്റ്ററുടെ യേശു കർത്താവ് ജീവനുള്ളവനാണെന്നും അവൻ പ്രാർത്ഥന കേൾക്കുന്നവനാണെന്നും തൻെറ ജനത്തെ രക്ഷിക്കുന്നു എന്നും ആശ്ചര്യഭരിതരും സ്തബ്ധരുമായ ഞങ്ങൾക്കു വിശ്വസിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ആരാണ് ഈ യേശുവെന്ന് എനിക്ക് ആശ്ചര്യം തോന്നി? ഖുർ-ആനെപ്പറ്റി എനിക്ക് അറിയാവുന്നിടത്തോളം, മറ്റെല്ലാ പ്രവാചകന്മാരെയും പോലെ അദ്ദേഹം ഒരു പ്രവാചകനാണ്. എങ്കിലും മൃതരായ പ്രവാചകന്മാരോട് വിടുതലിന്നായി ജനങ്ങൾ പ്രാർത്ഥിക്കുന്നില്ല. ബാക്സ്റ്ററിൻെറ പോലൊരു



പ്രാർത്ഥന ഞാൻ ഒരിക്കലും കേട്ടിരുന്നില്ല. അതു വളരെ ലളിതമായിരുന്നെങ്കിലും നേരിട്ടായിരുന്നു. എൻെറ ബാല്യകാലം ചെലവഴിച്ച ഞങ്ങളുടെ സ്വന്ത നഗരത്തിലായിരുന്നപ്പോൾ, ഞാൻ സ്നേഹിതന്മാരോടൊത്ത് ഒരു അമേരിക്കൻ മിഷൻ കേന്ദ്രത്തിൽ പോകുക പതിവായിരുന്നു. സഭാശുശ്രൂഷകൾക്കു ശേഷം മിഷ്യനറിയുടെ ഭവനത്തിൽ പോയ അദ്ദേഹത്തിൻെറ ഭാര്യയോടുകൂടെ ഗീതങ്ങൾ ആലപിക്കുന്നതും അവിടെ ഉണ്ടായിരുന്ന കളിപ്പാട്ടങ്ങൾകൊണ്ട് കളിക്കുന്നതുമായിരുന്നു ഞങ്ങൾ ഏറ്റവും അധികം ആസ്വദിച്ചിരുന്ന ഇനങ്ങൾ. എന്നാൽ ശുശ്രൂഷാവേളയിൽ മിഷ്യനറി പ്രാർത്ഥിക്കുകയോ പ്രസംഗിക്കുകയോ ചെയ്തതൊന്നും എനിക്കു ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം വളരെയധികം ഗർജ്ജനം ചെയ്തിരുന്നു. നേരേമറിച്ച്, സമീപത്തു നിൽക്കുന്ന ഒരു സ്നേഹിതനോട് ബാക്സ്റ്റർ സംസാരിക്കുന്നതായിട്ടാണ് ഞങ്ങൾക്കു അനുഭവപ്പെട്ടത്. അത് വളരെ ലളിതമായി തോന്നി. യഥാർത്ഥത്തിൽ അതു സാധ്യമായിരുന്നോ?

## III. ആഭ്യന്തരവും ബാഹ്യവുമായ പോരാട്ടങ്ങൾ

ജപ്പാൻകാരുടെ ബോംബാക്രമണം അവസാനിച്ചു അല്പകാലത്തിനു ശേഷം ഫ്ളൈറ്റ് മെക്കാനിക്കായുള്ള എൻെറ ജോലിയിൽ ഞാൻ പുനഃപ്രവേശിച്ചു. എന്നാൽ എൻെറ ജീവതത്തിൻെറ തന്നെ മിക്കവാറും അന്ത്യം കുറിച്ച ഒരു അത്യാഹിതം എൻെറ ജോലിയുടെ ദൈർഘ്യത്തെ വെട്ടിച്ചുരുക്കി. കേടുപറ്റിയ വിമാനങ്ങൾ നന്നാക്കുകയും അവയെ സ്വസ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്തശേഷം അവയെ പരിശോധനയ്ക്കു വിധേയമാക്കിക്കൊണ്ടിരുന്നു. പെട്ടെന്ന് ഒരു പ്രത്യേക വിമാനം പറപ്പിക്കണമെന്ന ഉത്തരവ് ഞങ്ങളു

ടെ കമാൻറിംഗ് ഓഫീസറിൽ നിന്ന് എനിക്കു ലഭിച്ചു, കാരണം അതിൽ ചെയ്ത പണി തൃപ്തികരമായിരുന്നില്ല; അതിലെ വാർത്താവിനിമയ സംവിധാനം ശരിയായി പ്രവർത്തന ക്ഷമമായിരുന്നില്ല. ഈ അവസരത്തിൽ, ഒരു വിമാന പരിശോധനാവേളയിൽ എന്റെ സ്നേഹിതനു സംഭവിച്ചതും അദ്ദേഹത്തിന്റെ മുഖം പകുതിയോളം തകർന്നുപോയതും എന്റെ ഓർമ്മയിൽ വന്നു, പക്ഷെ, ഉത്തരവ് അനുസരിക്കുക എന്റെ ദൗത്യമായിരുന്നു, അതുകൊണ്ട് എന്റെ സ്നേഹിതനോടൊപ്പം ഞാൻ വിമാനം പറപ്പിച്ചു. പരിശോധന കഴിച്ച് മടങ്ങിവരാൻ മുപ്പത്തിമൂന്നു മിനിട്ടും ഞങ്ങൾക്കു ലഭിച്ചു. വർക്കഷോപ്പിൽ നിന്ന് മുപ്പതുമൈലുകൾ മാത്രം പിന്നിട്ടപ്പോൾ കീഴ്ഭാഗത്തു നിന്ന് എന്നെ ഏതോ തട്ടി. എന്റെ കൂട്ടുകാരൻ പുത്താൻ, പൈലറ്റ് ഇരിപ്പിടത്തിൽ എനിന്ന് എന്നെ തള്ളിമാറ്റി അദ്ദേഹം നിയന്ത്രണം ഏറ്റെടുത്തു. അതിനെ തുടർന്നു സുരക്ഷിതരായി ഞങ്ങൾക്കു കരയ്ക്കണയാനും കഴിഞ്ഞു. തുടർന്നു എന്നെ 56-ാം നമ്പർ ഇന്ത്യൻ ആശുപത്രിയിലേക്കു കൊണ്ടുപോയി. എന്റെ മുഖത്തിന്റെ വലത്തുവശം മുഴുവൻ ദാരുണമായി പൊള്ളലേറ്റിരുന്നു.

ഞാൻ എത്തിച്ചേർന്നപ്പോൾ എനിക്കു പ്രഥമശുശ്രൂഷ ലഭിച്ചു. അവിടെ നടന്നുകൊണ്ടിരുന്നതിനെപ്പറ്റി എനിക്കു കഷ്ടിച്ച് ബോധമേ ഉണ്ടായിരുന്നുള്ളു, എങ്കിലും എന്നെ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടുണ്ടെന്നു എനിക്കു ബോധ്യമായി. രണ്ടു നാൾ മുമ്പ് ബ്രിട്ടീഷ് ഓഫീസർമാർക്കു വേണ്ടി റിസർവ്വ് ചെയ്തിരുന്ന ഒരു വാർഡിൽ ഒരു ബോംബ് വീണിരുന്നു. ഒരു സ്ട്രെച്ചറിൽ അല്പ ബോധമുള്ളവനായി ഞാൻ കിടക്കുമ്പോഴും ഒരു സീനിയർ മെഡിക്കൽ ഓഫീസറും രണ്ടു നേഴ്സുമാരും തമ്മിൽ നടന്നുകൊണ്ടിരുന്ന സംഭാഷണം യദൃച്ഛയാ കേൾക്കാനിടയായി. എന്റെ കാര്യത്തെപ്പറ്റി എന്താണ് ചെയ്യേണ്ടതെന്നു അവർ ആരാഞ്ഞപ്പോൾ ഞാൻ RAF ഉദ്യോഗസ്ഥനാകയാൽ എന്നെ ജനറൽ ഹോസ്പിറ്റലിൽ



പ്രവേശിപ്പിക്കാൻ പാടില്ലെന്നു മെഡിക്കൽ ഓഫീസർ ശഠിച്ചു. എന്റെ മുറിവിന്റെ വ്യാപ്തിയെപ്പറ്റി നന്നായി അറിയാമായിരുന്ന നേഴ്സ്മാരിൽ ഒരാൾ ഓഫീസറോട് ചോദിച്ചു: "പദവിയോ ജീവനോ ഏതാണ് മുഖ്യമായത്?" എന്നാൽ അവിടെ എനിക്കു പ്രവേശനം കിട്ടുന്ന കാര്യത്തിൽ അവർക്കു വിജയിക്കാൻ കഴിഞ്ഞില്ല. നേഴ്സുമാരുടെ ക്വാർട്ടേഴ്സിലുള്ള ഒരു മുറിയിൽ കിടത്തിക്കൊണ്ട് എന്നെ പരിചരിച്ചുകൊള്ളാമെന്നു അവർ ഏറ്റു.

ഞാൻ എവിടെയായിരുന്നു എന്ന് എനിക്കറിയില്ലായിരുന്നു, കാരണം എന്റെ രണ്ടു കണ്ണുകളും ബാന്റേജ് ചെയ്തിരുന്നു. ഞാൻ കേട്ട സംഭാഷണത്തിൽ നിന്നാണ് മുറിവുകളെപ്പറ്റി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ഇരുപതു ദിവസം ഞാൻ അവിടെ കിടന്നെങ്കിലും ഞാൻ അവഗണിക്കപ്പെട്ടിരുന്നില്ല; എന്റെ രണ്ടു "മാലാഖമാർ" എന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നു. അവർ തങ്ങളുടെ സ്വന്തം കൈകൾ കൊണ്ട് എനിക്ക് ഭക്ഷണം തന്നു, എന്റെ ആവശ്യങ്ങളെല്ലാം നടത്തപ്പെട്ടുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. മറ്റേതെങ്കിലും ആതുരശുശ്രൂഷ കിട്ടിയതായി എനിക്കു ഓർമ്മയില്ല. ആ സംഭവത്തിനു ശേഷം എന്റെ വലത്തെ കണ്ണുകൊണ്ട് എനിക്കു ശരിയായി കാണാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രം എനിക്കറിയാം.

അതിരാവിലെ എനിക്കു വിടവാങ്ങേണ്ട സമയമായപ്പോൾ ഈ രണ്ടു നേഴ്സുമാരും എന്റെ മുറിക്കുള്ളിൽ വന്ന് അവരെ പരിചയപ്പെടുത്തി. അവർ അമ്പേർ, മേരി എന്നീ രണ്ടു ഇന്ത്യൻ നേഴ്സുമാരായിരുന്നു. മറ്റുള്ളവർ വളരെ നിസ്സംഗതരായി കാണപ്പെട്ടപ്പോൾ എന്തുകൊണ്ടാണ് അവർ ഇത്രമാത്രം സ്നേഹം എന്നോട് പ്രദർശിപ്പിച്ചതെന്ന് അറിയാനുള്ള ജിജ്ഞാസ എനിക്കുണ്ടായി. അവരുടെ ഉത്തരം എന്നെ ഗാഢമായി സ്പർശിച്ചു. "താങ്കൾ ഒരു സുന്ദരാനയതുകൊ

ണ്ടോ അല്ലെങ്കിൽ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടോ അല്ല താങ്കളെ ഞങ്ങൾ പരിചരിക്കാൻ ഉണ്ടായ കാരണം. പിന്നെയോ ഞങ്ങൾ ക്രിസ്ത്യാനികളായതിനാലാണ്. (എൻെറ രോഗഗ്രസ്ഥമായ ആ ശരീരവും ബാൻേറജ് ചെയ്ത കണ്ണുകളും കാണുമ്പോൾ എന്നിൽ സൗന്ദര്യം ദർശിക്കുക സംഭവ്യമല്ലല്ലോ). മനുഷ്യൻെറ രക്ഷക്കുവേണ്ടി ഞങ്ങളുടെ നാഥൻ കഷ്ടതയനുഭവിച്ചതിനാൽ മറ്റുള്ളവരെ ശുശ്രൂഷിക്കുക ഞങ്ങളുടെ കടമയാണ്.

ലളിതമായ ഈ സാക്ഷ്യം എന്നെ വളരെയധികം സന്തോഷിപ്പിച്ചു. എൻെറ സ്വന്തം അശ്രുകണങ്ങളിൽ ഞാൻ മുങ്ങിപ്പോകുമോ എന്നു തോന്നുമാറു അത്രയധികം ഞാൻ കരഞ്ഞുപോയി. തങ്ങളുടെ നാഥൻെറ നാമത്തിൽ ഇത്രമാത്രം ഈ രണ്ടു നേഴ്സുമാർക്ക് എന്നോട് സഹാനുഭൂതി തോന്നിയല്ലോ എന്നത് എന്നെ വിനയാന്വിതനാക്കി. അവർ എന്നെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: “താങ്കൾ കരയാൻ പാടില്ല; താങ്കളുടെ മുറിവ് ഇതുവരെ ഉണങ്ങിയിട്ടില്ല.” അത്യധികം നന്ദി നിറഞ്ഞ ഒരു അനുഭൂതിയോടെ ഞാൻ തല കുനിക്കുകയും അവരുടെ പാദങ്ങളെ വാത്സല്യത്തോടെ ചുംബിക്കാൻ കാംക്ഷിക്കുകയും ചെയ്തു. തൻെറ രണ്ടു ശിഷ്യന്മാരുടെ മുമ്പാകെ കർത്താവായ യേശുവിനെ ഒരിക്കൽ കൂടി എനിക്കു അഭമുഖീകരിക്കേണ്ടതായി വന്നു ചേർന്നു. അദ്ദേഹം എന്നെ അനുധാവനം ചെയ്യുന്നതായി എനിക്കു തോന്നി; എനിക്കു ഒഴിഞ്ഞു മാറിപ്പോകാനും കഴിഞ്ഞില്ല. ദിനേന നരഹത്യയുടേയും മനുഷ്യജീവിതത്തിന് പ്രാമുഖ്യം ഇല്ലായ്മയുടെയും സ്ഥിതിവിശേഷത്തിൽപോലും മറ്റുള്ളവർക്കു വേണ്ടി കരുതുകയും ജീവിക്കുകയും ചെയ്തുകൊണ്ടിരുന്ന ജീവിതങ്ങളെ, ദൈവജനങ്ങളെ, എനിക്കു ദർശിക്കാൻ സാധിച്ചു. എൻെറ മാതാവ് എന്നെ പഠിപ്പിച്ച ജീവിത മൂല്യങ്ങൾക്കു സമാനമായ ഒന്നാണ് അവർ ഉയർത്തിപ്പിടിച്ചിരുന്നത്. തൻെറ ജനങ്ങളോടുകൂടെയുള്ള ദൈവീക സാന്നിധ്യത്തെപ്പറ്റിയുള്ള അവ



ബോധം എന്നിൽ അങ്കുരിക്കുകയും അദ്ദേഹം എന്നെ മാടിവിളിക്കുകയാണോ എന്ന് എനിക്കു തോന്നിപ്പോവുകയും ചെയ്തു.

അത്തരം പ്രതിഫലനങ്ങൾ സുദീർഘമാകാനുള്ള അവസരം ഇല്ലായിരുന്നു. എന്നെ ഡിസ്ചാർജ് (വിമുക്തമാക്കി) ചെയ്ത് ക്യാമ്പിലേക്കു മടക്കി അയച്ചു. ഞാൻ മടങ്ങി വന്നപ്പോൾ മുമ്പത്തേക്കാൾ ലഘുവായ ജോലിയാണ് തരുവാൻ പോകുന്നതെന്ന് എന്നോട് പറഞ്ഞു. സിറ്റിയുടെ നിരോധിത മേഖലയിലേക്കു -റഡ്ലൈറ്റ് ഡിക്സ്ട്രിക്റ്റ്- എയർ ഫോഴ്സ് ഉദ്യോഗസ്ഥന്മാർ കടക്കാതെ തടയുക എന്നതായിരുന്നു എൻെറ ജോലി. ആ പ്രദേശത്തു താമസിച്ചിരുന്ന ജനങ്ങളുമായി ഞാൻ പരിചയപ്പെട്ടു. ആത്മാർത്ഥമായ സ്നേഹം കണ്ടെത്തുക അസാധ്യമാണെന്നു തോന്നാവുന്ന ഒരു പ്രദേശമായുരുന്നു അതെങ്കിലും, യഥാർത്ഥത്തിൽ അതു തന്നെയാണ് ഞാൻ അവിടെ കണ്ടെത്തിയത്.

ബീഹാർ പ്രവിശ്യയിൽ ജനിച്ച ഫിലിപ്പ് എന്ന പേരുള്ള ഒരു യുവ എയർമേൻ ഞങ്ങളുടെ വർക്കഷോപ്പിൽ ഉണ്ടായിരുന്നു. അയാളുടെ സൗഹൃദം ഞങ്ങൾക്കു നേരമ്പോക്കായിരുന്നു. ഫിലിപ്പിൻെറ സാന്നിദ്ധ്യം വളരെ സന്തോഷപ്രദമായിരുന്നതുകൊണ്ട് കൃത്യനിഷ്ഠയിൽ പലപ്പോഴും ഭംഗം വന്നിട്ടുണ്ട്. എന്നാൽ അയാളുടെ ഹൃദയസപൃക്കായ പ്രകൃതം മാത്രമല്ല, പിന്നെയോ തൻെറ രക്ഷിതാവിനോടുള്ള സ്നേഹത്തിൻെറ ഫലമായി താൻ മടികൂടാതെ ചെയ്യാൻ ഉദ്യമിച്ചിരുന്ന ഉജ്വല ത്യാഗമനോഭാവമാണ് എന്നെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്.

ഒരു ദിവസം പ്രഭാതത്തിൽ, തന്നെ മറ്റൊരു വർക്ക് ഷോപ്പിലേക്കു സ്ഥലം മാറ്റിയതായ വാർത്ത ഫിലിപ്പിനെ അറിയിക്കാൻ എനിക്ക് ഉത്തരവ് കിട്ടി. അയാൾ നിരാശാഭരിതനായി; അവിടേക്ക് പോകാനും തയ്യാറായില്ല. എന്തുകൊണ്ട് അങ്ങനെയെന്ന് ഞാൻ ചോദിച്ചപ്പോൾ അപഖ്യാതികേട്ട ഒരു കുടും

ബത്തിൽ കൂംല എന്നൊരു അഭിസാരികയായ പെൺകുട്ടി ഉണ്ടെന്നും അവളുമായി താൻ പ്രണയത്തിലാണെന്നും അയാൾ എന്നോടു പറഞ്ഞു. അത്തരത്തിലൊരു യുവതിയെ വിവാഹം കഴിക്കുന്നത് അംഗീകൃതമായ സാമൂഹിക വ്യവസ്ഥിതിക്കു നിരക്കുന്നതല്ലെന്നു ഞാൻ അയാളോടു ബുദ്ധി ഉപദേശിച്ചെങ്കിലും അയാൾ ആ തീരുമാനത്തിൽ തന്നെ ഉറച്ചു നിന്നു. ഹൃദയാന്തരത്തിലെ ദൃഢവിശ്വാസത്തിൽ നിന്നും ഉത്ഭവിച്ച ഒന്നായിരുന്നു അയാളുടെ തീരുമാനം. "എന്റെ മതം ത്യാഗത്തിൽ അധിഷ്ഠിതമാണ്", അയാൾ പറഞ്ഞു, "എന്നെപ്പോലൊരു ദുഷ്ട മനുഷ്യനെ യേശു കർത്താവ് സ്നേഹിക്കുകയും എന്റെ ആത്മരക്ഷക്കുവേണ്ടി സ്വന്തം പ്രാണനെ യാഗമായി അർപ്പിക്കുകയും ചെയ്തു. എന്നെപ്പോലൊരുവനെ അവനു സ്വീകരിക്കാമങ്കിൽ, ലോകം അവഗണിക്കുന്ന അധർമ്മികളെ സ്വീകരിക്കുക എന്നത് എന്റെ കടമയാണ്." ഈ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി. മൃദുലഹൃദയനും ഉത്ക്കണ്ഠാരഹിതനുമായ ഒരുവനെപ്പറ്റിയുള്ള ഒരവബോധം ഫിലിപ്പ് എനിക്ക് പ്രദാനം ചെയ്തു. അയാളിപ്പോൾ പൂർണ്ണമായും വ്യത്യസ്തമായി കാണപ്പെട്ടു. ഇരുട്ടിൽ ജ്വലിച്ചു നില്ക്കുന്ന പ്രകാശംപോലെ അയാളുടെ ആദർശങ്ങൾ പ്രഭാനിർഭരമായി. എനിക്കു പറയാൻ കഴിഞ്ഞതിനൊന്നും അയാളിൽ യാതൊരു പ്രതികരണവും ഉളവാക്കാൻ പര്യാപ്തമായിരുന്നില്ല; അയാളുടെ തീരുമാനം എടുത്തുകഴിഞ്ഞിരുന്നു. ഈ വിവാഹ നിശ്ചയം, അയാളെ സംബന്ധിച്ചിടത്തോളം, ത്യാഗോജ്വലമായൊരു പ്രവൃത്തിയായിരുന്നു. തന്റെ നാഥനെ അനുകരിക്കാനുള്ള പ്രത്യക്ഷമായൊരു ശ്രമമായിരുന്നു അത്. ക്യാപ്റ്റൻ ബാക്സ്റ്റർക്ക് ഇതു ഗ്രഹിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ സഹായത്തോടെ ഈ വസ്തുത കമാൻറിംഗ് ഓഫീസറെ ബോധ്യപ്പെടുത്താനും ഉത്തരവ് പിൻവലിപ്പിക്കാനും എനിക്കു കഴിഞ്ഞു. ആ പ്രദേശത്തെ ചാപ്ലയിൻ -പാസ്റ്റർ- വിവാഹ ശുശ്രൂഷ നിർവ്വഹിക്കുന്നുവരെ കൂംലയെ ക്യാമ്പിൽ വന്നു താ



മസിച്ചുകൊള്ളാൻ ക്ഷണിച്ചു. പിന്നീട് അവർ രണ്ടുപേരും ഫിലിപ്പിന്റെ ഗ്രാമത്തിലേക്കു താമസിക്കാൻ പോയി. അതായിരുന്നു ആത്യന്തികമായ ധൈര്യം. ആരും അവരെ അറിയാത്ത ഒരു സ്ഥലത്തേക്ക് നിഷ്പ്രയാസം പോകാൻ അവർക്കു സാധിക്കുമായിരുന്നു, എന്നാൽ ആക്ഷേപങ്ങളും നിരാകരണവും നിശ്ചയമായും തുളുമ്പിനില്ക്കുന്ന സ്വന്തം ജനത്തിന്റെ മധ്യത്തിലേക്ക് പോകുന്നതിന് വളരെയധികം ആത്മവീര്യം ആവശ്യമായിരുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ, എന്റെ ഗതകാല അനുഭവങ്ങളെ ഞാൻ എപ്പോഴും അനുസ്മരിച്ചകൊണ്ടിരുന്നു: ബാക്സ്റ്ററിന്റെ ശാന്തമായ ക്രിസ്തീയ ജീവിതം, അമ്പറിന്റെയും മേരിയുടേയും ദയ, ഫിലിപ്പ് പ്രദർശിപ്പിച്ച പ്രായോഗികമായ സ്വാർത്ഥ പരിത്യാഗത്തിന്റെ മാതൃക എന്നിവ. ഈ ഓർമ്മകൾ എന്നെ മഥിച്ചുകൊണ്ടിരുന്നതിനാൽ എനിക്ക് അവയെ പ്രതിഫലിപ്പിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. സാമൂഹികമായ ദേശാനുഷ്ഠാനങ്ങളെയും മുൻവിധികളെയും തൃണവത്ക്കരിച്ചുകൊണ്ട് കുംല എന്നൊരു യുവതിയെ വിവാഹം കഴിക്കാനുള്ള കൃപയും ത്രാണിയും എവിടെ നിന്നാണ് ഒരു മനുഷ്യന് ലഭിക്കുക? തങ്ങളുടെ ജീവിതം യേശു കർത്താവ് തങ്ങൾക്കു വേണ്ടി നിർവ്വഹിച്ച പരമയാഗത്തോട് കടപ്പെട്ടിരിക്കുന്നുവെന്നും തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കാനും ഭരിക്കാനും അവർ അദ്ദേഹത്തെ അനുവദിച്ചു കൊടുക്കുകയാണെന്നും ഈ വ്യക്തികൾ വിശ്വസിച്ചു; കേവലം ഒരു കൂട്ടം വിശ്വാസ സംഹിതയെയല്ല അവർ വിശ്വസിച്ചിരുന്നത്. ഈ ആലോചനകൾ എന്നെ മറ്റൊരു ലോകത്തിലേക്ക് -എല്ലാവരും അന്യോന്യം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒന്നിലേക്ക്- എന്നെ വഹിച്ചുകൊണ്ടു പോയി. എന്തൊരു ദർശനം! എന്നാൽ അത്തരത്തിലൊരു നിഗമനത്തിന് സമയം ഇല്ലായിരുന്നു. ഒരു പക്ഷെ, അങ്ങനെ ഒന്ന് ഉണ്ടാകണമായിരുന്നു. നിരർത്ഥകമായി തീർന്നുകൊണ്ടിരുന്ന ഒരു ലോകത്തിൽ, മനു

ഷ്യജീവിതം വിശുദ്ധവും വിലയേറിയതുമായ മറ്റൊരു ലോക ത്തെപ്പറ്റിയുള്ള മിന്നൊളി എനിക്കുണ്ടായി.

എൻെറ ഉള്ളിൽ ഉരുണ്ടുകൂടിയ സമസ്യകളെ ഞങ്ങളുടെ രാജ്യത്തെ ഗ്രസിച്ചുകൊണ്ടിരുന്നതിനേക്കാൾ ബീഭത്സമായ സംക്ഷോഭത്തോട് തുലനം ചെയ്തപ്പോൾ ഒന്നുമില്ലെന്നു എനിക്കു ബോധ്യമായി. ഒരുവൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒരുവൻെറ അസ്തിത്വം രാഷ്ട്രീയത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യാ ഉപഭൂഖണ്ഡം ഒരു മഹത്തായ വിപ്ലവത്തിൻെറ വക്കിലായിരുന്നു.

1945-ൽ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. യൂറോപ്പിൽ സമാധാനം സമാഗതമായെങ്കിലും ഇന്ത്യയെ സംബന്ധിച്ചിടത്തോളം അവളുടെ അസ്തിത്വത്തിൻെറ ഏറ്റവും രക്തരൂക്ഷിതമായ കാലഘട്ടങ്ങളിൽ ഒന്നായിരുന്നു അത്. അപ്പോഴത്തെ പ്രശ്നകാരണം വൈദേശിക ഭരണമായിരുന്നില്ല, പ്രത്യുത മതമായിരുന്നു. ഞങ്ങളുടെ ആളുകൾ കാലിടറിവീണ പാറക്കഷ്ണമായിത്തീർന്നു മതം. ഹിന്ദുക്കളും മുസ്ലീങ്ങളും സമാധാനപരമായി ഒരുമിച്ചു ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നുചേർന്നു. എല്ലാ ഇന്ത്യക്കാരും ഒരേ ഇന്ത്യയിൽ യോജിപ്പോടും സമാധാനത്തോടും കൂടി ജീവിക്കണമെന്ന ആശയത്തിനു ഭംഗം വന്നു. അന്യോന്യം തീവ്രമായി ദ്വേഷിക്കുന്ന ഒരു ആവേശത്തിനു അധീനരായിത്തീർന്നു. ഭീതി ഈ വിദ്വേഷത്തെ അസാധാരണമായ ഒരു അവസ്ഥയിലേക്ക് ഉദ്ദീപിപ്പിച്ചു. അതിനെ തുടർന്നുണ്ടായ കൊലപാതങ്ങൾ, ലഹളകൾ, വീടു തീ വെയ്പ്പുകൾ എന്നിവയുടെ തോതുകൾ അതീവ മനുഷ്യദ്വേഷിയെപ്പോലും ഞെട്ടിപ്പിക്കുന്ന തരത്തിലായിരുന്നു.

ഇസ്ലാം ഒരു നവീന മതമായിരുന്നില്ല. എ.ഡി. 712-ൽ അത് ഇന്ത്യയിൽ എത്തിച്ചേർന്നിരുന്നു. വല്ലപ്പോഴും ഏറ്റുമു



ട്ടലുകൾ ഉണ്ടാകുമായിരുന്നെങ്കിലും, രാജ്യത്ത് ആഴത്തിൽ വേരോടിയിരിക്കുന്ന ഹിന്ദുമതത്തോട്, സഹിഷ്ണുതയോടും സമാധാനത്തോടും, കൂടി അത് സഹവർത്തിച്ചു പോന്നിരുന്നു. പിന്നീട് ജംഗിസ്ക്കാൻെറ പിൻഗാമി 1526 -ൽ ഡൽഹി കീഴടക്കി മുഗൾ രാജവംശം സ്ഥാപിച്ചതിനു ശേഷം മാത്രമാണ് ഇസ്ലാം ഉത്തരേന്ത്യയിൽ ഒരു രാഷ്ട്രീയ ശക്തിയായിത്തീർന്നത്. ഇന്ത്യയിലെ ജനങ്ങളെ എല്ലാം ഇസ്ലാം ആശ്ലേഷിക്കാനുള്ള ഒരു പരിശ്രമം മുഗളന്മാർ നടത്തിയിരുന്നില്ല; അവർ ഉദ്യമിച്ചാൽ തന്നെ ശാക്തിക വിഭാഗമായ ബ്രാഹ്മണന്മാർ അങ്ങനെ ചെയ്യാൻ അവരെ അനുവദിക്കുമായിരുന്നില്ല. മുസ്ലീങ്ങളിൽ ഉയർന്ന വിഭാഗത്തിൽപ്പെട്ട ഒരു ന്യൂനപക്ഷം മുഗളന്മാരുടെ സന്താനപരമ്പരയിൽപെട്ടവരാണെങ്കിലും ബഹുഭൂരിപക്ഷം ഇസ്ലാം അനുയായികളും ഹൈന്ദവ സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെട്ടവരാണ്. ഒടുവിൽ, ഹിന്ദുക്കളെയും മുസ്ലീങ്ങളെയും തമ്മിൽ പ്രയാസേന തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിൽ എത്തിച്ചേർന്നു ഇരുകൂട്ടരെയും പാവപ്പെട്ടവരുടെയും, ചൂഷിതരുടേയും, മധ്യത്തിൽ കാണപ്പെട്ടു.

സമാധാനത്തോടെ ഒത്തൊരുമിച്ചു ജീവിച്ചിരുന്ന ജനങ്ങൾ എന്തുകൊണ്ടാണ് അന്യോന്യം വെറുപ്പോടെ ഏറ്റുമുട്ടുന്നത്? അതിൻെറ ഉത്തരം രാഷ്ട്രീയ മണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. സ്വതന്ത്ര ഇന്ത്യയിൽ ഹിന്ദുക്കളുടെ ആധിപത്യം തങ്ങളെ ദുർബലമായൊരു അവസ്ഥയിൽ ആക്കിത്തീർക്കുമെന്നു മുസ്ലീങ്ങൾ ഭയപ്പെട്ടു. തങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ഹിന്ദുക്കളെ ആശ്രയിക്കാൻ കഴിയുന്നതല്ലെന്ന് മുസ്ലീങ്ങൾ വിചാരിച്ചു. തങ്ങളും വൈശിഷ്ട്യമാർന്ന വ്യക്തിത്വമുള്ളവരാണെന്നുള്ള അവബോധം മുസ്ലീങ്ങളുടെ ഇടയിലും വികാസം പ്രാപിച്ചുകൊണ്ടിരുന്നു. അങ്ങനെ ഇടത്തരക്കാരായ മുസ്ലീങ്ങൾ ആ തനതായ മാഹാ

ത്ത്യത്തിന് ഊന്നൽ കൊടുക്കാൻ തുടങ്ങി. മുസ്ലീങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബോധപൂർവ്വമായൊരു ശ്രമത്തിൻെറ നാന്ദിയായി 1906 -ൽ മുസ്ലീം ലീഗ് രൂപീകൃതമായി, അതിൻെറ ഫലമായി ബ്രിട്ടീഷ്കാർക്ക് അവരോടുള്ള നയങ്ങൾക്കു വ്യതിയാനം ഉണ്ടായി, കൂടുതൽ കൂടുതൽ സാനുകൂലമായ അവസ്ഥയിലായിത്തീർന്നു.

രാഷ്ട്രീയ ആദർശത്തിൽ ആമഗ്നരായിരുന്ന ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ഇടയിൽ നിന്ന് മുസ്ലീങ്ങൾക്ക് സ്വന്തമായൊരു രാഷ്ട്രം -പാക്കിസ്ഥാൻ- വേണമെന്ന മുറവിളി ഉച്ചൈസ്തരത്തിൽ, സുവിദിതമായി മുഴങ്ങിക്കേട്ടു. അങ്ങനെ സ്വദേശീയ പ്രചാരണം മുസ്ലീങ്ങളുടെ ഭാവനകളെ ജ്വലിപ്പിച്ചു. അതിനോടു ചേർന്ന് രാഷ്ട്രീയ മേഖലയെ ദീപ്തിമത്താക്കിത്തീർത്ത മതപരമായ തീഷ്ണതയും. അതിനുമുമ്പ് ഹിന്ദുക്കളും മുസ്ലീങ്ങളും കൂട്ടായി അനുഭവിച്ച സാംസ്ക്കാരിക പൈതൃകം തങ്ങൾക്കു സമാധാനത്തോടെ സഹവർത്തിക്കാൻ പര്യാപ്തമായിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ വിശ്വാസം ദേശീയതയോട് ബന്ധപ്പെട്ട് അവർ ഇടറിവീണ പാറയായിത്തീരുകയും യഥാസ്ഥാനത്താക്കുവാൻ സാധിക്കാതവണ്ണം അവർ വിഭജിക്കപ്പെടുകയും ചെയ്തു.

രാജ്യത്ത് സമാധാനം സ്ഥാപിക്കാൻ ദേശീയ പോലീസിനെ സഹായിക്കാൻ ബ്രിട്ടീഷ് സൈന്യത്തോട് ആവശ്യപ്പെട്ടു. എനിക്ക് ഇതിലുണ്ടായിരുന്ന പങ്ക് അധികനാൾ നീണ്ടുപോയില്ല. ബാക്സ്റ്റർ ഞങ്ങളുടെ ഇടയിൽ നിന്ന് പോയിക്കഴിഞ്ഞിരുന്നു. മറ്റൊരു സ്റ്റേഷനിലേക്ക് അദ്ദേഹത്തിന് സ്ഥലമാറ്റം കിട്ടിക്കഴിഞ്ഞിരുന്നു. ഒരു ദിവസം പ്രാതലിനു ശേഷം എന്നെ അറസ്റ്റു ചെയ്തു. പിറ്റേ ദിവസം, സിംഗപ്പൂരിനു അടുത്തുള്ള ഇന്ത്യ-ചൈനാ ദ്വീപായി വിളിക്കപ്പെട്ട ബാലാനകമാട്ടിയിലേക്ക് എന്നെ കൊണ്ടുപോയി. എനിക്കെതിരെയുള്ള കുറ്റാരോപണങ്ങളെപ്പറ്റി എനിക്കു യാതൊരു ധാ



രണയും ഇല്ലായിരുന്നെങ്കിലും അവ ഇന്ത്യൻ നാഷണൽ ആർമിയോടു ബന്ധപ്പെട്ടതാണെന്ന് പെട്ടെന്ന് എനിക്കു ബോധ്യപ്പെട്ടു. ഒരാഴ്ച്ചക്കു ശേഷം എന്നെപ്പറ്റിയുള്ള ആരോപണപത്രം വന്നു. കുറ്റാരോപണങ്ങൾ ഇവയാണ്.

1. ഒരു ബംഗാളിക്ക് റേഷൻ വിറ്റുകൊണ്ടിരിക്കെ ഞാൻ പിടിക്കപ്പെടുകയും യൂണിറ്റ് ഗാർഡ് തൻെറ വിസിൽ അടിക്കുന്നതിനു മുമ്പ് ഒരു റിവോൾവർ കൊണ്ട് ഞാൻ അയാളെ വെടിവെക്കുകയും മുറിവേല്പിക്കയും ചെയ്തു.

2. സർക്കാർ യൂണിഫോം ധരിച്ചുകൊണ്ട് ഞാനും കോർപറൽ ഇസ്ഹാക്കും ശ്രീ മഹാത്മാഗാന്ധിയെ എതിരേല്ക്കയും ഹാരമണിയിക്കയും ചെയ്തു.

3. ഞാനും സർജൻറ് അസ്ലാമും ശ്രീ മുഹമ്മദലി ജിന്നയുടെ രാഷ്ട്രീയ യോഗത്തിനെ അഭിസംബോധന ചെയ്യുന്നതായി കേൾക്കപ്പെട്ടു -ഞങ്ങളുടെ വാക്കുകളിൽ ലഹളയ്ക്കുള്ള ഉത്തേജനവും ഉണ്ടായിരുന്നു.

ക്യാമ്പിൽ ആധ്യക്ഷ്യം വഹിച്ച ഓഫീസർ എല്ലാ ആരോപണങ്ങളും വായിച്ചശേഷം അവ മടക്കിക്കൊടുത്തു. ഈ ആരോപണങ്ങളെ തെളിയിക്കാൻ കഴിഞ്ഞില്ല. ചിറ്റഗോംഗിലേക്ക് മടക്കി അയയ്ക്കുന്നതിനു പകരം അദ്ദേഹം എന്നെ ബാരാക്പൂരിനു സമീപമുള്ള ഒരു സംഘത്തിലേക്കാണ് അയച്ചത്. ഇന്ത്യൻ ദേശീയതക്കെതിരെയുള്ള സകല നടപടികളും 1946 -ഏപ്രിൽ മാസത്തോടുകൂടി നിർത്തിവെച്ചെങ്കിലും, എല്ലാ ജയിൽ പുള്ളികളെയും വെറുതെവിടണമെന്ന തീരുമാനം പൂർണ്ണമായും നടപ്പിലാക്കിയിരുന്നില്ല. ഒടുവിൽ 1947 മാർച്ചിൽ എന്നെ വിട്ടയച്ചു.

ഞാനൊരു വിഷമസന്ധിയിലകപ്പെട്ടു. ജീവിതത്തിൽ ഇനിയെന്ത് എന്ന ചിന്ത എന്നെ അലോസരപ്പെടുത്തി. എയർ ഫോഴ്സിലെ ജോലി തുടരുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിരുന്നില്ല, അവിടുത്തെ ജീവിതത്തെക്കുറിച്ചുള്ള എൻെറ മിഥ്യാധാരണകൾ പൂർണ്ണമായി നീങ്ങുകയും ചെയ്തു. യുദ്ധവും കലാപവും എന്നെ ദുഃഖാകുലനാക്കിയതു കൂടാതെ എനിക്കുണ്ടായ അപകടം നിമിത്തം ലഘുവായ ജോലിയേ എനിക്കു ചെയ്യാൻ കഴിയുമായിരുന്നുള്ളു. വൈമാനികമായും കുറ്റാന്വേഷണപരമായും എനിക്കു കരഗതമായ പരിശീലനങ്ങളെല്ലാം എനിക്കിപ്പോൾ നിഷ്പ്രയോജനകരമായിത്തീർന്നു. എൻെറ പിതാവിൻെറ കാല്പാടുകളെ പിന്തുടർന്നായിരുന്നു ഞാനീ എയർഫോഴ്സിലെ കൊലക്കളിക്ക് തുടക്കമിട്ടത്. വിദേശ രാജ്യങ്ങൾ കാണാമെന്നും ഒരു പക്ഷെ വിശിഷ്ട സേവനത്തിനുള്ള മെഡലും കിട്ടിയേക്കുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുണ്ടായിരുന്നത്. ബർമ്മയിലേക്കും സിംഗപ്പൂരിലേക്കും പോയി ഒരു വിനോദയാത്ര ആസ്വദിക്കാൻ എനിക്കു കഴിഞ്ഞെങ്കിലും ഞാൻ ആഗ്രഹിച്ച മെഡൽ സ്വപ്നം പൂവണിഞ്ഞില്ല. വിവേചനങ്ങളും മുൻവിധികളും നിറഞ്ഞു നിന്ന എയർഫോഴ്സിലെ ജീവിതം എനിക്ക് ദുസ്സഹമായി തോന്നി. പുറത്തുവരേണ്ടത് എനിക്കാവശ്യമായിരുന്നു.

ഒരിക്കൽക്കൂടി എൻെറ കുടുംബക്കാർ എൻെറ ജീവിതത്തിൽ സമ്മർദ്ദം ചെലുത്തിത്തുടങ്ങി. എയർഫോഴ്സിൽ ആയിരുന്ന വേളയിൽ ഞാൻ അവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കയും കുടുംബത്തിൽ ആരെങ്കിലും രോഗത്താൽ കഷ്ടപ്പെടുമ്പോൾ വീട്ടിൽ പോകയും ചെയ്ക പതിവായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ തിരികെ പോകണമെന്നു അവർ ആവശ്യപ്പെട്ടു. എൻെറ പിതാവ് മരിച്ചു കഴിഞ്ഞതിനാൽ അവരുടെ നിർദ്ദേശത്തിനു വഴങ്ങുകയും എൻെറ പേര് ഡിസ്ചാർജിന് സമർപ്പിക്കയും ചെയ്തു.



എന്നാൽ ഉടൻതന്നെ എനിക്ക് പിരിഞ്ഞു പോകാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരുന്നു. പിരിഞ്ഞുപോകാനുള്ള അഭ്യർത്ഥന സമർപ്പിക്കുന്ന ദിവസം തൊട്ട് പതിനെട്ടു മാസക്കാലം കുറ്റാന്വേഷണ വിഭാഗത്തിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥനെ സൈന്യത്തിൽ തന്നെ നിലനിർത്തിക്കൊള്ളണമെന്നു നിയമങ്ങൾ വ്യവസ്ഥ ചെയ്തിരുന്നു. പരിഗണനക്കു വിധേയമാകുന്ന വ്യക്തി ഒരിക്കൽ സൈനികേതര ജീവിതത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ താൻ നേടിയ വിവരങ്ങൾ അടങ്ങിയ കോഡുകൾ വിസ്മരിക്കുകയെന്നതാണ് ഇതിൻെറ ഉദ്ദേശ്യം, എന്നാൽ എൻെറ ഈ വിഷയത്തിൽ നിന്ന് പരിഹാരം കിട്ടേണ്ടതിന് എന്നെ സഹായിക്കാൻ ക്യാപ്റ്റൻ ഡോ. അബ്ദുള്ള ഇടപെട്ട്, എനിക്ക് ഉടൻ തന്നെ മെഡിക്കൽ ശുശ്രൂഷ ആവശ്യമാണെന്നു ഉണർത്തിച്ചു. എൻെറ വലതുകണ്ണിൻെറ മുറിവിനെപ്പറ്റിയുള്ള ഡോ. അബ്ദുള്ളയുടെ പരാമർശനങ്ങൾ ഉൾപ്പെട്ട കുറിപ്പുകളോടുകൂടി പിരിഞ്ഞുപോരാൻ എന്നെ അനുവദിച്ചു. ഞാൻ ഭവനത്തിലേക്കു പോയി. എന്നാൽ മടങ്ങിവന്നപ്പോൾ എൻെറ അമ്മ അത്ഭുതപ്പെട്ടുപോയി. അവരുടെ പുത്രന് യാതൊരു മെഡലും ലഭിച്ചിരുന്നില്ലല്ലോ!

# IV. സ്വാതന്ത്ര്യ സമരസേനാനി

എൻെറ ജീവിതത്തിൽ അനുഭവപ്പെട്ട ശൂന്യതാ ബോധത്തോടെ 1947 മാർച്ച് മാസത്തിൽ ഞാൻ ജമ്മുകാശ്മീരിലേക്കു മടങ്ങിപ്പോന്നു. എന്നാൽ വിദ്വേഷത്തിൻെറയും വിസ്ഫോടനത്തിൻെറയും അന്തരീക്ഷം എൻെറ കുടുംബത്തിൽ സുരക്ഷിതത്വത്തിനുവേണ്ടി ജാഗ്രതയുള്ളവനായിരിക്കാനും ഞങ്ങൾ ജീവിച്ച കലുഷിതമായ കാലഘട്ടത്തിൽ അവരെ സഹായിക്കാനും ഞാൻ നിർബന്ധിതനായിത്തീർന്നു.

ഞങ്ങളുടെ ബന്ധത്തിലുണ്ടായിരുന്ന വിടവ് നികത്താൻ ഉള്ള ഒരു അവസരമായിരുന്നു അത്.

സംഘർഷം മുറ്റിനിന്ന ഒരു സന്ദർഭമായിരുന്നു അത്. ഞങ്ങൾ പറയുന്നതും ചെയ്യുന്നതുമെല്ലാം ഗൗരവത്തോടെ ഞങ്ങൾക്കു സൂക്ഷിക്കണമായിരുന്നു. ജമ്മുവിൽ ഭൂരിപക്ഷം പേരും ഹിന്ദുക്കളും വടക്കൻ കാശ്മീരിൽ മുസ്ലീങ്ങളും ആയിരുന്നു. ശത്രുക്കളാൽ ഞങ്ങൾ വലയം ചെയ്തിരിക്കയാണെന്ന ബോധം ഞങ്ങൾക്ക് ഉണ്ടായിരുന്നു. കാശ്മീരിൻെറ പ്രശ്നം പരിഹരിക്കപ്പെട്ടിരുന്നില്ല.

1947 ആഗസ്റ്റ് മാസത്തിൻെറ മധ്യത്തോടുകൂടി ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം അവസാനിച്ചെങ്കിലും ഒന്നിനു പകരം രണ്ടു രാജ്യങ്ങളാണ് പ്രത്യക്ഷപ്പെട്ടത്. ഒരു ഭാഗം കിഴക്കും മറുഭാഗം പടിഞ്ഞാറുമായി നിലകൊണ്ട പാക്കിസ്ഥാനിലെ മുസ്ലീം രാഷ്ട്രം ഇന്ത്യയുടെ മറ്റുഭാഗത്തുനിന്ന് വേർപെടുത്തപ്പെട്ടു. ആയിരക്കണക്കിനു കുടുംബങ്ങൾ തങ്ങൾക്കു ഇഷ്ടപ്പെട്ട രാജ്യം തിരഞ്ഞെടുക്കാൻ നീങ്ങിയപ്പോൾ ജനപ്രവാഹത്തിൻെറ ഒരു സംക്ഷോഭം തന്നെ ഉണ്ടായി. മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം, പടിഞ്ഞാറെ പാക്കിസ്ഥാനിലേക്ക് ഉള്ള യാത്ര മിക്കവാറും നൂറുകണക്കിനു മൈൽ താണ്ടിപ്പോകേണ്ട അവസ്ഥാവിശേഷമായിരുന്നു. കഷ്ടതകൾ ഭാവനകൾക്കതീതമായിരുന്നു. കലാപങ്ങൾ വ്യാപകമായ പൈശാചിക കൂട്ടക്കൊലകൾക്ക് ഇടയാക്കി. കാശ്മീരിനെ പോലെയുള്ള സ്വതന്ത്ര രാഷ്ട്രങ്ങൾക്കു താല്പര്യമുള്ള രാജ്യങ്ങളിലേതിനോടെങ്കിലും ചേർന്നു നില്ക്കാനുള്ള അവസരം കിട്ടി. രാഷ്ട്രത്തിൻെറ ഭാഗമായിച്ചേരുന്ന ഉടമ്പടിയിൽ ഒപ്പുവെയ്ക്കാൻ എല്ലാ സ്വതന്ത്ര രാഷ്ട്രങ്ങളോടും ആവശ്യപ്പെട്ടിട്ടും വിട്ടുനിന്ന ഏതാനും സുപ്രധാന സ്റ്റേറ്റുകളിൽ ഒന്നായിരുന്നു കാശ്മീർ. എന്തു ചെയ്യണമെന്നറിയാൻ പാടില്ലാത്ത ഒരു പ്രതിസന്ധിയിൽ കാശ്മീർ മഹാരാജാവ് കുടുങ്ങിപ്പോ



യി. പാരമ്പര്യ പ്രകാരം മഹാരാജാവായിരുന്ന ഹാരിസിംഗ് ഒരു ഉറച്ച ഹിന്ദുവായിരുന്നു; സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് നെഹ്റുവും അദ്ദേഹവും തമ്മിൽ കടുത്ത വിദ്വേഷം നിലനിന്നിരുന്നു. തൻെറ രാജ്യത്ത് ജനാധിപത്യം അടിച്ചേല്പിക്കുമെന്നു ഭയപ്പെടുകയാൽ കഴിയുന്നിടത്തോളം ഈ ഉടമ്പടിയിൽ ഒപ്പുവെയ്ക്കാതെ നീട്ടിക്കൊണ്ടുപോകണമെന്നായിരുന്നു ഹാരിസിംഗിൻെറ ഉദ്ദേശ്യം. ജനങ്ങളുടെ ഹിതപരിശോധന മാനിക്കണമെന്നു എല്ലാ രാഷ്ട്രീയ നേതാക്കന്മാരും അദ്ദേഹത്തോട് ആവർത്തിച്ചു ആവശ്യപ്പെട്ടിട്ടും അങ്ങനെ ചെയ്യാനുള്ള യാതൊരു താല്പര്യവും കാണിച്ചില്ല. തൻെറ പ്രജകളിൽ ഭൂരിപക്ഷം പേരും മുസ്ലീങ്ങളായിരുന്നു. എങ്കിലും മുസ്ലീം ആധിപത്യമുള്ള ഒരു ഭരണത്തിനായി കീഴടങ്ങിക്കൊടുക്കുക ഒരു ഹിന്ദു ഭരണാധികാരിക്കു അചിന്തനീയമായിരുന്നു. അതീവ അഭിരുചിയോടെ കാലതാമസം വരുത്താനുള്ള കളി അദ്ദേഹം കളിച്ചു പോന്നു.

വിഭജനാനന്തരം ആരംഭിച്ച അറും കൊലകളും മൃഗീയതകളും അടങ്ങതെ തുടർന്നുകൊണ്ടിരുന്നു. ഒരുവനും ഒരിടത്തും സുരക്ഷിതനല്ലായിരുന്നു. സംഭവവികാസങ്ങൾ അതിവേഗം നീങ്ങിക്കൊണ്ടിരിക്കയും ഭീതിജനകമായ ഭരണം സമൂഹത്തിൻെറ എല്ലാ മേഖലകളിലും വ്യാപിക്കയും പന്തലിക്കയും ചെയ്തുപോന്നു. ഈ അന്ധകാരത്തിൽ പോലും ചെറു ദീപങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയ സാഹചര്യം മാറ്റപ്പെടുന്നതുകൊണ്ടു മാത്രം എല്ലാവരും ശത്രുക്കളായി രൂപാന്തരപ്പെടണമെന്നില്ല. ഞങ്ങൾക്കു വളരെ പ്രിയപ്പെട്ടവനും, ദയാലുവും ആയ സിക്കുകാരൻ ഇക്ബാൽ സിംഗ്, സ്ഥിതി വളരെ നിരാശാജനകമായി തീർന്നു കൊണ്ടിരിക്കുന്നതിനാൽ നഗരം വിട്ടോടുവാൻ ഞങ്ങളോട് അഭ്യർത്ഥിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു: "ആരെങ്കിലും നിങ്ങളെ ഭീഷണിപ്പെടുത്തുകയാണെങ്കിൽ ഞങ്ങളുടെ ജീവൻ പണയം വെച്ചുപോലും

നിങ്ങളെ പ്രതിരോധിക്കാൻ അയല്ക്കാരായ ഞങ്ങൾ നിർബന്ധിതരാണ്." വിദ്വേഷസാഗരത്തിലെ നീർച്ചുഴിയിൽ ഞങ്ങളെ മുക്കിക്കൊല്ലുമെന്ന ഭീഷണിയിൽ അത്തരത്തിലൊരു മഹാമനസ്കത ഞങ്ങൾക്ക് ഒരു മാർഗ്ഗദീപമായിരുന്നു. കാശ്മീരിലെ ജനങ്ങളിൽ ഭൂരിപക്ഷം പേരും മുസ്ലീങ്ങളാണെങ്കിലും ഒടുവിൽ മഹാരാജാവ് ഇന്ത്യൻ യൂണിയനോട് ചേരുമെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു.

ഞങ്ങളുടെ ജീവൻ അനുസ്യൂതമായ അപകടസന്ധിയിലായിരുന്നതിനാൽ ഞങ്ങൾക്ക് എന്തെങ്കിലും ചെയ്യണമായിരുന്നു. എന്റെ സഹോദരന്മാരുടെ ഭാര്യമാരെയും മക്കളെയും ഗ്രാമത്തിലുള്ള ഞങ്ങളുടെ ഭവനത്തിലേക്ക് അയക്കണമെന്ന് ഞാൻ അവരെ പ്രേരിപ്പിച്ചു. മനസ്സില്ലാ മനസ്സോടെ അവർ അങ്ങനെ ചെയ്തു, അതല്ലാതെ അവർക്കു മറ്റൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. സാഹചര്യം വഷളായിത്തീർന്നു. ഘോരകൃത്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഞങ്ങൾ ദിനേന കേട്ടുകൊണ്ടിരുന്നു. ജനങ്ങളുടെ കൊലപാതക തൃഷ്ണയുടെ നിയന്ത്രണങ്ങളെല്ലാം നീങ്ങിപ്പോയതായി തോന്നി. അത്യാഹിതങ്ങൾ നിയന്ത്രണാതീതമായ അവസ്ഥയിൽ എത്തിച്ചേർന്നതായി അനുഭവപ്പെട്ടു. ജേഷ്ഠന്മാരോട് തങ്ങളുടെ ഭാര്യമാരോടുകൂടെപ്പോയി താമസിക്കണമെന്നു എനിക്കു നിർബന്ധിക്കേണ്ടതായി വന്നു. അവർക്കിതൊരു ശക്തിയായ പ്രഹരമായിരുന്നു, കാരണം അവരുടെ നിലവും വസ്തുവകകളും ജമ്മുവിലുണ്ടായിരുന്നു. അവ വിട്ടുപോകയെന്നാൽ തങ്ങളുടെ മുഴുജീവിതത്തിലും പ്രയത്നിച്ചതെല്ലാം ബഹിഷ്ക്കരിക്കയെന്നർത്ഥം. അവരുടെ ജീവിതം അപായകരമായ അവസ്ഥയിലായിരുന്നതിനാൽ അവരുടെ മുൻഗണന അവർ തിരഞ്ഞെടുക്കാൻ നിർബന്ധിതരായിത്തീർന്നു. അവരുടെ ജീവനു പകരം വസ്തുവകകളെ കൈമാറ്റം ചെയ്യാൻ കഴികയില്ലെന്നു അവർക്കു മനസ്സിലായി. നിരാശയും വേദനയുമെല്ലാം കൂട്ടാക്കാതെ അവർ വിട്ടുപിരിഞ്ഞു. ഞാൻ തുടർന്നു താമസിച്ചു



ഞങ്ങളുടെ കുടുംബപരമായ താല്പര്യങ്ങൾ സംരക്ഷിച്ചുകൊള്ളാമെന്നു ഞാൻ വാക്കുകൊടുത്തു.

ഭീകരപ്രവർത്തനങ്ങൾ ഞങ്ങളുടെ അടുക്കലേക്കു നുഴഞ്ഞുവന്ന് ഞങ്ങളുടെ സ്വന്ത ഫാക്ടറിയേയും ആക്രമിച്ചു. പതിനാലുവയസ്സുള്ള ഒരു ജോലിക്കാരൻ ഞങ്ങൾക്കുണ്ടായിരുന്നു, അവന്റെ പേർ ഇല്ല്യാസ് എന്നായിരുന്നു. ഒരു ദിവസം ഉച്ചയൂണുകഴിഞ്ഞ് അവനെ കാണാത്തതിനാൽ അവന് എന്തു സംഭവിച്ചു എന്നറിയാൻ അവന്റെ അനുജത്തി ഫാക്ടറിയിൽ വന്നു. അന്നു രാവിലെ ജോലിചെയ്യാൻ പോലും അവൻ വന്നില്ലെന്നു ഞാൻ അവളോട് പറഞ്ഞപ്പോൾ പതിവുപോലെ അവൻ വീട്ടിൽ നിന്ന് പോയെന്നു അവൾ ശഠിച്ചു. എന്റെ സംശയങ്ങൾക്കു മൂർച്ചകൂടി. അവനായിരിക്കുമോ ഏറ്റവും പുതിയ ഇര? ഞാൻ ജാഗ്രതയുള്ളവനായിത്തീരുകയും ഏറ്റവും നികൃഷ്ടമായതു നടക്കുകയും ചെയ്യുമെന്നു ഭയപ്പെട്ടു. ആ പെൺകുട്ടിയുടെ കരം പിടിച്ചുകൊണ്ട് അവളുടെ ആങ്ങളയെ തേടി, ഞാൻ തെരുവിൽ കൂടി നടന്നു നീങ്ങി. പെട്ടെന്ന്, അവന്റെ ശവശരീരം ചാലിൽ കിടക്കുന്ന കാഴ്ച കണ്ടു, ഞങ്ങൾ നടുങ്ങിപ്പോയി. ഞാൻ ദുഃഖിച്ചു, എന്റെ ചാരത്തു നിന്ന പൈതൽ അനിയന്ത്രിതമായി നിലവിളിക്കാൻ തുടങ്ങി. അവളെ ആശ്വസിപ്പിക്കാനുള്ള എന്റെ ശ്രമങ്ങളെല്ലാം വൃഥാവിലായിപോയി. പിന്നീട് ആ വാർത്ത കുടുംബക്കാരോട് അറിയിക്കയും ശവസംസ്ക്കാരത്തിനുള്ള ക്രമീകരണങ്ങൾക്കു ഞാൻ തുണക്കുകയും ചെയ്തു. അന്നു തന്നെ ഇല്ല്യാസിനെ അടക്കം ചെയ്തു.

ആരായിരിക്കും അടുത്തത്? ഞങ്ങളെല്ലാം പ്രധാനപ്പെട്ട നോട്ടപ്പുള്ളികളായിരുന്നു. സിക്കുകാരനായ ഞങ്ങളുടെ അയൽവാസി അവിടം വിട്ടുപോകണമെന്ന് വീണ്ടും ഞങ്ങളോട് അപേക്ഷിച്ചു. ജോലിക്കാരോട് ഒഴിഞ്ഞുപോകണമെന്നു പറയുക അത്രക്ക് എളുപ്പമായിരുന്നില്ല. കാരണം ഫാക്ടറിയി

ലെ ശമ്പളം മാത്രമായിരുന്നു അവരുടെ ഏക വരുമാനമാർഗ്ഗം. പിരിഞ്ഞുപോകയെന്നാൽ തൊഴിലില്ലായ്മയും അനന്തര ഫലമായി അവരുടെ കുടുംബക്കാർ പട്ടിണിയിലായിത്തീരുമെന്നും അർത്ഥം. അതുകൂടാതെ, അവരെല്ലാവരും കൂറുള്ളവരായിരുന്നു; ഈ ദുരവസ്ഥയിൽ എന്നെ ഏകനായി വിട്ടുപിരിഞ്ഞു പോകുന്ന കാര്യം അവർക്കു ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്നാൽ അവർ ഒഴിഞ്ഞുപോകണമെന്നു ഞാൻ നിർബന്ധിക്കുകയും അവർക്കു ശമ്പളം കൊടുക്കുകയും ചെയ്തു. പഞ്ചാബിൻെറയും പാക്കിസ്ഥാൻെറയും അതിർത്തിയായ സിയാൽക്കോട്ട് അല്പം സുരക്ഷിതമേഖല പ്രദാനം ചെയ്തതുകൊണ്ട് അവർ അവിടേക്കു പോയി. ഞാൻ ഫാക്ടറിയും അടച്ചു. ഇതെനിക്ക് വിഷാദാത്മകമായൊരു സന്ദർഭമായിരുന്നു. ഞങ്ങളുടെ അവസാനത്തെ പ്രതീക്ഷയും പോയ്ക്കഴിഞ്ഞു. ജമ്മുവിൽ ഞങ്ങൾക്ക് മൂന്നു വീടുകളും, ഒരു കടയും, ഒരു ഫാക്ടറിയും വിലയേറിയ നാനൂറു ഏക്കർ സ്ഥലവും ഉണ്ടായിരുന്നു. ഇവയെല്ലാം ഇപ്പോൾ പിന്നിലേക്കു തള്ളേണ്ടതായി വന്നുചേർന്നു. ഞങ്ങളുടെ പുതിയ രാജ്യത്തിന് മികച്ച വില കൊടുക്കണമായിരുന്നെങ്കിലും മുസ്ലീങ്ങൾക്ക് പ്രത്യേകിച്ചൊരു രാജ്യം -പാക്കിസ്ഥാൻ- വേണമെന്ന ആദർശനിഷ്ഠമായ സങ്കല്പം ജയോത്സവമായി.

1947 സെപ്റ്റംബർ മാസത്തിൻെറ അന്ത്യത്തോടടുത്തു ഞാൻ എൻെറ RAF യൂണിഫോം അണിഞ്ഞ്, എൻെറ തോക്കും കൈയിലേന്തി, തെരുവിൽകൂടി നടന്നു നീങ്ങി. എന്നെ ആരും ഉപദ്രവിക്കാതിരിക്കുന്നതിനു വേണ്ടിയായിരുന്നു ഞാൻ ഔദ്യോഗിക രീതി അവലംബിച്ചത്. ഞാൻ തൂയി (Tui) നദീതീരത്ത് എത്തിച്ചേർന്നപ്പോൾ നേരം ഇരുട്ടിയിരുന്നു; ആ നദിക്ക് കുറുകെ നീന്തിക്കടക്കാൻ ഈ വേഷം എനിക്ക് ഒരു യോജിച്ച മറയായിത്തീർന്നു. നദിക്കക്കരെ കടന്നപ്പോൾ "നില്ക്കവിടെ" എന്നൊരു ഗർജ്ജനം കേൾക്കയും ഞാൻ ഭയചകിതനായിത്തീരുകയും ചെയ്തു. എൻെറ യൂണിഫോം കണ്ട



പ്പോൾ ഗാർഡ് പറഞ്ഞു, "ശരി, ഞാൻ പരിശോധിക്കുകയായിരുന്നു", ഞാൻ മുന്നോട്ടു നടന്നു നീങ്ങി. ദൃഷ്ടിയിൽ നിന്ന് മറഞ്ഞുകഴിഞ്ഞ ഉടനെ സഫാർവാലിലുള്ള എൻെറ വീട്ടിലേക്കുള്ള ബാക്കി ഇരുപതുമൈലും ഞാൻ ഓടി. നിറഞ്ഞ കണ്ണുകളോടെ എൻെറ അമ്മ എന്നെ സ്വീകരിച്ചു. ഞങ്ങൾ ഒരുമിച്ചു പടുത്തുയർത്തിയ ജീവിതം ഞങ്ങൾക്കു ചുറ്റിലും ഇപ്പോൾ നിലംപതിച്ചു. ഭാവി ശൂന്യമായി തോന്നി. എന്നാൽ രാഷ്ട്രീയക്കാരുടെ അഭിപ്രായത്തിൽ അതു ഞങ്ങൾക്കു ഉത്സാഹജനകവും പുതിയൊരു ആരംഭവുമായിരുന്നു. ഞങ്ങൾ ഭാഗ്യവാന്മാരായിരുന്നു. ഞങ്ങൾ പ്രതീക്ഷിച്ചതുപോലുള്ള നിരാശാജനകമായ സാഹചര്യങ്ങൾ ഞങ്ങൾക്കു നേരിടേണ്ടി വന്നില്ല. ഞങ്ങൾക്കു അപ്പോഴും സുഖകരമായൊരു വീടും വേണ്ടുവോളം ഭക്ഷണവും ഉണ്ടായിരുന്നു. അതിനാൽ ഞങ്ങളെ അഭയാർത്ഥി സങ്കേതത്തിലേക്ക് അയക്കുന്നതിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

ജീവിതത്തിൻെറ അർത്ഥമെല്ലാം എനിക്ക് നഷ്ടപ്പെട്ടു. എല്ലാം നിരർത്ഥകവും ശൂന്യവുമായെനിക്കു തോന്നി. നിരാശയുടെയും നിരാലംബതയുടെയും നീർച്ചുഴിയിൽ ഞാൻ മുങ്ങി. എങ്കിലും ജീവിതത്തിന് ഒരു അർത്ഥവും ലക്ഷ്യവും ഉണ്ടെന്ന ആശയം എനിക്ക് തള്ളിക്കളയാൻ കഴിഞ്ഞില്ല. എനിക്കാണതു നഷ്ടമായത്, ആയതിനാൽ അതു വീണ്ടും കണ്ടെത്തേണ്ടത് എൻെറ കടമയാണ്. ആശ്വാസവും പുതിയ ലക്ഷ്യവും -ജീവിക്കാനും മരിക്കാൻ പോലും ഉള്ള ഒന്നിനായി- ഞാൻ മതത്തിലേക്കു തിരിഞ്ഞു. ഏതെങ്കിലും ഉത്കൃഷ്ടമായ പ്രവർത്തനത്തിനു വേണ്ടി എൻെറ മുഴു ഹൃദയവും കാംക്ഷിച്ചു. ഞാൻ ആയിരുന്നതും, അതോടൊപ്പം ഞാൻ അനുഭവിച്ചതിനും, പരിശീലിച്ചതിനും, പുതിയൊരു പന്ഥാവ് ആവശ്യമാണെന്ന് എനിക്കു ബോധ്യമായി.

ഇസ്ലാമിനെ ഞാൻ ഗൗരവത്തോടെ പിൻപറ്റാൻ തുടങ്ങി. ആ മതത്തിൻെറ പശ്ചാത്തലത്തിലാണ് ഞാൻ

വളർന്നു വന്നത്. ഒരു ഉത്തമ മുസ്ലീമായിരിക്കാൻ ഞാൻ നിശ്ചയിക്കയും പ്രാർത്ഥന എൻെറ ജീവിതത്തിലെ തുടർച്ചയായൊരു സവിശേഷതയായിത്തീരുകയും ചെയ്തു. ദിവസത്തിൽ അഞ്ചു പ്രത്യേക സമയങ്ങളിൽ പ്രാർത്ഥിക്കാൻ മുസ്ലീങ്ങൾ കടംപെട്ടവരാണെങ്കിലും ഈ നിയന്ത്രണത്തിന് വിധേയമായിത്തീരണമെന്നു തോന്നുകമാത്രമല്ല അതു കേവലം മിനിമം പദ്ധതിയായിട്ടുമാത്രമാണ് ഞാൻ വിലയിരുത്തിയത്. എനിക്ക് നേരായ മാർഗ്ഗം ചൂണ്ടിക്കാണിച്ചു തരുമെന്നുള്ള പ്രതീക്ഷയിൽ ഞാൻ മതപ്രബോധകരുടെ സഹായവും തേടി.

വിശുദ്ധ യുദ്ധത്തിന് - ജിഹാദ്-ഒരുങ്ങിക്കൊള്ളാനുള്ള ആഹ്വാനം എല്ലാ പള്ളികളിൽ നിന്നും മുഴങ്ങിക്കൊണ്ടിരുന്നു. ഞങ്ങൾ ഭയപ്പെട്ടതുപോലെ തന്നെ, ഒടുവിൽ കാശ്മീർ മഹാരാജാവ് ആ പ്രവിശ്യയെ ഇന്ത്യൻ യൂണിയനോട് കൂട്ടിച്ചേർത്തു. ഭൂരിപക്ഷം മുസ്ലീങ്ങളും രോഷാകുലരായി; കാശ്മീർ പാക്കിസ്ഥാൻെറ ഭാഗമായിത്തീരുന്നില്ലെങ്കിൽ അവർ അതിനെ പ്രത്യേകമായൊരു രാഷ്ട്രമായിക്കാണാനാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. അങ്ങനെ, അതിൻെറ സ്വാതന്ത്ര്യത്തിനായി വിശുദ്ധയുദ്ധം ചെയ്യാൻ അവരോട് ആജ്ഞാപിച്ചു. ഇതൊരു പരമപ്രധാനമായ സേവനമായിരുന്നു. അവിശ്വാസികൾക്കെതിരെ വിശ്വസ്ഥരായ എല്ലാ മുസ്ലീങ്ങളും യുദ്ധം ചെയ്യണമെന്ന ആഹ്വാനമാണ് ജിഹാദിൻെറ തത്വം. ഇസ്ലാമിൻെറ ആവിർഭാവത്തോടെ, രാഷ്ട്രീയവും മതവും എപ്പോഴും ബന്ധിക്കപ്പെട്ടു. അല്ലാഹുവിനെ പ്രീതിപ്പെടുത്തുകയായിരുന്നു എൻെറ പരമലക്ഷ്യം. അതാണ് ഒരു സ്വാതന്ത്ര്യസമരസേനാനിയായിത്തീരാൻ എന്നെ പ്രേരിപ്പിച്ച ഘടകം. ഞാൻ അഭ്യസിച്ച ജീവിതമൂല്യങ്ങളെല്ലാം ഭീഷണമായി അവ എന്നെ ഏറ്റവും അടിത്തട്ടിലേക്കു ആഴ്ത്തുമ്പോഴാണ് ജീവിതത്തിലെ അത്തരം കാലഘട്ടം ആരംഭിച്ചത്. എൻെറ തീഷ്ണത മനസ്സാക്ഷിയുടെ ധ്വനിയെ അതിജീവിക്കയും പ്രതികാരത്തിനും നരഹത്യക്കും വേണ്ടിയുള്ള തൃഷ്ണക്ക് ഞാൻ വിധേയമായിത്തീരു



കയും ചെയ്തു. ആ സമയത്തു എനിക്ക് ആവശ്യമായതെല്ലാം പ്രദാനം ചെയ്യുമെന്നു തോന്നിയ പ്രസ്ഥാനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്യാൻ ഞാൻ ആരംഭിച്ചു. ഒടുവിൽ ആ ശൂന്യത നികത്തപ്പെടാൻ പോകയായിരുന്നു.

സ്വതന്ത്ര കാശ്മീരിൻെറ പ്രഥമ പ്രസിഡൻറായ സർദാർ മുഹമ്മദ് ഇബ്രാഹിമിനെ ഞാൻ സന്ധിച്ചു, അദ്ദേഹം തൻെറ വ്യക്തിപരമായ സമ്മതപത്രം തന്നു എന്നെ മുസ്ലീം സ്വാതന്ത്ര്യ സമരസേനാനികളുടെ സിരാകേന്ദ്രത്തിലേക്ക് അയച്ചു. സാധാരണ ഒരു പട്ടാളക്കാരനായി എന്നെ സേനയിൽ ഉൾപ്പെടുത്തി. എൻെറ കഴിഞ്ഞകാല അനുഭവങ്ങളെപ്പറ്റി ആരെയും ബോധ്യപ്പെടുത്താൻ ഞാൻ ഇഷ്ടപ്പെട്ടില്ല, ആയതിനാൽ എൻെറ ജീവിതത്തെപ്പറ്റിയും RAF പരിശീനത്തെപ്പറ്റിയും ഞാൻ ഒന്നും പറഞ്ഞില്ല. ഭൂരിപക്ഷം സ്വാതന്ത്ര്യ സമരസേനാനികളും മുമ്പ് കരസേനയിലോ വ്യോമസേനയിലോ സേവനം അനുഷ്ഠിച്ചവരായിരുന്നു. എന്നാൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനം ശരിയായി സംഘടിപ്പിച്ചിരുന്നില്ല; ആർക്കും വേതനം കൊടുത്തിരുന്നതും ഇല്ല. ഞങ്ങളെ സഹായിച്ചവർ തന്നെ ഞങ്ങൾക്കുള്ള ഭക്ഷണവും നല്കി. ഞങ്ങൾക്കു സ്വന്തമായ സ്രോതസ്സുകൾ ഇല്ലായിരുന്നു. ഒന്നും കിട്ടാതിരുന്ന സന്ദർഭത്തിൽ ഞങ്ങൾ വിശപ്പടക്കാൻ വെറുതെ മൃഗത്തെ കൊന്നിരുന്നു. പാക്കിസ്ഥാൻ നാഷ്ണൽ ആർമിയുമായി ഞങ്ങൾ മിക്കവാറും ഉരസിക്കൊണ്ടിരുന്നു. ഞങ്ങൾ നല്ലനിലയിൽ സംഘടിതരും പരിശീലനം ലഭിച്ചവരും ആയ ഒരു സംഘം യോദ്ധാക്കളായിത്തീരണം എന്നവർ ആഗ്രഹിച്ചുവെങ്കിലും അത് അസാധ്യമായിരുന്നു.

ഒക്ടോബർ ആയപ്പോൾ വടക്ക് പടിഞ്ഞാറൻ അതിർത്തികളിൽ നിന്ന് വലിയ ജനക്കൂട്ടം കാശ്മീരിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. ബാഡാമവ്ലയിലുള്ള മുസ്സാഫരബാദിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട ഒന്നാമത്തെ ആക്രമണത്തിൽ പങ്കാളി

കളായവരോട് ചേർന്ന് എൻെറ കുറെ സുഹൃത്തുക്കളും ഞാനും പങ്കെടുത്തു. ആ ചെറിയ പോരാട്ടങ്ങൾ ഏകദേശം രണ്ടു മാസത്തോളം തുടർന്നു. ശീതകാലം തുടങ്ങിയപ്പോൾ തെക്കൻ സേനാമുഖത്തേക്ക് എന്നെവിട്ടു. ഇവിടെയും അനവധി പോരാട്ടങ്ങൾ നടന്നു. പത്താൻകോടും ജമ്മുവും തമ്മിൽ ബന്ധിക്കുന്ന റോഡിലെ ഗതാഗതം തടസ്സം ചെയ്തു പോന്നു, കഴിയുമെങ്കിൽ അവിടെയും ആക്രമിച്ചു കീഴടക്കാൻ ഉദ്യമിച്ചു കൊണ്ടിരിക്കുന്ന ശതാർദ്ധസേനയിലേക്കാണ് (പ്ലാറ്റൂൺ) എന്നെ അയച്ചത്. മഹാരാജാവു തന്നെ ഇന്ത്യൻ സേനയോട് ചേർന്ന് അണിനിരന്നു കഴിഞ്ഞശേഷം, ആക്രമണങ്ങൾ അമർച്ച ചെയ്യാനും ഗോത്രവർഗ്ഗക്കാരെ തുരത്തി ഓടിക്കാനും വേണ്ടി അദ്ദേഹത്തിൻെറ ഉതവിക്കായി ഇന്ത്യൻ സേനയെ അയയ്ക്കുകയുണ്ടായി. റോഡ് കീഴടക്കാനുള്ള ഞങ്ങളുടെ ഉദ്യമത്തിൽ ഞങ്ങൾ പിടിച്ചു നിന്നെങ്കിലും, അനേക പരാജയങ്ങൾ ഞങ്ങൾ ഏറ്റുവാങ്ങുകയും അനേകർ കൊല്ലപ്പെടുകയും ചെയ്തു. ഞങ്ങൾ പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുമ്പോഴും പ്രതിപക്ഷത്തിൻെറ നിരകളിൽ ചില അത്യാഹിതങ്ങൾ ഉളവാക്കുവാനും ഞങ്ങൾക്കുസാധിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ എനിക്കുള്ള പങ്കാളിത്തത്തിൻെറ മൂർദ്ധന്യ വേളയിലായിരുന്നു ഞാൻ വീണ്ടും സലിമയെ കണ്ടുമുട്ടിയത്. അവർ ആനന്ദഭരിതയാകുകയും ഞങ്ങളുടെ സൗഹൃദം പുതുക്കുവാൻ താല്പര്യം കാണിക്കുകയും ചെയ്തു. അതുകൂടാതെ വിവാഹത്തെപ്പറ്റി പരിഗണിക്കാനും വ്യഗ്രത കാണിച്ചു. എൻെറ കുടുംബത്തിൻെറ സമ്പത്തും നഷ്ടപ്പെട്ടിരുന്നതിനാൽ ഞങ്ങളുടെ വിവാഹത്തിന് ആർക്കും എതിർപ്പു രേഖപ്പെടുത്താൻ കഴിയുമായിരുന്നില്ല. ഞാൻ അതിനു വാഞ്ചിച്ചെങ്കിലും അപ്പോൾ അതിനുള്ള സമയമായിരുന്നില്ല. ആത്മസന്തോഷത്തെ അനുധാവനം ചെയ്യാനുള്ള വ്യഗ്രതയിൽ ദേശസ്വാതന്ത്ര്യ തൃഷ്ണയുടേയും മതപരമായ എരിവിൻെറയും മാനസീകാവസ്ഥയിൽ ഞാൻ പിടിക്കപ്പെട്ടു കഴിഞ്ഞി



രുന്നു. ഞങ്ങൾ പരസ്പരം വേർപിരിഞ്ഞു. പക്ഷേ അതു ഞങ്ങളുടെ ഒടുക്കത്തെ കണ്ടുമുട്ടലാണെന്നു ഞങ്ങൾ അറിഞ്ഞിരുന്നില്ല.

കുറെ നാൾ കഴിഞ്ഞ് സാലിമായുടെ ഗ്രാമത്തിൽ ഞാൻ ചെന്നപ്പോൾ അവർ രോഗിയാണെന്നു ഞാൻ അറിഞ്ഞു. അവളെ കാണാൻ എന്നെ അനുവദിച്ചില്ല. അവളുടെ രോഗത്തിൻെറ വ്യാപ്തിയെപ്പറ്റി അറിയാത്തതിനാലും ഞാൻ ലക്ഷ്യമിട്ട മാർഗ്ഗത്തെ പിൻതുടരാൻ നിശ്ചയിക്കയാലും അവളെ കാണണമെന്ന ആവശ്യം ഉന്നയിക്കാതെ ഞാൻ ഗ്രാമത്തിൽ നിന്ന് വിടവാങ്ങി. എന്നാൽ ഒരു മാസത്തിനുള്ളിൽ ഞാൻ ഗ്രാമത്തിൽ മടങ്ങി വന്നപ്പോൾ എന്നെ അഭിവാദ്യം ചെയ്ത കാഴ്ച എൻെറ നട്ടെല്ലിൻെറ അടിയിലൂടെ തണുപ്പു പരത്തി. എൻെറ ഹൃദയം അതിവേഗമിടിക്കാൻ തുടങ്ങുകയാൽ എൻെറ നെഞ്ചു പിളർന്നു പോയേക്കുമെന്നു ഞാൻ ഭയപ്പെട്ടു. സലിമയുടെ സഹോദരനും മാതാപിതാക്കളും ബന്ധുക്കളും വാടിയ മുഖത്തോടും കുണ്ഠിത കണ്ണുകളോടും കൂടെ ഭവനത്തിലേക്കു മടങ്ങി വരുന്നതു കണ്ടു. ഞാൻ ഞെട്ടുകയും ഭയം എൻെറ ഹൃദയത്തെ പിടികൂടുകയും ചെയ്തു. സലിമാക്ക് എന്തെങ്കിലും സംഭവിച്ചോ? അവളുടെ സഹോദരൻ ആ ദുഃഖവാർത്ത എന്നെ അറിയിച്ചു. “ഇന്നു രാവിലെ സലിമ മരിച്ചു. ഞങ്ങൾ അവളെ അടക്കം ചെയ്തതേയുള്ളു.” ഞാൻ തകർന്നുപോയി.

ഞാൻ മേലോട്ടു നോക്കിയപ്പോൾ, സൂര്യൻ അസ്തമിക്കുന്നതു എനിക്കു കാണാമായിരുന്നു. ആകാശത്തിൽ മഹനീയമായൊരു ദീപ്തി പരന്നു. പകൽ മിക്കാവാറും അവസാനിച്ചു. സലിമായുടെ ജീവിതത്തിൻെറ അന്ത്യവും വന്നുചേർന്നു. അവൾ ഹൃദയം പൊട്ടിയാണ് മരിച്ചതെങ്കിൽ എന്നെയാണോ കുറ്റപ്പെടുത്തേണ്ടത്? ദുസ്സഹവേദനയും പശ്ചാത്താപവും എന്നെ മൂടി. വ്യക്തിപരമായ സന്തോഷത്തിലേക്കുള്ള വാതിൽ

എന്നെന്നേക്കും അടക്കപ്പെട്ടതായി എനിക്കു തോന്നി. എനിക്കു സ്വന്തമാക്കാൻ കഴിയുമായിരുന്ന ഏറ്റവും വിലയേറിയ സംഗതി ഞാൻ നഷ്ടപ്പെടുത്തിക്കളഞ്ഞു. വൃണിത ഹൃദയത്തോടെയാണ് ഞാൻ എൻെറ സൈനിക യൂണിറ്റിലേക്കു മടങ്ങിയത്. സ്വാതന്ത്ര്യ സമരപോരാട്ടത്തിൽ ഞാൻ സ്വയം ആമഗ്നനായാൽ മാത്രമേ എൻെറ ദുഃഖത്തെ കീഴ്പ്പെടുത്താൻ എനിക്കു കഴിയുമായിരുന്നുള്ളു. ഞാൻ ജീവിച്ചതെല്ലാം അതിനുവേണ്ടിയാണെന്നെനിക്കു തോന്നി.

എൻെറ അനുഭവവും പരിശീലനവും പ്രസ്ഥാനത്തിന് അമൂല്യമായ സംഭാവനയായി തീരുമെന്നു കാണാൻ കഴിയുന്ന കാര്യത്തിൽ എൻെറ കമാൻറിംഗ് ഓഫീസർമാരുടെ കണ്ടെത്തൽ മന്ദഗതിയിലായിരുന്നില്ല. അവരെപ്പോലെ ഒരുവനായി ഞാൻ തീരണമെന്നു നിശ്ചയിക്കപ്പെടുകയും ഒരു സായംകാല ചടങ്ങിൽവെച്ച് എന്നെ കമ്മീഷൻറ് ഓഫീസറാക്കുകയും ചെയ്തു. ഈ ഗറില്ലായുദ്ധത്തിൽ സകലതും പരമ രഹസ്യത്തിൽ ചെയ്യേണ്ടിയിരുന്നു. എന്നെ സെക്ടർ കമാൻററായി നിയമിക്കയും മറ്റ് സ്വതന്ത്ര്യസമരസേനാനികളെ പരിശീലിപ്പിക്കാനുള്ള ഉത്തരവാദിത്വം എനിക്കു നല്കുകയും ചെയ്തു. അചിരേണ ഞാൻ കൂടുതൽ കൂടുതൽ രഹസ്യാന്വേഷണ പ്രവർത്തനത്തിൽ വ്യാപൃതനായിത്തീരുകയും ചെയ്തു.

ഒരു പ്രത്യേക സന്ദർഭം ഞാൻ സ്ഫുടമായി ഓർക്കുന്നു. ഞങ്ങൾ ഒരു ഏറ്റുമുട്ടൽ നടത്തിക്കൊണ്ടിരിക്കയും അതു പൂർത്തിയാക്കാൻ മൂന്നുദിവസവും വേണമായിരുന്നു. ഞങ്ങളിൽ മൂന്നുപേർ മലമുകളിൽ രഹസ്യാനേഷണ ജോലി ചെയ്തു പോന്നു. ഞങ്ങളുടെ ആഹാരം തീർന്നുപോയി. ഞങ്ങളുടെ ഭക്ഷണത്തിലെ പ്രധാന ഘടകം മധുരമുള്ള ചോളമായിരുന്നു, സാധാരണ ഞങ്ങൾ അത് ബട്ടറിലാണ് (നെയ്യ്) പാചകം ചെയ്തിരുന്നത്. ഞങ്ങൾക്കു കലശലായ വിശപ്പനുഭവപ്പെട്ടു. ഹിന്ദുക്കൾ ശവശരീരങ്ങൾ ദഹിപ്പിച്ചിരുന്നത് ഞങ്ങളു



ടെ പ്രദേശത്തിന് വളരെ അകലത്തല്ലായിരുന്നില്ല. ആ പ്രദേശം പിശാചോപദ്രവമുള്ള സ്ഥലമാണെന്നു വിശ്വസിക്കുന്നതിനാൽ യാതൊരു ഹിന്ദുവും അവിടെ അലഞ്ഞു തിരിയുകയില്ല. എന്നാൽ ഞാൻ ഒന്നിനെപ്പറ്റിയും ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. ഞങ്ങളുടെ വിശപ്പടക്കാൻ എങ്ങനെ കഴിയുമെന്നു ഞാനാലോചിച്ചപ്പോൾ നല്ലൊരു ആശയം എൻെറ മനസ്സിൽ അങ്കുരിച്ചു-ഞാൻ ഇങ്ങനെ ചിന്തിച്ചു. അകലെ പട്ടടയിൽ നിന്ന് പുകപടലം ഉയർന്നുകൊണ്ടിരിക്കുന്നതു ഞാൻ കണ്ടു; അതിനു സമീപത്തു ചോളവും ഉണ്ടായിരുന്നു. കുറെ ചോളം ഞാൻ പിഴുതെടുത്തു ചിതയുടെ അടുക്കലേക്കു നടന്നടുത്തു. ഞങ്ങൾ ശത്രുക്കളുടെ അതിർത്തിയിലായിരുന്നതിനാൽ ഞങ്ങൾക്കു സ്വന്തം തീകൂട്ടാൻ കഴിയുമായിരുന്നില്ല; അത് അവരുടെ ശ്രദ്ധയെ ആകർഷിക്കുമായിരുന്നു. എരിഞ്ഞുകൊണ്ടിരിക്കുന്ന പട്ടടയിലെ തീക്കനലിൻെറ പുറത്തുവെച്ച് ഞാൻ ആ ധാന്യം ചൂട്ടെടുത്തു. വേവിച്ച ധാന്യവുമായി ഞാൻ മടങ്ങി വരുന്നതു കണ്ടു എൻെറ സുഹൃത്തുക്കൾ വളരെയധികം സന്തോഷിച്ചു. എങ്ങനെ അപ്രകാരം ചെയ്യാൻ കഴിഞ്ഞു എന്നുള്ള അവരുടെ ചോദ്യത്തെ എനിക്ക് നേരിടാൻ കഴിഞ്ഞില്ല. അവർ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ മനസ്സില്ലാമനസ്സോടെ ഞാൻ ആ കാര്യം അവരോട് പറഞ്ഞു. ഉടനെ അവർക്ക് ഓക്കാനം ഉണ്ടാകുകയും വയറുവേദന ആരംഭിക്കയും ചെയ്തു. അവർക്കുണ്ടായ ഭവിഷ്യത്തുക്കൾ, മാനസികമായ പ്രതികരണങ്ങൾ, എന്നെ രസിപ്പിച്ചു.

ഞങ്ങളുടെ സൈനിക നടപടികളിൽ എല്ലാത്തരം വഞ്ചനയും ഉൾപ്പെട്ടിരുന്നു. ഒരു സന്ദർഭത്തിൽ ഞാനൊരു ഹിന്ദുബ്രാഹ്മണനായി വേഷംകെട്ടുകയും പാക്കിസ്ഥാനിൽ നിന്നുള്ള ഒരു അഭയാർത്ഥിയാണെന്നു നടിക്കുകയും ചെയ്തു. വിഭജനത്തിനുശേഷം ജനങ്ങൾ അന്യോന്യം താമസം മാറ്റിക്കൊണ്ടിരുന്നതിനാൽ ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽ

നിന്നുമുള്ള അഭയാർത്ഥികളുടെ അങ്ങോട്ടും ഇങ്ങോട്ടുമുള്ള പ്രവാഹം ഒരു സാധാരണ കാഴ്ചയായിരുന്നു. ആയിരക്കണക്കിനു ഹിന്ദുക്കൾ തങ്ങളുടെ വസ്തുവകകളെല്ലാം പാക്കിസ്ഥാനിൽ ഉപേക്ഷിച്ചിട്ട് ഇന്ത്യയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ ഞാൻ അവരുടെ കണ്ണിൽപെടുകയില്ലെന്നു എനിക്കറിയാമായിരുന്നു. ആ പ്രദേശത്തുള്ള ഇന്ത്യൻ സൈന്യത്തിന്റെ സംഖ്യാബലവും ഉറവിടവും കണ്ടുപിടിക്കുക എന്നതായിരുന്നു എന്റെ ദൗത്യം. ഞാൻ അതിർത്തിയിൽ എത്തിച്ചേർന്നപ്പോൾ എന്റെ കുടുംബക്കാർ കൊല്ലപ്പെട്ടതും എന്റെ വസ്തുവകകൾ കവർന്നെടുത്തതും പരാമർശിച്ചുകൊണ്ട് കരയാൻ തുടങ്ങി. അവരെ ആഴത്തിൽ അതു സ്പർശിക്കുകയും എന്നെ ആശ്വസിപ്പിക്കുകയും അവരുടെ സഹായം എനിക്കു ഉറപ്പു വരുത്തുകയും ചെയ്തു. പുതിയൊരു ജീവിതം ആരംഭിക്കാൻ പര്യാപ്തമായി ഒരു വീടും വീട്ടുസാമാനങ്ങളുമെല്ലാം എനിക്കു നല്കാമെന്നവർ പറഞ്ഞു. എനിക്ക് ആശ്വാസമായി; അതുവരെ എല്ലാം ഭംഗിയായി നീങ്ങി. എന്നാൽ കുറെക്കഴിഞ്ഞ്, ഏതാനും ഹൈന്ദവമന്ത്രങ്ങൾ ചൊല്ലാൻ എന്നോട് ആവശ്യപ്പെട്ടു, അതെന്നെ ഭയചകിതനാക്കി. ജമ്മു സ്കൂളിൽവെച്ച് അവയിൽ ധാരാളം ഞാൻ പഠിച്ചിരുന്നതിനാൽ ധാരാളം വേദസൂക്തങ്ങൾ എനിക്കറിയാമായിരുന്നു. എന്നാൽ വിശേഷവിധിയായി അവർക്കു അറിയണമായിരുന്ന സൂക്തങ്ങൾ എനിക്കറിയാൻ പാടില്ലായിരുന്നു. വേഷം കെട്ടു പുറത്തായി. പരിഭ്രാന്തനായി, തീരുമാനം വേഗത്തിൽ എടുക്കേണ്ടതായി വന്നു. അവരുടെ ദയാവായ്പിനായ് കാൽക്കൽ വീണു കരയാൻ ഞാൻ നിശ്ചയിച്ചു. എല്ലാം കുഴങ്ങുകയാണെന്നും മന്ത്രങ്ങൾ ഉരുവിടാൻ തക്ക ത്രാണി എനിക്കിപ്പോൾ ഇല്ലെന്നും ഞാൻ പറഞ്ഞു. എന്നാൽ അവർ എന്റെ വാക്കുകൾ വിശ്വസിച്ചില്ല; അവർക്ക് സംശയം ഉളവായി. ഞാൻ നിരാശനായിത്തീർന്നു. ഞാൻ ആരാണെന്നു



അവർ കണ്ടെത്തുകയാണെങ്കിൽ എന്റെ സഹസൈനികരും അടുത്തെവിടെയോ ഉണ്ടെന്നു അവർ സംശയിക്കും.

ഞാൻ സത്യസന്ധനായൊരു ഹിന്ദു ആണോ അല്ലയോ എന്നതു തീരുമാനിക്കാൻ അവർക്ക് അത്രക്കു ബുദ്ധിമുട്ടുള്ള കാര്യമല്ലായിരുന്നു. എന്തെന്നാൽ എന്റെ സാക്ഷാൽ ആനുരൂപ്യത്തിന്റെ (Identity) ലക്ഷണം ഞാൻ എന്റെ ശരീരത്തിൽ വഹിച്ചിരുന്നു. മറ്റെല്ലാ മുസ്ലീം ആൺകുട്ടികളെയുംപോലെ, ഇസ്ലാമിലേക്കുള്ള എന്റെ പ്രവേശനത്തിന്റെ പ്രാരംഭ കർമ്മമായിരുന്നു പരിച്ഛേദന (ചേലാകർമ്മം). ഞാൻ ആരായിരുന്നു. അവർക്കറിയണമെങ്കിൽ എന്റെ വസ്ത്രം അഴിച്ചാൽ മാത്രം മതിയായിരുന്നു. എന്റെ അടിവസ്ത്രത്തിൽ രണ്ടു ഗ്രാനേഡുകൾ മറച്ചുവെച്ചിട്ടുള്ളത് സംഗതിയെ കൂടുതൽ വഷളാക്കും. പരിശോധനക്കായി പാർശ്വത്തിലേക്കു അവർ എന്നെ കൊണ്ടുപോകുമ്പോൾ ബലം പ്രയോഗിച്ച് ഞാൻ പിടിവിട്ട് സ്വതന്ത്ര്യമായി ഭിത്തി ചാടി രക്ഷപ്പെട്ടു. ഒന്നാമത്തെ ഗ്രാനേഡം ഞാൻ എറിഞ്ഞു, പതിനഞ്ചു സെക്കൻറ് കഴിഞ്ഞ് രണ്ടാമത്തേതും ഞാൻ എറിഞ്ഞു. ആ പ്രദേശം മുഴുവൻ അഗ്നി ആളിപ്പടർന്നു.

അത്തരത്തിലുള്ള ആൾ നാശവും വസ്തു നശീകരണവും അസാധാരണമല്ലായിരുന്നു. ഒരു ഗ്രാമത്തിൽ പ്രവേശിച്ച്, തോക്കിൻ മുനയുടെ മുമ്പിലൂടെ ഓരോരുത്തരേയും തങ്ങളുടെ ഭവനങ്ങളിലേക്ക് പറഞ്ഞയച്ചിട്ട്, പുറത്തു നിന്ന് കവാടങ്ങൾ പൂട്ടിയശേഷം, ഗ്രാമം തീവെയ്ക്കുക ഞങ്ങളുടെ ശീലമായിരുന്നു. ക്രൂരമായ ഈ പ്രവൃത്തികൾ എന്റെ മനസ്സാക്ഷിയിൽ തുളച്ചു കയറിയിരുന്നില്ല. ഞാൻ കേവലമൊരു ജോലി ചെയ്യുകയായിരുന്നു; അത് ശരിയായിതന്നെ ചെയ്യപ്പെടണമായിരുന്നു. അല്ലാഹു അതു ഇഷ്ടപ്പെട്ടെങ്കിൽ ഞാൻ എന്തിന് അതിനെ ചോദ്യം ചെയ്യണം?

ഈ സ്വാതന്ത്ര്യസമരം രണ്ടു വർഷക്കാലം തുടർന്നു കൊണ്ടിരുന്നു. ഈ കാലഘട്ടത്തിൻെറ ഒടുവിൽ, ഞാൻ ശൈശവത്തിൽ പഠിച്ച ജീവിത മൂല്യങ്ങളായ ജീവിത വിശുദ്ധിയും അന്യർക്കു വേണ്ടിയുള്ള അർപ്പണജീവിത ബോധവും എൻെറ സ്മൃതിപഥത്തിൽ ഉരുത്തിരിയുവാൻ പ്രചോദനമായ ഏതാനും സംഭവങ്ങൾ നടക്കുകയുണ്ടായി. ഈ ആദർശങ്ങൾ ജലത്തിൽ നിമജ്ജിക്കപ്പെട്ടെങ്കിലും അവ ജലപ്പരപ്പിലേക്കു പൊന്തിവരികയും വീണ്ടും എൻെറ ജീവിതത്തിൽ പ്രാഥമ്യം കൈവരിക്കയും ചെയ്യുന്നു. എന്നാൽ അതിതുവരെ നടന്നില്ല.

ഒരു സെക്ടർ കമാൻറർ എന്ന നിലക്ക് കൂടുതൽ ആക്രമണങ്ങൾക്കുള്ള യോഗങ്ങൾ ഞാൻ തന്നെ ക്രമീകരിച്ചു പോന്നു. ഞങ്ങളുടെ സൈനിക സംഖ്യാബലത്തിനു കൂടുതൽ ശക്തിപകരാൻ സ്വയം മുമ്പോട്ടു വന്ന വടക്കുപടിഞ്ഞാറൻ അതിർത്തിയിലെ പത്താന്മാരിൽ (Pathans) നിന്ന് ഞങ്ങൾ സാധാരണ സഹായം സ്വീകരിച്ചിരുന്നു. പൊതുവെ അവർ ഉത്കൃഷ്ഠരായ ജനങ്ങളല്ലായിരുന്നു, കാശ്മീരിൻെറ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്നതിനേക്കാൾ ഉപരിയായി അവർ സ്ത്രീലമ്പടന്മാരും സാഹസികരും ആയിരുന്നു. പക്ഷേ, അവരുമായി ഞങ്ങൾക്കുള്ള പദ്ധതി ചർച്ച ചെയ്യാൻ എൻെറ സെക്ടറിൽ ഞങ്ങൾ ഒരു യോഗം ക്രമീകരിച്ചു. യോഗത്തിനുള്ള സമയം അടുത്തുകൊണ്ടിരിക്കെ ഞാൻ തെരുവിലൂടെ നടന്നു പോകുമ്പോൾ എന്നെ ആശ്ചര്യഭരിതമാക്കിക്കൊണ്ട് ആരോ എൻെറ പേരു വിളിക്കുന്നത് ഞാൻ കേട്ടു. നിസ്സഹായയായ ഒരു സ്ത്രീയുടെ നാദമായിരുന്നു അത്. എങ്കിലും ഞാനത് തിരിച്ചറിഞ്ഞു. എൻെറ ഉറ്റവരും ഉടയവരും മാത്രം ഉപയോഗിച്ചിരുന്ന നാമമായിരുന്നു അവൾ ഉപയോഗിച്ചത്. എന്നെ വിളിച്ചിരുന്ന 'ഗാമാ' എന്ന ഓമനപ്പേരിലാണ് അവൾ എന്നെ സംബോധന ചെയ്തത്. ശബ്ദം വന്ന ദിക്കിലേക്കു ഞാൻ നോക്കിയപ്പോൾ, ചില ഹിന്ദു സഹോദരന്മാരുടെ സ



ഹോദരിയായ ഒരു യുവതി അഴികളുള്ള ജനലിൻെറ പിന്നിൽ നില്ക്കുന്നതു കണ്ടു. എനിക്ക് അവളെ കഷ്ടിച്ചു തിരിച്ചറിയാൻ കഴിഞ്ഞു. എങ്കിലും തങ്ങൾ സുരക്ഷിതരായി അതിർത്തി കടന്ന് ഇന്ത്യയിലേക്കു വരുന്നതിനു മുമ്പ് എൻെറ അമ്മ രണ്ടു മാസത്തോളം ഞങ്ങളുടെ ഭവനത്തിൽ അഭയം കൊടുത്ത കുടുംബത്തിലെ ഒരംഗമായിരുന്നു അവളെന്നു ഞാൻ ഓർത്തു. “നീ സുദീഷിൻെറ സഹോദരിയാണോ?” ഞാൻ ചോദിച്ചു. അവൾ തലകുലുക്കി. നീ എങ്ങനെയാണ് ഇവിടെ വന്നു ചേർന്നത്? അക്കാര്യം എന്നോടു പറയാൻ അവൾ വളരെയധികം നാണിക്കുകയും ലജ്ജിക്കുകയും ചെയ്തു. ഞാൻ അവളോട് അഭ്യർത്ഥിച്ചു. കാരണം അവൾ അത്രമാത്രം സങ്കടത്തിലാണെന്നു കാണാൻ എനിക്കു കഴിഞ്ഞു. അവസാനം അവൾ തൻെറ ദാരുണമായ അനുഭവം പറഞ്ഞു. പന്ത്രണ്ടു പത്താന്മാർ അവളുടെ ഗ്രാമത്തിൽ കടന്നു കൊള്ളയടിച്ചശേഷം അവളെ ഇവിടെ കൊണ്ടുവന്ന്, അവിടെ വച്ച് ഓരോരുത്തരും അവളെ മാനഭംഗപ്പെടുത്തുകയും ചെയ്തു. ഞാൻ നിശ്ശബ്ദനായിപ്പോയി. ഞാൻ എന്താണ് ഈ കാണുന്നത്? മതതീഷ്ണതയുടെ അനന്തരഫലമാണോ ഇത്? ഇസ്ലാം ഇത്തരത്തിലുള്ള ആചരണത്തെ അനുവദിക്കുന്നുണ്ടോ? എൻെറ ഇഷ്ടപ്രകാരം ഞാൻ സ്വയം തിരഞ്ഞെടുത്ത ദൗത്യത്തിൽ, എൻെറ പ്രവർത്തനങ്ങൾക്കെതിരെ വലിയൊരു ചോദ്യചിഹ്നം ഉയർന്നു വരികയും സംശയങ്ങൾ ഉണർത്തപ്പെടുകയും ചെയ്തത് ആദ്യമായിട്ടായിരുന്നു. ഈ ചെറിയ സ്ഫുലിംഗങ്ങൾ അണയ്ക്കാൻ ആയാസകരമാണെന്നു തെളിഞ്ഞു. ഈ പ്രത്യേക സാഹചര്യത്തിൽ ക്രിയാത്മകമായ എന്തെങ്കിലും ഞാൻ നിശ്ചയമായും ചെയ്യണമായിരുന്നു. അവളുടെ മുറിവുകൾക്ക് ആവശ്യമായതെല്ലാം ഞാൻ കൊണ്ടുവന്നു; അവളുടെ മോചനത്തിന് ഉറപ്പുവരുവാനുള്ള എല്ലാ സ്വാധീനവും ഞാൻ ഉപയോഗിച്ചു. അവൾ വേണ്ടത്ര സുഖംപ്രാപിച്ചു അതിർത്തിക്ക് അപ്പുറത്തുള്ള അവളുടെ കുടുംബത്തിൽപെട്ടവരുമായി ബന്ധപ്പെടുന്നതു

വരെ അവളെ ഞാൻ അമ്മയുടെ ചാരത്തുകൊണ്ടുപോയി ഞങ്ങളുടെ കുടുംബത്തിൽ താമസിപ്പിച്ചു.

അനീതിയായ ഈ സംഭവം ഞാൻ ഒരിക്കൽ ദർശിച്ച രംഗം ഓർക്കാൻ എന്നെ പ്രേരിപ്പിച്ചു. കാശ്മീരിലേക്കുള്ള എന്റെ യാത്രയിൽ ഒരിക്കൽ ഞാൻ ഗുജറാത്ത് നഗരത്തിൽ തങ്ങി. അങ്ങാടിയിൽ കൂടി ഞാൻ നടന്നുപോകുമ്പോൾ മനുഷ്യരെ വില്ക്കുന്നതു ഞാൻ ദർശിച്ചു. മൂന്നു സ്ത്രീകളുടെ വിലപേശൽ ഒരു കന്യകയായ സ്ത്രീ മുന്നൂറു രൂപക്ക് വില്ക്കപ്പെട്ടു; വിവാഹിതയും ഒരു ചെറിയ കുട്ടിയും ഉണ്ടായിരുന്ന മറ്റൊരുവളെ ഇരുന്നുറു രൂപക്ക് വിറ്റു; ഒരു വൃദ്ധക്ക് അൻപതുരൂപയും. ഞാൻ എത്രമാത്രം സ്തംഭിച്ചു പോയെന്നു ഞാൻ ഓർക്കുന്നു. എന്താണ് ഒരു മനുഷ്യന്റെ വില, ഞാൻ എന്നോടു തന്നെ ചോദിച്ചു?

# V. അപ്രതീക്ഷിതമായ ശത്രു

എന്റെ മനസ്സിന്റെ ശാന്തത കലുഷിതമായി. എന്നെക്കുറിച്ചുതന്നെ നിശ്ചയമില്ലാത്ത ഒരവസ്ഥയിൽ ഞാൻ എത്തിച്ചേർന്നു. എന്നിരുന്നാലും മുന്നോട്ടു പോകാൻ തന്നെ ഞാൻ തീരുമാനിച്ചു. നദിയുടെ നടുവിൽ വെച്ച് യാത്രമുടക്കി മടങ്ങിപ്പോരുന്നതിൽ ഞാൻ തല്പരനായിരുന്നില്ല. ആ സമയത്താണ് ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവും പാക്കിസ്ഥാൻ പ്രധാനമന്ത്രി ലിയാഖത്ത് അലിഖാനും തമ്മിലുണ്ടായ ഒരു ഉടമ്പടി നിലവിൽ വന്നത്. പ്രസ്തു ഉഭയ സമ്മതത്തിന്റെ ഗുണഭോക്താക്കളായ ഇന്ത്യൻ ആർമി കാശ്മീരിലുള്ള തങ്ങളുടെ നില ഭദ്രമാക്കുകയും ചെയ്തു. എന്നാൽ സ്വതന്ത്ര കാശ്മീരിനു വേണ്ടി പോരാടിയ സമരസേനാനികളുടെ സമരവീര്യം ക്രമേണ മങ്ങലേല്ക്കുകയാണുണ്ടായത്. തങ്ങളുടെ സൈനിക വിന്യാസവും മുന്നേറ്റവും ആവശ്യമായ



ദീർഘവീക്ഷണവും ആസൂത്രണവും കൂടാതെയാണ് നടത്തപ്പെട്ടത്. പരിമിതമായ തങ്ങളുടെ വിഭവശേഷിതന്നെ മിക്കവാറും മരവിച്ചിരുന്നതിനാൽ, രാത്രിയിൽ മാത്രമേ ഈ മുസ്ലീം യോദ്ധാക്കൾക്കു പോരാടാൻ സാധിക്കുമായിരുന്നുള്ളു.

ഒരു സായം കാലത്ത്, എന്റെ കുറെ സഹഭടന്മാരോടൊത്ത്, ഞാനൊരു ഗ്രാമത്തിലേക്കു കടന്നു ചെന്നു. ഇന്ത്യയുടെ അതിർത്തിയിൽ നിന്ന് കുറെ ഉള്ളിൽ ആണ് ആ ഗ്രാമം സ്ഥിതിചെയ്തിരുന്നത്. അപ്പോഴും ആ ഗ്രാമത്തിൽ കുറെ അമുസ്ലീങ്ങൾ അധിവസിക്കുന്നു എന്നു വിവരം എന്റെ ശ്രദ്ധയിൽ പെട്ടിരുന്നതിനാൽ അതു ശരിയാണോ എന്നു ഞാൻ ആ ഗ്രാമത്തലവനെ വിളിപ്പിച്ചു ചോദിച്ചു.

"അവിടെ ഹിന്ദുക്കളില്ല സർ, പക്ഷെ ഒരു ക്രിസ്തീയ കുടുംബം ഉണ്ട്" അദ്ദേഹം പറഞ്ഞു.

"ക്രിസ്ത്യാനി" ഈസായുടെ അനുയായികളാണെന്നാണോ നിങ്ങൾ വിവക്ഷിക്കുന്നത്". (യേശു ഖുർ ആനിൽ ഈസാ ആണ്)

"ഉവ്വ്. കേവലം മൂന്നു പേരുമാത്രമേയുള്ളു."

"ശരി, ഏതായാലും അവർ മുസ്ലീങ്ങളല്ല. അവരുടെ വീടൊന്നു കാണിച്ചു തരൂ, ഞങ്ങൾ അവരെ കൈകാര്യം ചെയ്തോളാം".

ക്രിസ്തു മാർഗ്ഗത്തെപ്പറ്റി അന്ന് എനിക്കുണ്ടായിരുന്ന ധാരണയുടെ വെളിച്ചത്തിൽ ഈ നടപടി സ്വാഭാവികമായിട്ടാണ് എനിക്ക് തോന്നിയത്. കാഫർ (അവിശ്വാസി) എന്ന പദത്തിനൊരു വിശദീകരണം തരാമോ എന്നൊരിക്കൽ ഞാൻ ഒരു മൗലവിയോട് (ഇസ്ലാമിക ഉപദേഷ്ടാവ്) ചോദിച്ചതായി ഓർക്കുന്നു. ഇസ്ലാമിക വിശ്വാസ പ്രമാണത്തിന്റെ കാതലായ കലിമ ഉരുവിടാൻ വിസമ്മതിക്കുന്നവരെല്ലാം അവിശ്വാസിയാ

ണെന്നായിരുന്നു അദ്ദേഹത്തിൻെറ പ്രതികരണം. കലിമയിൽ രണ്ടു അടിസ്ഥാന മതോപദേശങ്ങൾ അന്തർലീനമായിരിക്കുന്നു.

"അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല, മുഹമ്മദ് അവൻെറ പ്രവാചകനും ആകുന്നു"

യഥാർത്ഥ മുസ്ലീങ്ങളെല്ലാം ഈ അടിസ്ഥാനവിശ്വാസ പ്രമാണം വിശ്വസിക്കയും വായ്കൊണ്ട് ഏറ്റു പറകയും വേണം. ഇത് ഉരുവിടാത്തവരെല്ലാം അവിശ്വാസിയായി പരിഗണിക്കപ്പെടാവുന്നതാണ്. ആകയാൽ, സമാധാനം സ്വീകരിച്ചുകൊള്ളുക അല്ലെങ്കിൽ യുദ്ധത്തിനു തയ്യാറാവുക ഇതായിരുന്നു എല്ലാവരുടെയും മുമ്പാകെയുള്ള രണ്ടു സാധ്യതകൾ. ഒരുവൻ ഈ വിശ്വാസ പ്രമാണം സ്വീകരിക്കുകയും മുഹമ്മദിൻെറ ഉപദേശത്തിനു വിധേയപ്പെട്ടു കൊടുക്കുകയും ചെയ്യുന്നില്ലെങ്കിൽ, അവന് അല്ലാഹുവിൻെറ സമാധാനവും സംരക്ഷണവും അവകാശപ്പെടാവുന്നതല്ല; തന്നിമിത്തം അവൻ യുദ്ധത്തെയും അതിൻെറ അനന്തരഫലങ്ങളെയുമാണ് തിരഞ്ഞെടുക്കുക.

ഇതെല്ലാം സരളവും സുവ്യക്തവുമായിരുന്നു. എന്നാൽ പിന്നീട് ഞാൻ വിശേഷവിധിയായൊരു ചോദ്യം ഉന്നയിച്ചു. ക്രിസ്ത്യാനികളെപ്പറ്റി മൗലാനാ എന്താണ് ചിന്തിച്ചത്? അദ്ദേഹത്തിൻെറ ഉത്തരം എന്നെ സംശയാലുവാക്കി. അവരും "വേദക്കാരാണെ"ന്നു അദ്ദേഹം പറഞ്ഞു. ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഏക ദൈവ വിശ്വാസികളാണെന്നു അവകാശപ്പെടുകയും അവൻ വെളിപ്പാടുകൾ ഗ്രന്ഥത്തിൽ നല്കിയിട്ടുണ്ടെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പഴയ, പുതിയ നിയമങ്ങളും മുസ്ലീംങ്ങൾക്ക് ഖുർആനും ആണ് വേദഗ്രന്ഥങ്ങൾ, ഏഴാം നൂറ്റാണ്ടിൽ മെക്കയിലും മദീനയിലും വെച്ച് മുഹമ്മദിനുണ്ടായ വെളിപ്പാടുകൾ ഗബ്രിയേൽദൂതൻ മുഖാന്തരമാണെന്നും, അവയുടെ പ്രതിരൂ



പങ്ങൾ സ്വർഗ്ഗത്തിൽ ഉണ്ടെന്നും മുസ്ലീങ്ങൾ വിശ്വസിക്കുന്നു. മുമ്പുള്ള എല്ലാ പ്രവാചകന്മാരുടെ ദൈവീക സന്ദേശവും മനുഷ്യനോടുള്ള ദൈവത്തിൻെറ ആത്യന്തിക സന്ദേശവും അവയിൽ ക്രോഡീകരിച്ചിരിക്കുന്നു. യേശു ദൈവപുത്രൻ എന്ന അവകാശവാദത്തെ ഖുർആൻ നിഷേധിക്കുന്നുണ്ടെങ്കിലും മറ്റെല്ലാ പ്രവാചകന്മാരെയും പോലെ ഒരു പ്രവാചകനായി അവനെ അംഗീകരിച്ചിട്ടുണ്ട്. യഹൂദന്മാരുടെയും ക്രിസ്ത്യാനികളുടെയും തിരുവെഴുത്തുകൾ തിരുത്തപ്പെട്ടവയാണെന്നും, ഖുർആനിൽ മുഹമ്മദിന് ലഭിച്ച വെളിപ്പാടുകൾ അവയെ പുനസ്ഥാപിച്ചിരിക്കയാണെന്നും മുസ്ലീങ്ങൾ വിശ്വസിക്കുന്നു. ക്രിസ്ത്യാനികൾ വേദക്കാരാണെങ്കിലും അവരെ അവിശ്വാസികളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ലെന്നു എനിക്കു തോന്നി. മുസ്ലീം വിശ്വാസപ്രമാണം കർക്കശമായി ഉരുവിടാതിരിക്കുന്നതാണ് അവിശ്വാസിയുടെ നിർവ്വചനമെങ്കിൽ, അപ്പോൾ അവർ അവിശ്വാസികളും അവർക്കെതിരായുള്ള യുദ്ധം ന്യായീകരിക്കത്തക്കതുമാണ്. എൻെറ നിഗമനങ്ങളെ സ്ഥിരീകരിക്കുന്ന ഒരു അവസ്ഥയിൽ എത്തിച്ചേരാനോ അല്ലെങ്കിൽ അതു എന്നെക്കൊണ്ടു ചെയ്യിക്കാൻ ഇടയാക്കുന്നതെല്ലാം അംഗീകരിക്കുന്ന സ്ഥിതിവിശേഷം വരെ പോകാനോ മൗലാനാ കൂട്ടാക്കിയില്ല. ഈ സംഭാഷണം ജ്ഞാനോദ്ദീപനത്തേക്കാൾ ഉപരിയായി സന്ദേഹകരമായിരുന്നു. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം, ഈ വിവാദവിഷയം വളരെ സുവ്യക്തമായിരുന്നു; അവർ ഒന്നുകിൽ അവിശ്വാസികളാണ് അല്ലെങ്കിൽ അവിശ്വാസികളല്ല. അവർ കലിമ ഏറ്റുപറയാതിരിക്കുന്നതിനാൽ അവർ അവിശ്വാസികളാണ്, ആയതിനാൽ യുദ്ധത്തിന് തയ്യാറാകുകയും വേണം.

അത്തരം അന്തർഗതത്തോടെയാണ് ഞാൻ ആ വീട്ടിലേക്ക് യാത്ര പുറപ്പെട്ടത്. മതിൽ കെട്ടിയ മുറ്റത്തിനുള്ളിൽ ചെറിയൊരു മുറി ഉണ്ടായിരുന്നു. എന്നാൽ അതിൻെറ കതക്

ഉള്ളിൽ നിന്ന് ബന്ധിച്ചിരുന്നു. ഞങ്ങൾ മുട്ടിയപ്പോൾ കതകു തുറക്കപ്പെട്ടു.

"നിങ്ങൾ ക്രിസ്ത്യാനികളാണോ?"

"ഉവ്വ്,"

"ഇത്രയും കാലം നിങ്ങൾ ക്രിസ്ത്യാനികളായിരുന്നു. ഇപ്പോൾ നിങ്ങൾക്കു മുസ്ലീങ്ങളായിക്കൂടെ?"

മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ വിറച്ചുകൊണ്ട് രണ്ട് മധ്യവയസ്ക്കർ എന്റെ മുമ്പിൽ നിന്നു. മറുപടിക്കായി അവർ പരതിയപ്പോൾ ഏകദേശം പത്തുവയസ്സ് പ്രായമുള്ള ഒരു പെൺകുട്ടി കിടക്കയുടെ കീഴിൽനിന്ന് ഇഴഞ്ഞുകൊണ്ട് മുന്നോട്ടു വന്ന് എന്റെ വെല്ലുവിളിക്കു മറുപടി പറഞ്ഞു.

"ഇല്ല, ഞങ്ങൾക്കു മുസ്ലീങ്ങളായിത്തീരാൻ സാധ്യമല്ല."

ഞാൻ പൊട്ടിച്ചിരിച്ചുകൊണ്ട് എന്തുകൊണ്ടാണ് അങ്ങനെ എന്ന് ചോദിച്ചു.

"ഒരു കാരണവശാലും മതംമാറാൻ ഞങ്ങൾക്കു കഴികയില്ല", അവൾ പ്രതിവചിച്ചു.

"മണ്ടിപെണ്ണ്!" ഞാൻ പറഞ്ഞു, "ഇക്കാലത്ത്, ജീവൻ രക്ഷിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു; ഇതാണ് അതിനുള്ള മാർഗ്ഗം." അവൾ കീഴടങ്ങിയില്ല.

"ലോകാവസാനം വരെ എല്ലാനാളും ഞാൻ നിങ്ങളോട് കൂടെ ഉണ്ടെന്നു പറഞ്ഞ ഒരുവനിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവൻ എല്ലായ്പ്പോഴും ഞങ്ങളോടു കൂടെ ഉണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു ഈ ദിവസവും!"

അധികനേരം ക്ഷമയോടിരിക്കാൻ എനിക്കു കഴിഞ്ഞില്ല. അവളുടെ ദുശ്ശാഠ്യം എന്നെ കോപിപ്പിക്കയും പെട്ടന്നൊരു തീരു



മാനത്തിൽ എത്തിച്ചേരാനും ഇടയാക്കി. "ശരി, പ്രായമുള്ള രണ്ടുപേരെയും കൊലപ്പെടുത്തിയശേഷം നിന്നെ ഞങ്ങളോടുകൂടെ ക്യാമ്പിൽ കൊണ്ടു പോയി, പകരം ഇന്ത്യയിൽ നിന്നൊരു മുസ്ലീം പെൺകുട്ടിയെ കൈമാറ്റം ചെയ്യാം" ഞാൻ പറഞ്ഞു. എന്നാൽ ഈ പത്തുവയസ്സുള്ള ചെറിയ കുട്ടി എന്റെ ഭീഷണക്കു കീഴടങ്ങുന്ന ലക്ഷണം കണ്ടില്ല.

"നിങ്ങൾക്കു ഇഷ്ടമുള്ളതു ചെയ്യാം, എന്നാൽ ഞങ്ങൾക്കൊരു അപേക്ഷയുണ്ട്" അവൾ ശഠിച്ചു.

"അതെന്താണ്?"

"ഞങ്ങളുടെ ജീവൻ രക്ഷിക്കണമെന്നു ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നില്ല, എന്നാൽ ഞങ്ങളോട് ഈ വാഗ്ദത്തം ചെയ്തവൻ ഞങ്ങളുടെ സഹായത്തിനായി സന്നിഹിതനാകേണ്ടതിന്, പ്രാർത്ഥനക്ക് വേണ്ടി ഏതാനും നിമിഷങ്ങൾ തരണം." അവൾ സധൈര്യം പ്രസ്താവിച്ചു. അവളുടെ കണ്ണുകളിൽ ഭയത്തിന്റെ ലാഞ്ചനപോലും ഇല്ലായിരുന്നു.

"വിവരംകെട്ട പെണ്ണ്! ഇന്ന് ഒരു ദൈവവും ഒരുവനെയും രക്ഷിക്കാൻ പോകുന്നില്ല. ഇന്ത്യയുടെ അതിർത്തിയിലുള്ള മുസ്ലീങ്ങളെ ആരും രക്ഷിച്ചില്ല, ഈ ഭാഗത്തുള്ള ഹിന്ദുക്കളെയും ഒരു ദൈവവും രക്ഷിച്ചില്ല. അങ്ങകലെ ഫോർട്ട് ഹപ്സാലിലെ അമ്പലം നീ കണ്ടില്ലേ, അതു ഉന്മൂലനം ചെയ്യാൻ ഞങ്ങളുടെ നശീകരണ സംഘത്തിനു ഏതാനും മണിക്കൂറുകൾ മാത്രമേ വേണ്ടിവന്നുള്ളു. അവളെ ഭീഷണിപ്പെടുത്താനാണ് ഞാനിത് പറഞ്ഞത്.

"ഏതാനും നിമിഷങ്ങൾ ഞങ്ങൾക്കു തരൂ" അവൾ നിർബന്ധിച്ചു.

"അതെ, നിങ്ങൾ പ്രാർത്ഥിച്ചോളൂ"; മറുപടി പറഞ്ഞശേഷം ഞാൻ കൂട്ടിച്ചേർത്തു," പ്രാർത്ഥനയാൽ നിങ്ങൾ

ക്കൊരു അണുബോംബ് ഉളവാക്കൽ കഴിയുമോ എന്നു കാണാം."

ആ പെൺകുട്ടിയും മറ്റു രണ്ടുപേരും മുട്ടിന്മേൽ ഇരുന്നു. അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നതെന്താണെന്നു ഞങ്ങൾ കേട്ടില്ലെങ്കിലും അവളുടെ കവിളുകളിലൂടെ കണ്ണുനീർ ധാരധാരയായി പ്രവഹിച്ചുകൊണ്ടിരുന്നതും അവളുടെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നതും ഞാൻ ശ്രദ്ധിച്ചു. പിന്നീട് യേശുക്രിസ്തുവിൻെറ നാമത്തിൽ, ആമേൻ എന്ന് മൂവരും പറഞ്ഞുകൊണ്ട് ആ നിശ്ശബ്ദതയെ ഭജ്ജിച്ചു.

ആമേൻ എന്ന വാക്കു ഉരുവിട്ടപ്പോൾ, തേജോമയമായൊരു പ്രകാശഭിത്തി ഭൂമിയിൽ നിന്ന് ഉയർന്ന് ഞങ്ങളുടെ ദൃഷ്ടിയിൽനിന്ന് അവരെ മറച്ചു നിർത്തി. മാരകമായ വെടിവെയ്പുകളും പ്രചണ്ഡമായ ശബ്ദസ്പോടന ജ്വാലകളെയും ഞാൻ നിസ്സാരമായി അഭിമുഖീകരിച്ചിട്ടുണ്ടെങ്കിലും, ഇത്തരത്തിലൊരു ഉജ്വലവും ബീഭത്സവുമായ ദീപ്തി എൻെറ ജീവിതത്തിൽ ഒരിക്കിൽ പോലും കണ്ടിട്ടില്ല. അദ്വതീയവും സ്വർഗ്ഗീയവുമായിരുന്ന ആ പ്രകാശത്തെ എനിക്കു വാക്കുകൾ കൊണ്ടു വിവരിക്കാൻ സാധ്യമല്ല.

അചിരേണ, ഈ വെളിച്ചം എൻെറ അടുത്തേക്ക് അടുത്തേക്ക് അടുത്തുകൊണ്ടിരുന്നു; ഞാൻ പരിഭ്രമിക്കാൻ തുടങ്ങി. അതു എന്നെ അതിക്രമിച്ച് ദഹിപ്പിച്ചു കളയുമെന്നതു പോലെ എനിക്കു തോന്നി. എൻെറ ചുണ്ടുകളിൽ കൂടി അത്യധികം ഉമിനീർ ഒഴുകിപ്പോകാനും തുടങ്ങി. എനിക്ക് ഒൻപതു വയസ്സായതിനു ശേഷം ആദ്യമായിട്ടാണ് ഭീതി-യഥാർത്ഥ, ധൈര്യക്ഷയകരമായ ഭയം-ഞാൻ അനുഭവിക്കുന്നത്. എന്തു ചെയ്യണമെന്നു എനിക്ക് അറിയില്ലായിരുന്നു. ഈ ദുഃഖാർത്തരുടെ മുമ്പാകെ ഞാൻ മാപ്പപേക്ഷിച്ച് അവരുടെ ക്ഷമക്കായി കേണപേക്ഷിക്കുകയാണ് കരണീയമെന്ന് പെട്ടന്നൊരു



ചിന്ത എൻെറ മനസ്സിൽ ഉരുത്തിരിഞ്ഞു; ഭയത്തോടും വിറയലോടും ഞാൻ ഇങ്ങനെ പറഞ്ഞു; ദയവായി എന്നോട് ക്ഷമിക്കൂ അവരോട് ഞാൻ ക്ഷമായാചനം നടത്തുവാൻ നിർബന്ധിതനായിതീർന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലായില്ലെങ്കിലും എൻെറ ജീവിതത്തിൽ ഞാൻ അനുഭവിച്ചിട്ടുള്ള ശക്തിയേക്കാൾ മഹത്തായ ശക്തിയുമായി അവർ സമ്പർക്കത്തിലായിരുന്നു എന്നു വ്യക്തം, ഒരു പക്ഷെ, "ഇത്" ക്ഷമിക്കണമെന്ന് ഞാൻ ചോദിക്കണമായിരുന്നു. ഏതായാലും, "യേശുക്രിസ്തുവിൻെറ നാമത്തിൽ ഞങ്ങൾ ക്ഷമിക്കുന്നു" എന്നു പറയുന്നത് ഞാൻ കേട്ടു.

ഈ വാചകം ഉരുവിട്ട ഉടൻ തന്നെ ആ പ്രകാശ വലയം അപ്രത്യക്ഷമായി. സമാധാനത്തോടും നിശ്ശബ്ദതയോടും, ഞാൻ ആജ്ഞാപിക്കുന്നതെന്തും ചെയ്യാനുള്ള ഒരുക്കത്തോടെ, ഒരിക്കൽ കൂടി അവർ ഞങ്ങളുടെ മുമ്പാകെ നിന്നു. ഞങ്ങൾക്ക് അവിടെ ദീർഘനേരം നില്ക്കാൻ കഴിഞ്ഞില്ല. ഹിന്ദുക്കൾ ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ട വീടുകളിൽ നിന്ന് ഞങ്ങൾ കവർന്നെടുത്ത കുറെ സ്വർണ്ണപണ്ടങ്ങൾ ഞങ്ങളുടെ കൈവശം ഉണ്ടായിരുന്നു. ഞങ്ങൾ നിമിത്തം ഉണ്ടായ കുഴപ്പങ്ങൾക്ക് ഞങ്ങൾക്കും പങ്കുണ്ടെന്ന തോന്നലോടെ, അവയിൽ കുറെ അവർക്ക് എറിഞ്ഞുകൊടുത്തിട്ട്, ഞങ്ങൾ വിടപറഞ്ഞു.

എൻെറ താമസസ്ഥലത്തു മടങ്ങി വന്നശേഷം എനിക്കു ഉറങ്ങാൻ കഴിഞ്ഞില്ല. യേശുക്രിസ്തുവിൻെറ നാമം എൻെറ കാതുകളിൽ സദാ മുഴങ്ങിക്കൊണ്ടും, വീണ്ടും വീണ്ടും അസഹ്യപ്പെടുത്തിക്കൊണ്ടുമിരുന്നു. യേശുക്രിസ്തുവിൻെറ നാമം തീവ്രമായി എൻെറ ശ്രദ്ധക്ക് വിഷയീഭവിച്ചപ്പോൾ എനിക്ക് ഉണ്ടായ ഗതകാല അനുഭവങ്ങൾ അനുസ്മരിക്കാൻ ഞാൻ ആരംഭിച്ചു. എന്നെയും എൻെറ സഹഭടന്മാരെയും ജപ്പാൻകാരുടെ ബോംബാക്രമണങ്ങളിൽ നിന്ന് സംരംക്ഷിച്ച ബാക്സ്റ്ററുടെ "യേശുകർത്താവ്." ബാക്സ്റ്ററുടെ അവകാശവാ

ദം യാഥാർത്ഥ്യമാണെങ്കിൽ-നമ്മുടെ ജീവിതം സംരക്ഷിക്കപ്പെടാനുള്ള ഏക വിശദീകരണം ഇതായിരുന്നുവെന്ന് നാമെല്ലാവരും അംഗീകരിക്കുന്നു- എൻെറ ജീവൻ അവനോട് കടപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും, അവനെ എനിക്കു വ്യക്തിപരമായി അറിഞ്ഞുകൂടെന്നു മാത്രമല്ല, അവനെപ്പറ്റി എനിക്ക് അധികം മനസ്സിലാക്കാനും സാധിച്ചിട്ടില്ല. ഞാൻ അറിയാത്ത ഒരുവന് നന്ദി പ്രദർശിപ്പിക്കാൻ എനിക്കെങ്ങനെയാണ് കഴിയുക? എങ്കിലും ഞാൻ അങ്ങനെ ചെയ്യാൻ നിർബന്ധിതനാണ്, എന്തെന്നാൽ അവൻ എൻെറ ജീവൻ രക്ഷിച്ചു.

അനന്തരം, ആരിൽ തങ്ങൾ ആശ്രയിക്കയും ആർക്കുവേണ്ടി നിസ്സഹായനായ ഒരു യുവാവിൻെറ മുറിവുകളെ പരിചരിച്ച്, തൻെറ ജീവൻ രക്ഷിച്ചുവോ ആ അമ്പറിൻേറയും മേരിയുടേയും "യേശുക്രിസ്തു"വിനെ കാണുന്നു. ഈ യേശുകർത്താവ് എൻെറ ജീവൻ രക്ഷിക്കുക മാത്രമല്ല, ഞാൻ മുറിവേറ്റവനും നിസ്സഹായനുമായി കിടക്കുമ്പോൾ എന്നെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ തൻെറ ശിഷ്യന്മാരെക്കൊണ്ട് വേണ്ട ക്രമീകരണങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു. എന്തുകൊണ്ടാണ് അവൻ ഇത് എനിക്കുവേണ്ടി ചെയ്യുന്നത്? എൻെറ ഭക്തിയോ ആദരവൊ ഒന്നും ഞാനവന് കൊടുത്തിട്ടില്ല. തൻെറ അനുയായികളിൽ നിന്ന് ഏതു ജീവിതരീതിയാണ് താൻ പ്രതീക്ഷിക്കുന്നതെന്ന് എനിക്കറിയില്ലെന്നു മാത്രമല്ല, ഞാൻ ആ പാത പിൻതുടർന്നതുമില്ല. ഒരു യഥാർത്ഥ മുസ്ലീമെന്ന നിലയിൽ, ഇസ്ലാമിൻെറ നിയമങ്ങൾ ഞാൻ ആചരിച്ചു. ഞാൻ യേശുക്രിസ്തുവിൻെറ വക അല്ലായിരുന്നു.

മഹത്തായ ത്യാഗം ചെയ്യാനുള്ള കരുത്ത് ഫിലിപ്പിൻെറ "യേശുക്രിസ്തു" അവനു പ്രദാനം ചെയ്തു. എനിക്കു സലീമയിൽ നിന്ന് വ്യക്തിപരമായി ലഭിക്കാമായിരുന്ന സന്തോഷം പരിത്യജിച്ച്, വിശുദ്ധയുദ്ധത്തിൽ അല്ലാഹുവിനെ പ്രീതിപ്പെടുത്താനുള്ള ആഗ്രഹം നിമിത്തം അവളെ ഞാൻ എന്നെന്നേക്കു



മായി നഷ്ടപ്പെടുത്തിക്കൊണ്ട് ഞാനും ത്യാഗം ചെയ്തല്ലോ. എന്നാൽ അല്ലാഹുവിനോട് ഏതെങ്കിലും വ്യക്തിപരമായ ബന്ധം എനിക്ക് ഉണ്ടാകുമോ ഏതെങ്കിലും പ്രവൃത്തിക്കാൻ അവൻ എനിക്ക് ധൈര്യം പകർന്നതായോ ഞാൻ വിശ്വസിക്കയുണ്ടായില്ല. എൻേറതായ മിടുക്കിലും സാമർത്ഥ്യത്തിലുമാണ് ഞാൻ ആശ്രയിച്ചത്.

കൃത്യസമയത്ത്, സമുചിതമായ നിമിഷത്തിൽ കടന്നുവന്ന് തൻെറ ജീവൻ രക്ഷപ്പെടുത്തിയ ആ ബാലികയുടെ "യേശുക്രിസ്തു"വിനോടുള്ള എൻെറ അഭിമുഖമാണ് എനിക്കുണ്ടായിട്ടുള്ള എല്ലാ അനുഭവങ്ങളിൽ വെച്ചേറ്റവും ഹൃദയസ്പൃക്കായിട്ടുള്ളത്. തൻെറ വാഗ്ദത്തങ്ങൾ നിറവേറ്റിയ ഒരുവനാണ് അവൻ. ജപ്പാൻകാരുടെ ബോംബാക്രമണ വേളയിൽ അവൻ ഞങ്ങളുടെ യൂണിറ്റ് രക്ഷിച്ചതിനെപ്പറ്റി എനിക്ക് ഏതെങ്കിലും സംശയം അവനെപ്പറ്റി ഉണ്ടായിരുന്നുവെങ്കിൽ, ഇതുപോലൊരു അവസരമൊന്നും എനിക്ക് ഉണ്ടാകാൻ സാധ്യത ഉണ്ടാകുമായിരുന്നില്ല. അവൻെറ സംരക്ഷണം എൻെറ സ്വന്തം കണ്ണുകൾകൊണ്ട് ഞാൻ ദർശിച്ചതാണ്. ആ വസ്തുതയിൽ നിന്ന് വഴുതിപ്പോകാൻ സാധ്യമല്ല. ഞാൻ പോകുന്നിടത്തൊക്കെയും "യേശുകർത്താവ്" എന്നെ അനുധാവനം ചെയ്യുന്നതായി എനിക്കു തോന്നി. ആ കുടുംബക്കാരോട് ഞാൻ ക്ഷമാപണം നടത്തിയത് ആശ്ചര്യകരമാണ്; അതിനുമുമ്പ് ഒരിക്കലും ഞാൻ അത്തരത്തിൽ ഒരു പ്രവർത്തി ചെയ്തിട്ടില്ല. അവരെ കൊലചെയ്യണമെന്നുണ്ടായ ചിന്തപോലും തെറ്റാണെന്ന ബോധം എനിക്കുണ്ടായോ? എൻെറ ജീവിതം മുഴുവൻ പാപപങ്കിലമായിരുന്നോ? യാഥാർത്ഥ്യമാണെന്നു അന്തഃപ്രേരിതമായി എനിക്ക് അറിയാമായിരുന്നതിനോട് ഞാൻ ബോധപൂർവ്വം അനുസരണക്കേട് കാണിക്കയാണോ ചെയ്തത്? അവർ "യേശുക്രിസ്തു"വിൻെറ നാമത്തിൽ എന്നോട് ക്ഷമിക്കയും ചെയ്തു.

പൊടുന്നനവെ, ഈ അനുഭവങ്ങളിൽ നിന്നെല്ലാം ഒരു മാതൃക കണ്ടെത്താൻ ഞാൻ ആരംഭിച്ചു. ചിതറിപ്പോയ മുത്തുമണികൾ കോർത്തിണക്കിക്കഴിയുമ്പോൾ കമനീയമായൊരു കണ്ഠാഭരണമായിത്തീരുന്നതു പോലെയാണ് ആ അനുഭവങ്ങൾ. മരണത്തിൽ നിന്ന് എന്നെ മോചിപ്പിച്ച്, പരിപാലിച്ച്, തൻെറ നാമത്തിൽ പാപപരിഹാരം ലഭിച്ചു കിട്ടിയവരുടെ ജീവിതത്തിൽ യേശുക്രിസ്തുവിൻെറ പരമയാഗം എന്തു ഫലങ്ങളാണ് ഉളവാക്കുന്നതെന്നും എന്നെ കാണിച്ചു. ഏതോ ഒന്നിന്നുവേണ്ടി എന്നെ വേർതിരിച്ചിരിക്കയാണോ? അങ്ങനെയെങ്കിൽ അതെന്താണ്?

അത്തരം ക്ലേശകരവും അസ്വാസ്ഥ്യകരവുമായ ചിന്തകൾ എനിക്കു ഒരു സ്വസ്ഥതയും തന്നില്ല. എൻെറ ഏകാഗ്രതയിങ്കൽ അവ സ്വയം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. എങ്കിലും, മറ്റു ആലോചനകളെയും തീരുമാനങ്ങളെയും മുക്കിക്കളയാൻ തക്കവണ്ണം അവ അത്രക്ക് ശക്തമായിരുന്നില്ല. അപ്പോഴും ഞാൻ സ്വാതന്ത്ര്യ സമരത്തിൽ സജീവമായി രംഗത്തുണ്ടായിരുന്നു. വെറുതെ ആയുധം ഉപേക്ഷിച്ച് എനിക്ക് വിടവാങ്ങാൻ കഴിയുമായിരുന്നില്ല. എന്നെതന്നെ ഏല്പിച്ചു കൊടുക്കാൻ കഴിയുമായിരുന്ന മറ്റൊന്ന് എനിക്ക് ഉണ്ടായിരുന്നില്ല. എൻെറ തീഷ്ണതക്ക് മാന്ദ്യം ഉണ്ടായെങ്കിലും, എൻെറ പ്രവർത്തനങ്ങളിൽ ഞാൻ അപ്പോഴും മുന്നേറിക്കൊണ്ടിരുന്നു.

ഒരു രാത്രിയിൽ, എൻെറ പ്ലാറ്റൺ ആസൂത്രണം ചെയ്ത്, വിജയകരമായൊരു ആക്രമണം നടത്തുകയും ജമ്മുവിന് അത്യധികം ഉൾഭാഗത്തുള്ള ഒരു ഗ്രാമം അഗ്നിക്കിരയാക്കിത്തീർക്കുകയും ഉണ്ടായി. ആ പ്രദേശത്തേക്കു പോകുന്ന പാതയുടെ സമീപത്തുള്ള ഒരു വയലിൻെറ മൂലയിൽ ഞാൻ തനിയെ നില്ക്കയായിരുന്നു. കൊല്ലപ്പെട്ടുകൊണ്ടിരിക്കയും അഗ്നിക്കിരയായിത്തീർന്നും കൊണ്ടിരുന്ന ജനങ്ങളുടെ നിലവിളികളും



ആർത്തനാദങ്ങളും ആ ഗ്രാമത്തിൽ നിന്ന് എൻെറ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അവിടെ നിന്നും വഴുതിപ്പോകുന്ന ആരെയും സ്വീകരിക്കാനുള്ള തൻേറടത്തോടെ ഞാൻ തോക്കുമായി കാത്തുനിന്നു.

ഏതോ ഒന്ന് കൈയ്യിൽ ഏന്തിക്കൊണ്ട്, തീജ്വാലയിലൂടെ, പുകയും തീയും തള്ളിനീക്കി, വരുന്ന ഒരു വയോവൃദ്ധ എൻെറ ദൃഷ്ടിയിൽ പെട്ടു. അവളുടെ തോളിൽ ഒരു ശിശു പറ്റിപിടിച്ചുകിടന്നിരുന്നു. ഒരു വെടിയുണ്ട പ്രയോഗിക്കുന്നത് പാഴാണെന്ന് എനിക്കു തോന്നി; അവളുടെയും ശിശുവിൻെറയും കഥകഴിക്കാൻ തോക്കിൻെറ ചട്ടപ്പാത്തികൊണ്ട് ഒരു പ്രഹരം മാത്രം മതിയെന്നാണ് എനിക്കപ്പോൾ ഉണ്ടായ ചിന്ത. അവളുടെ അടുക്കലേക്കു ഞാൻ അടുത്തുചെന്നപ്പോൾ ആ ശിശുവിനെ എൻെറ പാദത്തിൽ കൈതാഴ്ത്തിപിടിച്ചുകൊണ്ട് അവൾ, "കൊന്നോ! അതു തന്നെ നടക്കട്ടെ, ഇതിനെയും കൊല്ല്! ഇതൊരു ഹിന്ദു കുട്ടിയാണ്. നിങ്ങളുടെ ദൈവം ആളുകളെ കശാപ്പുചെയ്യുന്ന ദൈവമല്ലേ, അതുകൊണ്ട് കൊന്നോ!"

എൻെറ കൈ നീട്ടിയ പാടെ നിന്നുപോയി; നിശ്ശബ്ദനായി എന്തുചെയ്യണമെന്നറിയാത്തവനായി നിലകൊണ്ടു. ഞങ്ങൾ തമ്മിൽ യാതൊരു പരസ്പരവിനിമയും കൂടാതെ, യഥാർത്ഥത്തിൽ ഞാൻ എന്താണ് ചെയ്യുന്നതെന്നറിയാതെ തന്നെ, അവരെ കൊല്ലുക എന്നത് ഒരു കാര്യമാണ്. എന്നാൽ, അവരുടെ പ്രത്യക്ഷമായ സാന്നിധ്യത്തെ ഇങ്ങനെ നേരിട്ട് നേരിടുന്നതും എൻെറ ദൗത്യ നിർവ്വഹണത്തിനുള്ള വെല്ലുവിളിയെ അഭിമുഖീകരിക്കയെന്നതും എനിക്കു സഹിക്കാവുന്നതിൽ അധികമായിരുന്നു. എന്നിൽപ്രകടമായ വിസമ്മതത്തെ അനുകൂലമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ആ വൃദ്ധ മുന്നോട്ടു വന്നു, എൻെറ കണ്ണുകളിലേക്കു തുറിച്ചു നോക്കി, ധൈര്യത്തോട് എന്നോട് ചോദിച്ചു; "മോനെ, നിനക്കു മക്കളില്ലേ?"

"ഇല്ല, അമ്മേ. പക്ഷെ, എൻെറ സഹോദരന്മാർക്കുണ്ട്". (പ്രായമുള്ളവരോടുള്ള ആദരവ് അന്നും എനിക്കുണ്ടായിരുന്നതിനാൽ അമ്മ എന്നാണ് ഞാനവരെ വിളിച്ചത്)

"മഴക്കാലത്ത് ആ കുഞ്ഞുങ്ങൾ മണ്ണുകൊണ്ട് മാടങ്ങൾ മെനയുന്നത് നീ അടുത്തുചെന്നു കണ്ടിട്ടുണ്ടോ?"

"ഉവ്വ്, അമ്മേ, ഞാൻ തന്നെ മണ്ണുകൊണ്ട് കാളകളും കുതിരകളും വീടുകളും പല തവണ ഉണ്ടാക്കിയിട്ടുണ്ട്."

ആ സംഭാഷണം അചിരേണ എന്നെ നിരായുധീകരിച്ചുകൊണ്ടിരുന്നു. ഞാനും അവരും നടത്തിക്കൊണ്ടിരുന്ന സംഭാഷണത്തിൻെറ ചാതുര്യം അവരുടെ ബുദ്ധികൂർമ്മതയെ പ്രകടിപ്പിക്കുന്നു. അവർ തുടർന്നു: ആ മൺമാടങ്ങളെയും കളിപ്പാട്ടങ്ങളെയും ആരെങ്കിലും തകർത്തുകളഞ്ഞപ്പോൾ നിനക്കു എന്തനുഭവമാണ് ഉണ്ടായിട്ടുള്ളത്?"

ഞാൻ "അങ്ങേയറ്റം അസ്വസ്ഥനായിത്തീർന്നിരുന്നു," ലജ്ജയോടെ ഞാൻ മറുപടി പറഞ്ഞു.

"ശരി, അങ്ങനെയെങ്കിൽ, എൻെറ മോനേ, ദൈവം തൻെറ കരങ്ങൾകൊണ്ട് ഈ ശിശുവിൻെറ ശരീരം നിർമ്മിച്ചത് അവൻെറ സദ്ഗുണത്തെ പ്രകീർത്തിക്കാനാണെന്ന വസ്തുത ഒന്ന് സങ്കല്പിച്ചു നോക്കൂ. നീ ഉണ്ടാക്കിയ ഏതോ ഒരു വസ്തുവിനെ ആരെങ്കിലും നശിപ്പിച്ചപ്പോൾ നിനക്കു അസഹ്യമായിത്തീർന്നെങ്കിൽ, നീ ഈ ചെയ്യുന്നവയെല്ലാം ദൈവം ഇഷ്ടപ്പെടുന്നുവെന്ന് നിനക്കെങ്ങനെ ചിന്തിക്കാൻ സാധിക്കും? അവിശ്വാസികളെ കൊല്ലാൻ വേണ്ടി ദൈവത്തിന് നിൻെറ സഹായം ആവശ്യമെന്നവണ്ണം അവൻ അത്രക്ക് ബലഹീനനാണോ? ദൈവം ഒരു വ്യക്തിയെയോ വസ്തുവിനെയോ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അതിന് അന്ത്യം കല്പിക്കാൻ അവനു തന്നെ സാധിക്കുന്നതാണ്."



ഈ വാക്കുകൾ എൻെറ മനസ്സിലും ആത്മാവിലും കൂടംകൊണ്ടുള്ളതുപോലെ പ്രഹരം ഏല്പിക്കയാൽ ഞാൻ അട്ടഹസിച്ചു: "അമ്മേ, അതുമതി! ഇനിമേലാൽ, മതത്തിൻെറ പേരിൽ ഈ കൈകൾ ഒരിക്കലും ആർക്കും എതിരെ ഉയരുകയില്ല. ഞാൻ എത്രമാത്രം അരിഷ്ടനാണെന്നു നിങ്ങൾ എന്നെ ബോധ്യപ്പെടുത്തി. ഞാനുത അവസാനിപ്പിക്കും. പ്രിയപ്പെട്ട അമ്മേ, എനിക്കു വേണ്ടി പ്രാർത്ഥിക്കു. ഞാൻ പാപിയാണെന്നു എനിക്കറിയാം."

അവർ പറഞ്ഞതു യാഥാർത്ഥ്യമാണെന്ന് എൻെറ ഉള്ളിൻെറ ഉള്ളിൽ എനിക്കു ഗ്രഹിക്കാൻ സാധിച്ചു. ഞാൻ ഏർപ്പെട്ടുകൊണ്ടിരുന്ന ജോലിയെപ്പറ്റി എന്നിൽ ഉടലെടുത്തുകൊണ്ടിരുന്ന സന്ദേഹത്തിൻെറ പാരമ്യതയിലേക്കാണ് അവർ എന്നെ കൊണ്ടുവന്നത്. ഈ രണാങ്കണത്തിൽ തുടരണമെന്നുള്ള എൻെറ തീരുമാനം വളരെയധികം നിർവീര്യമായിത്തീർന്നിരുന്നു. അങ്ങനെ, ഒടുവിൽ എനിക്കു മുന്നോട്ടു നീങ്ങാൻ സാധിക്കാതായി. ഞാൻ തികച്ചും ഭഗ്നാശനായി. പോരാട്ടത്തിൽ നിന്ന് പിന്തിരിയണമെന്നു ഞാൻ എൻെറ സെക്ഷനോട് ആജ്ഞാപിച്ചു. ഞാനൊരു വിഡ്ഢിയോ ഭ്രാന്തനോ എന്നു തോന്നുകയാൽ അവർ പിറുപിറുക്കാൻ തുടങ്ങി. എന്നെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലൊരു ഉത്തരവ് അനുചിതമായി തോന്നുകയാൽ അവർ പരിഭ്രാന്തരായിത്തീർന്നു; എങ്കിലും അവർ അനുസരിച്ചു.

ആ രാത്രിയിൽ എൻെറ ഹിംസാത്മകമായ വഴികളിൽ നിന്ന് ഞാൻ പിന്തിരിഞ്ഞു. എന്നെപ്പോലെയുള്ള ഒരുവന് നിത്യമായ നരകം മാത്രമാണ് അവശേഷിച്ചിരിക്കുന്ന ഏക സ്ഥലമെന്ന് ഞാൻ കണ്ടതെല്ലാം എന്നെ ബോധ്യപ്പെടുത്തുന്നതായി എനിക്കനുഭവപ്പെട്ടു, കാരണം, ദൈവത്തിന് സ്വന്തമായവരെ ഞാൻ എൻെറ സ്വന്ത കൈകൾകൊണ്ടാണല്ലോ ഹനി

ച്ചത്. സകല പ്രപഞ്ചത്തേയും സൃഷ്ടിച്ചത് സർവ്വശക്തനായ ദൈവമാണ്. പക്ഷെ, അവൻെറ അത്യുത്തമമായ സൃഷ്ടിയെയാണ് ഞാൻ അറും കൊല ചെയ്തത്. എന്നാൽ എൻെറ പ്രവൃത്തിയുടെയെല്ലാം പൂർണ്ണമായ ഉത്തരവാദിത്വം എടുക്കാൻ ഞാൻ സന്നദ്ധനല്ല. നിശ്ചയമായും, മതപ്രബോധകരുടെയെല്ലാം മുമ്പാകെ ഞാൻ കീഴടങ്ങുകയാണുണ്ടായത്. ഈ രക്തരൂക്ഷിതമായ ക്രീഡകൾക്കെല്ലാം ഉത്തരവാദി ഞാനല്ലെങ്കിൽ പിന്നെ ആരാണ്? ദൈവമാണോ?

ഇത്തരം വേദനാ നിർഭരമായ ചിന്തയോടെ, ഈ ജീവിതം ഇങ്ങനെ മുന്നോട്ടു നയിക്കാൻ സാധിക്കയില്ലെന്നുള്ള ഒരു തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. അവിശ്വാസികളെ ഹനിക്കുന്നതിനാൽ ഞാൻ അല്ലാഹുവിനെ പ്രീതിപ്പെടുത്തുകയാണെന്ന തോന്നൽ എന്നിൽ നിന്ന് എന്നേക്കുമായി വിടപറഞ്ഞു. എനിക്ക് പുറത്തു ചാടണമായിരുന്നു. രാജിവെയ്ക്കുക എന്നതു മാത്രമായിരുന്നു എൻെറ മുമ്പിൽ തുറന്നുകിടന്ന ഒരേരു മാർഗ്ഗം. എന്നാലും അതിൻെറ പരിണിതഫലങ്ങളെപ്പറ്റി ചിന്തിക്കാനുള്ള സഹനശക്തിപോലും എനിക്കില്ലായിരുന്നു. അതു ചെയ്യണമെന്നു മാത്രം ഞാൻ ചിന്തിച്ചു. എനിക്കു സ്വാതന്ത്ര്യ സമരാങ്കണത്തിൽ നിന്ന് രാജിവെച്ചൊഴിയാൻ കഴിയുമോ എന്ന് ഞാൻ കമാൻറിംഗ് ഓഫീസറുടെ അടുക്കൽ ചെന്ന് അഭ്യർത്ഥിച്ചു. അദ്ദേഹത്തിൻെറ മുഖമാകെ അത്ഭുതവും അവിശ്വാസവും പരന്നു. "എന്തുകൊണ്ടാണ് നീ രാജിവെക്കാൻ ആഗ്രഹിക്കുന്നത്" അദ്ദേഹം ആരാഞ്ഞു. അതിനു ആധാരമായി മുഴുസംഭവങ്ങളും അദ്ദേഹത്തിൻെറ മുമ്പാകെ അവതരിപ്പിക്കാൻ എനിക്കു സാധിച്ചില്ല. ഇതുവളരെ അവാസ്തവമായി അദ്ദേഹത്തിന് തോന്നാം. യാതൊരു കാരണവശാലും, എൻെറ യഥാർത്ഥ മനോവ്യാപാരങ്ങളെ ആരോടും വിശദീകരിക്കാൻ എനിക്കു കഴിയുമായിരുന്നില്ല. ഇതെല്ലാം പരിഹരിക്കാനുള്ള സമയം എനിക്കില്ലായിരുന്നതിനാൽ, ഞാൻ



കേവലം പ്രസ്ഥാനത്തോട് പ്രതിബന്ധിതനല്ലെന്നു മാത്രം പറഞ്ഞു. ഞാൻ ശമ്പളമൊന്നും കൈപ്പറ്റിയിട്ടില്ലായിരുന്നതിനാൽ അവർക്ക് എന്നിൽ അവകാശവാദം ഉണ്ടായിരുന്നില്ല. ഞാൻ സ്വമനസ്സാലെ ചേർന്നു, ഇപ്പോൾ സ്വതന്ത്രനായി രാജി സമർപ്പിക്കാനും ആഗ്രഹിക്കുന്നു. എന്നോട് തുടർന്നു വാദിച്ചതുകൊണ്ടും അതിൽ തന്നെ തുടരണമെന്നു പ്രേരിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടും പ്രയോജനമില്ലെന്നു അദ്ദേഹത്തിനു ബോധ്യമായി. എൻെറ രാജി രേഖയാക്കിക്കൊടുക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എൻെറ മനോരഥങ്ങൾ യുക്തിയുക്തമായി രേഖയാക്കുവാനുള്ള അവസരം ഇതു എനിക്കു പ്രദാനം ചെയ്തു. എൻെറ രാജിക്കുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് നാലുപേജ് എഴുതി. അദ്ദേഹം അത് ക്ഷമയോടും ശ്രദ്ധയോടും വായിച്ചു. അദ്ദേഹം എന്നെപ്പറ്റി ചിന്തിച്ച് അസന്നിഗ്ദമായി എന്നോടു പറഞ്ഞത് എനിക്ക് ചിത്തഭ്രമം സംഭവിച്ചെന്നാണ്. അദ്ദേഹത്തിൻെറ അഭിപ്രായത്തിനു ഞാൻ നന്ദി പ്രകടിപ്പിക്കയും എനിക്കു മതിഭ്രമം ഉണ്ടായതിൽ ഞാൻ സന്തുഷ്ഠനാണെന്നും പറഞ്ഞു. എൻെറ ബുദ്ധിയിലുണ്ടായ ഈ ദൗർബല്യം നിമിത്തം, യഥാർത്ഥ പ്രകാശം വ്യാപരിച്ചുകൊണ്ടിരുന്നു. ഒടുവിൽ എനിക്ക് സുബോധം വന്നു തുടങ്ങി. കമാൻറിംഗ് ഓഫീസർ ഭഗ്നാശനായെങ്കിലും അദ്ദേഹം മറ്റൊരു ജോലി എനിക്കു തന്നു. അതു ഞാൻ സ്വീകരിക്കയും ചെയ്തു. ഹിന്ദുക്കൾ ഇന്ത്യയിലേക്കു ഓടി രക്ഷപ്പെട്ടപ്പോൾ ഉപേക്ഷിച്ചുപോയ ജംഗമ വസ്തുക്കൾ എല്ലാം ശേഖരിക്കുക. മുസ്ലീം നാഷ്നൽ ഗാർഡിൽ നിന്നുള്ള കുറെ സന്നദ്ധ ഭടന്മാരും ഒരു മതനായകനും എന്നോടുകൂടെ ഉണ്ടായിരുന്നു.

ഈ ജോലി എന്നെ വീണ്ടും കുടുംബത്തിൽ മടക്കിക്കൊണ്ടുവന്നു. ഒരു ദിവസം ഞാൻ ഭക്ഷണത്തിനായി ഭവനത്തിൽ വന്നപ്പോൾ, എൻെറ സഹോദരൻ ഹാജി ഖുദാ

ബക്ഷാ, എൻെറ കൈവശം ഉണ്ടായിരുന്ന കമനീയമായൊ രു ഉത്തരീയം കണ്ടു. അതു എവിടെ നിന്നാണ് എനിക്കു ലഭിച്ചതെന്നും എന്നോട് ചോദിച്ചു. കണ്ടുകെട്ടിയ ഹിന്ദുവീടു കളിൽ ഒന്നിൽ നിന്നാണ് ഞാനതു എടുത്തതെന്നു അദ്ദേഹ ത്തോട് വിശദീകരിച്ചു കൊടുത്തു. അത് എൻെറ സഹോ ദരൻ എന്നിൽ നിന്നെടുത്തു തീയിലേക്ക് എറിഞ്ഞു. "ഈ ഉത്തരീയം എടുത്തതിനാൽ നീ നിന്നെത്തന്നെയും ഞങ്ങളെ യും അപമാനിച്ചിരിക്കുന്നു," കോപത്തോട് അദ്ദേഹം അട്ട ഹസിച്ചു. "നീ കുടുംബത്തിൽ തന്നെ താമസിക്കുക. വസ്തു വകൾ കവർന്നെടുക്കുന്നതിനോട് ബന്ധപ്പെട്ട ഈ ജോലി ഇനിമേലാൽ നീ തുടരുന്നതല്ല! ഞാൻ പറയുന്നതു നീ കേൾ ക്കുന്നുണ്ടോ?"

ഞാൻ ആശ്ചര്യഭരിതനായിപ്പോയി. അസാധാരണമാ യതൊന്നും ഞാൻ ചെയ്തുകൊണ്ടിരുന്നതിനാലല്ല അത്. ഞങ്ങളുടെ മതപ്രബോധകന്മാർപോലും ഇതിനെ അധാർമ്മി കമായി പരിഗണിക്കയോ ഉപേക്ഷിക്കപ്പെട്ട വസ്തുവകകളെ എടുക്കുകയും ഉപയോഗിക്കയും ചെയ്യുന്നത് അവരുടെ മാ ന്യതക്ക് നിരക്കാത്തതായോ കണക്കാക്കിയിരുന്നില്ല. ഹിന്ദു ക്കളുടെ വകയായിരുന്ന കളിമണ്ണുകൊണ്ടുണ്ടാക്കിയ അടുപ്പു കൾ ഏതോ ഒരു മൗലവി എടുത്തു തൻെറ സ്വന്തം വീട്ടിൽ സ്ഥാപിച്ചതായി ഞാൻ ഓർക്കുന്നു. ഞങ്ങളുടെ കുടുംബ ത്തിൽ ഈ വ്യക്തി വളരെ അറിയപ്പെട്ടവനാണ്. ഉത്തരേ ന്ത്യൻ മുസ്ലീം മതനേതാക്കന്മാരുടെ പരിശീലന കോളേജുകൾ സ്ഥിതിചെയ്തിരുന്ന ദയൂബന്ദിലും, ബുലാഗ്ഷഹറിലും അ ദ്ദേഹം ആയിരുന്നപ്പോൾ അദ്ദേഹത്തിന് സാമ്പത്തിക സഹായം എൻെറ പിതാവ് നൽകിയിരുന്നു. അടുത്തുള്ള ഹിന്ദു ഗ്രാമത്തിൽ നിന്ന് ഉപേക്ഷിച്ചിട്ടുപോയ വലിയൊരു ബം ഗ്ലാവും സ്വന്തമാക്കിത്തീർക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഒരു ദിവസം, താൻ ഇന്ത്യയിൽ നിന്നുള്ള ഒരു അഭയാർത്ഥിയാ ണെന്നു ജില്ലാ അധികൃതരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം



അവകാശപ്പെടുന്നതു ഞാൻ കാണുകയുണ്ടായി! ഇന്ത്യയിൽ തനിക്കുണ്ടായിരുന്ന ധാരാളം വിളനിലങ്ങൾ ഉപേക്ഷിച്ചിട്ടാണ് താൻ പോന്നതെന്നും അതിനുള്ള നഷ്ടപരിഹാരം കിട്ടാൻ ആഗ്രഹിക്കുന്നുണ്ടെന്നും നഷ്ടപരിഹാര ഫോറത്തിൽ അ യാൾ പൂരിപ്പിച്ചുകൊടുക്കുകയുണ്ടായി. ഈ ആപ്തവാക്യം എത്രമാത്രം സത്യമാണ്.

നേതാക്കന്മാരാണെന്ന ഭാവേന വസ്ത്രധാരണം ചെ യ്ത നിരവധി കൊള്ളക്കാരെ ഞാൻ കണ്ടു, ഞാൻ എന്നെത്ത ന്നെയോ അതോ എൻെറ മാനത്തേയോ രക്ഷിക്കേണ്ടത്?

എങ്കിലും കേവലമൊരു ഉറുമാൽ എടുത്തതിനു എന്നോ ട് കോപിക്കുന്ന ഒരു സഹോദരനെ ഞാൻ കാണുന്നു. ആരു ടെ മാതൃകയാണ് ഞാൻ ആശ്രയിക്കുക? ഇവിടെ ഇതാ ഞാൻ വീണ്ടും സംഘർഷത്തിനും മിഥ്യാ ബോധത്തിനും ഇരയായി, തൊഴിൽ രഹിതനായിത്തീർന്നിരിക്കുന്നു. എൻെറ ജീവി തത്തിൽ എന്താണ് ഞാൻ ചെയ്യേണ്ടിയിരുന്നത്?

# VI. ആപത്ഘട്ടത്തിലകപ്പെ ട്ടെങ്കിലും ജയശാലി

ദൗർഭാഗ്യകരമായ ആ നിശയിൽ ആ വയോവൃദ്ധയു മായുള്ള എൻെറ അഭിമുഖീകരണം ഇനിമേലാൽ ഞാൻ മ റ്റൊരു മർത്യജീവൻ ഹോമിക്കയില്ലെന്ന എൻെറ ശപഥത്തെ ഊർജിതപ്പെടുത്തുകയാണുണ്ടായത്. എൻെറ ആ പ്രതിജ്ഞ സാക്ഷാത്കരിക്കാനുള്ള തീരുമാനത്തിൻെറ വെളിച്ചത്തിൽ, സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിൽ നിന്ന് ഞാൻ രാജിവെച്ചു. R.A.F.-ൽ നിന്ന് പിരിഞ്ഞതിനുശേഷം, സ്വതന്ത്ര കാഷ്മീരി നു വേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനത്തിലേക്കാ

ണ് അല്ലാഹുവിനെ സേവിക്കാനുള്ള എൻെറ അഭിലാഷം എന്നെ നയിച്ചത്. അപ്പോൾ എൻെറ ജീവിതത്തിനു അർത്ഥവും ലക്ഷ്യവും കരഗതമായതായിട്ടെനിക്കു തോന്നി. എന്നാൽ ഇപ്പോൾ എൻെറ മതതീഷ്ണതയോ രാഷ്ട്രീയ എരിവോ എൻെറ സങ്കല്പങ്ങളെ ഉദ്ദീപിപ്പിച്ചില്ല. യുദ്ധത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെങ്കിലും, അതു ഏതു ഉദ്ദേശ്യത്താൽ ഉദ്ദീപ്തമായിത്തീർന്നു എന്നുള്ളതല്ല, മറിച്ചു, അതു ഉളവാക്കുന്ന മൃഗീയത്വങ്ങളും ഘോരകൃത്യങ്ങളുമാണ് എന്നെ അലോസരപ്പെടുത്തിയത്. ഒരിക്കൽ കൂടി, ഒരളവിൽ, എൻെറ വഴിത്താരയിൽ അതു എന്നെ തടസ്സപ്പെടുത്തി. ഞാനൊരു നാലുമുക്കിൽ അകപ്പെട്ടു; ഏതു ദിശയിലേക്കാണ് പോകേണ്ടതെന്ന് എനിക്കറിയില്ലായിരുന്നു.

എങ്കിലും, ശൂന്യതക്കു പകരം സന്ദേഹങ്ങളും ഭീതികളും എന്നെ ഗ്രസിച്ചു. മരിച്ചാൽ ഞാൻ നരകത്തിലാണ് നിപതിക്കാൻ പോകുന്നതെന്ന പ്രത്യേകമായൊരു ഭീതി എന്നെ വിടാതെ പിടിച്ചു. മറ്റേതെങ്കിലും അന്ത്യം എനിക്കു കാണാൻ കഴിഞ്ഞില്ല. മരണം അത്രക്ക് യാഥാർത്ഥ്യമായെനിക്കു തോന്നി. അപ്പോൾ മരിക്കുകയാണെങ്കിൽ ഞാനെവിടെ ചെന്നു ചേരുമെന്നോർത്തു ഞാൻ ഭയപ്പെട്ടു. ഒമ്പു വയസ്സിനുശേഷം വളരെ അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ ഭയന്നിട്ടുള്ളു; സാഹസികങ്ങളായ ദൗത്യങ്ങൾ നിർവ്വഹിപ്പാൻ ഒരിക്കലും ഭയന്നിട്ടില്ല. മിക്കവാറും മരണത്തെ മുഖാമുഖമായി കണ്ട ഞാൻ ഇപ്പോൾ മരണത്തിൻെറ കരാള ഹസ്തങ്ങളാൽ പിടിക്കപ്പെട്ടിരിക്കുന്നു -ഞാൻ അതിന് അർഹൻ തന്നെയെന്നറിഞ്ഞ ഭയം. ഞാൻ എന്നെ നരകത്തിനു മാത്രം യോഗ്യനായി കണ്ടു.

സംശയങ്ങൾ എന്നെ അസഹ്യപ്പെടുത്തി; ഘോരമായ മനോവിഭ്രമത്തിലേക്ക് അത് എന്നെ വലിച്ചെറിഞ്ഞു. ദൈവം ഇല്ലായിരുന്നെങ്കിൽ! എൻെറ ഈ അവസ്ഥക്കും ഞാൻ



ചെയ്ത പ്രവൃത്തികൾക്കും, അങ്ങനെയെങ്കിൽ, ഞാൻ ശിക്ഷിക്കപ്പെടേണ്ടതില്ലായിരുന്നു. നരകത്തെ ഭയപ്പെടേണ്ട ആവശ്യം പോലും നേരിടേണ്ടി വരികയില്ലായിരുന്നു. എനിക്കു ചുറ്റും മരണത്തെയും മനുഷ്യനാശത്തെയും ഞാൻ കണ്ടിട്ടുണ്ട്. ദൈവത്തിന് ഇതിലെല്ലാം പങ്ക് ഉണ്ടായിരിക്കാൻ സാധ്യതയൊന്നും കാണുന്നില്ല. എന്നാൽ എൻെറ മനസ്സാക്ഷിയുടെ ശബ്ദം നിശ്ശബ്ദമായിരിക്കാൻ സമ്മതിക്കുന്നില്ല. "നിശ്ചയമായും ഒരു ദൈവം ഉണ്ടെന്നു", അത് ആധികാരികതയോടും നിശ്ചയത്തോടും പ്രസ്താവിക്കുന്നു. ഈ പ്രപഞ്ചത്തിൻെറ ഉത്ഭവത്തിന് ഉത്തരവാദിയായി ഒരുവൻ ഉണ്ടെന്നു അതിൻെറ അസ്ഥിത്വം തന്നെ ആവശ്യമായ തെളിവ് എനിക്കു നല്കുന്നു. ഇതങ്ങനെ ആല്ലെങ്കിൽ, ദൈവത്തിന് തൻെറ സൃഷ്ടിയോട് അടുത്ത് ബന്ധപ്പെടുന്നതിന് സാധിക്കയില്ലെന്നു മാത്രമല്ല, ലോകം ശൂന്യവും അനാകർഷവും ആയിരിക്കും. എന്നാൽ യാഥാർത്ഥ്യം അതല്ലെന്നു എനിക്കറിയാമായിരുന്നു; പ്രകൃതിയുടെ മനോഹാരിതതന്നെ അനിഷേധ്യമായ സാക്ഷ്യമാണ്.

ഈ ലോകത്തെയും അതിൻെറ മനോഹാരിതകളെയെല്ലാം സൃഷ്ടിച്ച ഒരു ദൈവം ഉണ്ടെന്നു ഞാൻ അംഗീകരിച്ചു കൊടുത്താൽ തന്നെ, അവൻതന്നെ നിർമ്മിച്ചവയെ എല്ലാം നശിപ്പിക്കാൻ അവൻ അനുവദിക്കുന്നു എന്ന് ഞാൻ വിചാരിച്ചു. അവിശ്വാസികൾ കൊല്ലപ്പെടുന്നതിൽ അല്ലാഹു സന്തുഷ്ടനാണെന്ന മതപ്രബോധകരുടെ ഉപദേശത്താൽ എനിക്ക് പ്രചോദനം ഉണ്ടാകുകയും ഞാനതു വിശ്വസിക്കുകയും ചെയ്തു. എന്നാൽ എല്ലാവരെയും സൃഷ്ടിച്ചത് അവൻ ആണെങ്കിൽ ഇതെങ്ങനെയാണ് സാധിക്കുക? നിശ്ചയമായും അവരുടെ ഭക്തി അവന് നേടിയെടുക്കാൻ കഴിയുമെങ്കിൽ അതിനേക്കാൾ ഉത്തമം!

മനുഷ്യൻ തൻെറ ചിന്താ സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നതിന് ഒരുപക്ഷേ ദൈവം തന്നെ ഉത്തരവാദി അല്ലാ

യിരിക്കാം. മനുഷ്യൻ കൊല്ലപ്പെടുന്നതിൽ ഒരു പക്ഷെ അവന് അതൃപ്തിയായിരിക്കാം. എന്നാൽ ആത്യന്തികമായി ദൈവം തന്നെയാണ് അതിന് ഉത്തരവാദി, കാരണം, ഒന്നാമതായി, അവൻ തന്നെയാണല്ലോ മനുഷ്യന് ചിത്ത സ്വാതന്ത്ര്യം കൊടുത്തതെന്ന് ഞാൻ ചിന്തിച്ചു. ഞാൻ അവിശ്വാസികളെ കൊലചെയ്യുമ്പോൾ അങ്ങനെ ചെയ്യാനുള്ള ദൈവീക കല്പന ലഭിച്ചിട്ടുണ്ടെന്നു എനിക്കു തോന്നി. അതിൽ ദൈവത്തിന് അപ്രീതി ഉണ്ടായിരുന്നുവെങ്കിൽ, തൻെറ ഇച്ഛയെ സാക്ഷാത്കരിക്കാൻ എൻെറ ഹിതത്തെ നിഷ്ഫലമാക്കാൻ, വളരെ വേഗം അവന് സാധിക്കുമായിരുന്നു. ധർമ്മനിഷ്ഠനായൊരു മുസ്ലീം എന്ന നിലക്ക്, വിശുദ്ധ യുദ്ധത്തിൽ പങ്കാളിയാകണമെന്ന് പള്ളികളിൽ നിന്നുള്ള ആഹ്വാനത്തെ ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ടുള്ള എൻെറ പ്രവർത്തനം ശരിയാണെന്നു ഞാൻ വിശ്വസിച്ചു. ഞാൻ കീഴടങ്ങി, ഏതായാലും ഇസ്ലാമിൻെറ അർത്ഥം തന്നെ "അനുസരണം" എന്നാണല്ലോ. ആകയാൽ ഞാൻ ചെയ്തതിനെല്ലാം എന്നെ ഉത്തരവാദിയായി കണക്കാക്കാൻ പാടില്ല; ഞാൻ ഉത്തരവാദിയല്ലെങ്കിൽ, എനിക്ക് അകൃത്യബോധം ഉണ്ടാകേണ്ടതിൻെറയോ അഥവാ നരകയോഗ്യനായിത്തീരേണ്ടതിൻെറയോ ആവശ്യമില്ല. ഞാൻ കുറ്റക്കാരനല്ലെങ്കിൽ, അനുതപിക്കേണ്ട കാരണം തന്നെ കാണുന്നില്ല. എൻെറ സ്വന്തം മനഃസാക്ഷി കുറ്റം വിധിച്ചതു തന്നെ ഞാൻ ചെയ്യാൻ പാടില്ലാത്തതായിരുന്നു എന്ന രീതിയിൽ ഒരു പക്ഷെ എൻെറ ചിത്ത സ്വാതന്ത്ര്യം ഞാൻ വിനിയോഗിക്കണമായിരുന്നു. എൻെറ മനഃസാക്ഷി എന്നെ കുറ്റം വിധിച്ചില്ലെങ്കിൽ, ഒരു ദൈവം ഉണ്ടെങ്കിൽ, അവൻ നിശ്ചയമായും എൻെറ മനഃസാക്ഷിയേക്കാൾ വലിയവനാണ്.

ഈ വസ്തുകളെപ്പറ്റി ഞാൻ അധികം ചിന്തിക്കുന്തോറും, ഞാൻ അധികം സംഭ്രാന്തനും നിരാശനും ആയിത്തീർന്നു. അസഹ്യമായ ചിന്തകൾ എൻെറ മനസ്സിനെ ഛിന്നഭിന്നമാക്കയും അമ്മാനമാടുകയും ചെയ്തു. നിശ്ശേഷം വഴിപിഴച്ച ഒരുവ



നെപ്പോലത്തെ അവസ്ഥ എനിക്കനുഭവപ്പെട്ടു. എൻെറ ജീവിതത്തിൽ പ്രത്യാശയുടെ ഒരു സ്ഫുരണംപോലും അവശേഷിച്ചിരുന്നില്ല. എന്നാൽ അത്തരം ചോദ്യങ്ങളെ എതിർത്തു നില്ക്കത്തക്കവണ്ണം ഞാൻ മാനസികമായി രോഗിയായിരുന്നു. രാത്രിയിൽ ഉറങ്ങാൻ സാധിക്കാത്ത ഒരു സ്ഥിതിയിലായിരുന്നു എൻെറ മാനസികാവസ്ഥ. ചിലപ്പോൾ ചിന്തിച്ചുകൊണ്ട് ഞാൻ ഉറങ്ങാതെ കിടക്കും; കേവലം മാനസിക ക്ഷീണത്തിൻെറ ഫലമായി മാത്രമേ ഉറക്കം വരാറുള്ളു. ഉത്തരം കണ്ടെത്താനുള്ള ഉദ്യമം ഒരുപക്ഷെ എനിക്ക് ഉപേക്ഷിക്കേണ്ടതായി വന്നേക്കാം. ഒരു പക്ഷെ എല്ലാ മതങ്ങളും സാധാരണ ജനങ്ങളെ അപൂർണ്ണരായി തോന്നിപ്പിക്കാനുള്ള മനുഷ്യ നിർമ്മിതങ്ങളായ കെട്ടുകഥകളായിരിക്കാം.

ക്ലേശഭരിതമായ എൻെറ മനസ്സ് ആലോചനയിൽ അതിശീഘ്രം പാഞ്ഞു; ആശ്വാസം കണ്ടെത്താൻ കഴിഞ്ഞില്ല. ഉത്തരം ഉണ്ടായിരിക്കേണ്ടതാണ്. ഞാനത് കണ്ടെത്തണമായിരുന്നു. ചോദ്യങ്ങൾക്ക് മറുപടി ആവശ്യമായിരുന്നു, എന്നാൽ എനിക്കൊന്നും കഴിഞ്ഞില്ല. ഊണും ഉറക്കവും എന്നെ സംബന്ധിച്ചിടത്തോളം നിരർത്ഥകമായിതീർന്നു. ഒരിക്കൽ ആഹാരം കൂടാതെ പതിനേഴ് രാവും പകലും ഞാൻ കഴിച്ചുകൂട്ടി. എൻെറ സ്വന്തം പെരുമാറ്റവും സമീപനവും നിമിത്തം എൻെറ ആന്തരീക ബദ്ധപ്പാട് മൂർച്ചിച്ചു. ഞാൻ ക്ഷുഭിതനായിത്തീരുകയും ഈ അവസ്ഥയിൽ മുമ്പോട്ടുപോകാൻ എനിക്ക് പ്രയാസകരമായിത്തീരുകയും ചെയ്തു. എൻെറ സ്നേഹിതന്മാർ എൻെറ സൗഹൃദം തേടാത്ത അവസ്ഥയിൽ ഞാൻ എത്തിച്ചേർന്നു. ഞാൻ എല്ലാ മതങ്ങളെയും വിമർശിച്ചു; ഞങ്ങളുടെ മുസ്ലീം നേതാക്കന്മാരിൽ നിന്നുള്ള ആലോചനകളെല്ലാം ഞാൻ സമ്പൂർണ്ണമായി തള്ളിക്കളഞ്ഞു. ഒരുപക്ഷെ എനിക്ക് ഭ്രാന്തു പിടിച്ചു എന്ന് ജനങ്ങൾ പറഞ്ഞുതുടങ്ങി. ഞാൻ പങ്കെടുത്തിരുന്ന ഹിംസാത്മക പ്രവൃത്തികൾ

എൻെറ മനസ്സിനെ മഥിച്ചുവെന്ന് അവർ അനുമാനിച്ചു. ജനങ്ങളെ ഞാൻ ഇഷ്ടപ്പെടാതിരിക്കയാണോ അതോ എന്നെ ജനങ്ങൾ വെറുക്കുകയാണോ എന്നെനിക്ക് ഉറപ്പില്ലായിരുന്നു. ഒരു പക്ഷെ രണ്ടും ആവാം.

ഞാൻ കുടുംബത്തിൽ നിന്നുപോലും വേർപെട്ടിരുന്നു. ഭവനത്തിൽ ഞാനൊരു അപരിചിതനായിത്തീർന്നെന്നും കുടുംബത്തിലുള്ള ആരും എന്നോട് സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നും ഞാൻ അറിഞ്ഞു. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നു അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല; അവർ കേവലം നിസ്സഹായരായി കാണപ്പെട്ടു. ഇത്തരത്തിലുള്ള നിരാശ സാധാരണ വിദ്വേഷമായി രൂപാന്തരപ്പെടാറുണ്ട്. ഇവയെല്ലാം നിമിത്തം പാവം എൻെറ അമ്മ നിരാശാവതിയായിത്തീർന്നു. "നിൻെറ പ്രശ്നമെന്താണെന്നു എന്നോടു പറ മോനേ, ഞാൻ നിന്നെ സഹായിക്കാം", അവർ കേണപേക്ഷിച്ചു. എന്നാൽ ആർക്കും എന്നെ സഹായിക്കാൻ കഴിഞ്ഞില്ല. ഞാൻ നിമിത്തം ഉളവായ ദുരിതങ്ങൾ ആണ് എന്നെ നിരാശനാക്കിത്തീർത്തത്, എന്നിരുന്നാലും അതു സംബന്ധിച്ച് എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഉപദ്രവകരമായ ചിന്തകളും ചോദ്യങ്ങൾ അവകാശപ്പെടുന്നതുമായ അനന്തമായ ശൃംഖലയിൽ ഞാൻ കുരുങ്ങിപ്പോയതുപോലെ എനിക്കു തോന്നി.

ജീവിതത്തിൻെറ സകല ഘടകങ്ങളും ശൂന്യവും നിരര്‍ത്ഥകവും അല്ലെന്ന ചിന്ത എനിക്കുണ്ടാകുമ്പോൾ ആ അന്ധകാരത്തെ ചൂഴ്ന്നിറങ്ങി വല്ലപ്പോഴെങ്കിലും ശീഘ്രഗതിയിൽ ചെറിയൊരു പ്രകാശബിംബം ഉണ്ടാകും. ഒരു ദൈവം ഉണ്ടായിരിക്കണം. ഹൃദയസ്പൃക്കായ ലോകത്തിൻെറ ക്രമം ഒരു നിയന്ത്രണാധികാരിയെപ്പറ്റി സ്ഫുടമായി സംസാരിക്കുന്നു. മുഴുലോകവും, മനുഷ്യനും, ബാക്കി സൃഷ്ടിയെല്ലാം ഈ ശക്തിയോട് ഒരു വിധത്തിൽ കണക്ക് ബോധിപ്പിക്കേണ്ടതാകുന്നു. അനന്തരഫലങ്ങളെപ്പറ്റിയുള്ള യാതൊരു ചിന്തയും



കൂടാതെ തനിക്ക് ഇച്ഛരിക്കുന്നതെല്ലാം ചെയ്യാൻ കഴിയുന്ന വിധം മനുഷ്യൻ സ്വതന്ത്രനല്ല; അതുതന്നെയുമല്ല, ആകസ്മികമായൊ ലോക ശക്തിക്ക് - അത് എന്തൊക്കെ വിധികല്പിതത്തിന് ഇടയാക്കിയാലും-അവൻ വിധേയനായിത്തീരുന്നില്ല. ഈ ശക്തിയെ അഥവാ ദൈവത്തെ കണ്ടെത്തി, സമാധാനം സ്ഥാപിക്കാൻ അധികമധികമായി ഞാൻ തീരുമാനിച്ചു. ഞാൻ എൻെറ സ്വബുദ്ധിയെപ്പറ്റി ഭയപ്പെടാനും തുടങ്ങി. അത് എവിടെയാണെന്ന് എനിക്ക് കണ്ടെത്താൻ കഴികയില്ലെന്നു എനിക്കു ബോധ്യമായി. എന്നെ സ്നേഹിച്ചവരിൽ നിന്നും ഞാൻ സ്നേഹിച്ചവരിൽ നിന്നും ഞാൻ ഒറ്റപ്പെട്ടു.

1949, മെയ് മാസം ആരംഭത്തിൽ ഞാൻ നിശ്ശബ്ദനായി വീടുവിട്ടിറങ്ങി. എവിടേക്കാണ് ഞാൻ പോകുന്നതെന്ന് എനിക്കൊരു അന്തവുമില്ലായിരുന്നു. തീവ്രമായൊരു ആഗ്രഹം എനിക്കുണ്ടായിരുന്നു. സമാധാനം കണ്ടെത്തണം. പ്രയാണ മംഗളോപചാരം പോലും ഞാൻ എൻെറ കുടുംബക്കാരോട് പറഞ്ഞില്ല.

ജാഗ്രതയോടെ അന്വേഷണം ആരംഭിച്ചെങ്കിലും ഞാൻ ക്രിസ്തീയ മാർഗ്ഗത്തിലേക്കു തിരിഞ്ഞില്ല. ഞാൻ തേടിയ സമാധാനം അനുഭവിച്ചുകൊണ്ടിരുന്ന ആളുകളെ ഞാൻ കണ്ടുമുട്ടി; എന്നിരുന്നാലും ആ ദിശയിലേക്കു നോക്കാനുള്ള യാതൊരു ശ്രമവും നടത്തിയില്ല. അപ്പോഴും ഞാനൊരു മുസ്ലീമായിരുന്നു; മുമ്പു ഞാൻ അവഗണിക്കുന്നതിനു മുമ്പ് ഇസ്ലാമിനെ അധികം സൂക്ഷ്മതോടെ പരിശോധിക്കാൻ ഞാൻ നിശ്ചയിച്ചു. ഒരു മനുഷ്യൻ ജീവിതത്തിൽ അനേക സംഗതികൾ പരിത്യജിച്ചേക്കാം, എന്നാൽ പ്രബലമായ കാരണങ്ങൾ കൂടാതെ അവൻെറ മതത്തെ ത്യജിക്കുക എന്നത് മായത്തരമായിട്ടാണ് എനിക്ക് തോന്നിയത്; ആ മതം ഇസ്ലാം കൂടെയാകുമ്പോൾ, അത് അധികം ആയാസകരമായിത്തീരുന്നു, കാരണം ഒരുവൻെറ ജീവിതത്തിൻെറ എല്ലാത്തരം പരിവേഷ്ഠനങ്ങ

ളെയും അല്ലാഹുവിന് സമർപ്പിക്കുക എന്നതാണ് ഇസ്ലാം കൊണ്ട് ഉദ്ദേശിക്കുക. പ്രഥമ അടിസ്ഥാന പ്രമാണം-"അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല"- അംഗീകരിക്കുന്നതിന് ഗൗരവമായൊരു സന്ദേഹമോ മടിയോ എനിക്കുണ്ടായിരുന്നില്ല. ഇസ്ലാം പ്രോജ്ജ്വലമായി പ്രഖ്യാപിക്കുന്നതുപോലെ, എന്നെ സംബന്ധിച്ചിടത്തോളം ഏക ദൈവം മാത്രമേ ഉള്ളു. ഇത് ഉരുത്തിരിഞ്ഞുവന്ന മതപരമായ പശ്ചാത്തലത്തിലേക്കു ഒരുവൻ കണ്ണോടിക്കുമ്പോൾ മാത്രമേ ഈ വിശ്വാസം എത്ര അത്ഭുതാവഹമണെന്നു കാണാൻ കഴികയുള്ളു. അറബികൾ ബഹുദൈവാരാധകർ ആയിരുന്നു; കാബയിൽ തന്നെ അവർക്കു 360 വിഗ്രഹങ്ങൾ ഉണ്ടായിരുന്നു; മെക്കായുടെ ഭിത്തികളിൽ ഒന്നിൽ ഒരു കറുത്ത കൊള്ളിമീൻ പതിച്ചതുകൊണ്ടുമാത്രം അവിടത്തെ ക്ഷേത്രം അവർ പ്രണമിച്ചിരുന്നു. ലാത്ത, മനാത്ത, ഉസ്സാ എന്നീ ദേവീ പൂജക്ക് അവരുടെ മതത്തിൽ സ്ഥിര പ്രതിഷ്ഠ ലഭിച്ചിരുന്നു. ഈ ദേവിമാർ അല്ലാഹുവിൻെറ പുത്രിമാരായി അറിയപ്പെട്ടിരുന്നു. അല്ലാഹു ആയിരുന്നു പരമോന്നതമായ ദൈവം. മുഹമ്മദ് അല്ലാഹുവിനെ ഏക ദൈവമായി ചൂണ്ടിക്കാണിക്കുകയും ബഹുദേവാരാധനയെ തിരസ്ക്കരിക്കുകയും ചെയ്തു. ഈ വിശ്വാസത്തെ ആശ്ലേഷിക്കുകയെന്നാൽ മഹത്തരമായൊരു യാഥാർത്ഥ്യത്തെ പുണരുകയെന്നർത്ഥമായിരുന്നു; എങ്കിലും, ഇസ്ലാം എൻെറ ദൃഷ്ടിയിൽ വിശ്വാസയോഗ്യമല്ലാതായിത്തീർന്നു. എനിക്ക് ആവശ്യമായത് നല്കാൻ അതിന് കഴിഞ്ഞോ?

ഞങ്ങളുടെ മതനേതാക്കന്മാരുടെ അഭിപ്രായപ്രകാരം, അവിശ്വാസികൾക്കെതിരെ വിശുദ്ധ യുദ്ധം (ജിഹാദ്) ചെയ്യാൻ അല്ലാഹു തൻെറ അനുയായികളോട് അനുശാസിക്കുന്നു. ഈ ജിഹാദിലെ പങ്കാളിത്വമാണ് ഞാനിപ്പോഴായിരിക്കുന്ന എൻെറ നിരാശാജനകമായ അവസ്ഥയിലേക്ക് എന്നെ എത്തിച്ചത്. ഈ ഭൂമിയിൽ ഞാൻ സൽപ്രവൃത്തികൾ ചെയ്താൽ മരണാനന്തരം പാപക്ഷമ എനിക്കു പ്രതീക്ഷിക്കാമെന്നാണ് ഇസ്ലാമി



നെപ്പറ്റി ആഴത്തിൽ ഗവേഷണം നടത്തിയപ്പോൾ ഇസ്ലാം പഠിപ്പിക്കുന്നതായി എനിക്കു കണ്ടെത്താൻ കഴിഞ്ഞത്. പക്ഷേ, എനിക്ക് ഇപ്പോൾ, ഈ ജീവിതത്തിൽ തന്നെ പാപക്ഷമയും, സമാധാനവും, നിറപ്പും ആവശ്യമായിരിക്കുന്നു. മരണശേഷം അതു വളരെ വൈകിപ്പോകും. കേവലം മരണശേഷം പാപക്ഷമ പ്രാപിക്കാമെന്ന പ്രതീക്ഷയോടെ ശിഷ്ടായുസ്സു കഴിച്ചു കൂട്ടുകയെന്നത് എൻെറ ദുരവസ്ഥയിൽ നിന്ന് എന്നെ തൃപ്തിപ്പെടുത്താനും വിടുവിക്കാനും പര്യാപ്തമായിരുന്നില്ല. അതു കൂടാതെ, മൗലവിമാരെ ബഹുമാനിക്കാനും ശ്രദ്ധിക്കാനും ആയാസകരമായി എനിക്കു തോന്നി. "ശ്രദ്ധിക്കൂ, എൻെറ മകനേ, ഭൂരിപക്ഷം മൗലവികളും അധാർമ്മികളാണ്." അവർ പ്രസംഗിക്കുന്നതു ശ്രദ്ധിച്ചുകൊള്ളുക, എന്നാൽ അവരുടെ മാതൃകയെ പിൻതുടരരുത്. മിസ്റ്റിക്കായ (ജ്ഞാനാർത്ഥവാദി) മൻസൂറിനെ അവർ കൊലചെയ്തതുപോലെ തന്നെ അവർ പരമാർത്ഥികളായ മനുഷ്യരെ കൊലമരത്തിലേറ്റുന്നു. നിശ്ചയമായും അവരെ ബഹുമാനിക്കണം, മറിച്ച് അവരെ ആശ്രയിക്കരുത്. കഴിയുമെങ്കിൽ നിൻെറ കുടുംബത്തിൽ നിന്നു തന്നെ അവരെ അകറ്റി നിർത്തുകയാണ് നല്ലത്" എന്ന് എൻെറ പിതാവ് എന്നോട് പറഞ്ഞത്. ഞാൻ ഓർത്തു.

അറബി ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കി ഓതാൻ സമർത്ഥനായ ഒരു വ്യക്തിയുടെ വീട്ടിൽ നിന്ന്, ചോദ്യം ചെയ്യത്തക്ക ചുറ്റുപാടിൽ, ഒരു സ്ത്രീയെ പുറത്തു കൊണ്ടുവന്ന സന്ദർഭത്തിലാണ് എൻെറ പിതാവ് ഇത് പ്രസ്താവിച്ചത്. മതബോധമുള്ള മുസ്ലീങ്ങളുടെ എല്ലാ മക്കളും പന്ത്രാണ്ടാമത്തെ വയസ്സിൽ അറബി ഖുർആൻ മുഴുവൻ ഓതാൻ തക്ക അവസ്ഥയിലാകയും, അങ്ങനെ ഒരു ഹഫിസ് അൽ-ഖുർആൻ -ഖുർആൻെറ സംരക്ഷകൻ-ആയിത്തീരണമെന്നും ആഗ്രഹിക്കുന്നു. ഈ മൗലവി ഒരു ഹഫിസ് ആൽ ഖുർ ആൻ ആണെന്ന യാഥാർത്ഥ്യം അദ്ദേഹത്തെ അധാർമ്മിക ചെയ്തികളിൽ നിന്ന് വിഘ്നപ്പെടുത്തിയില്ല. മുസ്ലീങ്ങൾ തങ്ങളുടെ

ഏകീകൃത ആനുരൂപ്യത്തെ കാത്തു സൂക്ഷിക്കുന്ന വെള്ളിയാഴ്ച മധ്യാഹ്നത്തിൽ നടക്കുന്ന സമൂഹ പ്രാർത്ഥനയിൽ സംബന്ധിക്കാതെ എൻെറ പിതാവ് മാറിനിന്നത് ഈ മത നേതാക്കന്മാരുടെ അവിശുദ്ധ ജീവിതത്തിൻെറ പ്രത്യക്ഷമായ ഫലമായിട്ടാണ്.

എൻെറ പിതാവ് പരാമർശിക്കയും അതീവമായ് ശ്ലാഘിക്കുകയും ചെയ്ത മിസ്റ്റിക്കായ മൻസൂർ ജീവിച്ചത് പത്താം നൂറ്റാണ്ടിലാണ്. മൃഗീയമായൊരു രീതിയിലാണ് ബാഗ്ദാദിൽ വെച്ച് അദ്ദേഹം വധിക്കപ്പെട്ടത്. യാഥാസ്ഥിതികരായ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു ദൈവദൂഷകനായ പാഷാണ്ഡൻ ആയിരുന്നു. അനാ ഹക് അഥവാ "ഞാൻ സത്യം ആകുന്നു" എന്ന വാക്കുകൾ അദ്ദേഹം ഉരുവിട്ടു. വ്യക്തിപരമായി ദൈവമാണെന്നു അവകാശപ്പെടുന്ന ഉപദേശമായിരുന്നു അത്. മിസ്റ്റിസിസത്തിൻെറ ആത്യന്തികം-ദൈവത്തോടുള്ള സമ്പൂർണ്ണ സായൂജ്യം- അദ്ദേഹം പ്രാപിച്ചു. എന്നാൽ പരമസത്യമായ ദൈവവും സൃഷ്ടിക്കപ്പെട്ട മനുഷ്യനും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതെങ്കിലും കളങ്കം യാഥാസ്ഥിതിക മുസ്ലീങ്ങൾക്ക് സ്വീകാര്യമല്ല. മിസ്റ്റിക്കാണെന്നു സ്വയം അവകാശപ്പെട്ട എൻെറ പിതാവ് ഒരുപക്ഷെ ഈ വൈഷമ്യം ഒരിക്കലും കണ്ടിരിക്കയില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, "ദൈവപുത്രന്മാർ ഒരിക്കലും പൂർണ്ണമായ ദൈവമായിത്തീരുന്നില്ല, എന്നാൽ അവർ ഒരിക്കലും ദൈവത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നതുമില്ല," എന്ന പേർഷ്യൻ കാവ്യത്തിൻെറ വരികൾ ദൈവവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പറ്റി തനിക്കുണ്ടായിരുന്ന അവബോധം യഥാർത്ഥമായി പ്രകടിപ്പിക്കുന്നു.

എൻെറ പിതാവിൻെറ വാക്കുകളും ആശയങ്ങളും ഞാൻ മനനം ചെയ്തപ്പോൾ, എനിക്കും അദ്ദേഹത്തെപ്പോലെ ഒരു മിസ്റ്റിക്കായിത്തീരാൻ കഴിയുമെന്ന നിഗമനത്തിൽ ഞാൻ



എത്തിച്ചേർന്നു. ഒരു പക്ഷെ ഞാൻ അന്വേഷിക്കുന്ന സമാധാനം ഈ നിലയിൽ കണ്ടെത്താൻ കഴിയുമായിരിക്കും. ഞാൻ നേരത്തേ പരാമർശിച്ചതുപോലെ, എട്ടോ ഒൻപതോ നൂറ്റാണ്ടിലെ ഇസ്ലാമിക ലോകത്തിൽ, ഭക്തരായ പുരുഷന്മാർ തേടിയ സമാധാനപൂർണ്ണമായ ധ്യാനനിഷ്ഠയുള്ള ജീവിതത്തിനാണ് സുഫിസം (ഇസ്ലാംമത അദ്വൈത ഗൂഢതത്ത്വം) എന്ന് പറയുന്നത്. മധ്യപൗരസ്ത്യ ദേശങ്ങളിൽ വ്യാപിച്ച ക്രിസ്തീയ സന്യാസിമാരോട് ഇത് പലരീതിയിലും സമരസപ്പെടുന്നു. സൂഫിയെ സംബന്ധിച്ചിടത്തോളം, മാനുഷിക സദാചാര ബോധത്തെപ്പറ്റി ഇസ്ലാം അനുശാസിക്കുന്ന അനുസരണം, രണ്ടാം തരമാണ്. സ്നേഹനിധിയായ ദൈവത്തോട് മനുഷ്യ ഹൃദയത്തിൽ നിന്ന് ഉത്ഭൂതമാകുന്ന ഭയഭക്തിയാണ് പ്രഥമ സംഗതി. ദൈവത്തോടുള്ള നേരിട്ടുള്ള അനുഭവത്തിൽ അവർ വിശ്വസിക്കുന്നു. നിശ്ചയമായും, എല്ലാറ്റിലും ഉപരിയായി ഇതാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന് ഞാൻ ചിന്തിച്ചു.

സഹായം അനുപേക്ഷണീയമാണെന്നു എനിക്ക് വ്യക്തമായി ബോധ്യപ്പെട്ടുകൊണ്ടിരുന്നു. ഏകാന്തമായ എൻെറ അന്വേഷണം എന്നെ എങ്ങും എത്തിച്ചില്ല. അതിൻെറ ഫലമായി വിവിധ കോവിലുകളിൽ നിദ്രാവിഹീനമായ രാവുകൾ ഞാൻ ചെലവഴിക്കുകയും അനേക പുണ്യപുരുഷന്മാരുടെ സഹവർത്തിത്വത്തെ ശ്രദ്ധയോടെ അനുവർത്തിക്കുകയും ചെയ്തു. എങ്കിലും, ദൈവീക ഭക്തന്മാരുടെ സഹവർത്തിത്വം ഞാൻ അധികം അന്വേഷിക്കുന്തോറും, ഞാൻ അധികം നിരാശനായിത്തീർന്നു. ഒരു പക്ഷെ എന്നെ അജ്ഞേയവാദിയാക്കിത്തീർത്ത എൻെറ മിലിട്ടറി പരിശീലനത്തിൻെറ ഭാഗത്തോട് ബന്ധപ്പെട്ടതായിരിക്കാം. ഇത്. ഈ വ്യക്തികളുടെ ജീവിതം സസൂക്ഷ്മം പരിശോധിക്കുമ്പോഴെല്ലാം, തങ്ങൾ ദൈവീക സത്യാന്വേഷകരാണെന്നു അവകാശപ്പെടുന്നുണ്ടെങ്കിലും, തങ്ങൾ എല്ലായ്പ്പോഴും പരിതാപകരമായി തെറ്റായ പന്ഥാ

വിലേക്ക് നയിക്കപ്പെട്ടിരിക്കയാണെന്നു ഞാൻ കണ്ടെത്തി. എനിക്ക് സൂചിപ്പിക്കാൻ ലജ്ജ തോന്നുന്ന തരത്തിലുള്ള മ്ലേച്ഛമായ ചെയ്തികളിൽ അവർ വിലയം പ്രാപിച്ചിരിക്കുന്നതായി' എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. അതിനോടുള്ള ബന്ധത്തിൽ മുർഷിമാരുടെ (സൂഫികളുടെ ആധ്യാത്മിക പ്രബോധകർ) ജീവിത രീതികളെയും ഞാൻ വിലയിരുത്തിയപ്പോൾ, എനിക്കു പിന്നെയും വേദനതോന്നി. തങ്ങളുടെ സാധുക്കളായ കാർഷിക തൊഴിലാളികൾ വിശന്നു വലയുമ്പോൾ, ഇണചേർക്കാനുള്ള ഉദ്ദേശ്യത്തോടെ റഷ്യയിൽ നിന്ന് നായ്ക്കളെ ഇറക്കുമതി ചെയ്ത് അത്തരം ബാലിശമായ ഉല്ലാസത്തിൽ അവർ സമയം ചെലവഴിച്ചുകൊണ്ടിരുന്നു. ഈ മുർഷിമാരുടെ വയലുകളിൽ അദ്ധ്വാനിച്ചു കൊണ്ടിരുന്നവരുടെ മക്കളെ പോറ്റി വളർത്താൻ തങ്ങൾക്കു സാധിക്കാതിരുന്നപ്പോൾ, ഈ വിലപിടിപ്പുള്ള നായ്ക്കൾക്ക് ദിവസത്തിൽ രണ്ടു തവണ നല്ല മാംസം കൊടുത്തുപോന്നിരുന്നു. ഇത്തരത്തിലുള്ള അധമമായ ധ്യാനം മാനസികമായ നിശ്ചലാവസ്ഥയിലേക്കാണ് എന്നെ അധീനനാക്കിയത്.

എന്നിരുന്നാലും, എനിക്കത് വേഗത്തിൽ ഉപേക്ഷിക്കാൻ കഴിഞ്ഞില്ല. ആധ്യാത്മികമായി ദൈവത്തോട് വിലയം പ്രാപിക്കാൻ പോന്ന തരത്തിലുള്ള മദ്യപാനത്തിലും, മ്യൂസിക്കിലും, നൃത്തത്തിലും ഏർപ്പെട്ടിരിക്കുന്ന മുസ്ലീം യുവാക്കന്മാരുടെ സംഘത്തോട് വരെ ഞാൻ സഹകരിച്ചു നിന്നു; എങ്കിലും ഇതൊരു നിരർത്ഥകമായ ചേഷ്ടയായിരുന്നു; എനിക്കൊന്നും നേടാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, മറിച്ച് ഞാൻ അധികമധികമായി വിവശനായിത്തീരുകയാണുണ്ടായത്. എൻെറ സമാധാനാന്വേഷണം പൂർണ്ണമായ മോഹഭംഗത്തിലാണ് അവസാനിച്ചത്. എൻെറ നിരാശയിൽ ഞാൻ ഖുർആൻെറ ആമുഖസൂക്തങ്ങൾ അനുസ്മരിച്ചു:

"നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ! നീ



അനുഗ്രഹിക്കുന്നവരുടെ മാർഗ്ഗത്തിൽ; കോപത്തിനിരയായവരുടേയും വ്യതിചലിച്ചവരുടേയും മാർഗ്ഗത്തിലല്ല."

"നേരായ വഴി" (സിരാത്ത്) എന്നത് മുസ്ലീം വിശ്വാസമായിട്ടാണ് പൊതുവെ മനസ്സിലാക്കിയിരിക്കുന്നത്. നരകത്തിൻെറ പ്രവേശന കവാടത്തിൻെറ മുകളിൽ സ്ഥിതിചെയ്യുന്നതായി മുസ്ലീങ്ങൾ വിശ്വസിക്കുന്ന ഇടുങ്ങിയ പാലത്തിൻെറ പേരും ഇതാണ്. നല്ല മുസ്ലീങ്ങൾ അത് സുരക്ഷിതരായി കടന്നുപോകുമ്പോൾ മറ്റുള്ളവർ ആ തീജ്വാലയിലേക്ക് നിപതിക്കും.

മനുഷ്യനിർമ്മിതങ്ങളായ വിശ്വാസ പ്രമാണങ്ങളിലുള്ള എല്ലാ വിശ്വാസവും നഷ്ടപ്പെടുകയാൽ, എൻേറതായ നരകത്തിൽ നിന്ന് ഏതെങ്കിലും നിലയിലുള്ള മോചനവും വിടുതലും ഉണ്ടായിരിക്കുമെന്ന് എനിക്ക് തോന്നുകയും ഈ ജീവിതത്തിൽ എനിക്കൊരു വഴി കാട്ടിത്തരണമെന്ന് ഞാൻ ദൈവത്തോട് ആവശ്യപ്പെടുകയും ചെയ്തു. ഞാൻ തുടർന്നും അതിരാവിലെ എഴുന്നേല്ക്കാനും എന്നെ നയിക്കണമെന്നു അതീവ ജാഗ്രതയോട് ദൈവത്തോട് കേണപേക്ഷിക്കാനും തുടങ്ങി. എൻെറ ഉള്ളിൻെറ ഉള്ളിൽ നിന്ന്, ആത്മീയ സഹായത്തിനുള്ള എൻെറ വിലാപം ഉയരത്തിലേക്ക് കയറി.

"അല്ലയോ സർവ്വശക്തനായ ദൈവമേ! നിൻെറ അസ്തിത്വത്തെ നിഷേധിക്കുക അസാധ്യമാണ്. എൻെറ ഓരോ നാഡിയും ഞരമ്പും നിൻെറ മഹത്വത്തിൻെറ വെളിപ്പാടാണ്. സൃഷ്ടിമുഴുവനും നിൻെറ അസ്ഥിത്വത്തിൻെറ സമന്വയമാണ്. ഞാൻ നിൻെറ അസ്ഥിത്വത്തെ അംഗീകരിക്കുന്നു. എൻെറ ആത്മാവ് നിൻെറ ഉണ്മയെ സ്ഥിരീകരിക്കുന്നു. നീ എന്നെയും മറ്റെല്ലാ മനുഷ്യരെയും സൃഷ്ടിച്ചെന്നു ഞാൻ അംഗീകരിക്കുന്നു. അർത്ഥശൂന്യമായ മതനേതാക്കന്മാരെ അനുകരിക്കുന്നതിനാലും അവരുടെ നാശോന്മുഖമായ ആലോചനകളെ അനുധാവനം ചെയ്യുന്നതിനാലും, നീ സൃഷ്ടിച്ചവരെ ഞാൻ പീഢിപ്പിച്ചു. അല്ലയോ, പാപികളെ ന്യായം വിധി

ക്കുന്ന നാഥനേ, നരകം എൻെറ പങ്കാണെന്നു എൻെറ അധാർമ്മികമായ പ്രവർത്തികൾ എന്നെ ബോധ്യപ്പെടുത്തുന്നു. ലോകത്തിലുള്ള യാതൊരു മതങ്ങളിലും വിശ്വാസ പ്രമാണങ്ങളിലും ഞാൻ ആശ്രയിക്കുന്നില്ല. ദൈവമേ, നേരായ വഴി കാണിക്കണമേ. നരകത്തിൽ പോകാൻ ഞാൻ ഇച്ഛരിക്കുന്നില്ല. ഞാൻ നിന്നെ കാണേണ്ടുന്നതിനു നീ എന്നെ സത്യമായ പാത കാണിക്കേണമേ. ഹാ! ദൈവമേ, ഞാൻ കഷ്ടത്തിലാണ്. ഞാൻ മനഃസ്സമാധാനം കാംക്ഷിക്കുന്നു, പക്ഷെ എനിക്കതു കണ്ടെത്താൻ കഴിയുന്നില്ല. കർത്താവേ, എന്നെ സഹായിക്കണെ. അധർമ്മത്തെപ്പറ്റിയുള്ള എൻെറ അവബോധം ഒരു കുന്തം പോലെ എന്നെ കുത്തിക്കീറുന്നു. എന്നോട് കരുണയുണ്ടാകേണമേ, അല്ലയോ ദൈവമേ, എന്നോട് കരുണയുണ്ടാകണമേ, ആമേൻ."

തീയതി ഞാൻ ഓർക്കുന്നില്ലെങ്കിലും, ഞാൻ സാധാരണ പ്രാർത്ഥിക്കാറുള്ള, അതിരാവിലെ മൂന്നുമണിക്കോ നാലുമണിക്കോ ആയിരുന്നു അത് നടന്നത്. ഞാൻ ദാരുണമായി വിലപിക്കുകയും അത്യധികം നിരാശനായിത്തീരുകയും ചെയ്തു. ഞാനീ പ്രത്യേക പ്രാർത്ഥന ഉരുവിട്ടപ്പോൾ ഞാൻ ഒരു റയിൽവേ സ്റ്റേഷൻെറ വെയിറ്റിംഗ് റൂമിലായിരുന്നു. പെട്ടെന്ന്, എൻെറ പിന്നിൽ ആരോ വന്ന്, സ്നേഹ നിർഭരമായ കരംകൊണ്ട് എൻെറ തോളിന്മേൽ തട്ടി ഇങ്ങനെ പറഞ്ഞതായി എനിക്കു ബോധ്യമുണ്ട്."

## "എൻെറ കൃപ നിനക്കു മതി"

മൂന്നുപ്രാവശ്യം ആ വാചകം ആവർത്തിക്കപ്പെട്ടശേഷം എൻെറ ശരീരത്തിലൂടെ ഒരു വൈദ്യുത പ്രവാഹം കടന്നുപോയതായി എനിക്കനുഭവപ്പെട്ടു. ഉടനെ എൻെറ മനസ്സിൻെറ ഭാരം നീക്കപ്പെട്ടു. ഉദ്ദീപിപ്പിക്കയും ഉല്ലസിപ്പിക്കയും ചെയ്യുന്ന ഹർഷോന്മാദം പൊടുന്നനവെ എന്നെ കടന്നുപിടിക്കുന്നതു



പോലെ എനിക്കു തോന്നി. ഉത്തേജകവും അതിതീഷ്ണവുമായ ഈ അനുഭവം ദൈവത്തോടുള്ള സമാഗമമായിട്ട് മാത്രമേ എനിക്ക് വിവരിക്കാൻ സാധിക്കൂ. യാതൊന്നും ഞങ്ങളെ വേർപ്പെടുത്തുന്നതായി തോന്നിയില്ല. പാപക്ഷമയെയും നിരപ്പിനെയും പറ്റിയുള്ള അവബോധം അത്രയ്ക്ക് വാസ്തവികമായിരുന്നു. ആനന്ദാതിരേകത്താലെ ദൈവത്തിൽ നിന്നുള്ള ഈ വാക്കുകൾ ഞാൻ ആവർത്തിക്കാൻ തുടങ്ങി. സന്തോഷത്തിൻെറയും ആനന്ദത്തിൻെറയും ആഴം അത്രക്ക് അതിനുമുമ്പ് ഞാൻ ഒരിക്കലും അനുഭവിച്ചിട്ടില്ല. യഥാർത്ഥത്തിൽ അത് "സ്വർഗ്ഗീയ"മായിരുന്നു.

ഞാൻ കിടക്കുകയായിരുന്ന ബഞ്ചിൻെറ സമീപം അടിച്ചു വാരിക്കൊണ്ടിരുന്ന ഒരു റയിൽവെ ഉദ്യോഗസ്ഥൻ എൻെറ ആനന്ദം കണ്ടപ്പോൾ, ജോലി നിർത്തി എന്നോട് ഞാനൊരു ക്രിസ്ത്യാനിയാണോ എന്നു ചോദിച്ചു. ഞാൻ തലകുലുക്കിയപ്പോൾ അദ്ദേഹം ആശ്ചര്യപ്പെട്ടുകൊണ്ട് എന്നോട് : അങ്ങനെയാണെങ്കിൽ എന്തുകൊണ്ടാണ് "എൻെറ കൃപ നിനക്കു മതി" എന്ന് താങ്കൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്? ഞാൻ പ്രതിവചിച്ചു: "ഈ വാക്കുകൾ എന്തുകൊണ്ടാണ് ആവർത്തിക്കുന്നതെന്ന് എനിക്കറിയില്ല. ആരോ ഒരാൾ എന്നോടതു പറഞ്ഞെന്നും എൻെറ ദുഷ്പ്രവൃത്തികളെല്ലാം ആലേഖനം ചെയ്ത ടാബുലറ്റുകൾ എന്നെ കാണിച്ചെന്നും മാത്രമേ എനിക്കറിയാവൂ. എന്നാൽ, ഈ ടാബുലറ്റുകളെല്ലാം ഒരു കൈവീശികൊണ്ട് പരിപൂർണ്ണമായും തുടച്ചു നീക്കിക്കളഞ്ഞു. ആ സമയം മുതൽ, പുതിയൊരു മനുഷ്യനാണെന്ന് എനിക്ക് അനുഭവപ്പെട്ടു. എൻെറ ആത്മാവിലെ ഭാരങ്ങൾ മുഴുവനും എടുക്കപ്പെട്ടു. എൻെറ ഹൃദയം ഉച്ചത്തിൽ പാടുവാൻ ആഗ്രഹിക്കുന്നു."

"ഈ വിടുതലിന് കർത്താവിനെയാണ്, പ്രിയ മകനേ, നീ സ്തുതിക്കേണ്ടത്," അയാൾ എന്നോട് പറഞ്ഞു. "നിൻെറ ഉള്ളിൽ കടന്നുവന്നത് കർത്താവായ യേശുക്രിസ്തുവാ

ണ്. അപ്പോസ്തലനായ പൗലോസിനോട് അവൻ ഈ വാക്കുകൾ പറഞ്ഞു. ആ വാക്യം കൃത്യമായിട്ടെവിടെയാണെന്ന് ഞാൻ ഓർക്കുന്നില്ലെങ്കിലും വിശുദ്ധ പുതിയ നിയമത്തിലാണെന്ന് എനിക്കറിയാം. നീ തൻെറ ദാസനായിത്തീരണമെന്ന് യേശുകർത്താവ് ഇച്ഛരിക്കുന്നു."

"അതെങ്ങനെയാണ് സാർ? എനിക്കെങ്ങനെ അവൻെറ ദാസനായിത്തീരാൻ സാധിക്കും?"

"കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനപ്പെട്ട് അവനെ ഉടൻ അനുകരിക്കുക."

"ഞാൻ യഥാർത്ഥത്തിൽ ചെയ്യേണ്ടതെന്താണെന്നു എന്നോട് പറയൂ, സർ. ഞാൻ ജീവിത മാറ്റത്തിൻെറ വക്കിൽ എത്തിച്ചേർന്നിരിക്കുന്നു."

"ഇതിനേക്കാൾ കൂടുതലൊന്നും എനിക്കറിഞ്ഞുകൂട മോനേ. ഇവിടെ നിന്ന് താൻറലിയൻ - വാലയിലേക്കും അവിടെ നിന്ന് ഈസാനാഗ്രിയിലേക്കും പോയാൽ, റവ: ഇനായത്ത് റുമെൽഷാ എന്ന് വിളിക്കപ്പെടുന്നൊരു പാതിരി ഉണ്ട് എന്നു മാത്രം എനിക്കറിയാം. അദ്ദേഹം നിന്നെ സഹായിക്കും."

അയാൾ ചൂലു താഴെയിട്ട് എൻെറ അടുക്കലേക്ക് വന്നു; അയാളുടെ കണ്ണുകൾ നിറഞ്ഞു. എൻെറ കൈകൾകൊണ്ട് ഉറക്കെപ്പുണർന്ന് ഞാൻ അയാളെ ആശ്ലേഷിച്ചു. ഞങ്ങൾ രണ്ടുപേരും യഥേഷ്ടം കരഞ്ഞ് ഞങ്ങളുടെ അവഗാഢമായ വികാരങ്ങൾ പ്രകടിപ്പിച്ചു. ഞാനും എൻെറ സഹഭടന്മാരും ചേർന്ന് കൊല്ലാൻ ഉദ്ദേശിച്ച പൈതലിൻെറ അച്ഛരൻ അയാളാണോ എന്നു ഞാൻ ശങ്കിച്ചു. ആ ചിന്ത എനിക്കു സഹിക്കാൻ കഴിഞ്ഞില്ല. സമുദായത്തിലേക്കും ഏറ്റവും നിന്ദിതനും അധഃസ്ഥിതനും, തൂപ്പുകാരന്മാരിൽ ഒരുവനുമായ അയാളാണല്ലോ എൻെറ അടുത്ത ജീവിത പന്ഥാവ് എന്താണെന്നു ചൂണ്ടിക്കാണിക്കാൻ ഉണ്ടായിരുന്നതെന്ന് ഓർത്തപ്പോൾ



ഞാൻ അത്യധികം ആനന്ദിച്ചു. അവരുടെ വർഗ്ഗത്തിൽപ്പെട്ട അനേകർ എന്തുകൊണ്ടാണ് യേശുക്രിസ്തുവിൻെറ സുവിശേഷം സ്വീകരിക്കുന്നതെന്ന് കാണാൻ എനിക്കു ബുദ്ധിമുട്ടുണ്ടായില്ല. അവനിൽ അവർ തങ്ങളുടെ സാക്ഷാൽ സാനുരൂപ്യം ദർശിക്കുന്നു. അവർ അവൻെറ മക്കളാണെന്ന്, ദൈവത്തിൻെറ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് മനഃസ്സിലാക്കുന്നതിനാൽ നവ്യമായ ആത്മാഭിമാനവും ശ്രേഷ്ഠതയും അവർ കണ്ടെത്തുന്നു. അവരോട് താദ്ദാത്മ്യം പ്രാപിപ്പാൻ എനിക്കു സന്തോഷമായിരുന്നു.

"എൻെറ കൃപ നിനക്കു മതി" എന്ന നാദം എൻെറ കാതുകളിൽ പ്രതിധ്വനിച്ചും എൻെറ ഹൃദയം സന്തോഷാധിരേകത്താൽ നിറഞ്ഞുംകൊണ്ട് ഈസാനാഗിരിയിലേക്കുള്ള ട്രെയിനിൽ ഞാൻ കയറി. ഒടുവിൽ ആ പ്രക്ഷുബ്ധത ഓടിയൊളിച്ചു. സമാധാനം സംജാതമായി. അതൊരു പരമാനന്ദമായിരുന്നു! അത് മിക്കവാറും എന്നെ വികാരാധീനനാക്കി. എൻെറ മനസ്സിന് അവയെല്ലാം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ശാരീരിക മരണത്തിൽ നിന്ന് എൻെറ രക്ഷിക്കുകയും എൻെറ രോഗത്തിൽ എന്നെ കരുതുകയും ചെയ്ത കർത്താവായ യേശുക്രിസ്തു തൻെറ പരമയാഗം എന്നെ കാണിക്കുകയും എല്ലാറ്റിനും മതിയായ കൃപ എനിക്ക് വെളിപ്പെടുത്തിത്തരികയും ഇപ്പോൾ എൻെറ ഹൃദയം കവർന്നെടുക്കുകയും ചെയ്തു. അവൻ ജേതാവായിത്തീർന്നു. ജീവിതത്തിൻെറ ഉദ്ദേശ്യവും അർത്ഥവും തേടി ഞാൻ ലോകത്തിൽ പരതി നടന്നിട്ടും എന്നെ സദാ ഒഴിഞ്ഞു പൊയ്ക്കൊണ്ടിരുന്ന സമാധാനത്തിന് ഇനിമേലാൽ ഞാൻ അന്വേഷിക്കേണ്ടതില്ല. എൻെറ ജീവിതത്തിൻെറ യഥാർത്ഥ അർത്ഥവും ലക്ഷ്യവും ഞാൻ കണ്ടെത്തി; തൻെറ സമാധാനം നമുക്കു നല്കുന്നവനും തന്നിലേക്കു നമ്മെ നിരപ്പിക്കുന്നവനും ആയ വ്യക്തിയെ ഞാൻ കണ്ടെത്തി. അവൻ എൻെറയും ഞാൻ അവൻെറയും ആകുന്നു.

# VII. തീർത്ഥാടനം

എന്റെ ആത്മാവിനെ അന്ധകാരവൃതമാക്കിത്തീർത്ത നിരാശയിൽനിന്നും ഇച്ഛാഭംഗത്തിൽ നിന്നും അത്ഭുതകരമായി ഞാൻ വിമുക്തനായി. ഫൈസാലബാദ് ജില്ലയിലെ ഈസാനാഗിരി ഗ്രാമത്തിലേക്ക് ഞാൻ ട്രയിനിൽ നിന്നിറങ്ങി റവ: ഇനായത്ത് റൂമാൽഷായെ സന്ധിച്ചപ്പോൾ എന്റെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു. അദ്ദേഹം എന്നെ ഹൃദ്യമായി അഭിവാദ്യം ചെയ്ത് സ്വീകരിക്കുകയും സത്ക്കരിക്കയും ചെയ്തു. ഭക്ഷണത്തിനുശേഷം അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് എന്നോട് ചോദിച്ചു: "സർ, എന്തുകൊണ്ടാണ് താങ്കളൊരു ക്രിസ്ത്യാനിയായിത്തീരാൻ ആഗ്രഹിക്കുന്നത്?" എന്റെ പശ്ചാത്തലത്തെപ്പറ്റിയോ എന്റെ സമാധാനാന്വേഷണത്തെപ്പറ്റിയോ ഒന്നു അറിയാതെ, അദ്ദേഹം മിക്കവാറും നിസ്സംഗനായി കാണപ്പെട്ടു. എന്നാൽ ക്രിസ്തുവിനെയോ ക്രിസ്തുമാർഗ്ഗത്തെയോ തിരഞ്ഞെടുത്തത് ഞാനല്ലായിരുന്നു. ഞാനൊരു ക്രിസ്ത്യാനിയായിത്തീരുന്ന പ്രശ്നമല്ലായിരുന്നു അത്. യേശു ക്രിസ്തുവാണ് എന്നെ തിരഞ്ഞെടുത്തത്. ആ ദൈവദാസനെ നിരാശനാക്കേണ്ടന്ന ഉദ്ദേശത്തോടെ ഞാൻ പറഞ്ഞു. "ഒരാൾ എന്നോട് പറഞ്ഞു. ഇന്നു രാവിലെ ഉദ്ദേശം മൂന്നുമണിയോ നാലുമണിയോടടുത്ത സമയത്ത് യേശുക്രിസ്തു എന്നെ കണ്ടെത്തി. എന്നോട്: "എന്റെ കൃപ നിനക്കു മതി" എന്നു പറഞ്ഞു. ക്രൂശിതനായ യേശുക്രിസ്തുവിന്റെ ഒരു ചിത്രം ഭിത്തിയിൽ തൂങ്ങിക്കിടന്നിരുന്നു. റവ: ഷാ തന്റെ ഒരു കൈകൊണ്ട് എന്റെ കരത്തിൽ പിടിച്ചുകൊണ്ട് മറ്റെ കൈ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ യേശു തന്നെയാണോ എന്നോട് സംസാരിച്ചത് എന്ന് ചോദിച്ചു?

"ക്രിസ്തുവിനെ, തന്റെ വസ്ത്രത്തെപ്പോലും ജനങ്ങൾ കവർന്നെടുത്തു. അവർ അവനെ നഗ്നനാക്കി, വാറുകൊണ്ടടിച്ചു ക്രൂശിൽ തറച്ചു! അവന് നിനക്കെന്ത് തരുവാൻ സാധി



ക്കും?" ഇങ്ങനെയാണ് റവ: ഷാ പറയുന്നതായി ഞാൻ കേട്ടത്, ഞാൻ മറ്റൊരു വ്യത്യസ്തമനോഭാവക്കാരനായിരുന്നെങ്കിൽ ആ ചോദ്യത്തിന്റെ ആന്തരാർത്ഥം എന്നെ ഭഗ്നാശനാക്കുമായിരുന്നു. അവന്റെ സമാധാനം ഒഴികെ മറ്റൊന്നും എനിക്കു ആവശ്യമില്ലായിരുന്നു. ഞാൻ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്ത ഒന്നാണ് രക്ഷ. ഞാനൊരു ദുരഭിമാനമുള്ള വ്യക്തിയായിരുന്നെങ്കിൽ; ഞാൻ കുപിതനും നിരാശനുമായിത്തീരുമായിരുന്നു. തുറന്ന കരങ്ങളോടെ എന്നെ സ്വീകരിക്കുമായിരുന്നു എന്നു ഞാൻ കരുതി. എന്നാൽ ആ സാഹചര്യമെല്ലാം അപ്പോഴും എനിക്കു വളരെ പുതുമയുള്ളതും വികാരാധീനമായിട്ടുമാണ് എനിക്കു തോന്നിയത്. അങ്ങനെ, സന്തോഷത്താൽ നിറഞ്ഞ എന്റെ ഹൃദയത്തിൽ ഈ വികാരത്തിന് യാതൊരു പ്രസക്തിയും കണ്ടെത്താൻ കഴിഞ്ഞില്ല.

പിന്നീട് എന്തു ചെയ്യണമെന്ന് എനിക്ക് അറിയാൻ പാടില്ലായിരുന്നെങ്കിലും ക്രിസ്തു മാർഗ്ഗത്തെപ്പറ്റി അന്വേഷിക്കുന്നവരെ അഥവാ ക്രിസ്ത്യാനികളായിത്തീരാൻ ആഗ്രഹിക്കുന്നവരെ സംശയത്തോടെയാണ് പരിഗണിച്ചിരുന്നതെന്ന് ഞാൻ പെട്ടെന്നു ഗ്രഹിച്ചു. വിശിഷ്ട വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, പാർപ്പിടം മിഷനറിമാർ വാഗ്ദാനം ചെയ്യുന്ന ഇത്തരം ആനുകൂല്യങ്ങൾ നിമിത്തമാണ് അനേകർ ക്രിസ്ത്യാനികളായിത്തീരാൻ ആഗ്രഹിക്കുന്നതെന്നു തോന്നുന്നു. ക്രിസ്തീയ മാർഗ്ഗം സ്വീകരിച്ച ഭൂരിപക്ഷം പേരും ഹിന്ദുക്കളിൽ പാവങ്ങളിൽ പാവങ്ങളായ ഈ തൂപ്പുകാരുടെ ഇടയിൽ നിന്നായിരുന്നു എന്നതിന് യാതൊരു അത്ഭുതവും ഇല്ല. എന്നാൽ, ഈ പരിവർത്തിതരെല്ലാം ഭൗതീകനേട്ടങ്ങൾക്കു വേണ്ടിയാണ് വന്നതെന്ന് ചിന്തിക്കരുത്. എന്നെപ്പോലെ, തങ്ങളുടെ ഏറ്റവും ഗാഢമായ പ്രതീക്ഷക്ക് സംതൃപ്തി അവർ ക്രിസ്തീയ മാർഗ്ഗത്തിൽ കണ്ടെത്തി. അവരെ സംബന്ധിച്ചിടത്തോളം താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ അർത്ഥവത്താണ്.

**വെറും കൈയാൽ ഞാൻ വരുന്നു.**
**ഞാൻ ക്രൂശിൽ മാത്രം പറ്റിച്ചേരുന്നു**
**രക്ഷകാ എന്നെ ശുദ്ധീകരിക്കൂ അല്ലെങ്കിൽ**
**ഞാൻ മരിക്കും.**

ആ ചോദ്യത്തിനുള്ള എൻെറ മറുപടി ഇങ്ങനെ മാത്രമാണ്: "ക്രിസ്തു നിസ്സഹായനാണെന്നും അവന് എനിക്ക് ഒന്നും തരാൻ കഴികയില്ലെന്നും പറയരുത്. അവൻ എനിക്ക് സകലവും നല്കിക്കഴിഞ്ഞു. അവൻ എന്നെ പുതിയ മനുഷ്യനാക്കിത്തീർത്തു; എനിക്കു മനസമാധാനവും തന്നു."

"ശരി," ഗോജ്റയിലുള്ള എൻെറ സുഹൃത്തായ ഒരു മിഷ്യനറിയുടെ അടുക്കൽ അയയ്ക്കുക മാത്രമാണ് എനിക്ക് നിങ്ങൾക്കു വേണ്ടി ചെയ്യാൻ കഴിയുന്ന ഏക സംഗതി. അദ്ദേഹം താങ്കളെ സഹായിക്കും.

ഞാൻ പോയാലുടനെ തന്നെ എന്നെ സ്വീകരിക്കാൻ പോകുന്നില്ലെന്നും അതു എനിക്ക് പ്രതീക്ഷിക്കാവുന്നതല്ലെന്നും എനിക്കറിയാം. എൻെറ മുമ്പിലുള്ള പാത നീണ്ടതായിരിക്കണം. ഏതാനും നിമിഷങ്ങൾക്കു ശേഷം റവ. ഷാ ഒരു കത്തും ഗോജ്റയിൽ എത്തിച്ചേരാനുള്ള ബസ്ചാർജ്ജും എൻെറ കൈയ്യിൽ തന്നു. എൻെറ തീർത്ഥയാത്രയുടെ എന്തൊരു അശുഭകരമായ തുടക്കമായിരുന്നു അത്. എന്നിരുന്നാലും യാതൊരു കാരണവശാലും ഞാൻ നിരാശനോ ഇച്ഛാഭംഗമുള്ളവനോ ആയിത്തീർന്നില്ല. എൻെറ പുതിയ വിശ്വാസം എനിക്ക് അത്യധികം അർത്ഥവത്തായി അനുഭവപ്പെട്ടു. ഒടുവിൽ ഞാൻ എൻെറ മഹത്തായ നിധി കണ്ടെത്തി; അതു എന്നിൽ നിന്ന് ആരും കവർന്നെടുക്കാനും പോകുന്നില്ല.

മധ്യാഹ്നത്തിൽ ഞാൻ ഗോജ്റയിൽ എത്തിച്ചേർന്നു റവ. R.W. F. വൂട്ടണിനെ സന്ധിച്ചു. എനിക്കു മുമ്പിലുള്ള പാ



ത അത്രക്ക് നിസ്സാരമല്ലെന്നു എനിക്കു പൂർണ്ണമായും ഈ സമയത്ത് ബോധ്യപ്പെട്ടു. ക്രിസ്ത്യാനിയായിത്തീരാനുള്ള എൻെറ ആഗ്രഹത്തിൻെറ ആത്മാർത്ഥത ആദ്യമായി ശോധന ചെയ്തശേഷം സ്നാനത്തെപ്പറ്റിയുള്ള തീരുമാനം അവർ പിന്നീട് അറിയിക്കാമെന്നു റവ. വൂട്ടൺ എന്നോട് പറഞ്ഞു. ഞാൻ സമ്മതിച്ചു. സ്നാനം ഗൗരവാവഹമായൊരു ചുവടുവെപ്പായിരുന്നു. സ്വാഭാവികമായി നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളിൽ ഒരു വ്യക്തിക്ക് ഉണ്ടാകുന്ന ഒരു അനുഭവമല്ല ഇത്. ക്രിസ്തുവിനോടും തൻെറ രാജ്യത്തിൻെറ സുവിശേഷത്തോടും കാണിക്കുന്ന ബോധപൂർവ്വമായ സമർപ്പണമാണ് ഇത് അർത്ഥമാക്കുക. ഒരു പരിവർത്തിക്ക് തൻെറ മുമ്പാകെ തികച്ചും നവ്യമായൊരു ജീവിതരീതിയും മൂല്യങ്ങളും മലർന്നു കിടക്കുന്നു. അക്രൈസ്തവ ചരിത്രമുള്ള ഒരു രാജ്യത്ത് നിശ്ചയമായും സാംസ്ക്കാരിക മതിലുകളെ മറിച്ചിടുകയും മറികടക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് പരിവർത്തനത്തിൽ അന്തർലീനമായിരിക്കുന്നത്. ചിലരെ സംബന്ധിച്ചിടത്തോളം ഇതൊരു വേദനാജനകമായ അനുഭവമായിരിക്കും. സ്നാനത്തെ ഒരിക്കലും നിസ്സാരമായി കണക്കാക്കരുത്. ഇസ്ലാമിക രാജ്യത്ത് ഒരുവൻ ക്രിസ്ത്യാനിയായിത്തീരുന്നത് രാജ്യദ്രോഹത്തിന് സമാനമാണ്. ക്രിസ്തുമാർഗ്ഗത്തിലേക്കു പരിവർത്തനം ചെയ്യുന്ന മുസ്ലീങ്ങൾ "മുസ്ലീം രാജ്യത്ത് മുസ്ലീമായി ജീവിക്കാനുള്ള പദവി ത്യജിക്കുകയാണ്." ചില മുസ്ലീം രാജ്യങ്ങളിൽ പരിവർത്തിതർ നിയമത്തിൻെറ സംരക്ഷണത്തിൽ നിന്ന് നിഷ്കാസിതരാണ്. അവരുടെ വസ്തു വകകൾ നശിപ്പിക്കപെടുകയോ അവരുടെ കുടുംബാഗങ്ങൾ ഉപദ്രവിക്കപ്പെടുകയോ ആണെങ്കിൽ അത്തരം ആളുകൾക്ക് നീതിക്കുവേണ്ടി കോടതിയിൽ അപ്പീൽ കൊടുക്കാൻ പോലും സാധിക്കുകയില്ല. മുസ്ലീം പശ്ചാത്തലത്തിൽ നിന്ന് ക്രിസ്ത്യാനികളാകുന്നവരുടെ ജീവിതഹാനി തന്നെ സംഭവിക്കുന്നത് അസാധാരണമൊ

ന്നുമല്ല. എന്നാൽ ശോധന ചെയ്യപ്പെടുവാൻ എനിക്കു സന്തോഷമായിരുന്നു. ആ പ്രക്രിയയിൽ എൻെറ ഭക്തി ബന്ധത്തിൻെറ യഥാർത്ഥ പൊരുൾ അവർക്കും എനിക്കും ഉറപ്പുവരുത്താവുന്നതാണ്.

സന്ദർശകരുടെ മുറി റവ. വൂട്ടൻ എനിക്ക് താമസിക്കാൻ ഒരുക്കിതന്നു. അവിടെ ഉണ്ടായിരുന്ന ഏകഗ്രഹോപകരണം ആടുന്ന ഒരു കട്ടിലും ഒരു മെത്തയും കട്ടി കൂടിയ രണ്ടു വിരിയും ആയിരുന്നു. ഞാൻ വിരിപ്പുകൾ പൊക്കിയാൽ ചൂട് എന്നെ ശല്യപ്പെടുത്തും; ഞാൻ അവയെ നീക്കിക്കളഞ്ഞാൽ, കൊതുകുകൾ പറന്നുവന്നു എൻെറ രക്തം കുടിച്ചു ചീർക്കും! ഭക്ഷണത്തിനുപോലും ശരിയായ ക്രമീകരണം ചെയ്തിരുന്നില്ല. എനിക്ക് എന്തെങ്കിലും ലഭിക്കുമ്പോൾ ഞാൻ ഭക്ഷിച്ചിരുന്നു; ആരും എന്നെ ഓർത്തില്ലെങ്കിൽ, ഞാൻ പട്ടിണി കിടന്നു. ഒരവസരത്തിൽ എൻെറ ഭക്ഷണത്തെപ്പറ്റി മൂന്നു ദിവസത്തേക്കു ആരും ചിന്തിക്കയുണ്ടായില്ല! ആദ്യത്തെ രണ്ടു ദിവസങ്ങളിൽ എനിക്കു അതിജീവിക്കാൻ കഴിഞ്ഞു; പ്രാർത്ഥനക്കായി ധാരാളം സമയവും ചെലവഴിച്ചു. എന്നാൽ മൂന്നാമത്തെ ദിവസം, ഞാൻ വളരെ ക്ഷീണിതനായിത്തീർന്നതിനാൽ കിടക്കയെ അവലംബിക്കേണ്ടി വന്നു. റവ. വൂട്ടൺ മിഷ്യൻ കോമ്പൗണ്ടിൽ നിന്ന് വെളിയിൽ പോയിരുന്നു. അദ്ദേഹം മടങ്ങിവന്നപ്പോൾ എൻെറ ഇരുളടഞ്ഞ മുറിയിലേക്കു കടന്നുവന്നു. "സഹോദരാ, നിങ്ങൾ രോഗിയാണോ?" അദ്ദേഹം ചോദിച്ചു.

"അല്ല, ഞാൻ രോഗിയല്ല, സർ" ഞാൻ വിഷണ്ണനായി പറഞ്ഞു.

"അങ്ങനെയാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ വളരെ ക്ഷീണിതനായി കാണപ്പെടുന്നത്? നിങ്ങൾക്ക് ഭക്ഷിക്കാൻ ഒന്നും ഇല്ലായിരുന്നോ? ഞാൻ തലകുലുക്കിയപ്പോൾ, 'എത്ര നാൾ'? എന്നദ്ദേഹം ആരാഞ്ഞു. എൻെറ ശരീ



രത്തിന് ശക്തി തീരെ ഇല്ലായിരുന്നു; ഞാൻ എത്രമാത്രം ശ്രമിച്ചിട്ടും എൻെറ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഉദ്ഗമിക്കുന്നത് എനിക്ക് തടയാൻ കഴിഞ്ഞില്ല. മൂന്നുദിവസമായി ഞാൻ ആഹാരം കഴിച്ചില്ലെന്നു എൻെറ വിരലുകൾ കൊണ്ട് ഞാൻ വ്യക്തമാക്കി. ഈ വാർത്ത കേട്ട് അദ്ദേഹം ദുഃഖിക്കയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു.

"ഞങ്ങൾ ഏതുതരം മനുഷ്യരാണ്" അദ്ദേഹം ആരാഞ്ഞു. "എത്ര നീചരും നികൃഷ്ടരും! ഞാൻ ദൂരെയായിരുന്നപ്പോൾ നിങ്ങളെക്കുറിച്ച് ചിന്തിക്കാനോ അന്വേഷിക്കാനോ ഇവിടെ യാതൊരു വ്യക്തിപോലും ഇല്ലായിരുന്നോ?"

"അതു പ്രശ്നമല്ല, സർ. ഒരു പക്ഷെ എൻെറ പരിശോധനയുടെ ഭാഗമായിരിക്കാം ഇത്, അതുകൊണ്ട് ഞാൻ ഇക്കാര്യം ആരോടും സൂചിപ്പിച്ചില്ല. ഈ മുറിയുടെ പുറത്തുപോലും ഞാൻ പോയില്ല, കാരണം ആളുകൾ എന്നെപ്പറ്റി നിർദ്ദയമായി സംസാരിക്കുന്നു. ഈ സമീപനത്തിനു ഞാൻ കേവലമൊരു ഇരയായെന്നു മാത്രം. ഒരു ചെറുപ്പക്കാരിയെ വിവാഹം കഴിക്കാനാണ് ഞാൻ ക്രിസ്ത്യാനിയായിത്തീരാൻ ആഗ്രഹിക്കുന്നതെന്ന് ഒരുവൻ പറഞ്ഞു. മിഷൻ സേർവൻറായി ജോലി കിട്ടാൻ വേണ്ടിയാണെന്ന് മറ്റൊരുവൻ പറഞ്ഞു. ഇനിയും വേറൊരുവൻ പറഞ്ഞത് കേവലം പണത്തിനു വേണ്ടിയാണെന്നാണ്. ഞാനിതെല്ലാം കേട്ടെങ്കിലും, ഒന്നും പറഞ്ഞില്ല."

ആരംഭം തൊട്ടുതന്നെ ഈ കോമ്പൗണ്ടിലെ ആളുകൾ എന്നോട് നിർദ്ദയമായിട്ടാണ് പെരുമാറിയത്. അവരെ സംബന്ധിച്ചിടത്തോളം ഞാൻ വിളിക്കാതെ വലിഞ്ഞു കേറിവന്നവനാണ്. മിഷനറിമാർക്കുവേണ്ടി പ്രവർത്തിക്കുന്നത് അവർക്കൊരു പദവിയായിരുന്നു. എനിക്കുവേണ്ടി അവർക്കു ഒരു സമയവും ഇല്ലായിരുന്നു.

ഈ ക്രിസ്ത്യാനികളോട് കോപമോ അവരുടെ സമീപനത്തെപ്പറ്റി വേദനയോ തോന്നുന്നതിനുപകരം അവരോട് അനുകമ്പയാണ് എനിക്കുണ്ടായത്. ഒരു പക്ഷെ ഏറ്റവും നിരാശരായ ഒരു കൂട്ടം ആളുകളായിരിക്കാം അവർ. മിഷൻ കോമ്പൗണ്ടിൽ താമസിക്കുന്നതിനാൽ സ്വന്തക്കാരിൽ നിന്ന് അവർ വേർപെട്ടിരിക്കുന്നു. മിഷനറിമാരുടെ അംഗീകാരവും പുകഴ്ചയും കിട്ടേണ്ടതിന് അവർ അന്യോന്യം മത്സരിക്കുന്നു. ഇത് ആത്മാർത്ഥതയേക്കാൾ ഉപരിയായി കപടനാട്യം ഉളവാക്കാൻ ഇടയാക്കുന്നു. ഉന്നത ലക്ഷ്യങ്ങളും തങ്ങളുടെ ജീവിതത്തിൽ ആഴമേറിയ അർത്ഥവും തേടുന്നവരെ സ്വാഗതം ചെയ്യുന്നതിനു പകരം, അവരെ അവഗണിക്കാനും ശത്രുക്കളായി കണക്കാക്കുവാനുമാണ് അവർ മുതിരുന്നത്. സത്യാന്വേഷകർ കാണിക്കുന്ന ത്യാഗമനോഭാവങ്ങളെപ്പറ്റി അവർക്ക് മതിപ്പില്ല, മറിച്ച് തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ച നാഥനെ പ്രീതിപ്പെടുത്തുന്നതിനേക്കാൾ മിഷനറിമാരെ പ്രീണിപ്പിക്കുന്നതിലാണ് അവർക്ക് ഉത്സാഹം. ഞാൻ ഈ മനോഭാവത്തിൻെറ കേവലം ഇരയായിതീർന്നു.

എങ്കിലും റവ. വൂട്ടൺ എന്നോട് വളരെയധികം ദയ കാണിച്ചു. അദ്ദേഹം എന്നെ തൻെറ ഭവനത്തിൽ കൊണ്ടുവന്ന് അദ്ദേഹം അവിടെ ഉണ്ടെങ്കിലും ഇല്ലെങ്കിലും എനിക്കുവേണ്ടി ഭക്ഷണം ഒരുക്കിക്കൊടുക്കണമെന്ന് പാചകക്കാരന് നിർദ്ദേശം കൊടുത്തു. പിന്നെ ഒരിക്കലും ഞാൻ ഭക്ഷണം കൂടാതെ കഴിയേണ്ടി വന്നിട്ടില്ല, എങ്കിലും കോമ്പൗണ്ടിലെ ചുറ്റുപാടിന് മാറ്റം വന്നില്ല. അവരുടെ സമീപനങ്ങൾ അസഹനീയമായിത്തീർന്നു. അതിൻെറ ഫലമായി, എനിക്ക് മിഷൻ ഹോസ്റ്റലിൽ താമസിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരണമെന്ന് ഞാൻ റവ. വൂട്ടണിനോട് അഭ്യർത്ഥിച്ചു.

ആ കാലയളവിൽ എന്നെക്കുറിച്ച് ഒന്നും തന്നെ ഞാൻ റവ. വൂട്ടനോട് പറഞ്ഞിരുന്നില്ല. ഭൂതകാലം പ്രാധാന്യമർഹിക്കുന്നതായി എനിക്കു തോന്നിയില്ല. എൻെറ സമ്പന്നമായ പശ്ചാത്തലത്തെപ്പറ്റിയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ അദ്ദേഹത്തെ സ്വാധീനിക്കത്തക്ക നിലയിൽ ഞാനൊരു RAF ഓഫീസറായിരുന്നു എന്ന വസ്തുതയെപ്പറ്റിയോ ഏതെങ്കിലും അറിവ് അവർക്ക് ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിച്ചില്ല. ഒരു കാവൽക്കാരനായോ സെക്യൂരിറ്റി ഗാർഡായോ ഞാൻ രാത്രിയിൽ ജോലി നോക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചപ്പോൾ ഞാൻ സസന്തോഷം അതു സ്വീകരിക്കയാണുണ്ടായത്, എന്തെന്നാൽ ഞാൻ ആർക്കും ഒരു ഭാരമായിത്തീരാൻ ആഗ്രഹിച്ചില്ല. ജൂൺമാസക്കാലത്ത് ഗോജ്റായിലെ സ്ക്കൂളും ഹോസ്റ്റലും അടച്ചിട്ടു. അതിൻെറ ഫലമായി ഭക്തനായൊരു ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വത്തിൻ കീഴിൽ എനിക്ക് ആ കോമ്പൗണ്ടിൽ തന്നെ താമസിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യപ്പെട്ടു. അദ്ദേഹത്തിൻെറ പേർ സേവക് ബൂത്താ മസിഹ് എന്നായിരുന്നു. അത്തരത്തിലൊരു വ്യക്തിയോടുകൂടെ ജോലിചെയ്യാൻ അവസരം കിട്ടിയതിൽ ഞാൻ അത്യധികം ഭാഗ്യവാനായിരുന്നു. പെൺകുട്ടികളുടെ സ്ക്കൂളിലും ഹോസ്റ്റലിലും അദ്ദേഹം ഒരു സന്ദേശവാഹകനായിരുന്നു. അദ്ദേഹത്തിൻെറ വേതനം വളരെ തുച്ഛമായിരുന്നു. എങ്കിലും അദ്ദേഹം എന്നെപ്പോലെയുള്ള ജനങ്ങളെ സഹായിച്ചു.

ബൂട്ടാ മസിഹിന് ഗുർമുഖി (സിക്കുകാരുടെ ഭാഷയായ പഞ്ചാബി) മാത്രമേ വായിക്കാനറിയൂ. അദ്ദേഹത്തിൻെറ സൗഹൃദം എൻെറ ആത്മീയ വളർച്ചയുടെ അടിത്തറപാകി. ക്രിസ്തീയ വിശ്വാസത്തിൻെറ യഥാർത്ഥ സ്വഭാവവും പ്രായോഗിക ക്രിസ്തീയ ജീവിതത്തിൽ അന്തർലീനമായിരിക്കുന്നതെന്താണെന്നും അദ്ദേഹത്തിൽ നിന്നാണ് ഞാൻ പഠിച്ചത്. പ്രാർത്ഥന അദ്ദേഹത്തിൻെറ ജീവിതത്തിലെ സുപ്രധാനമായൊരു പങ്കുവഹിച്ചു. അദ്ദേഹത്തിൻെറ സമസ്ത ജീവിതംപോലും ഒരു പ്രാർത്ഥനാ ജീവിതമാണെന്നു സാമാന്യമായ് പറയാ

വുന്നതാണ്. ഞങ്ങൾ ഒരുമിച്ച് മുഴുരാത്രിയും പ്രാർത്ഥനയിൽ ചെലവഴിക്ക പതിവായിരുന്നു. എന്റെ ജോലിക്കു പോകുന്നതിനു മുമ്പ് ഒരു രാത്രി അദ്ദേഹത്തോടുകൂടിയായിരുന്നത് ഞാൻ ഓർക്കുന്നു. ഞങ്ങൾ പ്രാർത്ഥനയിൽ അത്രയ്ക്ക് മുഴുകിയിരുന്നതിനാൽ ഞങ്ങളറിയാതെ സമയം കടന്നുപോയി. പിറ്റെ ദിവസം രാത്രിയിൽ ആളുകൾ എന്നെ നാലുപ്രാവശ്യം കണ്ടതായിട്ട് എന്നോട് പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോയി. ഞാൻ ഇത്രക്ക് ജോലിയിൽ തീഷ്ണത കാട്ടിയതിൽ അവർ അത്ഭുതം കൂടി. എന്തൊരു അത്ഭുത സംഗതിയാണ് നടന്നതെന്ന് പിന്നീട് എനിക്ക് മനസ്സിലായി. ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ യേശു തന്നെ എന്റെ ദൗത്യം നിർവ്വഹിച്ചു! എനിക്ക് അത്രമാത്രം യാഥാർത്ഥമായിത്തീർന്നുകൊണ്ടിരുന്ന രക്ഷിതാവിൽ ഞാൻ ആനന്ദിച്ചു.

ഗോജ്റാ കൺവെൻഷന്റെ ആദ്യദിവസം അതായത് ഒക്ടോബർ 2 ന് എന്റെ സ്നാനം നടക്കുമെന്ന് 1949 സെപ്റ്റംബർ അവസാനം എന്നോട് പറയുകയുണ്ടായി. ഞാൻ ചെയ്യാൻ പോകുന്ന ചുവടുവെപ്പിനെപ്പറ്റിയുള്ള പരിജ്ഞാനത്തിന്റെ ആഴത്തെപ്പറ്റി ഉറപ്പ് വരുത്താൻ എന്റെ മുമ്പാകെ ചില ചോദ്യങ്ങൾ ചോദിച്ചു. ഞാൻ വായിച്ച ക്രിസ്തീയ ഗ്രന്ഥങ്ങളുടെ സംഖ്യയെപ്പറ്റിയായിരുന്നു. അവയിൽ ഒന്ന്. റവ. വൂട്ടന്റെ ഉറുദ്ദു പുസ്തകങ്ങളിൽ മിക്കതും തന്റെ ഇംഗ്ലീഷ് ഗ്രന്ഥങ്ങളിൽ നല്ലൊരു ഭാഗവും ഞാൻ വായിച്ചുതീർത്തെന്നും പറയാൻ എനിക്കു സന്തോഷമുണ്ടായിരുന്നു.

സെപ്റ്റംബർ 30-ാം തീയതി രാത്രിയിൽ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ഞാൻ റവ. വൂട്ടണുമായി പൂർണ്ണമായും ആത്മാർത്ഥത പുലർത്തിയിരുന്നില്ലെന്നു കർത്താവ് എന്റെ മനഃസ്സാക്ഷിയെ ഉണർത്തി. എന്റെ പൂർവ്വകാലത്തെപ്പറ്റി ഞാൻ അദ്ദേഹത്തോട് പറഞ്ഞില്ലെന്നുള്ള വസ്തു ഞാൻ



ഏതോ മറച്ചുവെയ്ക്കുകയാണ് ചെയ്തതെന്ന് എന്നെ സൂചിപ്പിക്കുന്നതായി തോന്നി. അത് ഭീരുത്വവും വഞ്ചനയുമായിരുന്നു; എന്റെ ആത്മീയ വളർച്ചക്കും പുരോഗതിക്കും അത് ഒരു തടസ്സമായിരുന്നു. ഈ ദർശനത്തിനുശേഷം സ്വസ്ഥമായിരിക്കുന്ന കാര്യം എനിക്ക് അസാധ്യമായി തോന്നി. ഞാൻ പാതിരാത്രിയിൽ എഴുന്നേറ്റ് റവ. വൂട്ടിന്റെ വീട്ടിലേക്കു പോയി. എന്റെ സകലഭാരങ്ങളും എനിക്ക് ഇറക്കണമായിരുന്നു. അതുകൊണ്ട് എന്റെ എല്ലാ കഴിഞ്ഞ കാലസംഭവവും ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എന്റെ സത്യസന്ധതയ്ക്കും ആത്മാർത്ഥതക്കും അദ്ദേഹം കൃതാർത്ഥനായിത്തീർന്നു; ഞങ്ങൾ ഒരുമിച്ച് കുറെ സമയം പ്രാർത്ഥനക്കായും ചെലവഴിച്ചു.

ഒക്ടോബർ 2-ന് എന്റെ സ്നാനം നടന്നു. സ്നാനം സ്വീകരിക്കുന്നതിലൂടെ ഞാൻ നമ്മുടെ കർത്താവിന്റെ മാതൃക പിൻതുടരുകയാണെന്ന ബോധം എനിക്ക് വലിയ ആനന്ദം പ്രദാനം ചെയ്തു. അങ്ങനെ ഞാൻ ക്രിസ്തീയ സാഹോദര്യത്തിന്റെ പ്രത്യക്ഷമായ ഭാഗമായിത്തീർന്നു. വിനീതനായ എന്റെ സ്നേഹിതനോട് എനിക്കുണ്ടായിരുന്ന കടപ്പാടിന്റെ നാന്ദിയായും അദ്ദേഹത്തിന്റെ സൗഹൃദം എനിക്ക് എത്രമാത്രം അർത്ഥവത്തായിത്തീർന്നു എന്നതിന് ഉപോത്ബലകമായും, എന്റെ മാമ്മോദീസാ നാമമായ ഗുലാം (അടിമ) എന്നതിനോട് ചേർന്ന് മസീഹും (മശീഹ-ക്രിസ്തു), അതായത് എന്റെ പുതിയ ദൈവീക നിയോഗത്തെ വിളിച്ചോതുന്ന-ക്രിസ്തുവിന്റെ ഒരു അടിമ-പദവും കൂട്ടിച്ചേർത്തു.

അടുത്ത രണ്ടു ആഴ്ചത്തേക്ക് മഹനീയമായ സന്തോഷാവസ്ഥയിൽ ഞാൻ ജീവിച്ചു. ക്രിസ്തുവിന്റേതാണെന്ന അവബോധവും ക്രിസ്ത്യാനികളോടുള്ള കൂട്ടായ്മയും എന്നെ മറ്റൊരു വിതാനത്തിലേക്ക് ഉയർത്തി. എന്റെ കർത്താവ്

എനിക്ക് അത്രക്ക് യാഥാർത്ഥ്യമാക്കിത്തീർന്നു. എൻെറ ശിഷ്ടായുസ്സു അവനെ സേവിക്കുമെന്ന തീരുമാനം ദിനംതോറും ശക്തിയിലും തീവ്രതയിലും വളർന്നുവന്നു. ദൈവത്തിൻെറ കൃപാകടാക്ഷം എന്നിൽ ആവസിക്കുന്നതായി വാസ്തവത്തിൽ എനിക്ക് അനുഭവപ്പെടുകയും എൻെറ സ്രഷ്ടാവിനാൽ സ്നേഹിക്കപ്പെടുകയെന്നാൽ എന്താണെന്ന് ഞാൻ മനസ്സിലാക്കുകയും, എൻെറ അയോഗ്യതയൊന്നും കണക്കാക്കാതെ, എൻെറ ഉള്ളിൽ നിന്നുതന്നെ പ്രത്യുത്തരാത്മകമായ സ്നേഹം ഉദ്ദീപ്തമായിവരുന്നതായും എനിക്കു തോന്നി; എങ്കിലും ശുദ്ധീകരണ അഗ്നിയിൽകൂടി കടന്നുപോവുക എന്നാൽ എന്താണെന്ന് താമസിയാതെതന്നെ എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. എൻെറ ബാഹ്യമായ സാഹചര്യത്തിന് പെട്ടെന്ന് സമൂലമായുള്ള വ്യതിയാനം ഉണ്ടായി. കോമ്പൗണ്ട് ഒഴിഞ്ഞുകിടന്ന ഒരു ദിവസം ഉണ്ടായി. റവ. വൂട്ടണും, ആൺകുട്ടികളുടെ ഹോസ്റ്റൽ തലവൻ ചരൺദാസും എന്നെ സ്നാനപ്പെടുത്തിയ റവ.B.M. അഗസ്റ്റിനും അവിടെ ഇല്ലായിരുന്നു. അവർ എല്ലാവരും ലാഹോറിൽ ഒരു യോഗത്തിനു പോയെന്നു ഞാൻ പിന്നീട് മനസ്സിലാക്കി. ആ ദിവസം എന്നെ കൊണ്ടുപോകാൻ കുപിതനായ മാതുലനും എൻെറ ജേഷ്ഠനും അവിടെ വന്നപ്പോൾ ഞാൻ അവരെ ഏകനായിട്ടാണ് അഭിമുഖീകരിക്കാനുണ്ടായിരുന്നത്.

ഭൂരിപക്ഷം പൗരസ്ത്യ രാജ്യങ്ങളിലും കുടുംബം എന്ന വാക്കിൽ മാതാ-പിതാ, സഹോദരീ-സഹോദരന്മാരോട് ചേർന്ന് മാതൃ-പിതൃ ഭാഗത്തുനിന്നുള്ള അമ്മാവന്മാരും അമ്മാവിമാരും മച്ചുനന്മാരും ഉൾക്കൊണ്ടിരുന്നു. അവരോടെല്ലാവരോടും ഒരുവന് കടപ്പാടും ഉത്തരവാദിത്വവും ഉണ്ടായിരിക്കും. ഒരുവൻെറ ഭാവി രൂപപ്പെടുത്തുന്ന കാര്യത്തിൽ അവരോടുള്ള ശരിയായ ബന്ധുത്വം അത്യന്താപേക്ഷിതമാണ്. അവരുടെ ശിക്ഷണ നടപടിയെ എനിക്ക് അവഗണിക്കാൻ കഴിയുമായിരുന്നില്ല.



അവരിൽ നിന്നുള്ള എൻെറ പൂർണ്ണ സ്വാതന്ത്ര്യം ഞാൻ പ്രഖ്യാപിക്ക എന്നത് എന്നെ സംബന്ധിച്ചിടത്തോളം മിക്കവാറും അസാധ്യമായ ഒന്നായിരുന്നു. അവർക്ക് സമ്പത്തും അധികാരവും സ്വാധീനവും ഉണ്ടായിരുന്നു. എൻെറ അമ്മാവൻ എനിക്ക് രണ്ട് സാധ്യതകൾ തന്നു. ആരും അറിയാതെ ഉടനെ തന്നെ അവരോടുകൂടി പോകയെന്നതായിരുന്നു ഒന്നാമത്തേത്. രണ്ടാമത്തേത് ഒരു ഭീഷണിയും. ഞാൻ അവരോടുകൂടെ പോകാൻ വിസമ്മതിക്കുകയാണെങ്കിൽ, അവർ നഗരത്തിൽ പോയി എൻെറ മതം മാറ്റത്തെപ്പറ്റി പരസ്യമാക്കും. ഇത് ജനങ്ങളെ അത്യധികം പ്രകോപിപ്പിക്കുന്നതാകയാൽ എനിക്കും ഗോജ്റയിലുള്ള എല്ലാ ക്രിസ്ത്യാനികൾക്കും നിഷ്കരുണം അടികൊള്ളാൻ ഇതു ഇടയാക്കും. അവർ ആവശ്യപ്പെട്ടതുപോലെ ഞാൻ ചെയ്തില്ലെങ്കിൽ എൻെറ ഈ പുതിയ ക്രിസ്തീയ കുടുംബത്തിൻെറ സുസ്ഥിതിതന്നെ അപകടത്തിലാകും. എൻെറ ക്രിസ്തീയ സഹോദരന്മാർക്ക് ദോഷം ഉണ്ടാകുന്ന കാര്യം എനിക്ക് അനുവദിക്കാൻ കഴിയുമായിരുന്നില്ല. എൻെറ ഈ പ്രാരംഭ ക്രിസ്തീയ മോക്ഷയാത്രയിൽ ഉണ്ടായ ഈ പ്രതിസന്ധിയിൽ ഞാൻ അത്യധികം ഭഗ്നാശനായിത്തീരുകയും അതിനെ എങ്ങനെ തരണം ചെയ്യണമെന്ന് അറിയാൻ പാടില്ലാത്ത സ്ഥിതിയിൽ എത്തിച്ചേർന്നെങ്കിലും, ഞാനാർക്കാണ് എൻെറ ജീവൻ സമർപ്പിച്ചതെന്ന് അപ്പോൾ ഓർത്തു. എൻെറ നാഥൻെറ ആദേശത്തെയായിരുന്നു ഞാൻ അനുസരിക്കേണ്ടിയിരുന്നത്, അല്ലാതെ മറ്റാരെയും അല്ല. എൻെറ ജീവിതത്തെ നിയന്ത്രിക്കുന്ന ശക്തി അവൻെറ ഹിതമായിരിക്കണമായിരുന്നു. ആകയാൽ, “ഞാൻ എൻെറ നാഥനോട് ചോദിക്കട്ടെ” എന്ന് എൻെറ അമ്മാവനോട് പറഞ്ഞു.

എൻെറ മുറിയുടെ കതക് അടച്ച് എന്തുചെയ്യണമെന്ന് ഞാൻ കർത്താവിനോട് ചോദിച്ചു. എൻെറ സംശയങ്ങളെല്ലാം ദുരീകരിച്ചു. അവൻ എന്നോട് പറഞ്ഞു: “നീ എന്നെ അനുഗമിക്കുമ്പോൾ ഇനിയും അനേകം മുള്ളുനിറഞ്ഞ വൈതരണി

കൾ നീ അതിജീവിക്കേണ്ടതായിട്ടുണ്ട്. അവരോടുകൂടെ പൊയ്കൊള്ളൂ, കാരണം നീ എന്നെക്കുറിച്ചുള്ള സാക്ഷ്യത്തിനു തുടക്കം കുറിക്കേണ്ടത് ഭവനത്തിലാണ്. എൻെറ സാക്ഷിയായി നീ നിലകൊള്ളേണ്ടത്, "ഒന്നാമത് യരൂശലേമിലും, പിന്നീട് യഹൂദ്യയിലും, ശമര്യയിലും, പിന്നീട് ലോകത്തിൻെറ അറ്റത്തോളമാണ്." അപ്പോസ്തല പ്രവൃത്തിയിൽ ക്രിസ്തുവിൻെറ ശിഷ്യന്മാരെ നിയോഗിച്ചതുപോലെ തന്നെ എന്നെയും നിയോഗിച്ചത് എത്ര ആശ്ചര്യകരമായിരിക്കുന്നു.

മടങ്ങിവന്ന് ഞാൻ അവരോടുകൂടെ പോകാൻ തയ്യാറാണെന്ന് ബന്ധുക്കളോട് പറഞ്ഞു. ഞാൻ എന്നെതന്നെ അവർക്ക് ഏല്പിച്ചുകൊടുക്കാൻ ഭയപ്പെട്ടില്ല, കാരണം ആരുടെ ആജ്ഞാപ്രകാരമാണ് ഞാനതു ചെയ്യുന്നതെന്നും, എന്നെ താങ്ങി നിർത്തുന്ന കരം ആരുടെതായിരുന്നു എന്നും എനിക്കറിയാമായിരുന്നു. അങ്ങനെ ഇപ്പോൾ ഫൈസലാബാദ് എന്നറിയപ്പെടുന്ന ലിയാൽപ്പൂർ വരെ ഞാൻ അവരോട് കൂടെ പോയി.

# VIII. അത്ഭുതകരമായ മോചനം

എൻെറ മതപരിവർത്തനം എനിക്ക് മനസ്സമാധാനവും എൻെറ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നല്കിത്തന്നു. ഒടുവിൽ ഞാൻ എൻെറ കുടുംബക്കാരോടു കൂടെ ആയിരുന്നപ്പോഴത്തെ സ്ഥിതിയിൽ നിന്ന് എത്രമാത്രം രൂപാന്തരമായിരുന്നു ഇത്! നിർഭാഗ്യവശാൽ ഇത് അവർക്ക് നിരർത്ഥകമായിരുന്നു. ക്രിസ്തുമാർഗ്ഗത്തെ പരിത്യജിച്ച് വീണ്ടും ഒരു ഉത്തമ മുസ്ലീം ആയിത്തീരുക-അതു മാത്രമായിരുന്നു അവരുടെ മനോവികാരം. എൻെറ മാനസാന്തരം അവർക്കൊരു അപവാദമായിരുന്നു; അതവർക്ക് അവഗണിക്കാനും കഴിഞ്ഞില്ല. അവരുടെ നിലവാരമുള്ള ആളുകൾക്ക് തങ്ങളുടെ കുടുംബത്തിൽ



ഒരു ക്രിസ്ത്യാനിയെ പൊറുക്കാൻ കഴിയുമായിരുന്നില്ല. പാവങ്ങളിൽ പാവങ്ങളാണ് ക്രിസ്ത്യാനികളായിത്തീർന്നത്, അതുകൊണ്ട് ഒരു ക്രിസ്ത്യാനിയെന്ന നിലക്ക് സമൂഹത്തിലെ അത്തരം അധഃസ്ഥിതരുമായിട്ടാണ് ഞാൻ ഇടപഴകേണ്ടി വരുന്നതെന്ന് അവർക്കറിയാം. ഇത് ലജ്ജാകരവും അസഹനീയവും ആയിരുന്നു. എൻെറ കുടുംബക്കാർക്ക് മാനക്കേടുണ്ടാക്കി. എൻെറ മതപരിവർത്തനത്തിൻെറ ഫലമായി, തൻെറ വിവാഹാർത്ഥികളിൽ അനേകരും ഒഴിഞ്ഞുപോയെന്ന് പിന്നീട് എൻെറ ഒരു ഭാഗിനേയി എന്നോടു പറഞ്ഞതായി ഓർക്കുന്നു. ഞാൻ ആയിത്തീർന്ന അവസ്ഥ അവർക്ക് അസഹ്യമായ പ്രത്യാഘാതമാണ് ഉളവാക്കിയത്. അവരെ സംബന്ധിച്ചിടത്തോളം ഞാൻ എൻെറ തെറ്റിനെപ്പറ്റി ബോധ്യപ്പെടേണ്ടിയിരിക്കുന്നു.

"അവരെ സംബന്ധിച്ചിടത്തോളം, ഇസ്ലാം ഉന്നതവും ഉത്കൃഷ്ടവുമായൊരു മതമാണ്. എങ്ങനെയാണ് എനിക്കതിനെ ക്രിസ്തുമാർഗ്ഗത്തിന് പകരം മാറ്റാൻ സാധിക്കുക? സാക്ഷാൽ ദൈവം ഒരുവനേയുള്ളു, മുഹമ്മദ് അവൻെറ പ്രവാചകനും ആകുന്നു- ഇതാണ് ഓരോ മുസ്ലീം കുട്ടിയുടെയും കാതുകളിൽ ആവൻെറ പ്രാരംഭ നാളുതുടങ്ങി മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്ന സംഗതി. എന്നാൽ യേശുക്രിസ്തു മറ്റെല്ലാ പ്രവാചകന്മാരേയും പോലെ കേവലമൊരു പ്രവാചകൻ മാത്രമല്ലെന്നും, അവൻ ദൈവപുത്രനാണെന്നും ആണ് ഞാനിപ്പോൾ പ്രഖ്യാപിക്കുന്നത്. അത് ഞങ്ങളുടെ കുടംബക്കാരെ സംബന്ധിച്ചിടത്തോളം ദൈവ ദൂഷണമാണ്, എന്തെന്നാൽ ദൈവത്തിനൊരു പുത്രൻ ഉണ്ടാകാൻ കഴികയില്ലെന്നു അവർ ശഠിച്ചു. പുത്രത്വത്തെപ്പറ്റിയുള്ള മുസ്ലീം മനോഭാവം കേവലം ശാരീരികമായതിനാൽ, ഈ വിശ്വാസ സ്വീകരണം ആത്യന്തിക അപവിത്രീകരണം ഉൾക്കൊള്ളാൻ പര്യാപ്തമാണ്; എങ്കിലും രൂപകാലങ്കാര ആശയങ്ങൾ ഇസ്ലാമിക പാരമ്പര്യത്തിന് അന്യമല്ല. മുഹമ്മദിൻെറ സ്നേഹിതന്മാരിൽ ഒരുവനെ അബു

ഹരീര-പൂച്ചകളുടെ പിതാവ്-എന്നാണ് നാമകരണം ചെയ്യപ്പെട്ടിരുന്നത്, കാരണം ഈ മൃഗങ്ങളോട് അദ്ദേഹം അത്യധികം പ്രതിപത്തി കാട്ടിയിരുന്നു. മുഹമ്മദിൻെറ ഒരു അമ്മാവനെ അബു ജഹൽ-അജ്ഞതയുടെ പിതാവ് എന്നാണ് സംബോധന ചെയ്തിരിക്കുന്നത്, എന്തെന്നാൽ അദ്ദേഹം മുഹമ്മദിനെ ഒരു പ്രവാചകനായി അംഗീകരിച്ചിരുന്നില്ല. അങ്ങനെ, ശാരീരിക ബന്ധുത്വത്തിൽ നിന്നു പൂർണ്ണമായും അന്യമായ ഒരു സങ്കല്പമായിട്ടാണ് "പിതൃത്വത്തെ" ഉപയോഗിച്ചിരിക്കുന്നതായി വ്യക്തമാക്കുന്നത്. ക്രിസ്തുവിൻെറ പുത്രത്വത്തെ സംബന്ധിച്ചും ഇതു അർത്ഥവത്താണ്.

തങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കാത്ത സംഗതി ചിലപ്പോൾ ആളുകൾ തിരസ്ക്കരിക്കും; കാരണം ആ ആഹ്വാനം അത്രക്ക് മഹത്തരമായിരിക്കാം. ദൈവത്തിൻെറ പരിപൂർണ്ണമായ വെളിപാട് മനുഷ്യരാശിക്കാകമാനം പ്രദാനം ചെയ്ത ദൈവ പുത്രനെ ഒരു മുസ്ലീം ദൈവപുത്രനായി അംഗീകരിക്കുന്നുവെങ്കിൽ മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണെന്ന പ്രധാന്യവും ഖുർ ആൻ ദൈവ വെളിപാടാണെന്ന വസ്തുതയും രണ്ടാം നിരയിലേക്ക് തള്ളപ്പെടുന്നു.

ഐഹിക ജീവിതത്തിൽ അനുഷ്ഠിക്കുന്ന സത്പ്രവൃത്തികൾ മരണാനന്തര ജീവിതത്തിൽ തങ്ങൾക്ക് പാപക്ഷമയും സന്തോഷവും പ്രദാനം ചെയ്യുമെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നു. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിൽവെച്ചു തന്നെ പാപം ക്ഷമിക്കപ്പെടേണ്ട ആവശ്യകത ഞാൻ കാണുന്നു. എങ്കിൽ എൻെറ ജീവിതം ദൈവത്തിനു സമർപ്പിച്ച് എൻെറ ഭാവി ഭാഗധേയം നിർണ്ണയിക്കുവാനുള്ള അവകാശം അവനു നല്കുവാനും എനിക്കു കഴിയും.

എൻെറ കുടുംബക്കാർക്ക് ഞാനൊരു അവിശ്വാസിയായത്തീർന്നു; അവർ എന്നോട് അപ്രകാരം പെരുമാറാൻ മടി കാട്ടിയില്ല. ഞാൻ ഭവനത്തിൽ മടങ്ങി വന്നപ്പോൾ തെരുവിൽ



ഇരുന്നു ഭക്ഷണം കഴിക്കാൻ ഞാൻ നിർബന്ധിതനായിത്തീർന്നു. എങ്കിലും, ഞാൻ നന്ദിയോടെ, യാതൊരു പിറുപിറുപ്പും കൂടാതെ, ഭക്ഷിച്ചു. എൻെറ കുടുംബക്കാരിൽ നിന്നുള്ള പീഢനം എൻെറ കർത്താവിനെ പരസ്യമായി സാക്ഷിക്കാനുള്ള ഒരു അവസരം എനിക്കു തന്നു.

എന്നെ തിരികെ തങ്ങളുടെ മതത്തിലേക്കു മടക്കിക്കൊണ്ടുവരാനുള്ള അവസരങ്ങളൊന്നും അവർ പാഴാക്കിയില്ല. ഷെയ്ക്കപ്പുറ ജില്ലയില്ലുള്ള തൻെറ ഗ്രാമത്തിലേക്കു എൻെറ അമ്മാവൻ എന്നെ കൊണ്ടുപോയി. എന്നോട് വാദിക്കാൻ മത പണ്ഡിതന്മാരെ അന്വേഷിച്ച് അവരെ വീട്ടിലേക്ക് കൊണ്ടു വന്നു. കുറെ സമയത്തെ വാഗ്വാദത്തിനു ശേഷം പുതുതായി പരിശീലനം കിട്ടിയ ഒരു മൗലവി ആ ഉദ്യമം ഉപേക്ഷിച്ച്, ഞാനൊരു മനോരോഗിയാണെന്ന സർട്ടിഫിക്കറ്റും തന്നിട്ടാണ് സ്ഥലം വിട്ടത്.

വിവിധതരത്തിലുള്ള മൗലവികളുമായി നടന്ന, ആറു ആഴ്ചക്കാലത്തെ സമ്മേളനങ്ങൾ നിരർത്ഥകമായിത്തീർന്നു. പിന്നീടാണ്, സെയ്ദ് അത്ത ഉള്ള, ഷാബുക്കാരി (മുഹമ്മദ് നബിയുടെ സന്താന പരമ്പരയിൽ പെട്ട വ്യക്തി)യുമായി സന്ധിക്കാൻ ഞാൻ നിശ്ചയിച്ചത്. ഉദ്ദേശം ആ സമയത്താണ് അദ്ദേഹം ഷെയ്ക്ക് ഹുഫൂരയിൽ സന്ദർശിക്കാൻ വന്നത്. നിശ്ചയിക്കപ്പെട്ട സമയത്ത് ആ വ്യക്തിയുടെ സന്നിധാനത്തിലേക്ക് എന്നെ ആനയിച്ചു. എങ്കിലും, എന്നോട് സംസാരിക്കുന്നതിനും, ക്രിസ്തീയ മാർഗ്ഗത്തെ വർജ്ജിക്കണമെന്നും പറയേണ്ടതിനു പകരം അദ്ദേഹം ഉറക്കെ അട്ടഹസിച്ചുകൊണ്ട് അപഹാസ്യമായി എന്നോട്, "അങ്ങനെ നീയൊരു ക്രിസ്ത്യാനിയായിത്തീർന്നു ഇല്ലേ?" എന്നു പറഞ്ഞു.

"ഉവ്വ്", ഞാൻ പ്രതിവചിച്ചു. അസ്വസ്ഥ ജനകമായൊരു നിശ്ശബ്ദത അവിടെ നിഴലിട്ടു. "ദയവായി തുടർന്നു പറയൂ" ഞാൻ പറഞ്ഞു. എൻെറ ശബ്ദത്തിൻെറ ധ്വനി ബഹുമാനത്തോടൊപ്പം പ്രകോപനപരവും ആയിരുന്നു.

"ഇതിനേക്കാൾ കൂടുതൽ എനിക്കെന്തു പറയാൻ കഴിയും?" അവജ്ഞയോടെ ഷാ എന്നോട് ചോദിച്ചു.

"ഒരു പക്ഷെ താങ്കൾക്ക് കുറെക്കൂടെ ഉപദേശവും മാർഗ്ഗനിർദ്ദേശവും നല്കാൻ കഴിഞ്ഞേക്കും", അത്യധികം ശക്തിയോടെ സ്വാധീനിക്കുകയാണെങ്കിൽ, തൻെറ വിശ്വാസത്തെ ത്യജിക്കാൻ മനസ്സോടെ നിലകൊള്ളുന്ന ഒരുവനോട് അദ്ദേഹം എന്തു പറയുമെന്ന് ജിജ്ഞാസയോടെ കാത്തുകൊണ്ട് ഞാൻ മറുപടി പറഞ്ഞു.

"ഏതു തരത്തിലുള്ള മാർഗ്ഗോപദേശമാണ് നിനക്ക് വേണ്ടത്? നിന്നെപ്പോലെയുള്ള ആളുകൾ ക്രിസ്ത്യാനി ആയിത്തീരാൻ ഒരേഒരു കാരണമേയുള്ളു," അദ്ദേഹം പ്രതിവചിച്ചു.

അദ്ദേഹം ചിന്തിച്ചതെന്താണെന്ന് ഞാൻ മനസ്സിലാക്കി. ഒരു ക്രിസ്തീയ പെൺകുട്ടിയെ വിവാഹം കഴിക്കാനുള്ള ആഗ്രഹമായിട്ടാണ് എൻെറ മതപരിവർത്തനത്തെ അദ്ദേഹം വിശേഷിപ്പിച്ചത്. പിന്നെ എനിക്ക് കോപത്തെ നിയന്ത്രിക്കാൻ കഴിയാത്തതിനാൽ സംസാരിക്കാനുള്ള അനുവാദം ഞാൻ ചോദിച്ചു. "പ്രിയപ്പെട്ട ഷാ, താങ്കളെന്നെ ശരിയായ പാതയിലേക്കു നയിക്കുമെന്ന് എൻെറ കുടുംബക്കാർക്കു വലിയ പ്രതീക്ഷകളുള്ളതിനാലാണ് ഞാൻ താങ്കളുടെ ഉപദേശം കേൾക്കാൻ വന്നത്. പക്ഷെ അത്തരം തരംതാണ ആരോപണങ്ങൾ ഞാൻ താങ്കളിൽ നിന്ന് പ്രതീക്ഷിച്ചിരുന്നില്ല. അതിലുപരിയായി, ലൈംഗികതയും മതവും, രണ്ടു വ്യത്യസ്ഥമായ വസ്തുതകളാണെന്നും ലൈംഗികമായ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ മതത്തെ സ്വീകരിക്കുകയോ അല്ലെങ്കിൽ തിരസ്കരിക്കുകയോ ചെയ്യുന്നവൻ വിഡ്ഢിയുമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു മുസ്ലീം എന്ന നിലക്ക് നാലുഭാര്യമാരെ വിവാഹം കഴിക്കാൻ-എനിക്ക് സംരക്ഷിക്കാൻ കഴിയുമായിരുന്നെങ്കിൽ അതിനെക്കാൾ അധികം-എനിക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു! മരണാനന്തരം പറുദീസയിൽ എനിക്ക്



എഴുപത്തിരണ്ട് ഭാര്യമാരെ പ്രതീക്ഷിക്കാൻ കഴിയുമായിരുന്നു. എന്നാൽ മതവും വിശ്വാസവും അത്തരം ഭൗമീകമായ പരിഗണനകളെ അതിജീവിക്കുന്നു. അവയെ കേവലം ലൈംഗികതക്കു വേണ്ടി സമന്വയിപ്പിക്കാൻ സാധ്യമല്ല. എൻെറ പുതിയ വിശ്വാസത്തിൻെറ അടിസ്ഥാനം ലൈംഗികതയും വൈവാഹികവും ആണെന്നാണ് താങ്കൾ എന്നിൽ ആരോപിക്കുന്നതെങ്കിലും, ഞാൻ വീണ്ടും ഒരു മുസ്ലീം ആയിത്തീരുകയാണെങ്കിൽ, എല്ലാ നിലയിലും, ഈ രണ്ടു സംഗതികളും എനിക്ക് ഇതിൽ തന്നെ ഇപ്പോഴുള്ളതിനേക്കാൾ അഭ്യുദയം ഉണ്ടായിരിക്കാവുന്നതാണ്. താങ്കളുടെ ആരോപണങ്ങൾ അത്ര യുക്തിസഹമല്ല."

എൻെറ പൊട്ടിത്തെറി ഷായെ നിയന്ത്രണം വിടാൻ ഇടയാക്കി; "മിണ്ടിപ്പോകരുത്, മര്യാദയില്ലാത്ത ജന്തു!" ഉഗ്രകോപത്തോടെ അദ്ദേഹം ആക്രോശിച്ചു.

ഞാൻ വിനയത്തോടെ പറഞ്ഞു, "പ്രിയപ്പെട്ട ഷാ, ദേഷ്യപ്പെടേണ്ട ആവശ്യമൊന്നും ഇല്ല; നമുക്കു തമ്മിൽ വാദിക്കാം."

"ഈ സോപാനത്തിൽ നിന്ന് അവനെ കീഴ്പ്പോട്ടു തള്ളിയിട്ടു!" അദ്ദേഹം അട്ടഹസിച്ചു. എൻെറ സഹോദരൻെറ വികാരങ്ങൾ ഒടുവിൽ ഉണർത്തപ്പെട്ടു. "അവൻെറ ശരീരത്തിൽ ഒരു വിരൽ തൊടാൻ ഞാൻ താങ്കളെ അനുവദിക്കയില്ല. അവനെ കേവലം മർദ്ദിക്കേണ്ട ഒരു സംഗതിമാത്രമായിരുന്നെങ്കിൽ, കുടുംബക്കാർ ആ കാര്യം കൈകാര്യം ചെയ്യുമായിരുന്നു," എൻെറ ജേഷ്ഠൻ പ്രതികരിച്ചു.

എൻെറ പുതിയ വിശ്വാസത്തെ അത്രക്ക് നിസ്സാരമായി തള്ളിക്കളയാൻ പ്രേരിപ്പിക്കാനാവില്ലന്നു, നിഷ്ഫലമായ ഈ പരിശ്രമങ്ങൾക്കു ശേഷം, എൻെറ സഹോദരനും അമ്മാവനും മനസ്സിലാക്കിത്തുടങ്ങി. ലാഹോറിലേക്ക് എന്നെ അയയ്ക്കാൻ അവർ നിശ്ചയിച്ചു. എൻെറ അമ്മാവൻെറ ഒരു

ബന്ധുവായ ഹുസൈൻ അലിക്ക് ഒരുപക്ഷെ ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമായിരുന്നിരിക്കണം. ഞാൻ അമ്മാവന്റെ കൂടെ താമസിച്ചുകൊണ്ടിരുന്നപ്പോൾ, സാൽ വേഷൻ ആർമിയിലെ ക്യാപ്റ്റനായ ഐസക്കിനോടൊത്ത് പ്രാർത്ഥനക്കായി രാത്രിയിൽ അടുത്ത ഗ്രാമത്തിൽ പോക പതിവായിരുന്നു എന്നും അദ്ദേഹം കണ്ടെത്തി. അതു തുടരുവാൻ അനുവദിച്ചു കൂടായിരുന്നു.

ഞാൻ ലാഹോറിൽ ആയിരുന്നപ്പോൾ, ഞങ്ങളുടെ ബന്ധുക്കൾ എന്റെ മതപരിവർത്തനത്തെപ്പറ്റി അറിയത്തക്ക നിലയിൽ എന്റെ കുടുംബക്കാർ ഒന്നും പരസ്യമായി പറയുകയോ പ്രവർത്തിക്കയോ ചെയ്തില്ല. ഈ കാലയളവിൽ, തപാൽ വഴി റവ. വൂട്ടനോട് ബന്ധം സ്ഥാപിക്കുവാൻ എനിക്കു സാധിച്ചു. ഡഗ്ളസ് എന്നൊരു മിഷനറി ഒരിക്കൽ എന്നെ തേടികണ്ടെത്തുകയും ചെയ്തു. എന്റെ ക്രിസ്തീയ പേര് ചോദിച്ച് എന്നെ അദ്ദേഹം തേടിക്കൊണ്ടിരുന്നു. വാസ്തവത്തിൽ ഗുലാം മസിഹ് എന്ന പേരിൽ എന്നെ ആർക്കും അറിയാൻ പാടില്ലായിരുന്നു. അദ്ദേഹം അങ്ങാടിയിൽ നില്ക്കുന്നതു ഞാൻ കണ്ടപ്പോൾ, ഞാൻ അടുത്തുചെന്ന് പറഞ്ഞു: "ഞാനാണ് ഗുലാം മസിഹ്" എന്ന്. എന്റെ അവസ്ഥ എങ്ങനെയുണ്ടെന്നും എന്തുകൊണ്ടാണ് വിട്ടുപിരിഞ്ഞതെന്നും അദ്ദേഹം ചോദിച്ചു. എന്നാൽ ഞങ്ങളുടെ കൂടിക്കാഴ്ചയെക്കുറിച്ചുള്ള വാർത്ത പെട്ടെന്ന് എന്റെ സഹോദരന്റെ ശ്രദ്ധയിൽ പെട്ടു. കൂടുതൽ കഠിനമായ നടപടിക്കുള്ള സമയം സമാഗതമായെന്നു താനും തന്റെ സ്നേഹിതന്മാരും നിശ്ചയിച്ചു. ഈ ലജ്ജാകരമായ പണി എന്നെന്നേക്കുമായി അവസാനിപ്പിക്കാനും തീരുമാനിച്ചു. അതിനുള്ള പ്രദേശമായി ലാഹോറിനെയാണ് തിരഞ്ഞെടുത്തത്, കാരണം രവി നദി ആ പ്രദേശത്തുകൂടെയാണ് ഒഴുകികൊണ്ടിരുന്നത്. "വക്രഗതിക്കാരായ മനുഷ്യരെ അതിന്റെ ഒഴുക്കിലേക്ക് കൊണ്ടുവന്ന്" തങ്ങളുടെ പ്രവാസകാലം അവസാനിപ്പിക്കുന്ന പ്രശ്സ്തി ഈ നദിക്കുണ്ട്.



അതിലേക്ക് തള്ളിയിട്ടിട്ടുള്ള ശവശരീരങ്ങൾ വളരെയധികം കീഴ്ഭാഗത്തുള്ള പ്രവാഹത്തിലേക്ക് കൊണ്ടുപോകപ്പെടുന്നു. യുഗങ്ങളായി രവി അതിന്റെ ദൗത്യം നിർവ്വഹിച്ചു കഴിഞ്ഞു, എന്നാൽ 1947-ൽ ഗുർഡാപ്പൂർ, പത്താൻകോട്ട് എന്നീ ജില്ലകളിൽ നിന്നുള്ള നൂറുകണക്കിനുള്ള മുസ്ലീങ്ങളുടെ ശവശരീരങ്ങൾ അതിന്റെ ഒഴുക്കിൽപ്പെട്ട് പരിസമാപ്തിയിൽ എത്തിച്ചേർന്നു. ആ രാത്രിയിൽ രവി അതിന്റെ പരമ്പരാഗതമായ ദൗത്യം നിർവ്വഹിക്കണമായിരുന്നു. ഒരു ചാക്കിനുള്ളിൽ എന്നെക്കയറ്റി അതിന്റെ ഒഴുക്കിലേക്ക് എന്നെ തള്ളണമെന്ന് എന്റെ സഹോദരന്മാർ തീരുമാനിച്ചു.

ഡിസംബർ 6 ഒരു തണുപ്പുള്ള രാത്രിയായിരുന്നു; ശീതകാല രാത്രി ദിനങ്ങൾ വളരെ രൂക്ഷമായ ശൈത്യമുള്ള ദിനങ്ങളായിരിക്കും. രാത്രി ഭക്ഷണത്തിനുശേഷം എന്റെ അടിക്കുപ്പായവും അന്തരീയവും ഒഴികെയുള്ള എല്ലാ വസ്ത്രങ്ങളും അവർ ഉരിഞ്ഞു കളഞ്ഞു. പിന്നീട് എന്നെ അവർ തണുപ്പുള്ള ഒഴിഞ്ഞ മുറിയിൽ അടച്ചു പൂട്ടി. തണുപ്പുകൊണ്ട് മരവിച്ച് അവരോട് എതിരിടാനുള്ള ശക്തി എനിക്ക് ക്ഷയിക്കേണ്ടതിനുവേണ്ടിയായിരുന്നു. ഇങ്ങനെ ചെയ്തത്.

അവർ എന്നെ മുറിയിൽ അടച്ചു പൂട്ടിയിട്ടപ്പോൾ സംഭവിക്കാൻ പോകുന്നതെന്താണെന്നു എനിക്കറിയാമായിരുന്നു, അതിനാൽ, പ്രാർത്ഥിക്കാൻ മാത്രമേ എനിക്കു കഴിഞ്ഞുള്ളു. ഞാൻ ക്രിസ്ത്യാനിയായിത്തീർന്ന നാൾ മുതൽ തിരുവെഴുത്തുകൾ ഹൃദിസ്ഥമാക്കുന്ന ശീലം ഞാൻ അഭ്യസിച്ചു. എനിക്കു മനഃപാഠം അറിയാമായിരുന്ന വാക്യങ്ങൾ ഞാൻ ഉരുവിടാൻ തുടങ്ങി. "യഹോവ എന്റെ ഇടയനാകുന്നു" എന്നു തുടങ്ങുന്ന വേദഭാഗങ്ങൾ എനിക്ക് വളരെയധികം ആശ്വാസം നല്കി. ചിലപ്പോൾ ഞാൻ കരഞ്ഞു; ചിലപ്പോൾ വാക്യം ചെല്ലുകയും ചെയ്തു. എന്നാലും മിക്കവാറും എല്ലാ സമയവും ഞാൻ കർത്താവിനോട് സംസാരിക്കയാണുണ്ടായത്. അവൻ

എൻെറ കൂടെ ഉണ്ടെന്നും മരണാനന്തരം ഞാൻ അവനെ ആശ്ലേഷിക്കുമെന്നും എനിക്കറിയാമായിരുന്നു. അവൻെറ സവിധത്തിൽ ആയിത്തീർന്നാൽ ഉണ്ടാകുന്ന ആനന്ദത്തിൻെറയും ഞാൻ അനുഭവിക്കാൻ പോകുന്ന വേദനാ നിർഭരമായ മരണത്തിൻെറയും നടുവിൽ ഞാൻ നട്ടംതിരിഞ്ഞു. ചിലപ്പോൾ ഞാൻ ചിരിക്കുകപോലും ചെയ്തു, എന്തെന്നാൽ കർത്താവിൻെറ ശക്തിയെപ്പറ്റി എനിക്കറിയാമായിരുന്നു; എൻെറ കുടുംബക്കാർക്ക് എൻെറ ജീവിതം അവസാനിപ്പിക്കാൻ കഴിയുമെന്ന ആശയം അസംബന്ധമാണ്. കർത്താവിൻെറ കാരുണ്യത്തെപ്പറ്റി ഒരു നിമിഷം പോലും ഞാൻ സംശയിച്ചിട്ടുപോലുമില്ല. ഞാൻ തിരഞ്ഞെടുത്ത പാത തെറ്റായിപ്പോയി എന്ന് ഞാൻ ഒരിക്കലും ചിന്തിച്ചിട്ടില്ല. എൻെറ ഏക വഴി ക്രിസ്തീയ മാർഗ്ഗമാണെന്നു എനിക്കറിയാമായിരുന്നു. എൻെറ മരണത്തിനു ശേഷം ഞാൻ ക്രിസ്തുവിനോടുകൂടെയായിരിക്കുമെന്നു എനിക്ക് പരിപൂർണ്ണ വിശ്വാസം ഉണ്ട്. എൻെറ ഈ ദൃഢ വിശ്വാസത്തിൽ നിന്ന് എന്നെ വ്യതിചലിപ്പിക്കാൻ ഒന്നിനും സാധ്യമല്ല. എൻെറ ഐഹിക ജീവിതം ഹീനമായ അന്ത്യത്തിൽ കലാശിക്കുമെങ്കിലും ഞാൻ ശരിയായ പാതയാണ് തിരഞ്ഞെടുത്തതെന്ന് എനിക്കറിയാമായിരുന്നു.

തിരുവെഴുത്തിലെ വചനങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കയും അതിൽ ആശ്വാസം കണ്ടെത്തിയും കൊണ്ടിരിക്കുന്ന വേളയിൽ, അപ്പോസ്തലനായ പൗലോസ് ഫിലിപ്യർക്കെഴുതിയ ലേഖനത്തിൻെറ ഒരു ഭാഗം എന്നെ ശക്തിയായി സ്പർശിച്ചു, അതിതാണ്: "ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്; അതു അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം." (ഫിലി. 1:23,24) മരണാനന്തരം ഉണ്ടാകുന്ന തേജോമയയമായ ജീവിതത്തെപ്പറ്റി ഞാൻ അറിഞ്ഞിരുന്നതിനാൽ മരണം ആകർഷണീയമായിട്ടെനിക്കു തോന്നിയെങ്കിലും, മറ്റൊരു



ലക്ഷ്യത്തിലേക്ക്-എൻെറ സഹോദരന്മാർക്കു വേണ്ടി ജീവിക്കണമെന്നു-ഞാൻ ആകർശിക്കപ്പെട്ടു. ഇപ്പോഴും അന്ധകാരത്തിൽ കഴിയുന്നവർക്കുവേണ്ടി ഞാൻ ജീവിക്കേണ്ടതുണ്ടെന്നും എനിക്ക് അനുഭവപ്പെട്ടു. സുവിശേഷത്തിൻെറ ഉജ്വലമായ വെളിച്ചം-ക്രിസ്തുവിൻെറ മരണ പുനരുത്ഥാനങ്ങളിലൂടെ ദൈവം മാനവജാതിക്കുവേണ്ടി ചെയ്തു തീർത്ത സുവാർത്ത-ആവശ്യമായ ജനങ്ങൾക്ക് ഞാൻ എത്തിച്ചുകൊടുക്കണമായിരുന്നു. "ക്രിസ്തുവിനു വേണ്ടി മരിക്കുന്നത് നിസ്സാരമാണ്, എന്നാൽ അവനുവേണ്ടി ജീവിക്കുക എന്നത് ആയാസകരമാണ്, എന്തെന്നാൽ ഒന്നോരണ്ടോ മണിക്കൂറിനുള്ളിൽ മരണം സംഭവിക്കാം, പക്ഷെ ജീവിക്കുകയെന്നാൽ നിരന്തരം മരിക്കുകയെന്നാണ്" എന്ന സാധു സുന്ദരസിംഗിൻെറ (സിക്കുമതത്തിൽ നിന്ന് രക്ഷിക്കപ്പെട്ട വ്യക്തി) വാക്കുകളെ ഞാൻ ഓർത്തപ്പോൾ ഈ വിശ്വാസം ദൃഢപ്പെട്ടു. സാവധാനത്തിലാണെങ്കിലും, വാസ്തവത്തിൽ ഈ ആശയം എന്നെ ഹഠാദാകർഷിക്കുകയും അപൂർവ്വമായൊരു അത്യാനന്ദത്താൽ ഞാൻ നിറയുകയും ചെയ്തു. എന്തൊരു അത്ഭുതകരമായ ദർശനമാണ് എൻെറ കണ്ണിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. അതായത്, ഇക്കാര്യത്തിൽ ഒരിക്കലായി കർത്താവിനുവേണ്ടി മരിക്കുകയെന്നല്ല, മറിച്ച് ദിനംതോറും മരിക്കുകയെന്നതാണ് പ്രധാനം. ഈ ദർശനം എൻെറ മുഴുജീവനെയും വ്യാപരിച്ചപ്പോൾ എൻെറ ആത്മാവ് അത്യധികം ആനന്ദിച്ചു. എൻെറ മരണത്തിൽ നിന്ന് ഉണ്ടാകുന്ന ഏക നേട്ടം എൻെറ കുടുംബക്കാർക്കാണ് ഉണ്ടാവുക. ക്രിസ്തുവിൽ എനിക്കുണ്ടായിരുന്ന വിശ്വാസം ഇനി മേലാൽ അവരെ ഒരുകാരണവാശാലും ശല്യപ്പെടുത്തുകയില്ല. എന്നെപ്പറ്റിയുള്ള ഓർമ്മ അവർക്ക് കയ്പ്പേറിയ അനുഭവം മാത്രമാണ് ഉളവാക്കുന്നതിനാൽ, അവരുടെ ഓർമ്മയിൽ നിന്നുപോലും എന്നെ തുടച്ചു നീക്കാൻ അവർ ശ്രമിക്കും.

ഒരിക്കലായി ക്രിസ്തുവിനു വേണ്ടി മരിക്കാനുള്ള എൻെറ ആഗ്രഹത്തിൻെറയും പൂർണ്ണമായ സമർപ്പണത്തിൻെറ

യും ത്യാഗത്തിന്റെയും ജീവിതത്തിൽ അവനു വേണ്ടി ദിനേന മരിക്കാനുള്ള സന്നദ്ധതയുടേയും മധ്യത്തിൽ ഞാൻ ഞെരുങ്ങുകയായിരുന്നു. ഒരു ദിവസം ഞാൻ ആയിരം പ്രാവശ്യം മരിക്കേണ്ടിവന്നാലും, അവൻ ക്രൂശിൽ അർപ്പിച്ച പരമയാഗത്തോട് അതിനെ താരതമ്യപ്പെടുത്തുകയാണെങ്കിൽ, എനിക്കു വേണ്ടി അവൻ ചിന്തിയ ഒരു തുള്ളി വിലയേറിയ രക്തത്തോടു പോലും താരതമ്യപ്പെടുത്താൻ സാധിക്കാത്തവണ്ണം അത്രയ്ക്ക് മഹത്തരവും അത്യഗാധവുമാണ് അതെന്നും ഞാൻ മനസ്സിലാക്കി. വിടുതലിനുവേണ്ടി ഏകാഗ്രതയോടെ ഞാൻ പ്രാർത്ഥിക്കണമെന്നു എനിക്കു ബോധ്യമായി, ശാരീരിക മരണത്തെപ്പറ്റിയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ഭീതിയോ ഉണ്ടായിട്ടല്ല, മറിച്ച് എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി സ്വയം അർപ്പിച്ചു തന്നവന്റെ സാക്ഷിയായി ഞാൻ ജീവിച്ച്, ദിനംതോറും മരിച്ചുംകൊണ്ടിരിക്കുന്നതിലേക്കായി മാത്രമായിരുന്നു അത്. അങ്ങനെ, എന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു: "**എന്റെ നാഥനും രക്ഷകനുമായുള്ളോവേ, എന്റെ ആത്മാവ് സ്വസ്ഥമാണ്, കാരണം ഈ ജീവിതാനന്തരം ഞാൻ** നിന്റെ സവിധത്തിലേക്കു വരുമെന്ന് എനിക്കറിയാം. അപ്പോൾ എനിക്കും, നിനക്കും തമ്മിൽ യാതൊരു തടസ്സവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വിശേഷിച്ച് എന്നെ കൊല്ലുവാൻ ഗൂഢാലോചന ചെയ്തുകൊണ്ടിരിക്കുന്ന ഇക്കൂട്ടർക്ക് എന്റെ ജീവിതത്തെ ഒടുക്കിക്കളയാൻ പ്രാപ്തരാണെന്ന ധാരണ ഉണ്ടായേക്കാം നിത്യജീവങ്കലേക്കുള്ള കവാടം മാത്രമാണ് മരണം എന്നെ സംബന്ധിച്ചിടത്തോളം. ഞാൻ ഭാഗികമായി അതിലേക്ക് കടക്കാൻ കാംക്ഷിക്കുന്നു, പക്ഷെ ഈ രാജ്യത്ത് നിന്നെ സാക്ഷിക്കാൻ എനിക്കു ലഭിക്കുന്ന അവസരത്തിന്റെ അന്ത്യമായി മരണം കലാശിക്കുകയാണ്. ആകയാൽ, നിനക്ക് ഇഷ്ടമാണെങ്കിൽ ഇന്നു രാത്രിയിൽ തന്നെ നീ എന്നെ ഇവിടെ നിന്ന് വിടുവിച്ച്, ജനങ്ങളുടെ മധ്യത്തിൽ നിന്റെ മഹത്തായ പ്രവർത്തികളെപ്പറ്റി പ്രഖ്യാപിക്കാനുള്ള ഒരവസരം നീ എനിക്കു തരണം. ജന



ങ്ങളുടെ ആത്മാക്കളെ ആശ്വസിപ്പിക്കാൻ നിനക്ക് എങ്ങനെ സാധിക്കുമെന്നും പാപികൾക്ക് നിത്യജീവന്റെ ഉറപ്പ് എങ്ങനെ നൽകുവാൻ കഴിയുമെന്നും അവരോട് പറയുവാൻ എനിക്ക് കഴിയും. അല്ലയോ എന്റെ നാഥനും കർത്താവുമായുള്ളോവേ, മറ്റുള്ളവരെ കൊല്ലാനായി എന്റെ നാവിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചതുപോലെ, ജീവൻ ദായകമായ വചനം ഈ രാത്രിയിൽ തന്നെ എന്റെ നാവിൽ നിന്ന് ഉളവാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിന്റെ ശക്തി എന്റെ കണ്ണു കണ്ടുവല്ലോ. വരാനിരിക്കുന്ന പ്രഭാതം എന്റെ ജീവിതത്തിലെ പുതിയൊരു പ്രഭാതമായിത്തീരേണ്ടതിനു, നിനക്കു ഹിതമാണെങ്കിൽ, ഇപ്പോൾ ഇവിടെ നിന്ന് എന്നെ നിനക്കു മോചിപ്പിക്കാൻ സാധിക്കുന്നതാണ്. നിന്റെ ഒരു സാക്ഷിയായി നിന്റെ മുമ്പാകെ ഞാൻ ജീവിക്കാൻ നീ ഇച്ഛിക്കുന്നുണ്ടെന്നു ഈ മരണ മുറിയിൽ നിന്നുള്ള എന്റെ വിടുതൽ എന്നെ വ്യക്തമാക്കുന്നതാണ്. ഹാ, കർത്താവേ, എന്റെ സ്വാർത്ഥതയും എന്റെ സ്വന്ത ജീവിതത്തെപ്പറ്റിയുള്ള ഔത്സുക്യവും ഇന്നു രാത്രിയിൽ എന്നിൽ നിന്ന് കഴുകിക്കളയേണമേ. നീ എന്നെ ജീവനോടെ അവശേഷിപ്പിക്കുകയാണെങ്കിൽ, നിന്റെ നാമത്തിനു മഹത്വം ഉളവാക്കുന്ന ഏക ഉദ്ദേശ്യത്തോടെ ഞാൻ നിനക്കുവേണ്ടി മാത്രം ശുശ്രൂഷ ചെയ്തുകൊള്ളാമെന്ന പ്രതിജ്ഞ ചെയ്യുന്നു. കർത്താവേ, നിനക്ക് എന്റെ സഹായവും ശുശ്രൂഷയും ആവശ്യമില്ല, എങ്കിലും നിന്നെ സേവിക്കുക എന്നത് എന്റെ സന്തോഷവും പദവിയുമാണ്. നീ സൃഷ്ടിച്ച മനുഷ്യരെ ഈ ഭൂമിയിൽ നിന്ന് തുടച്ചു നീക്കാൻ ഞാൻ പ്രദർശിപ്പിച്ച തീഷ്ണതപോലെ, ജനങ്ങളെ നിന്റെ സവിധത്തിലേക്കു കൊണ്ടുവരാനും എരിവ് ഉണ്ടാകാനും നീ ഇടയാക്കേണമേ. നിന്റെ ഹിതമാണെങ്കിൽ, ഇന്നുരാത്രിയിൽ തന്നെ എന്നെ ഈ സ്ഥലത്തു നിന്ന് വിടുവിക്കുമാറാകേണമേ. ആമേൻ."

ഈ വാക്കുകൾ പറഞ്ഞശേഷം, മരവിക്കുന്നതിനു പകരം എൻെറ നെറ്റിയിൽ വിയർപ്പു തുള്ളികൾ നിറഞ്ഞു നിൽക്കുന്നതായിട്ടാണ് ഞാൻ കണ്ടെത്തിയത്! പെടുന്നനെ, ആരോ പുറത്തുനിന്ന് പൂട്ടു തുറന്നു. കാൽപ്പെരുമാറ്റത്തിൻെറ ശബ്ദം കാതോർത്തുകൊണ്ട്, ആരെങ്കിലും അകത്തേക്കു വരുന്നുണ്ടെന്ന പ്രതീക്ഷയോടെ, ഞാൻ ക്ഷമയോടെ കാത്തിരുന്നു. ആരെയും കാണായ്കയാൽ, ഞാൻ ജാഗ്രതയോടെ പുറത്തേക്കു നോക്കിയപ്പോൾ തെരുവീഥികൾ പൂർണ്ണമായും നിശ്ചലമായിക്കിടക്കുന്നതായിട്ടാണ് കണ്ടത്. അപ്പോഴാണ് കർത്താവ് എൻെറ കാതുകളിൽ: "ഓടിയ്ക്കോ, ഞാൻ നിനക്കു വേണ്ടി കതകു തുറന്നിട്ടിരിക്കുന്നു", എന്ന ശബ്ദം മന്ത്രിക്കുന്നതായി ഞാൻ കേട്ടത്. ഞാൻ ഓടാൻ തുടങ്ങി, പക്ഷെ, ഏതുഭാഗത്തേക്കാണ് പോകേണ്ടതെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. ലാഹോറിൽ എനിക്കു രണ്ടു സ്നേഹിതന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു; അവർ മുസ്ലീങ്ങളും ആയിരുന്നു. ആരെങ്കിലും ക്രിസ്ത്യാനികളായിട്ട് അവിടെ ഉള്ളതായി എനിക്കറിയില്ലായിരുന്നു. ലാഹോറിൽ നിന്ന് റായ്വിൻഡിലേക്കു പോകുന്ന റയിൽപ്പാതയിലൂടെ ഞാൻ നില്ക്കാതെ ഓടിക്കൊണ്ടിരുന്നു. കൻേറാൺമെൻറ് സ്റ്റേഷന് തൊട്ടപ്പുറത്ത് വെച്ച് ഞാൻ കാലിടറി ഒരു കുഴിയിലേക്കു വീണു. ഞാൻ അത്യന്തം ക്ഷീണിച്ചവശനായിരുന്നതിനാൽ അവശേഷിച്ച രാത്രി മുഴുവൻ അവിടെ കിടന്നു. ഞാൻ ഉറങ്ങി; പിറ്റെന്ന് പ്രഭാതം പതിനൊന്നു മണിക്ക് എന്നെ സൂര്യൻെറ ചൂടുള്ള രശ്മികൾ തട്ടി ഉണർത്തുന്നതുവരെ ഞാൻ ഉണർന്നില്ല. ഞാൻ എഴുന്നേറ്റ് മോഡൽ ടൗണിനു (ലാഹോറിലെ സമ്പന്നമായൊരു ജില്ല) അഭിമുഖമായി നടന്നു നീങ്ങി. അവിടത്തെ മഹനീയമായ മണിമാളികകളിലേക്കു നോക്കിയപ്പോൾ, അതിനു നേരെ വിപരീതമായ ചുറ്റുപാടുള്ള എൻെറ വസ്ത്രധാരണയെപ്പറ്റി എനിക്കു പെട്ടെന്ന് തീവ്രമായ അവബോധം ഉണ്ടായി. മോഡൽ ടൗണിൻെറ പിന്നിൽ ഞാൻ മറ്റൊരു ഗ്രാമം കണ്ടു, പിന്നീട് അതിന് നേരേ നടന്നു.



ഞാൻ ഗ്രാമത്തിൽ കടന്നപ്പോൾ, നടുമുറ്റത്ത് കുറെ കുട്ടികൾ കളിക്കുന്നതു ഞാൻ കണ്ടു. അവരിൽ ഒരുവനോട് ഞാൻ ചോദിച്ചു, "മോനേ, ഏതെങ്കിലും ക്രിസ്ത്യാനികൾ ഇവിടെ ഉണ്ടോ?" "ഉണ്ട്", അവൻ മറുപടി പറഞ്ഞു: "എൻെറ അച്ഛൻ ഇവിടത്തെ ഒരു ശുശ്രൂഷകനാണ്. നിങ്ങൾക്ക് ഞങ്ങളുടെ എന്തെങ്കിലും സഹായം ആവശ്യമുണ്ടോ?" ദയവായി, എന്നെ നിൻെറ അച്ഛൻെറ അടുക്കലേക്കൊന്നു കൊണ്ടുപോകൂ." ഞാൻ അഭ്യർത്ഥിച്ചു. ആ ബാലൻ എൻെറ തൻെറ വീട്ടിലേക്കു കൊണ്ടുപോയി, അവിടെ സാൽവേഷൻ ആർമിയിലെ ക്യാപ്റ്റനായ ശാമുവേലിനെ ഞാൻ കണ്ടുമുട്ടി. എനിക്ക് വളരെ ആശ്വാസമായി. എനിക്ക് സംഭവിച്ചതെല്ലാം ഞാൻ പറഞ്ഞപ്പോൾ ക്യാപ്റ്റൻ ശാമുവേൽ എന്നോട് അത്യധികം ദയയുള്ളവനായിത്തീർന്നു. ഞാനിപ്പോൾ വളരെ സുരക്ഷിതനാണെന്നും അതുകൂടാതെ ഏതെങ്കിലും തരത്തിലുള്ള പ്രശ്നം ഉണ്ടാകുകയാണെങ്കിൽ താൻ സ്വന്തം ജീവനെപ്പോലും പണയംവെച്ച് അതിനെ നേരിടുവാൻ തയ്യാറാണെന്നും അദ്ദേഹം എനിക്ക് ഉറപ്പു തന്നു. ഞങ്ങൾ അല്പസമയം പ്രാർത്ഥിച്ചശേഷം അദ്ദേഹം എനിക്ക് വിശ്രമിക്കാനുള്ള കിടക്ക കാണിച്ചു തന്നു. അദ്ദേഹം പിന്നീട് ആ ഗ്രാമത്തിലെ ഡോക്ടറെ കൊണ്ടു വന്നു എന്നെ പരിശോധിച്ച് എനിക്ക് ഇൻജക്ഷനും കുറെ മരുന്നുകളും തന്നു. നാലു ദിവസം ഞാൻ ക്യാപ്റ്റനോടുകൂടെ താമസിച്ചതിനുശേഷം ഗോജ്റയിലേക്കു പോകാൻ എന്നെ അനുവദിക്കണമെന്നു ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ഈ ആർദ്രഹൃദയൻ എനിക്ക് ഒരു ഷർട്ടും ഒരു ജോഡി ഷൂസും, ഒരു ഷാളും, അഞ്ചു രൂപയും തന്നു.

ഡിസംബർ 15-ന് ഞാൻ ഗോജ്റയിൽ എത്തിച്ചേർന്നു. എൻെറ സുഹൃത്തുക്കളെല്ലാം, വിശേഷിച്ച് റവ. വൂട്ടൺ, റവ. ബി.എം. അഗസ്റ്റിൻ, ബൂട്ടാ മസി, മാസ്റ്റർ ചർൺദാസ് എന്നിവരെല്ലാം, എന്നെ കാണാൻ കഴിഞ്ഞതിൽ ആനന്ദിച്ചു. എനി

ക്കുണ്ടായ അത്ഭുതകരമായ മോചനത്തിൻെറ കഥ അത്യധികം സന്തോഷത്തിന് കാരണമായിത്തീർന്നു. ക്രിസ്തുമസ് ദിവസത്തിൽ, ബാവാ മസീഹിനോടും തൻെറ ഗ്രാമത്തിനു ചുറ്റുപാടുമുള്ള മറ്റെല്ലാ ജനങ്ങളോടുമൊത്ത്, ഞാൻ ദൈവത്തെ ആരാധിച്ചു. ബാവാ മസീഹിൻെറ പിതാവും അദ്ദേഹത്തിൻെറ ഇളയ സഹോദരിയായ ഗ്രേസും എന്നോട് വളരെ അടുപ്പമുള്ളവരായിരുന്നു. ക്രിസ്തീയ സമൂഹത്തിൻെറ ഒരു ഭാഗമായി ഞാൻ തീർന്നു എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വസ്തുത. പാവപ്പെട്ടവരും ഭ്രഷ്ടരുമായ ഈ ജനങ്ങളെ എൻെറ ഉറ്റവരും ഉടയവരുമായി ഞാൻ കണക്കാക്കി. അന്യോന്യമുള്ള ഞങ്ങളുടെ സ്നേഹം ഹൃദയഹാരിയായിരുന്നു. അന്യോന്യം അനുരഞ്ജനവും ആശ്രയവമുള്ള ക്രിസ്തീയ കൂട്ടായ്മ, ക്രിസ്തീയ പക്വതയിലേക്കുള്ള ഉത്തേജനത്തിനും സഹായത്തിനുമായുള്ള അത്ഭുതാവഹമായ ഉറവയാണ്. എന്നെ അംഗീകരിച്ച സ്നേഹിതന്മാരുടെ മധ്യത്തിൽ ഞാൻ സുരക്ഷിതനായിരുന്നു. ഞാൻ ദൈവത്തിന് അതീവ നന്ദി കരേറ്റത്തക്ക നിരവധി സംഗതികൾ ഉണ്ടായിരുന്നു.

# IX. സുവിശേഷീകരണം

ക്രിസ്തീയ കൂട്ടായ്മയുടെ ഭദ്രതയുടെയും സമാധാനത്തിൻെറയും വെളിച്ചത്തിൽ ഏതു രീതിയിലുള്ള ശുശ്രൂഷയാണ് ഞാൻ നിർവ്വഹിക്കേണ്ടതെന്നതിനെപ്പറ്റി ഞാൻ പര്യാലോചിക്കാൻ ആരംഭിച്ചു. ഞാൻ വീണ്ടും ജനിക്കുന്നതുവരെ വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടിയായിരുന്നു എൻെറ അന്വേഷണം. എന്നാൽ ഇപ്പോൾ എൻെറ ചിന്ത പുറമേയുള്ളതിലേക്കു തിരിഞ്ഞു. കവിയായ ഗാലിബിൻെറ വാക്കുകൾ ഞാൻ അനുസ്മരിച്ചു:



രാഗമോഹാദി ഗുണങ്ങളിൽ നിന്ന്
ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നതുവരെ
സ്നേഹത്തിൻെറ ഉപാസനകരമായ പ്രയത്നത്തിൽ നിന്ന്
യാതൊരു സാഫല്യവും കൈവരിക്കാൻ സാധ്യമല്ല.

ഗോജ്റയിലുള്ള എൻെറ അഭ്യുദയകാംക്ഷികൾ വിവിധ നിർദ്ദേശങ്ങൾ എൻെറ മുമ്പാകെ അവതരിപ്പിച്ചു. ഞാൻ ജോലിയിൽ പ്രവേശിക്കണമെന്നു ചിലർ അഭിപ്രായപ്പെട്ടപ്പോൾ, സുവിശേഷ വേലക്കായി ഞാൻ വേർതിരിയണമെന്നു മറ്റു ചിലരും നിർദ്ദേശിച്ചു. എന്നാൽ ഞാൻ എന്തു ചെയ്യണമെന്നു എനിക്കറിയാമായിരുന്നു. സുനിശ്ചിതമായ മരണത്തിൽ നിന്ന് ഞാൻ മോചിതനായ രാത്രിയിൽ എടുത്ത തീരുമാനത്തെപ്പറ്റി ഞാൻ മറന്നിരുന്നില്ല. കർത്താവ് എനിക്കു വേണ്ടി ചെയ്തതിനെപ്പറ്റി എല്ലാം ഞാൻ അവന് സ്തുതികരേറ്റുമ്പോൾ, ഈ നിർദ്ദേശം കൂടി ഞാൻ മുമ്പോട്ടുവെച്ചു:

*"കർത്താവേ, ഈ ലോകത്ത് അത്ഭുതകരമായ പ്രവൃത്തികളെപ്പറ്റി അറിയിക്കാനുള്ള കൃപ നീ എനിക്കു തരേണമേ. ഈ പാപമയമായ ലോകത്തിൻെറ മാലിന്യങ്ങളിൽ നിന്ന് ഞാൻ എന്നെത്തന്നെ കാത്തു സൂക്ഷിക്കാൻ ആവശ്യമായ അർപ്പണമനോഭാവം നീ എനിക്കു നല്കേണമേ. ലോകം എന്നെ ഒരിക്കലും കണ്ടെത്താൻ സാധിക്കാത്ത നിലയിൽ ഞാൻ അത്രക്ക് അഗാധഗർത്തത്തിൽ ആഴ്ന്നു വസിക്കാനുള്ള സ്നേഹം എനിക്ക് അരുളേണമേ. ഈ കാഠിന്യമേറിയ പാതയിലൂടെ ഞാൻ പ്രയാണം ചെയ്യുമ്പോൾ ഞാൻ കാലിടറി വീണ് നിൻെറ പരിപാവനമായ നാമം പരിഹാസമായിത്തീരാതിരിക്കേണ്ടതിനു എൻെറ പാതയെ പ്രകാശിപ്പിക്കേണമേ."*

കർത്താവിനുവേണ്ടി എനിക്കു ചെയ്യാൻ കഴിയുന്ന ശുശ്രൂഷ സുവിശേഷീകരണമാണെന്നു എനിക്കു ബോധ്യമായി; ഞാൻ ആയിരുന്ന അവസ്ഥയിൽ തന്നെ ആരംഭിക്കാനും

ഞാൻ നിശ്ചയിച്ചു. ഹോസ്റ്റലിൽ ഉണ്ടായിരുന്ന ഏതാനും
യുവാക്കന്മാരോടൊത്ത് ഗോജ്റയുടെ ചുറ്റുപാടും ഗ്രാമങ്ങളിൽ
പോയി സുവിശേഷം പ്രസംഗിക്കാൻ തുടങ്ങി. ചിലപ്പോൾ
റവ. വൂട്ടണും ഞങ്ങളോടുകൂടെ വരുമായിരുന്നു, എന്നാൽ
അതിനെപ്പറ്റി ഞാൻ അത്രക്ക് ഔത്സുക്യനായിരുന്നില്ല, എ
ന്തെന്നാൽ തങ്ങൾ ആഗ്രഹിക്കുന്നതുപോലെ എന്നോട്
ജനങ്ങൾക്കു പെരുമാറാനുള്ള അവസരം അതു നിഷേധിച്ചു.
അതുകൂടാതെ, ജനങ്ങളുടെ ഇടയിൽ എനിക്കുണ്ടായിരുന്ന
അംഗീകാരവും സാഫല്യങ്ങളും എനിക്കു വിലയിരുത്തണമാ
യിരുന്നു. എന്റെ ശുശ്രൂഷയുടെ അതിരുകൾ അതിവേഗം
വ്യാപകമായിത്തീർന്നു; പഞ്ചാബിന്റെ ഗ്രാമങ്ങളെല്ലാം ഞാൻ
സുവിശേഷീകരണം നടത്തുന്നതിനു വളരെക്കാലും മുമ്പായി
രുന്നില്ല അത്. ആദ്യമൊക്കെ ഞാൻ കാൽനടയായിട്ടാണ് പോ
യത്, പിന്നീട് എന്റെ ഒരു സ്നേഹിതൻ എനിക്കൊരു സൈ
ക്കിൾ വാങ്ങിത്തന്നു. ആളുകൾ എന്നെ സാധു (വിശുദ്ധൻ)
എന്ന് സംബോധന ചെയ്തു. ഞാൻ പോകുന്നിടത്തൊക്കെ
യും പാവപ്പെട്ടവരോട് ഒത്ത് എപ്പോഴും താമസിക്കുക എന്നത്
ഒരു ശീലമായിത്തീർന്നു. എന്റെ സഹവിശ്വാസികളോട് താ
ദാത്മ്യം പ്രാപിക്കാനുള്ള എന്റെ ഒരു പന്ഥാവായിരുന്നു അത്.
എല്ലാ രീതികളിലും അവരുടെ ജീവിത ഗതിയിൽ പങ്കാളിയാ
യിത്തീരണമെന്ന് ഞാൻ ആഗ്രഹിച്ചു. അവർ ആഹാരം കൂ
ടാതെ കഴിച്ചുകൂട്ടുമ്പോൾ, ഞാനും അങ്ങനെ തന്നെ ചെയ്തു.
എന്റെ സമ്പന്നമായ പശ്ചാത്തലം ഒരിക്കലും എനിക്കൊരു
പ്രതിബന്ധമായിത്തീർന്നില്ല.

പുതുതായി ഞാനൊരു പ്രദേശത്തേക്കു പോകുമ്പോ
ഴൊക്കെ, ആ പ്രദേശത്തെ പാസ്റ്ററുടെ അംഗീകാരം കൂടാ
തെ തന്റെ ഇടവകയിൽ ഒന്നും ചെയ്യാൻ ആഗ്രഹിക്കാത്തതി
നാൽ, ഞാൻ എന്നെ സ്വയം അദ്ദേഹത്തിന് പരിചയപ്പെടുത്തി
ക്കൊടുത്തിരുന്നു. അവിടങ്ങളിലുള്ള ക്രിസ്ത്യാനികളോട് സം
സാരിക്കുന്നതിനും പ്രസംഗിക്കുന്നതിനും, തദ്വാര അവരുടെ



വിശ്വാസത്തെ ബലപ്പെടുത്തിന്നതിനും ഇത് ഇടയാക്കി
ത്തീർത്തു. എന്റെ സുവിശേഷ പര്യടനവേളയിൽ ലാഹോറി
നു സമീപമുള്ള ഒരു ആംഗ്ലിക്കൻ മിഷൻ കേന്ദ്രത്തിൽ ഒരു രാ
ത്രിയിൽ ഞാൻ എത്തിച്ചേർന്നു. കാനോൻ സ്റ്റാൻലിഹക്കി
നോട് ചേർന്ന് താമസിക്കാനും അദ്ദേഹം ക്രമീകരിച്ച ചില
യോഗങ്ങളിൽ പങ്കെടുക്കാനും ഇടയായിത്തീർന്നു. തന്റെ
ഓഫീസിൽ ഞാൻ അദ്ദേഹത്തെ കാത്തിരിക്കുമ്പോൾ,
കർത്താവ് എന്നോട് വ്യക്തമായി സംസാരിച്ചു. "നീ ലാ
ഹോറിൽ പോയി നിന്റെ സഹോദരന്മാരോട് സാക്ഷിക്കണം."
അവൻ പറഞ്ഞു. "നീ ആരംഭിക്കേണ്ട സ്ഥലം അവിടെയാ
ണ്." സായംകാലം ഒമ്പതുമണിയായിരുന്നു അപ്പോൾ. എ
ന്റെ നാഥനെ അനുസരിക്കുക എന്നതായിരുന്നു എന്റെ ഒ
രേഒരു ഉദ്ദേശ്യം എന്നതിനാൽ, അവൻ ആജ്ഞാപിച്ചത്
ചെയ്യാൻ എനിക്ക് യാതൊരു മടിയും ഉണ്ടായിരുന്നില്ല. അന്നു
രാത്രി തന്നെ പോകാൻ ഞാൻ നിർബന്ധിക്കപ്പെട്ടു. അതു
കൊണ്ട് ഞാൻ എന്റെ സൈക്കിൾ അവിടെ ഉപേക്ഷിച്ച്, നേ
രേ ട്രയിൻ കയറി ലാഹോറിലേക്കു പോയി. സഹോദരന്റെ
വീടിന്റെ കതകിനു മുട്ടിയപ്പോൾ, അദ്ദേഹം മുറി തുറന്നു.
ആശ്ചര്യഭരിതനായെങ്കിലും, പ്രതീക്ഷയുടെ നേരിയ പ്രകാ
ശം കണ്ണിൽ സ്ഫുരിച്ചുകൊണ്ട്, അദ്ദേഹം ചോദിച്ചു. "നീ
മടങ്ങി വന്നോ?" ഞാൻ കുടുംബത്തിലേക്കു മടങ്ങി വന്നെന്നു
മാത്രമല്ല, ഞാൻ പഴയ വിശ്വാസത്തിലേക്കും മടങ്ങി വന്നോ
എന്നും അദ്ദേഹത്തിനു അറിയണമായിരുന്നു എന്നു ഞാൻ
ഊഹിക്കുന്നു. "ഉവ്വ്," ഞാൻ പറഞ്ഞു. ഞാൻ മടങ്ങി വന്നത്
കേവലം വീണ്ടും നിങ്ങളോടു കൂടെ ജീവിക്കേണ്ടതിനു വേണ്ടി
യല്ല. യേശു ക്രിസ്തു രക്ഷിതാവാണെന്നു നിങ്ങളോടു പറ
യാൻ ഞാൻ ആഗ്രഹിക്കുന്നു. അവൻ എന്നെ രക്ഷിച്ചു, നിങ്ങ
ളെയും രക്ഷിക്കാൻ അവനു കഴിയും എന്നു എനിക്കറിയാം".
അദ്ദേഹത്തിന്റെ മനോഭാവത്തിന് പൊടുന്നനെ മാറ്റം വന്നു.
തന്റെ കോപത്തെ അടക്കാൻ ആയാസപ്പെട്ടുകൊണ്ട് ശക്തി
യോട് അദ്ദേഹം പ്രതിവചിച്ചു: "വളരെയധികം നന്ദി. ഞങ്ങൾ

ക്കു നിന്നെയോ നിൻെറ യേശു കർത്താവിനേയോ ആവശ്യ മില്ല. അവൻെറ രക്ഷയും ഞങ്ങൾക്കു വേണ്ട. നിനക്ക് ശുഭ മായിരിക്കട്ടെ." അങ്ങനെ പറഞ്ഞിട്ട് അദ്ദേഹം കതക് എൻെറ മുഖനാവിൽ അടച്ചു. ഞാൻ ദുഃഖിച്ചെങ്കിലും ആശ്ചര്യഭരി തനായില്ല. ഫലകരമായിത്തീർന്നില്ലെങ്കിലും എൻെറ കർത്ത വ്യം നിർവ്വഹിച്ചതിൽ ഞാൻ കൃതാർത്ഥനായിത്തീർന്നു.

ആ രാത്രിയിൽ കർത്താവിൻെറ വാക്കുകൾ എന്നിൽ അഗാധമായി സ്പർശിച്ചതിനാൽ, സഫാരവാലിലെ എൻെറ പിതാമഹന്മാരുടെ ഗ്രാമത്തിലുള്ള മുസ്ലീം സ്നേഹിതന്മാരുടെ മധ്യത്തിൽ ഞാൻ ഒരു സാക്ഷിയായിത്തീരണമെന്ന് എനിക്ക് ബോധ്യപ്പെട്ടു. ഞങ്ങളുടെ ഗ്രാമത്തിൽ മിഷൻ കേന്ദ്രത്തിൽ ഉണ്ടായിരുന്ന മിഷ്യനറിയെയും അദ്ദേഹത്തിൻെറ ഭാര്യയെയും ഞാൻ സന്ദർശിച്ചതായി ഓർക്കുന്നു. എൻെറ ബാല്യകാലത്ത് മറ്റു ആൺകുട്ടികളോടൊത്ത്, ഞാൻ അവരുടെ ഭവനത്തിൽ പോകുകയും അദ്ദേഹത്തിൻെറ ഭാര്യ നയിച്ച സംഗീത ഗ്രൂപ്പി നോട് സഹകരിക്കുകയും ചെയ്തിരുന്നു. എൻെറ മതപരി വർത്തനത്തിനുശേഷം ആ പ്രദേശത്തേക്കുള്ള യാത്ര ഞാൻ ഒഴിവാക്കിയിരുന്നു, എന്നാൽ ഞാൻ പിന്നീട് മിഷ്യനറിക്കെഴു തി, എനിക്കദ്ദേഹത്തെ സന്ദർശിച്ചാൽ കൊള്ളാമെന്നുണ്ടെന്ന്, എന്തെന്നാൽ എൻെറ ശുശ്രൂഷ ഞാൻ എൻെറ ഗ്രാമത്തിൽ തന്നെയാണ് ആരംഭിക്കേണ്ടതെന്ന് കർത്താവ് എനിക്ക് വെളി പ്പെടുത്തിതന്നു. അദ്ദേഹത്തിന് എന്നെ കാണാൻ അത്യധി കം താല്പര്യമുണ്ടായിരുന്നു. അതിൻെറ ഫലമായി 1950 മാർ ച്ച് മാസത്തിൽ ഞാൻ സഫർവാലിലേക്കു പോയി. ഞാൻ അവിടെ എത്തിച്ചേർന്നപ്പോൾ, എന്നിൽ നിന്ന് വേർപെട്ടതു നിമിത്തം ഉണ്ടായ ദുഃഖത്താൽ വിവശയായി, ഏതാനും ദിവ സങ്ങൾക്ക് മുമ്പ് എൻെറ അമ്മ മരിച്ചുപോയെന്ന ദുസ്സഹമായ ദുഃഖവാർത്തയാണ് അവിടെവെച്ച് കേട്ടത്. അവരുടെ മരണത്തിനു മുമ്പ് എനിക്കു ഒരുനോക്കു കാണാൻ കഴിയാ ഞ്ഞതിൽ എനിക്കു അഗാധമായ വ്യസനം ഉണ്ടായി. എന്നെ



കൊലചെയ്യാനുള്ള പദ്ധതിയെപ്പറ്റി അവർക്ക് യാതൊരു അറിവും ഇല്ലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം, താൻ അത്യധികം സഹായിക്കാൻ ആഗ്രഹിച്ച ഒരു വിഭ്രാന്തനായ വ്യക്തിയായിരുന്നു ഞാൻ. എന്നാൽ എൻെറ ഗ്രാമത്തിലേക്ക് എന്നെ വീണ്ടും കൊണ്ടു വന്ന കർത്താവിനെ സേവിക്കാനു ള്ള എൻെറ ഉദ്യമത്തിൽ നിന്ന് ഈ അത്യാഹിതം വിഘ്ന പ്പെടുത്താൻ ഞാൻ അനുവദിച്ചില്ല.

എൻെറ മാതാവിൻെറ മരണാനന്തരം എൻെറ സ ഹോദരർക്ക് എന്നോടുണ്ടായിരുന്ന വിദ്വേഷം അധികം ഗാ ഢതരായി വളർന്നു. എന്നെ കൊലപ്പെടുത്താനുള്ള വിവിധ പദ്ധതികൾ അവർ ആസൂത്രണം ചെയ്തു. ഞാൻ മിഷ്യനറി യോടുകൂടി താമസിക്കുമ്പോൾ എന്നെ അവരുടെ ഭവനത്തി ലേക്കു കൂട്ടിക്കൊണ്ടുപോകാൻ അവർ പല പ്രാവശ്യം വന്നു. ആദ്യം ഞാൻ നിഷേധിച്ചു. എന്നാൽ പിന്നീട് എൻെറ സ്നേ ഹിതൻെറ ഉപദേശം ഞാൻ തേടി. എന്നോടു പോകാൻ അയാൾ നിർദ്ദേശിച്ചു. പക്ഷെ ഒറ്റക്കു പോകരുത്, എന്നോടു കൂടെ രണ്ടു സ്നേഹിതന്മാരെയും ഞാൻ കൊണ്ടു പോകണം. അയാളുടെ ഉപദേശപ്രകാരം ഞാൻ എൻെറ സഹോദരന്മാ രെ സന്ദർശിച്ചു. ഞങ്ങൾ ഇരുന്നു സംസാരിച്ചുകൊണ്ടിരുന്ന പ്പോൾ, എൻെറ അടുത്തുണ്ടായിരുന്ന മേശയിൽ ഒരു വാളിരി ക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അതു മൂർച്ചപ്പെടുത്തി ഉപയോഗി ക്കാൻ പാകത്തിലായിരുന്നു. ഞാനാണ് ഇതിൻെറ ഉദ്ദിഷ്ട ലക്ഷ്യമെന്നു ഞാൻ ഊഹിച്ചു. ഞാനതു പൊക്കിയപ്പോൾ ഇപ്രകാരം ചിന്തിച്ചു: "ഇത്തരത്തിലൊരു വാളുകൊണ്ട് ഒരുവ നെ കൊല്ലാൻ ഒന്നാമതായി നീ നിന്നെത്തന്നെ കൊല്ലണം. നിൻെറ കരം ഉയർത്തുന്നതിനു മുമ്പ് നിൻെറ ആന്തരിക ജീ വൻ മരിക്കുന്നു. ഇത് ദൗർബല്യത്തിൻെറ ലക്ഷണമാണ്" അതു ഞാൻ ഉറയിലേക്ക് മടക്കിവെച്ചു.

ചർച്ച വളരെയധികം സുദീർഘമായിപ്പോയി. എന്നോട് സംസാരിക്കാൻ എൻെറ സഹോദരന്മാർ ഒരു മൗലവിയെ

ക്ഷണിച്ചിരുന്നു. എങ്കിലും അത് നിഷ്പ്രയോജനകരമായിരുന്നു. വിലയേറിയതായിട്ടൊന്നും പറയാൻ അയാൾക്കറിയില്ലായിരുന്നു. ഒടുവിൽ, ഞങ്ങൾക്ക് ഓരോ കപ്പ് ചായ തന്നു. ഞാനതു ആദ്യമായിട്ടൊന്നു രുചിച്ചു നോക്കി. അതു ഭയങ്കര കയ്പായിരുന്നു; അതിൽ വിഷം കലർത്തിയിരുന്നു എന്നു പെട്ടെന്നു എനിക്കു മനസ്സിലായി. എങ്കിലും ഞാൻ ഭയപ്പെട്ടില്ല, കാരണം, വിശ്വസിക്കയും സ്നാനപ്പെടുകയും ചെയ്യുന്നവർ അനേകം അടയാളങ്ങൾ കാണുമെന്നും, അവയിൽ ഒന്ന്, മരണകരമായ യാതൊന്നും കുടിച്ചാലും അവർക്ക് "ഹാനിവരികയില്ല" (മർക്കോ. 16:18) എന്ന് പുനരുത്ഥാനത്തിനു ശേഷം യേശു തൻെറ ശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ഞാൻ അപ്പോൾ ഓർത്തു. ഈ അടയാളങ്ങളിൽ ഒന്ന് അനുഭവിക്കാൻ എനിക്ക് ലഭിച്ച അവസരമാണിതെന്ന് ഞാൻ വിശ്വസിച്ചു. ശേഷിച്ച ചായ കുടിച്ചുകൊണ്ട്, കർത്താവേ, എന്നെ താങ്ങേണമേ, എന്നു ഞാൻ പ്രാർത്ഥിച്ചു. പെട്ടെന്ന് ഞാൻ അസ്വസ്ഥനായി അതീവ മയക്കം അനുഭവപ്പെട്ടു. പോകാനുള്ള സമയമായെന്നു ഞാൻ എൻെറ സ്നേഹിതന്മാരോട് പറഞ്ഞു. എനിക്കുണ്ടായ അനുഭവത്തെപ്പറ്റി എൻെറ സുഹൃത്തുക്കൾക്ക് അറിയില്ലായിരുന്നു. മിഷൻ കേന്ദ്രത്തിൽ നിന്ന് വളരെ അകലം അല്ലാത്ത, നഗരത്തിന് വെളിയിൽ, എന്നെക്കൊണ്ടുപോയി അവിടെ തനിയെ ആക്കിയിട്ടു പൊയ്ക്കൊള്ളാൻ ഞാൻ സ്നേഹിതന്മാരോട് പറഞ്ഞു. അപ്പോൾ രാത്രി പത്തു മണിയായിരുന്നു. ഞാൻ ഇങ്ങനെ പ്രാർത്ഥിക്കാൻ തുടങ്ങി: "കർത്താവേ, ഞാൻ ഇന്നു രാത്രി മരിച്ചാൽ, ക്രിസ്തീയ മാർഗ്ഗം വ്യാജമാണെന്നു ആളുകൾ പറയും. എൻെറ നാമമല്ല പ്രത്യുത നിൻെറ നാമമാണ് അപകീർത്തിപ്പെടുക."

ഞാൻ പ്രാർത്ഥിച്ചു കഴിഞ്ഞ ഉടനെ, ഞാൻ രണ്ടു തവണ ഛർദ്ദിച്ചു; എൻെറ നാഡീവ്യൂഹത്തിൽ നിന്ന് വിഷം മുഴുവനും അപ്രത്യക്ഷമായി, പിന്നീട് ഞാൻ സ്വസ്ഥമായി കിടന്നുറങ്ങി. രാവിലെ ഞാൻ മിഷൻ കേന്ദ്രത്തിലേക്കു പോയി.



എനിക്ക് എന്ത് സംഭവിച്ചു എന്നറിയാൻ എൻെറ സഹോദരന്മാർ ആകാംക്ഷയോടെ കാത്തിരുന്നു. അങ്ങനെ ഞങ്ങളുടെ ഗ്രാമത്തിൽ നിന്നുള്ള ഒരാൾ എൻെറ അടുത്തുകൂടെ നടന്നു പോയപ്പോൾ അയാളെ അവർ അയച്ചതാണെന്നു എനിക്കു മനസ്സിലായി. അവരുടെ വേലക്കാരിൽ ഒരുവനാണ് അയാളെന്നു ഞാൻ തിരിച്ചറിഞ്ഞു. ഞാൻ ജീവനോടെ ഇരിക്കുന്നു എന്ന് എൻെറ വീട്ടുകാരോട് പറയാൻ ഞാൻ അയാളോട് പറഞ്ഞു.

എൻെറ വിശ്വാസം മാത്രമല്ല എൻെറ കുടുംബക്കാരെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നത്. സ്വത്തിൽ ഞാനും എൻെറ ഓഹരിക്ക് അവകാശവാദം ഉന്നയിക്കും എന്ന് എൻെറ സഹോദരന്മാർ ഭയപ്പെട്ടിരുന്നു. എന്നെ കൊല്ലാൻ മറ്റൊരു ശ്രമം കൂടി അവർ നടത്തി. ഒരിക്കൽ ഞാൻ നാരോവൽ സന്ദർശിക്കാൻ പോകുമ്പോൾ, ടോൾ ബ്രിഡ്ജിൽ എന്നെ കാത്ത് ഏതാനും കാശ്മീരി യുവാക്കന്മാർ ഇരിപ്പുണ്ടെന്നു എന്നെ അറിയിക്കാൻ എൻെറ ഒരു മുസ്ലീം സുഹൃത്ത് റവ. ഐസക്ദാസിൻെറ ഭവനത്തിൽ എത്തിച്ചേർന്നു. കർത്താവിനെ സേവിക്കാൻ ഞാൻ തീരുമാനിച്ചതിന് വിരുദ്ധമായി വന്നുചേരുന്ന എല്ലാ വസ്തുതകളും ഞാൻ തുടച്ചു നീക്കിക്കളയുമെന്നു നിശ്ചയിച്ചു. അങ്ങനെ, എൻെറ സഹോദരന്മാർക്ക് അനുകൂലമായി, എൻെറ പിതാവ് ചൗധരി ലാൽ ഖാൻെറ സ്വത്തിലുള്ള എല്ലാ അവകാശവാദങ്ങളും ഞാൻ നിരാകരിച്ചിരിക്കുന്നു എന്ന് ഔപചാരികമായി, ഞാൻ രേഖാപരമായി പ്രസ്താവിച്ചു. ഇപ്രകാരം, എൻെറ കുടുംബക്കാരോടുള്ള എല്ലാ ബന്ധങ്ങളും ഞാൻ വിച്ഛേദിച്ചു. ഇനിമേലാൽ അവർക്ക് എന്നിൽ നിന്ന് യാതൊന്നും ഭയപ്പെടേണ്ടതില്ല. ഒരു പക്ഷെ, എൻെറ സുവിശേഷ ദൗത്യം നിർവ്വഹിക്കാൻ അവർക്ക് എനിക്ക് ഇനി തടസ്സമാകാതിരുന്നേക്കാം. എന്നാൽ, പഞ്ചാബിലെ എൻെറ ജീവിതം അത്ര സുരക്ഷിതമല്ലെന്നു അചിരേണ വ്യക്തമായിത്തീർന്നു. എന്നോട് പറഞ്ഞതുപോലെ ഞാൻ എൻെറ

ശുശ്രൂഷ അവിടെ തുടങ്ങി, പക്ഷെ, അവിടെ തുടരണമെന്നു നിർബന്ധമൊന്നും ഇല്ലായിരുന്നു. ഇത്തരം ചിന്തകളിലൂടെ കടന്നുപോകുമ്പോഴാണ്, പിന്നീട് ബിഷപ്പായിത്തീർന്ന, ദയയും കരുണയുമുള്ള എന്റെ സ്നേഹിതൻ റവ. ചന്ദറേയെ ഞാൻ കണ്ടുമുട്ടിയത്. എന്റെ ശുശ്രൂഷയെപ്പറ്റി ഞങ്ങൾ ദീർഘമായി ചർച്ചചെയ്തു. സിന്ധിയിലുള്ള സുക്കൂറിലേക്കു പോകാൻ അദ്ദേഹം എനിക്കു നിർദ്ദേശം തന്നു. പഞ്ചാബി കവിയായ ബുൽഹേ ഷായുടെ വാക്കുകൾ ഓർത്തുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ചു:

> നമ്മുടെ ജാതിയെപ്പറ്റി ആരും അറിയാത്ത,
> നമുക്ക് പ്രത്യേകിച്ച് പരിഗണനതരാത്ത
> ഒരു ഇടത്തേക്ക്, വരു ബുൽഹ്
> നമുക്കു പോകാം

ആ സമയത്ത് സുക്കൂറിലെ മിഷനറി ആദരണീയനായ വൈദികൻ കാർസൺ ആയിരുന്നു. കുറെമാസക്കാലം ഞാൻ ബൈബിൾ സൊസൈറ്റിയിൽ ജോലി നോക്കി; ഈ വേലയിൽ അല്പം കാര്യനിർവ്വഹണവും നിവേദനങ്ങൾ തയ്യാറാക്കലും അടങ്ങിയിരുന്നു. എങ്കിലും, എനിക്ക് വളരെ അസ്വസ്ഥത നേരിട്ടു. ഇത്തരത്തിലൊരു വേലയിൽ എന്റെ മനസ്സിന് സംതൃപ്തി കണ്ടെത്താൻ കഴിഞ്ഞില്ല. അതുമാത്രമല്ല, ഞാൻ വളരെ കച്ചവടമനോഭാവക്കാരനായി തീർന്നുകൊണ്ടിരിക്കയാണെന്നു എനിക്കു തോന്നിത്തുടങ്ങി. എനിക്കു അസ്വസ്ഥത അനുഭവപ്പെട്ടു. എന്റെ യഥാർത്ഥമായ ദർശനത്തിൽ നിന്ന് ഞാൻ വ്യതിചലിച്ചുകൊണ്ടിരിക്കയാണെന്നു തോന്നുകയാൽ ആ ജോലി ഉപേക്ഷിക്കാൻ ഞാൻ നിശ്ചയിച്ചു.

ഞാനൊരു സുവിശേഷകനാണെന്ന് എനിക്കു തന്നെ ബോധ്യം ഉണ്ടായിരുന്നതിനാൽ, ആ ദൗത്യത്തിലേക്ക് സ്വയം സജ്ജമാകണമായിരുന്നു. വൈദികനായ കാർസന്റെ സഹായത്തോടെ ഞാൻ സിന്ധി ഭാഷ പഠിക്കാൻ ആരംഭിച്ചു. അധിക പരിശ്രമമൊന്നും കൂടാതെ, അതിവേഗം ഞാൻ സിന്ധിയിൽ പ്രാഗത്ഭ്യം നേടുകയും ആ ഭാഷ അനർഗളമായി സംസാരിക്കാനും വായിക്കാനും എഴുതാനും ആരംഭിച്ചു. ഭാഷാ തടസ്സം അതോടെ നീക്കപ്പെടുകയും മിസ്റ്റർ കാർസന്റെ സുവിശേഷ പ്രവർത്തനത്തോടുകൂടി ഞാൻ സഹകരിക്കാനും ഇടയായിത്തീർന്നു.



സുക്കൂറിലെ എന്റെ പ്രവർത്തനത്തിന് ഒരു തടസ്സം നേരിട്ടു. ഉഷ്ണകാലം ആരംഭിച്ചതിനാൽ ചൂട് എനിക്ക് അസഹനീയമായി അനുഭവപ്പെട്ടു. എന്റെ ശുശ്രൂഷ നിർവ്വഹിക്കപ്പെടേണ്ട പ്രദേശം സിന്ധി ആണെന്നു ഞാൻ നിശ്ചയിച്ചിരുന്നെങ്കിലും, കുറെക്കാലത്തേക്ക് ഞാൻ അവിടെ നിന്ന് വിട്ടു നില്ക്കേണ്ടതായി വന്നു.

ഞാൻ പഞ്ചാബിലേക്കു മടങ്ങി വന്നു. അവിടെ വെച്ച്, ലിയാൽപ്പൂരിൽ (ഇപ്പോൾ ഫെയിസാലബാദ്) അമേരിക്കൻ പാസ്റ്ററായ ലറോയ് സെൽബയിയെ ഞാൻ കണ്ടുമുട്ടി. യുവാക്കന്മാരുടെ ഇടയിൽ അദ്ദേഹത്തോടു കൂടെ ചേർന്നു പ്രവർത്തിക്കാൻ അദ്ദേഹം എന്നെ ക്ഷണിച്ചു. ലിയാൽപ്പൂർ കൺവെൻഷൻ അപ്പോൾ തുടങ്ങിയതേയുള്ളു. ആ കൺവെൻഷൻ നടത്തിക്കൊണ്ടിരുന്ന ആദ്യത്തെ രണ്ടു വർഷക്കാലം, മുഖ്യമായും യുവാക്കന്മാർക്കു വേണ്ടിയായിരുന്നു. എനിക്കു താമസിക്കാൻ ഒരിടം കിട്ടിയില്ല, മിഷനറിമാരോടുകൂടി താമസിക്കാൻ ഞാൻ ഇഷ്ടപ്പെടാതിരുന്നതിനാൽ, ചൗധരി ജലാൽ മസീഹ് എന്നൊരു ക്രിസ്ത്യാനിയോടുകൂടി താമസിക്കാനുള്ള ക്രമീകരണം ഞാൻ ചെയ്തു. അദ്ദേഹം ഒരു ദയാന്വിതനായിരുന്നു; മിക്കവാറും എനിക്കു ഒരു പിതാവിനെപ്പോലെയായിരുന്നു. അവരുടെ കുടുംബാംഗങ്ങളിൽ ഒരുവനെപ്പോലെ എന്നെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ മകനും മകളും

ഒരു സഹോദരനെപ്പോലെ എന്നെ കണക്കാക്കുകയും ചെയ്തു. ഈ ബന്ധം എനിക്ക് സമൂഹവുമായി ബന്ധപ്പെടുവാനുള്ള വാതായനങ്ങൾ എനിക്കു വേണ്ടി തുറന്നു തരികയും കർത്തൃവേലയിൽ കുറെക്കൂടെ വ്യാപൃതനായിത്തീരുവാൻ വഴിയൊരുക്കയും ചെയ്തു. ലിയാൽപ്പൂരിലെ ഈ കേന്ദ്രത്തിൽ നിന്ന്, ഞാൻ രാജ്യം മുഴുവനും സൈക്കിളിൽ പ്രയാണം ചെയ്തു. തെക്കേ അറ്റമായ കേമറായിക്കും (കറാച്ചിയിൽ) വടക്കെ അറ്റമായ ലാൻഡികോത്താലിനും (അഫ്ഗാൻ അതിർത്തി പ്രദേശമായ പെഷവാറിനു സമീപം) മദ്ധ്യേ ഉദ്ദേശം 12,000 മൈലുകൾ ഞാൻ അനേക പ്രാവശ്യം യാത്ര ചെയ്തു തീർക്കുകയുണ്ടായി.

ഒരു നവീകൃത പ്രസ്ബിറ്റേറിയൻ മിഷനറിയായ എൻെറ ഒരു അമേരിക്കൻ സുഹൃത്ത് എന്നെ ഒരു ചെറിയ പട്ടണത്തിലേക്കു കൊണ്ടുപോയി. താൻ ക്രമീകരിച്ച ഒരു യോഗത്തിൽ സംസാരിക്കാൻ എന്നോട് ആവശ്യപ്പെട്ടു. സ്തോത്രകാഴ്ചക്കുള്ള സമയം ആയപ്പോൾ എനിക്ക് ഒരു മാനസിക സംഭ്രാന്തി നേരിട്ടു. എൻെറ കൈവശം ആകെ ഉണ്ടായിരുന്നത് എട്ട് അണാ, അഥവാ അരരൂപയായിരുന്നു. ഞാനെന്താണ് അതു കൊണ്ട് ചെയ്യുക? എനിക്ക് ആ പണം ആവശ്യമുണ്ടായിരുന്നു; എന്നിരുന്നാലും എന്തെങ്കിലും നാണയം ഇടാതെ സ്തോത്രകാഴ്ച പാത്രം കടന്നുപോകുന്നതു കാണാൻ എനിക്കു കഴിഞ്ഞില്ല. അത് എൻെറ സമീപത്തെത്തിയപ്പോൾ, ആലോചിച്ചു നില്ക്കാനുള്ള സമയം ഇല്ലായിരുന്നു. ഞാൻ കീശയിൽ കൈയ്യിട്ട്, എട്ടണാ എടുത്ത്, ആ പാത്രത്തിൽ നിക്ഷേപിച്ചു. അങ്ങനെ സംഘർഷത്തിനു വിരാമംകുറിച്ചു. ശുശ്രൂഷ കഴിഞ്ഞു എന്നാൽ പണമില്ലാതെ ഞാൻ എന്തു ചെയ്യുമെന്ന ചിന്ത എന്നെ അലോസരപ്പെടുത്തി. അല്പ സമയത്തിനുള്ളിൽ ദൈവത്തിൻെറ അത്ഭുതാവഹമായ കരുതൽ വീണ്ടും ഞാൻ അനുഭവിക്കേണ്ടി വരുമെന്നു ഞാൻ അറിഞ്ഞതേയില്ല.



ഒരു പാക്കിസ്ഥാനി സ്നേഹിതൻെറ ഭവനത്തിലേക്കു ഞാൻ മടങ്ങിപ്പോയി. "സഹോദരാ, ആരോ നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നു"- അദ്ദേഹത്തിൻെറ ഭാര്യ ഈ സന്ദേശവുമായാണ് എന്നെ സന്ധിച്ചത്. ഞാൻ അത്യധികം ആശ്ചര്യപ്പെട്ടു പോയി, കാരണം ഞാൻ ആരേയും പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ പിറ്റെ ദിവസം യാത്ര പുറപ്പെടുകയാണെന്നറിഞ്ഞ് ഹോസ്പിറ്റലിൽ നിന്ന് രണ്ടു നേഴ്സുമാർ എന്നെ കാണാൻ വന്നിരുന്നു എന്ന് അവർ പിന്നീട് വിശദീകരിച്ചു. ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിയാത്തതിൽ തങ്ങൾ ദുഃഖിച്ചുവെങ്കിലും എനിക്കുവേണ്ടി ഒരു കവർ തന്നിട്ടാണ് അവർ പോയത്. അതു ഞാൻ എൻെറ മുറിയിൽ കൊണ്ടു പോയി തുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ ഒരു കെട്ട് നോട്ടും, അതിനോട് ചേർന്നുണ്ടായിരുന്ന കുറിപ്പും കണ്ടു, ഇങ്ങനെയാണ് അതിൽ വായിച്ചത്: നിങ്ങളുടെ യാത്രക്കു പണം നിങ്ങൾക്കു ആവശ്യമാണെന്നു കർത്താവ് ഞങ്ങൾക്കു വെളിപ്പെടുത്തി. ദയവായി സ്വീകരിച്ച് ദൈവത്തോട് നന്ദി കരേറ്റുക." ഞാൻ മൂകനായിപ്പോയി. ദൈവം നിശ്ചയമായും നല്ലവനാണ്!

ഒരു മഹനീയ സന്ദർഭം മായാതെ എൻെറ മനസ്സിൽ മുദ്രാങ്കിതമായി കിടപ്പുണ്ട്. ക്രിസ്തീയ വിശ്വാസത്തിൽ അല്പം അഭിരുചി കാണിച്ച ഒരു മനുഷ്യനെ സന്ദർശിക്കാൻ ഞാൻ നിശ്ചയിച്ചു. ഞാൻ അദ്ദേഹത്തിൻെറ പട്ടണത്തിൽ പോയെങ്കിലും അദ്ദേഹത്തെ കണ്ടെത്താൻ കഴിഞ്ഞില്ല. നിരാശനും ക്ഷീണിതനുമായി ഞാൻ സ്റ്റേഷനിലേക്ക് മടങ്ങിപ്പോരാൻ ഒരു ബസിൽ കയറി. എൻെറ അടുത്ത് ഒരു വൃദ്ധൻ ഇരുന്നിരുന്നു; ഞങ്ങൾ സംസാരിക്കാൻ തുടങ്ങി. എന്നെപ്പറ്റി ചോദ്യം ചെയ്യാൻ അയാൾ ഒരുമ്പെട്ടു, ഞാനൊരു സുവിശേഷകനാണെന്നു അയാളോട് പറഞ്ഞപ്പോൾ അയാൾ ആശ്ചര്യപ്പെടുകയും ആനന്ദിക്കയും ചെയ്തു. ദൈവത്തോടുള്ള തൻെറ പ്രാർത്ഥനക്ക് ഉത്തരമാണ് ഞാനെന്ന് അയാൾക്കു തോന്നി. ജീവിതത്തിൽ ഒരിക്കലെങ്കിലും മെക്കാ സന്ദർശിക്കാൻ സാധാരണ

മുസ്ലീങ്ങൾ കാംക്ഷിക്കാറുണ്ട്; അയാൾ ഏഴു പ്രാവശ്യം അവിടം സന്ദർശിച്ചിട്ടുണ്ട്, എങ്കിലും താൻ അന്വേഷിച്ചതിനെ അവിടെ കണ്ടെത്താൻ അയാൾക്കു കഴിഞ്ഞില്ല. തൻെറ മാതൃഭാഷയിൽ ഒരു സുവിശേഷ പ്രതി ആരോ അയാൾക്കു കൊടുത്തെന്നും അത് അയാൾ വായിച്ചു കൊണ്ടിരിക്കയായിരുന്നു എന്നും അയാൾ എന്നോട് പറഞ്ഞു. അപ്പോസ്തല പ്രവൃത്തിയിൽ വായിക്കുന്ന എത്യോപ്യക്കാരനായ ഷണ്ഡനെപ്പോലെ, ആരെങ്കിലും അത് അയാൾക്ക് വ്യാഖ്യാനിച്ചു കൊടുക്കണമെന്നാണ് അയാളുടെ ആഗ്രഹം. ആരെയെങ്കിലും അയക്കണമെന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുവൻ ഇതാ ബസിൽ ഇരിക്കുന്നു; അയാളുടെ സമീപത്ത് ഞാനും ഇരിക്കുന്നു. ഞാനതു ഗ്രഹിച്ചപ്പോൾ, എൻെറ സകല ക്ഷീണവും പമ്പകടക്കുകയും അയാൾക്ക് സുവിശേഷം വിശദീകരിച്ചുകൊടുക്കാനുള്ള അവസരം ഞാൻ പൂർണ്ണമായും സ്വീകരിക്കുകയും ചെയ്തു. അയാൾ ഇറങ്ങേണ്ട സ്ഥലത്തു ഞങ്ങൾ എത്തിച്ചേർന്നപ്പോൾ, അയാൾ എന്നെ തൻെറ ഭവനത്തിലേക്കു ക്ഷണിച്ചു. അയാൾ ഒരു ജന്മിയായിരുന്നു; 7000 ഏക്കർ ഭൂമിയുടെ ഉടമയുമായിരുന്നു. തൻെറ കമനീയമായ കുടുംബത്തിൽ വെച്ച് നടന്ന സുദീർഘമായ സംഭാഷണത്തിനുശേഷം, തനിക്കു വേണ്ടി പ്രാർത്ഥിക്കാൻ അയാൾ എന്നോട് ആവശ്യപ്പെട്ടു. സ്വയം പ്രാർത്ഥിക്കാൻ അയാളോട് ഞാൻ പറഞ്ഞു. വളരെ ആശ്ചര്യഭരിതനായി കാണപ്പെട്ട അയാൾ എന്നോട്, എനിക്കങ്ങനെ പ്രാർത്ഥിക്കാൻ കഴിയുമോ എന്ന് ആരാഞ്ഞു. "ഉവ്വ്, നിങ്ങൾക്കു എന്നോട് സംസാരിക്കുവാൻ കഴിയുമെങ്കിൽ, ദൈവത്തോടും സംസാരിക്കാൻ സാധിക്കും" ഞാൻ ഉത്തരം പറഞ്ഞു. പിന്നീട് അയാൾ ഇങ്ങനെ പ്രാർത്ഥിച്ചു: "യേശു കർത്താവേ, ശരിയായ പാതയിലേക്കു എന്നെ നയിക്കേണ്ടതിനു നിൻെറ ദാസനെ എൻെറ അടുക്കൽ അയച്ചതിനായി നിനക്ക് സ്തുതി. ദയവായി എന്നെ സ്വീകരിക്കേണമേ; ഇന്നുമുതൽ ഞാൻ നിന്നെ രക്ഷകനായി സ്വീകരിക്കുന്നു" ദൈവം



അയാളെ സ്വീകരിച്ചെന്നു എനിക്കു മനസ്സിലായി. ദൈവത്തിൻെറ കൃപയും കരുണയും അപ്രമേയമാണ്. കർത്താവിനെ യഥാർത്ഥത്തിൽ വിളിച്ചപേക്ഷിക്കുന്നവരെല്ലാം രക്ഷപ്രാപിക്കും.

# X. എല്ലാം യേശുവിന്

അവിടുന്ന് എനിക്കു വേണ്ടി തിരഞ്ഞെടുത്ത പാതയിലേക്ക് എൻെറ ദൈവം എന്നെ വഴി നടത്തി. ഞാൻ വിധേയപ്പെടുകയും ചെയ്തു. ഈ രീതിയിൽ മാത്രമേ തൻെറ മഹത്വത്തിനു വേണ്ടി എനിക്ക് ജീവിക്കാൻ സാധിക്കൂ. എന്നെ ആദ്യം സ്നേഹിക്കുകയും തൻെറ സ്നേഹം എന്നിൽ ഉറപ്പിക്കുകയും ചെയ്തവനോട് ഞാൻ സകലത്തിലും കടപ്പെട്ടിരിക്കുന്നു. എൻെറ സ്വന്തം ശക്തിയിൽ എനിക്കു ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ഞാൻ ഈ അവസ്ഥയിൽ ആയിതീർന്നതും ഇത്രത്തോളം എനിക്ക് ചെയ്ത് തീർക്കാൻ കഴിഞ്ഞതും ദൈവം എന്നിൽ പ്രവർത്തിച്ചതിൻെറ ഫലമായിട്ട് മാത്രമാണ്.

എൻെറ "കാൽവറി"യിലേക്കുള്ള യാത്ര മുള്ളുനിറഞ്ഞ ഒന്നായിരുന്നു. ഞാൻ പ്രതീക്ഷിച്ചതിലും പ്രയാസകരമായിരുന്നു അത്. എന്നാൽ എനിക്ക് മുമ്പ്, ഒരു മനുഷ്യൻ, നസ്രേത്തിലെ യേശു, ഈ പാതയിലൂടെ പ്രയാണം ചെയ്തിട്ടുണ്ടെന്നു എനിക്കറിയാമായിരുന്നു. എൻെറ "കുരിശിൻെറ"ഭാരം അത്യധികം അസഹനീയമായിട്ടെനിക്കു അനുഭവപ്പെടുമ്പോൾ, ഈ ചിന്ത എനിക്കു വീര്യം പകരുകയും എന്നെ മുന്നോട്ടു നയിക്കുകയും ചെയ്തു. "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തൻെറ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ" (മാർക്കോ. 8:34), അവൻെറ ഈ വാക്കുകൾ സദാ ഞാൻ അനുസ്മരിച്ചു പോന്നു.

എന്നെ സംബന്ധിച്ചിടത്തോളം അവനെ സേവിക്കുകയും മറ്റുള്ളവരെ അവൻെറ ക്രൂശിൻെറ പാർശ്വത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന ഏകമാർഗ്ഗം ഇതാണ്. അവൻ എന്നോടു പ്രദർശിപ്പിച്ച മഹത്തായ സ്നേഹത്തിൻെറ പ്രതികരണമായിരുന്നു അത്.

സേവനത്തിൻെറ പാത ഏകാന്തമായ ഒന്നാണ്. മറ്റുള്ളവരോട് സംസർഗ്ഗം ചെയ്തും സഹകരിച്ചും ആഴ്ചകളും മാസങ്ങൾ പോലും ചെലവഴിച്ചിട്ട് യാതൊരു സംതൃപ്തിയും ഞാൻ കാണാതെയിരിക്കുമ്പോൾ, ചിലപ്പോൾ ഈ ഏകാന്തത തെറ്റിദ്ധാരണാജനകമാണ്. എന്നാൽ ഈ സന്ദർഭങ്ങളിലാണ്, എൻെറ കർത്താവും നാഥനുമായവനോട് എനിക്കു ഏറ്റവും അടുത്തു താതാത്മ്യം പ്രാപിക്കാൻ ഇടയായിത്തീർന്നിട്ടുള്ളത്. ഈ ജീവിതത്തിൽ ക്രിസ്തുവിനുവേണ്ടി മരിക്കുക എന്നത് തൻെറ പുനരുത്ഥാനത്തിൻെറ ശക്തി അനുഭവിച്ചറിയാൻ എന്നെ സഹായിക്കുന്നു. അവനിൽ, ഈ ജീവിതത്തിൽ പോലും, മരണത്തിൻെറ മേൽ ഉള്ള ജീവൻെറ വിജയം ഞാൻ അനുഭവിക്കുന്നു. പാക്കിസ്ഥാനിലെ മഹാനായൊരു കവി, സർ മുഹമ്മദ് ഇക്ബാൽ, മരണത്തെയും ജീവനെയും താഴെ കൊടുത്തിരിക്കുന്ന പ്രകാരം നിർവ്വചിച്ചിരിക്കുന്നു: "വസ്തുതകളുടെ പ്രത്യക്ഷമായ ക്രമീകരണങ്ങളുടെ പേരാണ് ജീവൻ; ഈ ക്രമം തകരുകയും ചിതറുകയും ചെയ്യുന്നതാണ് മരണം."

നാല്പത്തി രണ്ടു അംഗങ്ങൾ അടങ്ങിയ എൻെറ വിശാലമായ കുടുംബം ഞാൻ വിട്ടുപിരിഞ്ഞ ശേഷം, എനിക്കു ലഭിച്ച പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു പോകാൻ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ട്. എന്നോട് അത്യന്തം സ്നേഹം കാട്ടിയ സഹോദര ഭാര്യമാരും, എന്നോടോ എൻെറ സാന്നിധ്യത്തിൽ ആരോടെങ്കിലും ഒരിക്കലും നിർദ്ദയമായി സംസാരിച്ചിട്ടില്ലാത്ത മാതാവും, എനിക്കു മഹനീയമായൊരു മാതൃകയായിത്തീർന്ന കമനീയ വ്യക്തിത്വത്തിൻെറ ഉടമയും യുക്തി



സഹജമായ മാർഗ്ഗോപദേശങ്ങൾ നൽകുകയും ചെയ്ത പിതാവും, എൻെറ സുസ്ഥിതിക്കായി ജാഗരൂകരായിരിക്കുകയും, ഞാനൊരു സന്തോഷവാനായ യുവാവായി കാണാൻ ആഗ്രഹിക്കുകയും ചെയ്ത എൻെറ നാലു സഹോദരന്മാരും എനിക്കുണ്ടായിരുന്നു. നിർഭാഗ്യവശാൽ, അവർ എൻെറ ബദ്ധ ശത്രുക്കളായിത്തീർന്നു. അവരെകൂടാതെയുള്ള ജീവിതം വളരെ വിഹ്വലമായി തോന്നി. എൻെറ സൗഹൃദവും വിശ്വസ്തതയും വിലയേറിയതായി കണക്കാക്കിയ ഉറ്റ മുസ്ലീം സ്നേഹിതന്മാർ പോലും എനിക്ക് അപരിചിതരായിത്തീർന്നു. അത്യധികം സന്ദിഗ്ദ്ധമായ സന്ദർഭങ്ങളിലാണ് ഈ സൗഹൃദം രൂപപ്പെട്ടതെങ്കിലും, ഒരു സ്വാതന്ത്ര്യ സമരസേനാനിയായിരിക്കേ, കാശ്മീരിൻെറ അതിർത്തിയിൽ നടന്ന ഒരാക്രമണത്തിൻെറ ഭാരവാഹിത്വം വഹിച്ച ഒരു സന്ദർഭം ഞാൻ ഓർക്കുന്നു. ഞങ്ങൾ ഏറ്റുമുട്ടലിൻെറ മധ്യത്തിലായിരുന്നു. ഇരുഭാഗത്തുനിന്നും അന്യോന്യം വെടിവെച്ചുകൊണ്ടിരിക്കുന്ന സമയം, എൻെറ സ്നേഹിതനായ അക്ബർ കാസ്മി നോക്കിയപ്പോൾ തൻെറ റൈഫിൾ ജാമായിരിക്കുന്നതായിട്ടാണ് കണ്ടത്. അയാൾ ഭയചകിതനായിത്തീർന്നു. നിരായുധനായിത്തീർന്ന അവസ്ഥാവിശേഷം പോലെയായിരുന്നു അത്. ഞാൻ ശ്രദ്ധിച്ചപ്പോൾ അയാളുടെ മുഖം ആശാവിഹീനമായി കാണപ്പെട്ടു. തൻെറ ജീവരക്ഷയ്ക്കുവേണ്ടി ഉപയോഗിക്കാൻ ഞാൻ എൻെറ റൈഫിൾ കാസ്മിക്ക് എറിഞ്ഞുകൊടുത്തു. അയാൾക്ക് ആവശ്യമുള്ളിടത്തോളം എനിക്കതിൻെറ ഉപയോഗം വരുന്നില്ലെന്നു എനിക്കു തോന്നി, കാരണം ഞാനൊരു ശക്തനായ യുവാവായിരുന്നതിനാൽ ആയുധങ്ങളുടെ അഭാവത്തിൽ തന്നെ എങ്ങനെ സ്വയം സംരക്ഷിക്കാൻ കഴിയുന്നെു എനിക്കറിയാമായിരുന്നു. ഈ പ്രവൃത്തി ഞങ്ങളുടെ സൗഹൃദത്തെ സുദൃഢീകരിച്ചു. എന്നാൽ എൻെറ കുടംബക്കാർ എന്നെ പീഢിപ്പിക്കാൻ തുടങ്ങിയപ്പോൾ, ആത്മ സുഹൃത്തായ കാസ്മിയെപ്പോലുള്ളവർക്കും എൻെറ ഉതവിക്കായി യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ബന്ധുക്കളും സ്നേഹിതന്മാരും എന്നെ ത്യജിച്ച

പ്പോൾ ജീവിതത്തിൽ എൻേറതായ മാർഗ്ഗം ഞാൻ കണ്ടെത്ത ണമായിരുന്നു; എന്നെ സംബന്ധിച്ചിടത്തോളം അതൊരു "സാമൂഹിക മരണം" പോലെയായിരുന്നു. എങ്കിലും, ഞാൻ തിരഞ്ഞെടുത്ത മാർഗ്ഗത്തിലൂടെ തന്നെ ഞാൻ എൻെറ യാത്ര തുടർന്നു.

നമ്മുടെ കർത്താവിനുവേണ്ടി ദിനേന മരിക്കുക എന്നത് അത്രക്ക് ലഘുവായി ആശ്ലേഷിക്കാൻ കഴിയുന്ന ഒരു ജീവിത മാർഗ്ഗമല്ല. അക്കാര്യം ചെയ്യുന്ന കാര്യത്തിൽ ഞാൻ ഖേദിച്ചി ട്ടില്ല. ജീവിതങ്ങൾ രൂപാന്തരപ്പെടുകയും അനുഗ്രഹം പ്രാപി ക്കുകയും ചെയ്യുന്നതായി ഞാൻ കാണുമ്പോൾ, അതെനിക്കു മഹനീയമായ ആനന്ദമാണ് നല്കുന്നത്. എന്നാൽ എൻെറ പ്രയത്നങ്ങൾ നിഷ്ഫലമായി തോന്നുന്ന വേളയിൽ ഉത്സാഹഭം ഗം വരുത്തിയ സന്ദർഭങ്ങളും ഉണ്ടാകുമായിരുന്നു. ക്രിസ്തീ യ വിശ്വാസത്തിൽ ആഭ്യസനം കിട്ടിയും വളർച്ച പ്രാപിക്കാ നും ഞാൻ സഹായിച്ച യുവതികൾ, മുസ്ലീങ്ങളുടെ രണ്ടാം ഭാ ര്യമാരായിത്തീരാൻ സകലവും ഉപേക്ഷിച്ചുപോകുന്നതു കാ ണുമ്പോൾ ഞാൻ വിഷണ്ണനും നിരാശനുമായിത്തീരും. നമ്മു ടെ കർത്താവ് മരിച്ചത് സകലർക്കും വേണ്ടിയാണെങ്കിലും വള രെ കുറച്ച് പേർ മാത്രമേ അവൻെറ സ്നേഹത്തോട് പ്രതി കരിക്കുന്നുള്ളു എന്നു പെട്ടന്നു ദൈവവചനം എന്നെ ഉണർ ത്തും. "അവൻെറ സ്നേഹത്തോടും കഷ്ടപ്പാടിനോടും തു ലനം ചെയ്യുമ്പോൾ എൻേറത് എന്തുണ്ട്?" എന്ന് അപ്പോൾ ഞാൻ സ്വയം ചോദിച്ചുപോകും. ക്രൂശിൽ താൻ സ്വയം യാഗ മായി സമർപ്പിച്ചത്. ഒരു ദൗർബല്യമായിട്ടാണ് കണക്കാക്കപ്പെ ട്ടിരിക്കുന്നത്. ഞാൻ നിന്ദിക്കപ്പെടുകയും എന്നാൽ പകരം വീ ട്ടാതെയുമിരിക്കുമ്പോൾ, ഞാനും ബലഹീനനാണെന്നാണ് ആ രോപിക്കപ്പെടുന്നത്. എൻെറ നാഥനിൽ നിന്ന് ഏതെങ്കിലും വ്യത്യസ്തമായ നിലയിൽ ആരെങ്കിലും എന്നോടു പെരുമാറണ മെന്നു ഞാൻ പ്രതീക്ഷിക്കാൻ പാടില്ലാത്തതാണ്.



"എൻെറ പഴയ വസ്ത്രങ്ങൾ മാറ്റി പുതിയവ അണി യാൻ" അവൻ എന്നെ വിളിക്കുകയാണെങ്കിൽ ഞാൻ ഇപ്പോൾ തന്നെ ഒരുക്കമാണ്. മരണം, ഒരു ക്രിസ്ത്യാനിയെ സംബന്ധി ച്ചിടത്തോളം ജീവിതാന്ത്യമല്ലെന്നും, പ്രത്യുത പുതിയതും ഉത്ക്കൃഷ്ടവുമായ മറ്റൊന്നിൻെറ തുടക്കമാണെന്നും, എനി ക്കറിയാം. ഈ ലോകത്തിൽ നിന്നു ഞാൻ പോയിക്കഴി ഞ്ഞാൽ, അവനു വേണ്ടി ദിനം തോറും മരിക്കാൻ എനിക്കൊ രു അവസരവും ഉണ്ടായിരിക്കുന്നതല്ല. എൻെറ നാഥൻെറ നാ മത്തെ മഹത്വീകരിക്കാനും അവനെ സ്തുതിക്കാനും, വിശ്വാ സത്തോടെ ഈ ലോകത്തിൽ ജീവിതം നയിക്കുന്നവർക്ക് ഞാ നൊരു പ്രേരണയായിത്തീരാൻ കഴിയും. എൻെറ ദൈവമായ കർത്താവ് ഇക്കാലംവരെയും എന്നെ വിശ്വസ്തതയോടെ നയി ച്ചു. അവൻെറ നാമത്തിനു മഹത്വമുണ്ടാകട്ടെ!

ഏതാനും വർഷങ്ങൾക്കു മുമ്പ്, ഞാൻ കറാച്ചിയിലു ള്ള ഒരു ഡയോസിഷൻ യോഗത്തിനു പോയപ്പോൾ, ഹോളി ട്രിനിറ്റി കത്തീഡ്രലിൽ മൻസൂറും ദാദുവും തിരുവത്താഴ ശു ശ്രൂഷ നിർവ്വഹിക്കുന്നതു ഞാൻ കണ്ടു. ഞാൻ സ്തുതിയോ ടും സ്തോത്രത്തോടും എൻെറ ശിരസ്സു കുനിച്ചു. അനുഗൃ ഹീതമായ അപ്പവും വീഞ്ഞും അവരുടെ കരങ്ങൾ കൊണ്ട് ഞാൻ സ്വീകരിച്ചപ്പോൾ, എൻെറ ഹൃദയം സന്തോഷത്താൽ പൊട്ടിത്തെറിക്കുമെന്ന പ്രതീതി ഉളവാക്കുന്ന തരത്തിലുള്ള രോമാഞ്ചം എനിക്കനുഭവപ്പെട്ടു! ഈ രണ്ടു വ്യക്തികളെയും കർത്താവിങ്കലേക്കും നടത്താൻ എന്നെയാണ് ദൈവം തൻെറ ആയുധമായി ഉപയോഗപ്പെടുത്തിയത്. അനർഹമായ ഒരു അടിമ അതിനേക്കാൾ കൂടുതലായി എന്താണ് ആഗ്രഹിക്കുക?

ദൈവം എന്നെ കണ്ടെത്തിയതിന് ഞാൻ ദൈവത്തെ സ്തുതിക്കട്ടെ. അവനെപ്പറ്റി ഈ ഗ്രന്ഥത്തിൽ വായിക്കുന്നവർ അനന്യജ്യോതിസിൽ അവനെ വാഴ്ത്തുന്ന വിശുദ്ധന്മാരോടു കൂടെ എണ്ണപ്പെടുമാറാകട്ടെ എന്നാണ് എൻെറ പ്രാർത്ഥന.

# ഉപസംഹാരം

ഒരു സുവിശേഷകനായി ഗുലാം മസീഹ് നയമാൻ കർത്താവായ യേശുക്രിസ്തുവിനെ ഏഴ് വർഷക്കാലം സേവിച്ചു. പിന്നീട്, ഗുജ്റാന വാലയിലുള്ള തിയോളജിക്കൽ കൊളെജിൽ അദ്ദേഹം പഠിക്കുകയും, ആംഗ്ലീക്കൻ ചർച്ചിലെ ഒരു വൈദികനായി ഓർഡിനേഷൻ ലഭിക്കുകയും ചെയ്തു. ഒരു നേഴ്സായ ഡയ്സിയെ അദ്ദേഹം വിവാഹം ചെയ്തു, തൻെറ ജീവിത പോരാട്ടങ്ങളിലെല്ലാം അവർ അദ്ദേഹത്തിൻെറ ഒരു വിശ്വസ്ത പത്നിയായിരുന്നു. അവരുടെ ബന്ധത്തിൻെറ ഫലമായി രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. മുഴുകുടുംബവും ജീവനുള്ള ക്രിസ്തുവിനെ സേവിക്കുന്നു.

ഈ സാക്ഷ്യത്തെപ്പറ്റി താങ്കൾക്കു എന്തെങ്കിലും ചോദ്യം ഉന്നയിക്കാനുണ്ടെങ്കിൽ, രചയിതാവിനോട് നേരിട്ട് താങ്കൾക്ക് എഴുതാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ ഇംഗ്ലീഷിലോ, ഉർദുവിലോ എഴുതുക.


**REV. G.M. NAAMAN**

St. Saviour's Church, Queen's Road

Sokkur Sind, Pakkistan




# XI. ക്വിസ്സ്

## എൻെറ കൃപ നിനക്കു മതി

പ്രിയ വായനക്കാരാ, റവ. ഗുലാം മസീഹ് നയ്മാൻെറ സാക്ഷ്യം നിങ്ങൾ വായിച്ചു കഴിഞ്ഞെങ്കിൽ, താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം പറയാൻ നിങ്ങൾക്കു സാധിക്കുന്നതാണ്. പ്രസ്തുത ചോദ്യങ്ങളിൽ ഇരുപത്തിനാലെണ്ണത്തിനെങ്കിലും ശരിയായ മറുപടി തരുന്നവർക്ക് മറ്റൊരു സാക്ഷ്യമോ അല്ലെങ്കിൽ പുസ്തകമോ അയച്ചുതരുന്നതാണ്.

1. തൻെറ കുടുംബത്തെപ്പറ്റി ഗ്രന്ഥകാരൻ എന്താണ് വിവക്ഷിച്ചത്?
2. തൻെറ പിതാവ് ഒരു മിസ്റ്റിക്കായിത്തീരാനുള്ള കാരണം എന്താണ്?
3. എന്താണ് സൂഫികളുടെ ലക്ഷ്യം?
4. ഗ്രന്ഥകാരൻ വിദ്യാഭ്യാസം നിർത്തി എയർഫോഴ്സിൽ ചേരാനുണ്ടായ കാരണം എന്തായിരുന്നു?
5. ബാക്സറ്ററുടെ പ്രാർത്ഥന തൻെറ കീഴുദ്യോഗസ്ഥന്മാരെ എങ്ങനെയാണ് ബാധിച്ചത്?
6. മുറിവേറ്റു കിടന്ന നയമാനെ ശുശ്രൂഷിക്കാൻ അമ്പർ, മേരി എന്നീ രണ്ടു നേഴ്സുമാരെ പ്രേരിപ്പിച്ച ക്രിസ്തീയ പ്രമാണം എന്താണ്?
7. അപകീർത്തിയുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിക്കാൻ ഫിലിപ്പിനെ നയിച്ച പ്രചോദനം എന്താണ്?
8. ഗ്രന്ഥകാരൻ എയർഫോഴ്സിൽ നിന്ന് പിരിഞ്ഞു പോയത് എന്തുകൊണ്ടാണ്?
9. അദ്ദേഹം ഒരു സ്വാതന്ത്ര്യ സമരസേനാനി ആയത് എങ്ങനെ?
10. വിശുദ്ധയുദ്ധത്തെ ഇസ്ലാം നിയമാനുസൃതമാക്കുന്നത് ഏതുവിധത്തിലാണ്?

11. ഏതു പരുക്കൻ യാഥാർത്ഥ്യങ്ങളാണ് സ്വാതന്ത്ര്യ സമര സേനാനിയെ തൻെറ സേവനത്തിൽ പിടിച്ചുലച്ചത്?
12. അതിർത്തിയുടെ അടുത്തുള്ള ഗ്രാമത്തിൽ വസിക്കുന്ന പത്തു വയസ്സുകാരിയുടെയും അവളുടെ മാതാപിതാക്കളുടെയും സാക്ഷ്യത്തിനും പ്രാർത്ഥനക്കും എങ്ങനെയാണ് യേശു ഉത്തരം കൊടുത്തത്?
13. ക്രിസ്തു സംരക്ഷിച്ച കുടുംബക്കാരോട് സംഭ്രാന്തനായ സ്വാതന്ത്ര്യ സമരസേനാനിയുടെ അപേക്ഷ എന്തായിരുന്നു? അയാളോട് അവരുടെ പ്രതികരണം എന്തായിരുന്നു?
14. ഒരു ശിശുവിനെ മരണത്തിൽ നിന്നു രക്ഷപ്പെടുത്താനുള്ള ഉദ്യമത്തിൽ, ആ വൃദ്ധയായ ഹിന്ദു സ്ത്രീ കൊലപാതക സംഘത്തിൻെറ നേതാവിനോട് എന്താണ് വിശദീകരിച്ചു കൊടുത്തത്?
15. തൻെറ പുനരാരംഭിച്ച ഇസ്ലാമിക പഠനത്തിൻെറ വെളിച്ചത്തിൽ വിശുദ്ധ യുദ്ധത്തെപ്പറ്റിയുള്ള ഗ്രന്ഥകാരൻെറ ചിന്താഗതികൾ എന്തായിരുന്നു?
16. ഭഗ്നാശനായ ഗുലാം സർവ്വശക്തനായ ദൈവത്തോട് അപേക്ഷിച്ച പ്രാർത്ഥനയിൽ അന്തർലീനമായിരിക്കുന്ന മുഖ്യ പദങ്ങൾ എന്തെല്ലാമായിരുന്നു?
17. ഒരു റെയിൽവേ സ്റ്റേഷൻെറ വെയിറ്റിംഗ് റൂമിൽ ഇരുന്ന നിരാശനായ ദൈവാന്വേഷകനെ രക്ഷിക്കാൻ യേശു ഏതു വാക്കുകളാണ് സംസാരിച്ചത്?
18. അധഃസ്ഥിത ജാതിയിൽ നിന്ന് രക്ഷിക്കപ്പെട്ടു വന്ന വയോവൃദ്ധനായ റയിവേ തൂപ്പുകാരനോട് താൻ സംസാരിക്കുമ്പോൾ എന്താണ് യേശു ഗുലാമിന് പ്രദാനം ചെയ്തത്?
19. ഈസാനഗിരിയിലുള്ള റവ. റൂമൽഷയുടെ യാഥാസ്ഥിക വാക്കുകൾ എന്തായിരുന്നു?
20. സേവാ ബൂട്ടാ മസീഹിനോടൊത്ത് പ്രാർത്ഥനയിലുള്ള കൂട്ടായ്മയെപ്പറ്റി എങ്ങനെയാണ് ഗുലാം മനസ്സിലാക്കിയത്? അത് തനിക്ക് എത്രമാത്രം അർത്ഥവത്തായിത്തീർന്നു?



21. ക്രിസ്തീയ ജീവനക്കാരോടൊത്ത് മിഷൻ കോമ്പൗണ്ടിൽ താമസിക്കുമ്പോൾ എന്തെല്ലാം കഷ്ടങ്ങളാണ് ഗ്രന്ഥകാരൻ സഹിക്കേണ്ടി വന്നത്?
22. ഒരു നൂതന വിശ്വാസി എന്ന നിലയിൽ സ്നാനം കൊണ്ട് എന്താണ് ഗ്രന്ഥകാരൻ അർത്ഥമാക്കിയത്?
23. തൻെറ ജീവൻ അപകടത്തിലാകുമെന്നു അറിഞ്ഞിട്ടും തൻെറ ജേഷ്ഠനോടും അമ്മാവനോടുംകൂടെ ഭവനത്തിലേക്ക് എന്തുകൊണ്ടാണ് അനുഗമിച്ചത്?
24. ഗുലാമിൻെറ കുടുംബക്കാർ എങ്ങനെയാണ് തന്നെ ഇസ്ലാമിലേക്ക് തിരികെകൊണ്ടുവരാൻ ശ്രമിച്ചത്?
25. ഗ്രന്ഥകാരൻെറ സഹോദരന്മാർ അയാളെ കൊല്ലാൻ ഉണ്ടായ കാരണമെന്ത്? അവരുടെ രീതി എന്തായിരുന്നു?
26. വസ്ത്രം നീക്കം ചെയ്യപ്പെട്ട്, തണുത്ത മുറിക്കുള്ളിൽ ബന്ധിതനായി കിടക്കുമ്പോൾ താൻ ചെയ്ത പ്രാർത്ഥനയുടെ ലക്ഷ്യം എന്തായിരുന്നു?
27. യേശു തൻെറ ദാസനോട് പറഞ്ഞതെന്താണ്? എങ്ങനെയാണ് അയാൾ രക്ഷപ്പെട്ടത്?
28. ഗുലാം തൻെറ സുവിശേഷ പ്രവർത്തനം ആരംഭിച്ചതെവിടെ നിന്നാണ്? അതിൻെറ ഫലം എന്തായിരുന്നു? പിന്നീട് അയാൾ പോയത് എവിടേക്കാണ്?
29. തൻെറ സുവിശേഷ സേവനത്തിൽ ഗുലാമിനുണ്ടായിരുന്ന പ്രധാനപ്പെട്ട വിശ്വാസ തത്വങ്ങൾ എന്തെല്ലാമായിരുന്നു?
30. ഈ സാക്ഷ്യത്തിൽ നിന്ന് താങ്കൾ എന്തു പഠിച്ചു?

*കൂടുതൽ വിവരങ്ങൾക്കു താഴെകാണുന്ന വിലാസത്തിൽ എഴുതുക*

P.B. No.45, Kayamkulam
Phone : 0479 - 3291614

* * * * *